# കോറഹ് ദാത്താൻ അബീറാം



## വിചിന്തനങ്ങൾ

ഫാ. ചെറിയാൻ താഴമൺ

www.malankaralibrary.com

# കോറഹ് ദാത്താൻ അബീറാം

(വിചിന്തനങ്ങൾ)

ഫാ. ചെറിയാൻ താഴമൺ

മേരിഗിരി, തിരുവല്ല

2020

www.malankaralibrary.com

# KORAH DATHAN ABIRAM

**(Vichinthanangal)**

Malayalam




| | | |
|---|---|---|
| Author | : | Fr. Cherian Thazhamon |
| Published by | : | Archdiocese of Tiruvalla |
| Copy right | : | Author |
| First published | : | December 1, 2020 |
| Distribution | : | |
| Available at | : | |
| Cover Design | : | Jaison Mathew & Thayillam |
| Layout | : | Jaison Mathew Kochuvadavana |
| D.T.P | : | Jaison & Rintu |
| Printed at | : | |
| Price | : | |



www.malankaralibrary.com

**വത്സല മാതാപിക്കളുടെയും സഹോദരന്റെയും**
**സ്നേഹസ്മരണയ്ക്ക് സമർപ്പിതം**

| പിതാവ് | മാതാവ് | സഹോദരൻ |
|---|---|---|
|  |  |  |
| **തോമസ് ചെറിയാൻ** | **ശോശാമ്മ ചെറിയാൻ** | **റ്റി. സി. മത്തായി** |
| ജനനം: 01. 12. 1914 | ജനനം : 14. 02. 1927 | ജനനം : 09. 08. 1949 |
| മരണം: 18. 05. 2002 | മരണം: 01. 01. 2005 | മരണം: 10. 11. 2017 |

www.malankaralibrary.com

# ഉള്ളടക്കം

ആശീർവ്വാദാശംസ ........ 6
*കർദ്ദിനാൾ മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ*

അനുഗ്രഹാശംസ ........ 8
*അഭിവന്ദ്യ തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത*

അവതാരിക ........ 10
*ഡോ. ജോർജ് ഓണക്കൂർ*

ആസ്വാദനം ........ 13
*ഫാ. അലക്സാണ്ടർ പൈകട*

മുഖമൊഴി ........ 15
*ഫാ. ചെറിയാൻ താഴമൺ*

1. പുതുവത്സരചിന്തകൾ 1 ........ 17
2. പുതുവത്സരചിന്തകൾ 2 ........ 21
3. ഇരുൾ കഴിയാറായി പ്രകാശം വരവായി ........ 23
4. സന്തോഷത്തിന്റെ താക്കോൽ ........ 27
5. ഒരു നോമ്പുകാല ധ്യാനം ........ 28
6. പാപത്തെയും രക്ഷയെയും കുറിച്ചൊരു ധ്യാനം ........ 30
7. ഉപവാസം 1 ........ 34
8. ഉപവാസം 2 ........ 36
9. ക്രൈസ്തവ ജീവിതം:- യേശുവുമായുള്ള വ്യക്തി ബന്ധം ..... 42
10. ഞാൻ രക്ഷയുടെ അവകാശി ........ 44
11. ഉയിർപ്പുകാല ആത്മശോധന ........ 47
12. ഉത്ഥിതൻ മുറിവേറ്റവൻ തന്നെ ........ 50
13. യേശുവിന് മുമ്പ് ജീവിച്ചിരുന്നവരുടെ രക്ഷ ........ 53
14. "താരങ്ങൾ" തകരുന്നതെന്തുകൊണ്ട്? ........ 56
15. ഒന്നായാൽ നാം നന്നായി, നന്നായാൽ നാം ഒന്നായി ........ 59
16. ഐക്യം അനിവാര്യം ........ 65
17. പുരോഹിതൻ ........ 70
18. മോഷ്ടാക്കളുണ്ട് സൂക്ഷിക്കുക ........ 80

www.malankaralibrary.com

19. ഓർനാന്റെ മെതിക്കളം ........................................................................ 86
20. ആഗൂറിന്റെ പ്രാർത്ഥന ........................................................................ 89
21. കോറഹ് ദാത്താൻ അബീറാം ........................................................ 94
22. നിങ്ങളുടെ പ്രാർത്ഥനയ്ക്ക് ഉത്തരം ലഭിക്കുന്നില്ലേ? ............... 98
23. ലാളിത്യത്തിന്റെ പൊരുൾ... ത്യാഗത്തിന്റെ പൊരുൾ ............... 101
24. പീഡനങ്ങളോടുള്ള ക്രിസ്തീയ പ്രതികരണം ........................ 103
25. പുര കത്തുമ്പോൾ വാഴവെട്ടാൻ തുനിയരുത് ............................ 105
26. കർത്താവ് കല്പിച്ചിട്ടെങ്കിൽ
അരുതെന്നു പറയുവാൻ ആർക്കു കഴിയും ................................ 114
27. നിയമം അനുസരിക്കാതിരുന്നാൽ അത് തെറ്റാകുമോ? .......... 119
28. ശിക്ഷകരാകാതെ രക്ഷകരാകുക ................................................ 125
29. 'ഒരു വാക്ക്, ഒരു നോക്ക്, ഒരു സ്പർശം വൃദ്ധർക്ക്' ............ 129
30. വിധവയുടെ കാണിക്ക ........................................................................ 131
31. കാക്ക നല്കുന്ന സൂചന .................................................................. 137
32. അന്ധവിശ്വാസങ്ങൾ അരങ്ങു തകർക്കുന്നു ................................ 144
33. തെരഞ്ഞെടുക്കപ്പെട്ടവർ വഴിതെറ്റുന്നു ........................................ 152
34. വിശുദ്ധ നാമകരണ നടപടി ............................................................ 159
35. ഭാരത സഭാരാമത്തിലെ പനിനീർ പുഷ്പങ്ങൾ ........................ 167

www.malankaralibrary.com

**THE SYRO-MALANKARA CATHOLIC CHURCH**
**MAJOR ARCHDIOCESE OF TRIVANDRUM**



## ആശീർവ്വാദാശംസ

**'കോറഹ് ദാത്താൻ അബീറാം'** എന്ന പേരിൽ തിരുവല്ല അതിരൂപതയുടെ മുഖ്യ വികാരി ജനറാൾ വന്ദ്യ ചെറിയാൻ താഴമൺ അച്ചൻ ഒരു ഗ്രന്ഥം പ്രസിദ്ധീകരിക്കുന്നുവെന്നറിയുന്നതിൽ ഏറ്റം സന്തോഷിക്കുന്നു. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ നാമത്തിൽ ബഹു. താഴമൺ അച്ചനെ ഹൃദയപൂർവ്വം ഞാൻ അഭിനന്ദിക്കുന്നു; കൂടുതൽ ദൈവാനുഗ്രഹങ്ങൾക്കായി പ്രാർത്ഥിക്കുന്നു.

'വെളിവുനിറഞ്ഞ ഈശോയുടെ പ്രകാശത്തിലൂടെ' (through the light of Jesus, full of light) ജീവിതത്തിന്റെ വിവിധ തലങ്ങളെ ക്രിസ്ത്യനി എന്ന നിലയിൽ ഗ്രന്ഥകാരൻ നിരീക്ഷിക്കുന്നതിന്റെ പ്രതിഫലനമാണീ ഗ്രന്ഥത്തിൽ കാണുവാൻ കഴിയുന്നത്. ക്ലേശങ്ങളും പീഡനങ്ങളും രോഗങ്ങളും ദൈവം തള്ളിക്കളഞ്ഞതിന്റെ അടയാളമായി പ്രചരിപ്പിക്കുന്നവർ എന്നുമുണ്ടായിരുന്നു, ഇന്നുമുണ്ട്. അതിനോട് യേശുവിന്റെ അനുയായി എന്ന നില

www.malankaralibrary.com

യിൽ നീ എങ്ങനെ പ്രതികരിക്കണം ? നാം രക്ഷയുടെ സദ്വാർത്ത പ്രചരിപ്പിക്കേണ്ടവരാണ്. അതിന്റെ സ്ഥാനം 'ശിക്ഷ' അപഹരിക്കുവാൻ പാടില്ലാത്തതാകുന്നു. കാക്ക നൽകുന്ന സൂചന നാം സാധാരണ സംസാര വിഷയമാക്കാറില്ലല്ലോ. ഗ്രന്ഥകർത്താവ് കാക്ക പഠിപ്പിക്കുന്ന പാഠത്തിന്റെ ഉള്ളർത്ഥം നമ്മോട് പങ്കുവയ്ക്കുകയാണ്. കോടീശ്വരന്റെ വിവരണങ്ങൾ കേട്ട് മനം നിറയെ "വർദ്ധനവിന്റെ സുവിശേഷം" നിറഞ്ഞിരിക്കുമ്പോൾ, ഗ്രന്ഥകരൻ ഇതാ വിധവയുടെ കാണിക്ക വലിയ വാർത്തയാക്കുന്നു. താരങ്ങളുടെ തിളക്കം വലിയൊരു ആകർഷണമായി നിൽക്കുന്നു. ദൈവത്തെ കൂട്ടുപിടിക്കാത്ത, അവിടുത്തെ ഹൃദയത്തിൽ ഇടമില്ലാത്ത, അവിടുന്ന് തള്ളിക്കളഞ്ഞ ഒരു തിളക്കവും തിളക്കമാകില്ല. നിരാശപ്പെടുത്തുന്ന അനേകം തിളക്കങ്ങളെ നാം ഇന്നും കാണുന്നുണ്ടല്ലോ ? താരങ്ങൾ താരകങ്ങളാകണം, താഴേക്കു വീഴുന്ന ഉത്ക്കകൾ ആയിത്തീരരുത്. ഗ്രന്ഥകാരൻ അത് നമ്മുടെ ശ്രദ്ധയിലേക്ക് പകരുന്നു.

സനാതന സദ്വാർത്തയായി സുവിശേഷത്തെ കാണുന്ന ക്രിസ്ത്യാനിക്ക് ഓർമ്മപ്പെടുത്തലാണീ ചിന്താസമാഹാരം. നന്മയിലും ധാർമ്മികതയിലും പരസ്പരം സ്നേഹത്തിലും സമൂഹത്തെ ഉറപ്പിക്കുവാൻ ശ്രമിക്കുന്നവർക്ക് വഴിവിളക്കാണീ ഗ്രന്ഥത്തിലെ വാക്കുകൾ.

"ദൈവകൃപയിൽ ഞാനാശ്രയിച്ച്
അവൻ വഴികള ഞാനറിഞ്ഞ്
അനുഗമിച്ചീടുമവനുടെ ചുവടുകളെ"

എന്നത് ശീലമാക്കിയവന് ഈ ഗ്രന്ഥം സുവിശേഷത്തിന്റെ കൂടെ നടക്കലാണ്. അനേകം ലേഖനങ്ങളിലൂടെയും ഗ്രന്ഥങ്ങളിലൂടെയും പ്രഭാഷണങ്ങളിലൂടെയും എന്നും നമ്മുടെ മനസ്സുകൾക്ക് ദിശാബോധവും ദൈവബന്ധവും നൽകിയിട്ടുള്ള ബഹുമാനപ്പെട്ട ചെറിയാൻ താഴമൺ അച്ചനെ ഹൃദയപൂർവ്വം ഞാൻ അഭിനന്ദിക്കുന്നു. ഈ ഗ്രന്ഥം അനേകർക്ക് വഴികാട്ടിയാകട്ടെയെന്നാശംസിക്കുന്നു.

ഗ്രന്ഥകർത്താവിനെയും മാന്യവായനക്കാരെയും ദൈവം അനുഗ്രഹിക്കട്ടെ!

+Baselios cleemis

**✠ കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ്**


തിരുവന്തപുരം — മേജർ ആർച്ച്ബിഷപ്പ് - കാതോലിക്കോസ് &

24-10-2020 — തിരുവനന്തപുരം മേജർ ആർച്ചുബിഷപ്പ്

www.malankaralibrary.com

# ARCHDIOCESE OF TIRUVALLA

Dr. Thomas Mar Koorilos
Metropolitan Archbishop of Tiruvalla

## അനുഗ്രഹാശംസ

**പ**ഴയനിയമത്തിൽ സംഖ്യാപുസ്തകത്തിൽ (16/1) കോറഹ് ദാത്താൻ അബീറാം എന്നീ ഇസ്രായേലിലെ ചെറുതലമുറക്കാർ ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ടവനും, ദൈവത്തോട് സ്നേഹിതനോടെന്ന പോലെ സംസാരിച്ചിട്ടുള്ളവനുമായ മോശയ്ക്കെതിരെ കലാപമുയർത്തിയതിനാൽ ഭൂമി പിളർന്നു ദൈവശിക്ഷ ഏറ്റുവാങ്ങിയവരാണ്. ദൈവം തന്ന അനുഗ്രഹങ്ങളെ മറന്നും ദൈവത്തിന്റെ അഭിഷിക്തനെതിരെ പടകൂടിയും ദൈവശിക്ഷ തങ്ങൾക്കും കുടുംബങ്ങൾക്കും നേടിക്കൊടുത്ത ഇവരെ ഓർത്ത് ഇസ്രായേൽ ജനം എന്നും ലജ്ജിച്ചിരുന്നു. പാലും തേനും ഒഴുകുന്ന കനാൻ ദേശത്തേക്കുള്ള യാത്ര ക്ലേശകരമായിരുന്നു എങ്കിലും ദൈവം അവരെ നയിച്ചു, ഒന്നിനും കുറവില്ലാതെ ദൈവം നാല്പത് വർഷം അവരെ നടത്തി, തന്റെ തെരഞ്ഞെടുക്കപ്പെട്ട ജനമായി രൂപികരിച്ചു. ഈ സംഭവം ആനുകാലിക പശ്ചാത്തലത്തിൽ ഗ്രന്ഥത്തിൽ അവതരിപ്പിച്ചിരിക്കുന്നു. ഇങ്ങനെ കാലിക പ്രസക്തമായ ചിന്തകളുടെ സമാഹാരമാണ് ഈ ഗ്രന്ഥം.

ബഹു. ചെറിയാൻ താഴമൺ അച്ചൻ പല അവസരത്തിൽ എഴുതിയതും കുറിച്ചുവച്ചതുമായ ചിന്തകളുടെ സമാഹാരമാണ് ഈ പുസ്തകം. ഇതിൽ അച്ചന്റെ നിലപാടുകളും സഭാ സ്നേഹവും മാനവി

www.malankaralibrary.com

കതയും ആത്മീയ പ്രചോദനങ്ങളും നമുക്കു അനുഗ്രഹമൊഴികളാണ്. ഒറ്റയിരുപ്പിൽ തന്നെ വായിക്കാൻ കഴിയുന്ന ചിന്തോദ്ദീപകമായ ഈ ഗ്രന്ഥത്തിന് നിറഞ്ഞ മനസ്സോടെ ആശംസകൾ അർപ്പിക്കുന്നു.

ഈ കാലഘട്ടത്തിൽ ദൈവത്തെയും ദൈവീകതയെയും ദൈവിക സംവിധാനങ്ങളെയും ബുദ്ധിയുടെ കണ്ണുകൾ കൊണ്ടുമാത്രം മനസിലാക്കാൻ ശ്രമിക്കുമ്പോൾ വിശ്വാസം നഷ്ടമാകുന്നു, മനുഷ്യൻ അധഃപതിക്കുന്നു, സ്വന്ത താത്പര്യങ്ങൾക്കും ആദായത്തിനും വേണ്ടി എന്തും ചെയ്യുന്നു. ധാർമ്മികതയും മനസ്സാക്ഷിയും ഏതു വിധേനയും വ്യാഖ്യാനിക്കുവാൻ തന്റേടം കാണിക്കുന്നു. സനാതന മൂല്യങ്ങൾ സൗക ര്യങ്ങൾക്കു വഴിമാറികൊടുക്കുന്നു. തങ്ങളുടെ വിലയിരുത്തലുകളും അഭി പ്രായങ്ങളും മാത്രമാണ് പ്രധാനം എന്നുകരുതുന്നവർ വർദ്ധിച്ചുവരുന്ന ഈ കാലഘട്ടം കൂടുതൽ സ്വാർത്ഥപരമായില്ലെങ്കിലെ അതിശയിക്കുവാ നുള്ളൂ. ആർ ദൈവത്തിനു പ്രഥമസ്ഥാനം നൽകുന്നുവോ അവരാണ് ജീവി തത്തിൽ അർത്ഥവും സമാധാനവും കണ്ടെത്തുന്നവർ. എന്തെല്ലാം ഭൗതി കമായി ഉണ്ടായാലും അതു തുണയാകുന്നത് ദൈവകടാക്ഷത്താൽ മാത്ര മാണ്. മനുഷ്യന്റെ ധാർഷ്ട്യവും വലുപ്പം പറച്ചിലും എത്ര ഹ്രസ്വമാണ് എന്ന് അനുദിന അനുഭവങ്ങൾ നമ്മെ പഠിപ്പിക്കുന്നു. ദൈവ മഹത്വത്തിനും സഹജീവികളുടെ ഉന്നമനത്തിനും പരിസ്ഥിതിയുടെ സംരക്ഷണത്തിനും മനുഷ്യൻ സ്വജീവൻ ഉഴിഞ്ഞുവച്ചാൽ അതു സന്തോഷം തരും. മറ്റുള്ള വരുടെ നന്മയ്ക്കുവേണ്ടി ചെലവഴിക്കപ്പെടുന്ന സമയങ്ങൾ മാത്രമെ ജീവ പുസ്തകത്തിൽ കതിരായി തെളിയുകയുള്ളൂ. ഇപ്രകാരമുള്ള ചിന്ത കൾകൊണ്ട് സമ്പന്നമായ കോറഹ്, ദാത്താൻ, അബീറാം എന്ന ഈ ഗ്രന്ഥ ത്തിന് എല്ലാ ആശംസകളും അർപ്പിക്കുന്നു.

ഈ കൊറോണയുടെ കാലം വീണ്ടും ഉപയോഗപ്രദമായി ചെല വഴിച്ചു എന്നുള്ളതിന്റെ മറ്റൊരുദാഹരണം കൂടി ഇതാ ജനറാൾ അച്ചൻ അനുവാചകരുടെ മുമ്പിൽ വയ്ക്കുന്നു. മനസുണ്ടെങ്കിൽ എന്താണ് നട ക്കാത്തത്. മനസില്ലെങ്കിൽ എല്ലാം മാറാലപിടിക്കും. പിന്നെ തൂത്തുതുട ച്ചെടുക്കാൻ നന്നേപാടുപെടേണ്ടിവരും. അന്നന്നത്തെ കാര്യങ്ങൾ അന്ന ന്നുതന്നെ ചെയ്ത് ജീവിതവിജയം ആർജ്ജിക്കുക. ദൈവകടാക്ഷം ഉത്സാ ഹമുള്ള മനസിനൊപ്പമാണ്.

എല്ലാ നന്മയും നേർന്നുകൊണ്ട്,



**✠ തോമസ് മാർ കൂറിലോസ്**
മെത്രാപ്പോലീത്തൻ ആർച്ച്ബിഷപ്പ്
തിരുവല്ല അതിഭദ്രാസനം.

തിരുവല്ല
24-11-2020

www.malankaralibrary.com

# അവതാരിക



ഡോ. ജോർജ് ഓണക്കൂർ

## താഴമൺ അച്ചന്റെ ധ്യാനവഴികൾ

**സു**താര്യമായ വ്യക്തിത്വം; നാട്യങ്ങളില്ലാത്ത ഇടപെടലുകൾ, നല്ല അറിവും വിവേകവും. ചെറിയാൻ താഴമൺ അച്ചനെക്കുറിച്ചു ചിന്തിക്കുമ്പോഴൊക്കെ മനസ്സിൽ തെളിഞ്ഞു വരുന്ന ചിത്രം ഇതാണ്. കഴിഞ്ഞ കുറേ വർഷങ്ങളായി ബഹുമാനപ്പെട്ട അച്ചനെ ഞാൻ അറിയുന്നു. തിരുവല്ല അതിഭദ്രാസനത്തിന്റെ മുഖ്യവികാരി ജനറൽ പദവിയിലേക്ക് അദ്ദേഹം സഞ്ചരിച്ചത് ഭാരിച്ച ഉത്തരവാദിത്വങ്ങൾ ചുമലിലേറ്റിയ ശേഷമാണ്. ബഹുമുഖമായ കർമ്മമേഖലകൾ. ഇരുപത്തിയാറാം വയസ്സിൽ വൈദികപട്ടം സ്വീകരിച്ചശേഷം തിരുവല്ല ഭദ്രാസനത്തിന്റെ കിഴക്കും പടിഞ്ഞാറും തെക്കും വടക്കുമൊക്കെ അദ്ദേഹം സേവനമനുഷ്ഠിച്ചു; ഇരുപത്തിയഞ്ചിലേറെ ഇടവകകളിൽ മാറിമാറി. അതിൽത്തന്നെ പത്തോളം പാരിഷുകളിൽ ഒന്നിലധികം തവണ. എല്ലാവർക്കും ഒരുപോലെ അഭിമതനായ വികാരി. അതിനുശേഷം തിരുവല്ല അതിഭദ്രാസനത്തിന്റെ ഫാമിലി അപ്പസ്തോലേറ്റ്, യുവജനസംഘടന, മലങ്കര കാതലിക് അസോസിയേഷൻ, കോർപ്പറേറ്റ് സ്കൂളുകൾ എന്നിവയുടെയൊക്കെ ഡയറക്ടറായി സ്തുത്യർഹസേവനം. പാസ്റ്റർ കൗൺസിൽ സെക്രട്ടറി, ഐക്യദീപം പത്രാധിപർ എന്നിങ്ങനെയും ആദരണീയമായ കർമ്മവേ

www.malankaralibrary.com

ദികൾ. ഒടുവിൽ 'ദീപിക'യുടെ സി.ഇ.ഒ. എല്ലാം ചേർത്തു വച്ചുനോക്കുമ്പോൾ ശോഭായമാനമാണ് താഴമൺ അച്ചന്റെ ജീവിതവും സഞ്ചാര വഴികളും. നന്നായി വായിച്ചും പഠിച്ചും വിപുലപ്പെടുത്തിയതാണ് വിജ്ഞാനമണ്ഡലം. നിസ്വാർത്ഥത നിറഞ്ഞ സേവനപഥത്തിൽ നിന്ന് ആർജ്ജിച്ച സ്വഭാവവൈശിഷ്ട്യം. എഴുത്തുകാരൻ, ചിന്തകൻ, പ്രഭാഷകൻ എന്നീ നിലകളിലൊക്കെ അദ്ദേഹം ശ്രദ്ധാർഹനായിരിക്കുന്നു.

തിരുവല്ലയിൽ എന്തു നടക്കുന്നുവെന്ന് എപ്പോഴും ഞാൻ ശ്രദ്ധിച്ചു പോന്നിട്ടുണ്ട്. അത് എന്റെ മാതൃഭദ്രാസനമാണല്ലോ. മുതിർന്ന വൈദികരിൽ വലിയൊരു വിഭാഗത്തെ നേരിട്ട് അറിയുകയും ചെയ്യാം. ഗ്രാമീണതയുടെ ശുദ്ധിയും പ്രവൃത്തി മേഖലകളിൽ നിറഞ്ഞ ആത്മാർത്ഥതയും പുലർത്തുന്നവരാണ് അവർ. ജനമനസ്സുകളോട് ഇണങ്ങി പ്രവർത്തിക്കുന്നവർ. ഹൈറേഞ്ചിലും വടക്കൻ മേഖലകളിലുമൊക്കെ സേവനമനുഷ്ഠിക്കാൻ നിയുക്തരായ അവർ അനുഭവിക്കേണ്ടി വന്ന പരാധീനതകളും നിരവധി.

ഇത്തരം സേവനവഴികളിൽ യാത്ര ചെയ്യുമ്പോഴും വായനയും എഴുത്തും ധ്യാനവും കൈവിട്ടുകളയാതെ ചേർത്തു പിടിച്ചു എന്നത് അഭിനന്ദനീയം. അച്ചന്റെ ആത്മവിചിന്തനങ്ങൾ ഉൾക്കൊള്ളുന്ന പുതിയ പുസ്തകത്തിലും വിശ്വാസദീപങ്ങൾ ശക്തമായി പ്രകാശിക്കുന്നുണ്ട്. മുപ്പത്തിയഞ്ച് ലേഖനങ്ങൾ. അതിൽ എരിയുന്നത് വിശുദ്ധ വേദപുസ്തക സംസ്കാരം പ്രസരിപ്പിക്കുന്ന അഗ്നിക്കനലുകൾ. സുവിശേഷം പ്രസംഗിക്കാൻ മാത്രമല്ല, അനുഭവിക്കാൻ കൂടിയുള്ളതാണെന്ന് താഴമൺ അച്ചന്റെ എഴുത്തുകൾ സാക്ഷ്യപ്പെടുത്തുന്നു.

ഓരോ ലേഖനവും പ്രത്യേകമായി വിശകലനം ചെയ്യുന്നതിന് ഒരുമ്പെടുന്നില്ല. വൈദികരുടെ എഴുത്തും പ്രസംഗങ്ങളും പലപ്പോഴും സാധാരണ ജനസമൂഹങ്ങളെ ഉത്ബുദ്ധരാക്കുന്നതിനാണ് ഉന്നം വയ്ക്കാറുള്ളത്. പാപത്തിന്റെ ചെളിക്കുണ്ടിൽ വീണുപോയവരെ രക്ഷപ്പെടുത്തുക ശ്രേഷ്ഠമായ ദൈവനിയോഗം തന്നെ. പക്ഷേ ശാപവാക്കുകളും ഭീഷണമായ ശബ്ദകോലാഹലങ്ങളുമല്ല അതിനുള്ള മാർഗ്ഗം. സുവിശേഷം സംസാരിക്കപ്പെടുന്നത് സ്നേഹത്തിന്റെ ഭാഷയിലാവണം. യജമാനൻ ദാസന്മാരോടു കല്പിക്കുന്നതുപോലെയല്ല, പിതാവ് മക്കളോട് ഐക്യപ്പെടുന്നതുപോലെ, ദുഃഖിതരും ആശങ്കാകുലരുമായവരെ ചേർത്തു നിറുത്താൻ ധ്യാനഗുരുവിനു കഴിയണം. വാക്ക് ദൈവമാണ്, ദൈവം സ്നേഹമാണ്. യഥാർത്ഥ സ്നേഹത്തിൽ ബന്ധിതരാകുന്നവർ ഗുരുവിന്റെ മുഖവും മനസ്സും തിരിച്ചറിയാൻ ഉത്തരവാദപ്പെട്ടിരിക്കുന്നു.

www.malankaralibrary.com

താഴമൺ അച്ചന്റെ പുതിയ പുസ്തകത്തിലെ ലേഖനങ്ങൾ ഏറെയും ആധാരമാക്കുന്നത് വേദപുസ്തകമാണെന്ന് പറഞ്ഞുവല്ലോ. ഇരുൾ കഴിയാറായി, പ്രകാശം വരവായി, സന്തോഷത്തിന്റെ താക്കോൽ, ഞാൻ രക്ഷയുടെ അവകാശി, ഉത്ഥിതൻ മുറിവേറ്റവൻ തന്നെ, ഒന്നായാൽ നാം നന്നായി, നന്നായാൽ നാം ഒന്നായി, പീഡനങ്ങളോടുള്ള ക്രിസ്തീയ പ്രതികരണം, ശിക്ഷകരാവാതെ, രക്ഷകരാവുക, കാക്ക നൽകുന്ന സൂചന എന്നിവ ഓരോന്നും വിശുദ്ധ ഗ്രന്ഥത്തിലെ ശബ്ദങ്ങളുടെ അനുരണനങ്ങൾ. ഉത്തരം തേടുന്ന പ്രാർത്ഥന, ഉയിർപ്പുകാലത്തെ ആത്മശോധന, വിധവയുടെ കാണിക്ക, ധ്യാനവിചിന്തനം, നിയമം അനുസരിക്കാതിരുന്നാൽ തെറ്റാകുമോ, കർത്താവ് കല്പിച്ചിട്ടെങ്കിൽ അരുതെന്നു പറയാൻ ആർക്കു കഴിയും എന്നിങ്ങനെ ധ്യാനാകാശത്തിൽ പൂർണ്ണശോഭയോടെ പ്രത്യക്ഷമാകുന്ന നക്ഷത്രങ്ങൾ. ഭക്തിയുടെ മാർഗ്ഗത്തിൽ ചരിക്കുന്നവർക്കു മാത്രമല്ല, അറിവും ജ്ഞാനവും വിവേകവും സംസ്കാരവും പ്രതീക്ഷിക്കുന്നവർക്ക് ഒക്കെയും താഴമൺ അച്ചന്റെ സർഗാത്മകവഴികൾ ആഴമേറിയ അനുഭവങ്ങൾ സമ്മാനിക്കുന്നു. അതുപോലെ നമുക്കു മാർഗ്ഗദർശകരാകാൻ പോന്ന വ്യക്തിപ്രഭാവങ്ങളുടെ രേഖാചിത്രങ്ങളും ബഹുമാനപ്പെട്ട അച്ചൻ അവതരിപ്പിക്കുന്നുണ്ട്.

താഴമൺ അച്ചന്റെ ഭാഷയുടെ ശുദ്ധിയും സുതാര്യതയും പ്രത്യേകം എടുത്തു പറയേണ്ടതാണ്. കേവലം പ്രബോധനപരമല്ല ഹൃദ്യമായ സൗഹൃദത്തിന്റെ ചൂടും ചൈതന്യവും അനുഭവവേദ്യമാക്കാൻ ശക്തമാണ് അത്. ഏതു പ്രായത്തിലും പ്രാദേശികഭൂമികയിലും ഉൾപ്പെടുന്നവർക്കും സ്വീകാര്യമായ ശില്പഭംഗി. പലവിധ തിരക്കുകൾക്കിടയിൽ അവഗണിക്കപ്പെട്ടു പോകാതെ ഈ സാംസ്കാരിക ചിന്തകൾ സമാഹരിച്ച് ഗ്രന്ഥരൂപത്തിൽ പ്രകാശിപ്പിക്കാൻ താഴമൺ അച്ചൻ താത്പര്യമെടുത്തത് സന്തോഷകരമായി. നല്ല വായനയുടെ അനുഗ്രഹം പ്രദാനം ചെയ്യുന്ന പുസ്തകം. ധന്യമായ അനുഭവങ്ങൾ സമ്മാനിക്കുന്ന ഇത്തരം എഴുത്തനുഭവങ്ങൾ ഇനിയും ധാരാളമായി ബഹുമാനപ്പെട്ട അച്ചനിൽ നിന്ന് ലഭ്യമാകട്ടെ എന്നാശിക്കുന്നു; പ്രാർത്ഥിക്കുന്നു. സന്തോഷത്തോടെ അനുവാചകരുടെ മുൻപിൽ ഗ്രന്ഥം അവതരിപ്പിക്കുന്നു.

■

www.malankaralibrary.com

# ആസ്വാദനം



**ഫാ. അലക്സാണ്ടർ പൈകട CMI**
*(ദീപിക മുൻ മുഖ്യപത്രാധിപൻ)*

സരസമായി സംസാരിക്കുക. അതിലേറെ സരസമായി എഴുതുക. സരസമായി സംസാരിക്കുന്നവർ നിരവധി ഉണ്ടായേക്കാം. സരസമായി എഴുതാൻ സാധിക്കുന്നവർ അത്രയധികമൊന്നും ഉണ്ടാകില്ല. എന്നാൽ, ഈ രണ്ടു കാര്യങ്ങളും ആയാസരഹിതമായി ചെയ്യാൻ കഴിയുന്ന ചില അപൂർവ വ്യക്തികളുണ്ട്. കുറച്ചുകാലം അടുത്തു പരിചയപ്പെടാൻ കഴിഞ്ഞ ബഹു. ചെറിയാൻ താഴമൺ അച്ചനിൽ ഈ രണ്ടു കഴിവുകളും സമഞ്ജസമായി സമ്മേളിച്ചിരിക്കുന്നു. പ്രസംഗവേദികളിൽ അദ്ദേഹത്തെ ശ്രവിച്ചിട്ടുള്ളവർ, 35 ലേഖനങ്ങളുടെ ഈ സമാഹാരം വായിക്കുകകൂടി ചെയ്യുമ്പോൾ ഈ നിരീക്ഷണം ശരിയാണെന്ന് തലകുലുക്കി സമ്മതിക്കും.

ധാരാളം വായിക്കുകയും അതിലേറെ ചിന്തിക്കുകയും, വായിച്ചുപോകുമ്പോൾ മനസിൽ തട്ടുന്ന കാര്യങ്ങൾ മനസിലും കടലാസിലും കുറിച്ചിടുകയും എഴുത്തിലും പ്രസംഗത്തിലും അവസരോചിതമായി സ്വതസിദ്ധമായ കലാവൈഭവത്തോടെ അവ അവതരിപ്പിക്കുകയും ചെയ്യുന്ന താഴമൺ അച്ചന്റെ സർഗവാസന ഒന്നു വേറെതന്നെ. പരപ്പാർന്ന വായനയുടെയും കരുത്തുറ്റ ഓർമ്മയുടെയും ഫലമായി രൂപംകൊള്ളുന്ന വ്യതിരിക്തമായ ഈ താഴമൺ കാഴ്ചപ്പാട് ലേഖനങ്ങളിലെല്ലാം പ്രകടമാണ്. ഏറെ അഗാധവും അതുപോലെതന്നെ പ്രായോഗികവുമായ ചിന്തകൾകൊണ്ട് നിറഞ്ഞിരിക്കുന്ന ഇതിലെ ഓരോ ലേഖനവും ഓരോ ചിന്താരത്നം തന്നെ.

ജീവിതത്തെപ്പറ്റിയുള്ള ദൈവിക കാഴ്ചപ്പാടിന് ധ്യാനമനനങ്ങൾകൊണ്ടു രൂപംകൊടുക്കാൻ കഴിഞ്ഞിട്ടുള്ളവർക്കു മാത്രമേ ഇത്ര

www.malankaralibrary.com

ആയാസരഹിതമായി ജീവിതായോധന രഹസ്യങ്ങൾ സർഗാത്മകത യോടെ കൈകാര്യം ചെയ്യാനാവൂ. 'ഒരു നോമ്പുകാല ധ്യാനം' എന്ന തല ക്കെട്ടുള്ള ലേഖനത്തിലൂടെ കടന്നുപോകുമ്പോൾ ശരിക്കും ഒരു ധ്യാനാ നുഭവമാണ് വായനക്കാർക്കു ലഭ്യമാകുക. ആത്മീയതയുടെ ആഴങ്ങ ളിലേക്ക് വായനക്കാരെ നയിക്കുന്ന രചനാപാടവമാണ് ഇവിടെ കാണാൻ കഴിയുന്നത്. മുപ്പതു വർഷം തടവിലായിരുന്ന ഒരു ക്യൂബൻ കവി പറ യുന്നു: "തടവറയിൽവച്ചാണ് ദൈവം എന്നിലാണെന്ന് ഞാനറിഞ്ഞത്. എന്റെ ദുരിതങ്ങളുടെ നെല്ലിപ്പലകയിലെത്തിയെന്നു ഞാൻ കരുതിയ അതിക്ലേശകരമായ സമയങ്ങളിൽ പിടിച്ചുനിൽക്കാൻ സഹായിച്ച ആ ആന്തരികശബ്ദമാണ് ദൈവം. ദൈവമല്ല എന്നെ ജയിലിലാക്കിയത്. പക്ഷേ പിടിച്ചുനിൽക്കാൻ ശക്തി നൽകിയതു ദൈവമാണ്. ഞാൻ വിശ്വ സിക്കുന്ന ദൈവം ശിക്ഷിക്കുന്നില്ല. മറിച്ച്, പ്രതീക്ഷയും സ്നേഹവും കൊണ്ടു നിറയ്ക്കുന്നു." ആ ദൈവത്തെ കണ്ടെത്തിയ കവിയുടെ മുഖത്ത് മന്ദസ്മിതമുണ്ട്, പ്രസന്നതയുണ്ട്. നോമ്പുകാലാനുഭവങ്ങളിലൂടെ, പരി ത്യജിക്കലുകളിലൂടെ കടന്നുപോകുമ്പോൾ തന്റെ ഉള്ളിലുള്ള ദൈവത്തെ കണ്ടെത്തിയവരുടെ മുഖത്തു പ്രസരിക്കുന്ന മന്ദസ്മിതവും ആത്മീയസ്വാതന്ത്ര്യവും നോമ്പുകാലത്തെ സഹർഷം സ്വാഗതം ചെയ്യാൻ വിശ്വാസീസമൂഹത്തെ പ്രാപ്തമാക്കുമെന്നാണ് ഗ്രന്ഥകർത്താവിന്റെ നിഗ മനം. ഭൗതിക ബന്ധനങ്ങളിൽനിന്നു സ്വതന്ത്രമാകുന്ന മനുഷ്യാത്മാ വിന്റെ സ്വാതന്ത്ര്യമാണ് ശരിക്കും നോമ്പനുഷ്ഠിക്കുന്ന ഒരുവന്റെ നോമ്പു കാലാനുഭവം.

ഈ പുസ്തകത്തിലെ ഓരോ ലേഖനവും വായനക്കാർക്ക് ആത്മീ യാനുഭവങ്ങളും ബോധ്യങ്ങളും നൽകുമെന്നാണ് എന്റെ പ്രതീക്ഷ. ഗ്രന്ഥ കർത്താവിന്റെ പ്രതീക്ഷയും അതുതന്നെയായിരിക്കും. തന്റെ പൗരോ ഹിത്യജീവിതം പരിശുദ്ധമായ ഒരു ദൈവികദാനമാണെന്നു വിശ്വസി ക്കുന്ന ബഹു. ചെറിയാൻ താഴമൺ അച്ചൻ, തിരുവല്ല രൂപതയുടെ മുഖ്യവികാരി ജനറൽ എന്ന പദവി മൂലമുള്ള തിരക്കുകൾക്കും സംഘർഷ ങ്ങൾക്കുമിടയിൽ തന്റെ ആത്മീയാനുഭവങ്ങളും അവബോധവും ക്രമാ നുഗതമായി ഈ ഗ്രന്ഥത്തിൽ അടുക്കിവച്ച് അത് വായനക്കാർക്കായി പങ്കുവയ്ക്കുകയാണ്. അദ്ദേഹത്തിന്റെ പൗരോഹിത്യജീവിതത്തിന്റെ ഭാഗംതന്നെയായ ഈ പങ്കുവയ്ക്കലിന് പരിപൂർണവിജയം ആശംസി ക്കുന്നു.

വായനക്കാർക്ക് ഈ ലേഖനങ്ങൾ ആത്മീയാനുഭവം പ്രദാനം ചെയ്യുന്നതിനൊപ്പം ശ്രേഷ്ഠമായ ചിന്തയ്ക്കു പ്രചോദനവുമാകും എന്നാ ണെന്റെ വിശ്വാസം. ബഹു. ചെറിയാൻ താഴമൺ അച്ചനിൽനിന്നും ഇനിയും ഇതുപോലുള്ള ആത്മീയസൗരഭ്യമാർന്ന കുസുമങ്ങൾ വിരി യട്ടെ എന്ന് ആശംസിക്കുന്നു. ■

www.malankaralibrary.com

# മുഖമൊഴി

**ക**ള്ളിമുള്ളുപോലും പൂക്കുന്ന ഈ ഭൂമിയിൽ മനുഷ്യൻ മാത്രം നന്മയിൽ വളരാതെ പോകില്ലല്ലൊ. ദൈവഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട എല്ലാവരിലും സത്താപരമായി നന്മയാണ് ഉള്ളത്. അതിൽ വളരുകയും പൂർണ്ണത പ്രാപിപ്പിക്കുകയും ഓരോരുവന്റെയും ധർമ്മമാണ്. ഇതിനുള്ള പരിശ്രമമാണ് ആത്മീയത. കസ്തൂരിമാൻ തന്നിൽ തന്നെയുള്ള സുഗന്ധം തേടി അലയുന്നതുപോലെ ദൈവത്തിനും ദൈവാനുഭവത്തിനുമായി ആരും പുറമേ അലയേണ്ടതില്ല. അവൻ നമ്മിൽ തന്നെയാണല്ലൊ, ഉള്ളിലേക്ക് തിരിഞ്ഞാൽ പോരെ. ആത്മാവിന്റെ വാതായനങ്ങൽ തുറന്നാൽ പോരെ. പ്രകാശം പരന്നിട്ടും അടഞ്ഞമുറിയിൽ ഇരുന്ന് പ്രകാശത്തിനായി പ്രാർത്ഥിക്കുന്നവനെ പോലെ ആകാതെ, മുറിയുടെ ജനാലകൾ തുറക്കുക, പ്രകാശം താനെ കടന്നു വരും.

ജീവിതത്തിൽ ഉടനീളം ദൈവത്തെ കാണാനും അവന്റെ അത്ഭുതപ്രവൃത്തികളെ അനുഭവിക്കാനും സാധിക്കണം. രോഗം സുഖപ്പെടുന്നതാണോ അതോ രോഗം വരാതിരിക്കുന്നതാണോ അത്ഭുതം, ദൈവപ്രവൃത്തി. അപകടമുണ്ടായിട്ട് പരിക്കേല്ക്കാതിരിക്കുന്നതൊ അതോ അപകടം ഉണ്ടാകാതിരിക്കുന്നതോ അത്ഭുതം, ദൈവപ്രവൃത്തി. ഹൃദയമിടിപ്പ് നിന്നിട്ട് കുറെക്കഴിഞ്ഞ് തുടങ്ങുന്നതോ അതോ ഹൃദയമിടിപ്പ് നില്ക്കാതെ തുടരുന്നതോ ഏതാണ് അത്ഭുത ദൈവിക ഇടപെടൽ.

ഉള്ളിലുള്ള ദൈവത്തെ കാണുക, അനുദിന ജീവിതത്തിലെ അത്ഭുതകരമായ ദൈവിക ഇടപെടലുകൾ തിരിച്ചറിയുക. അതുവഴി പൂർണ്ണതയിലേക്ക് വളരുക. അതിന് ആരംഭത്തിൽ ഏറെ പ്രയത്നവും ശ്രദ്ധയും ത്യാഗവും വേണ്ടിവരും. ക്രമേണ അത് അനായാസമാകും. പ്രകൃതിതന്നെ നമുക്കിവിടെയും ഇതിന് പാഠം. തെങ്ങ് ചെറുതായിരിക്കുമ്പോൾ നല്ല പരിചരണം വേണം: വേലി, വെള്ളം, വളം, തണൽ, കള നീക്കൽ, മരുന്നുതളിയ്ക്കൽ ഇങ്ങനെ പലതും. എന്നാൽ അത് വളരുന്നതനുസരിച്ച് അദ്ധ്വാനം കുറയുന്നു. മരമാകുമ്പോൾ തിരികെ തന്നു തുടങ്ങും: നാളികരം, കരിക്ക്, ഓല, മടൽ, കൊതുമ്പ്, ചിരട്ട, ഈർക്കിൽ ഇങ്ങനെ പലതും. ചെറുതായിരുന്നപ്പോൾ കന്നുകാലികളിൽ നിന്നും സംരക്ഷണം വേണമായിരുന്നു. എന്നാൽ ഇപ്പോൾ അവയെ അതിന്റെ തടിയിൽ കെട്ടിയിടാം. ആത്മീയ അഭ്യസനത്തിൽ ഇത് എത്രയോ സത്യം.

www.malankaralibrary.com

ആരംഭത്തിൽ ഏറെ ശ്രദ്ധയും പരിശ്രമവും ത്യാഗവും വേണം. വളർച്ച പ്രാപിക്കുന്നതനുസരിച്ച് ശ്രദ്ധകുറഞ്ഞാലും ഫലം പുറപ്പെടുവിച്ചുകൊണ്ടിരിക്കും. സാധാരണ ആപത്തുകളൊന്നും ഏശുകയുമില്ല.

ദൈവത്തെ കണ്ടെത്താനും അവനിൽ ആഴപ്പെടാനും അവന്റെ അത്ഭുതകരമായ ഇടപെടലുകൾ ജീവിതത്തിൽ കണ്ടെത്താനും ഉപകാരപ്പെടുമെന്ന് കരുതിയ കുറെ കുറിപ്പുകളുടെ സമാഹാരമാണ് **'കോറഹ് ദാത്താൻ അബീറാം'**. വിവിധ സന്ദർഭങ്ങളിലും വ്യത്യസ്ത സാഹചര്യങ്ങളിലും. വായനയിലൂടെയും ശ്രവണത്തിലൂടെയും ഉള്ളിൽ രൂപപ്പെട്ട ചില ചിന്തകൾക്ക് അക്ഷരരൂപം നല്കിയിട്ടുള്ളതാണ് ഈ ഗ്രന്ഥം. സന്ദർഭങ്ങളും സാഹചര്യങ്ങളും വ്യത്യസ്തമായിരുന്നതുകൊണ്ട് ചിന്തകൾ തമ്മിൽ ബന്ധമോ ഒഴുക്കോ കണ്ടെന്നു വരില്ല. ആഴമായ ആദ്ധ്യാത്മിക വിചിന്തനങ്ങൾ കണ്ടെന്നും വരില്ല. എങ്കിലും നന്മയിൽ വളരാനും അനുദിന ജീവിതത്തിലെ അത്ഭുതങ്ങൾ കാണാനും ഇതിലെ ചിന്തകൾ സഹായിക്കുമെന്നുകരുതിയാണ് ഇത് അച്ചടിരൂപത്തിലാക്കുവാൻ മുതിരുന്നത്.

ഈ ഉദ്യമത്തിൽ പിൻബലം നല്കിയവർ അനവധിയാണ്. ആശംസകൾ നല്കി അനുഗ്രഹിച്ച കർദ്ദിനാൾ മോറാൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവായ്ക്കും അഭിവന്ദ്യ തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായ്ക്കും അവതാരിക എഴുതി കൃതിയെ ധന്യമാക്കിയ മലയാള സാഹിത്യ നഭസ്സിലെ ഉജ്ജ്വലതാരം ഡോ. ജോർജ് ഓണക്കൂർ സാറിനും ആസ്വാദനം എഴുതി നല്കിയ ദീപിക ദിനപത്രത്തിന്റെ മുൻ പത്രാധിപൻ പെരിയ ബഹു. അലക്സാണ്ടർ പൈകട അച്ചനും ഹൃദയത്തിന്റെ ഭാഷയിൽ നന്ദി. ഡി. റ്റി. പി. ജോലികൾ ചെയ്തു സഹായിച്ച ശ്രീമതി റിന്റു മാത്യു, പുസ്തകത്തിന്റെ പുറംചട്ടയും ലേഔട്ടും നിർവ്വഹിച്ച ശ്രീ. ജയ്സൺ മാത്യു, പുറംചട്ടയ്ക്കുള്ള ചിത്രം സംഘടിപ്പിക്കാൻ സഹായിച്ച ബഹു. ഫിലിപ്പ് തായില്ലം അച്ചൻ, ഭാഷാ സംശോധക സിസ്റ്റർ ആത്മ എസ്. ഐ. സി., അച്ചടി നിർവ്വഹിച്ച ചങ്ങനാശ്ശേരി സെന്റ് ജോസഫ് ഓർഫണേജ് പ്രസ്സ് അധികൃതർ എന്നിവർക്കും നന്ദി രേഖപ്പെടുത്തുന്നു.

**ഫാ. ചെറിയാൻ താഴമൺ**

www.malankaralibrary.com

# പുതുവത്സരചിന്തകൾ–1

**ആരംഭം**

ഒരു നവജീവോദയത്തിനുള്ള ആഹ്വാനവുമായാണ് പുതുവത്സരം കടന്നു വരുന്നത്. "കഴിഞ്ഞതെല്ലാം മറക്കുക; ഒരു പുതിയ തുടക്കം കുറിക്കുക" ഇതായിരിക്കട്ടെ ഈ അവസരത്തിൽ നമ്മുടെ ലക്ഷ്യം. ശുഭചിന്തകളോടെ പുതുവർഷത്തെ സ്വാഗതം ചെയ്യുക. ജീവിതനവീകരണത്തിനും ആത്മ സമർപ്പണത്തിനുമുള്ള ഉത്തമസന്ദർഭം. പുതുവത്സരം എന്ന് നാം പറ യുന്നു എങ്കിലും പുതിയ വർഷം ഇപ്പോൾ നമ്മോടൊപ്പമില്ല, ഉള്ളത് ഒരു പുതുദിനം മാത്രം. ഓരോ ദിവസത്തെയാണ് നാം അഭിമുഖീകരിക്കുന്നത്, എല്ലാ ദിവസങ്ങളും ഒരുമിച്ചല്ല. അതിനാൽ ഓരോ ദിവസവും നന്നായി ജീവിക്കുവാൻ ശ്രമിക്കുക. അപ്പോൾ വർഷം മുഴുവൻ ശുഭകരമാകും. ഈ ലക്ഷ്യത്തോടെ കണ്ടും കേട്ടും വായിച്ചും അറിഞ്ഞ ചില ചിന്തകൾ അനുവാചകർക്ക് ഉപകാരപ്പെടുമെന്ന ചിന്തയിൽ പങ്കുവയ്ക്കുന്നു. പുതു വത്സരം സംബന്ധിച്ച് ഓരോ ജനവിഭാഗത്തിനും അവരവരുടെ കഥകളും ഐതിഹ്യങ്ങളും ഉണ്ട്.

**യഹൂദരുടെ പുതുവത്സര പശ്ചാത്തലം കണ്ടുകൊണ്ട് മുന്നോട്ട് നീങ്ങാം**

ശാലോമോൻ രാജാവ് പണിയിച്ച ജറുസലേം ദേവാലയത്തിന്റെ ഒരു സവി ശേഷത വർഷത്തിൽ ഒരു ദിവസം നമ്മുടെ ഇന്നത്തെ കാലഗണനയനു സരിച്ച് സെപ്റ്റംബർ 21–ാം തീയതി–ഉദയസൂര്യന്റെ രശ്മി ദേവാലയത്തിൽ പതിക്കുന്നു എന്നതായിരുന്നു. അന്ന് ഒലിവുമലയുടെ പിന്നിൽനിന്ന് ഉദി ച്ചുയരുന്ന സൂര്യന്റെ ആദ്യകിരണം ദേവാലയത്തിന്റെ ചുറ്റുമതിലിന്റെ കിഴക്കേ കവാടത്തിലൂടെ കടന്ന് ദേവാലയത്തിന്റെ പ്രധാന കവാടത്തിനു



www.malankaralibrary.com

മുമ്പിലുള്ള രണ്ട് ഓട്ട് തൂണുകൾക്കിടയിലൂടെ ദഹനപീഠത്തിന് മുകളിലൂടെ വിശുദ്ധ സ്ഥലത്തിന്റെ കവാടവും കടന്ന് അതിവിശുദ്ധ സ്ഥലത്ത് പ്രതിഷ്ഠിച്ചിരിക്കുന്ന ഉടമ്പടിയുടെ പേടകത്തിനു നേരേ മുമ്പിലുള്ള വിരിയിൽ പതിക്കും. എപ്പോഴും അടഞ്ഞുകിടക്കുന്ന കിഴക്കേ കോട്ടവാതിൽ ഇതിനായി അന്ന് മാത്രമായിരുന്നു തുറന്നിരുന്നത്. ദൈവമായ കർത്താവ് കിഴക്കുനിന്നു വന്ന് ദേവാലയത്തിൽ അതിവിശുദ്ധ സ്ഥലത്ത് ഉടമ്പടിയുടെ പേടകത്തിന് മുകളിൽ കെരൂബുകളുടെ മദ്ധ്യത്തിലുള്ള കൃപാസനത്തിൽ ഉപവിഷ്ടനാകുന്നു എന്ന് ജനം വിശ്വസിച്ചിരുന്നു. ദൈവമായ കർത്താവിന്റെ സിംഹാസനാരോഹണദിനം പുതുവത്സരത്തിന്റെ ആദ്യദിനമായി അവർ പരിഗണിച്ചിരുന്നു. അന്നേദിവസം ഇസ്രായേൽ രാജാവിന്റെ സിംഹാസനാരോഹണ ദിനമായി ആഘോഷിച്ചിരുന്നു.

**ഗ്രിഗോറിയൻ കലണ്ടർ അനുസരിച്ചാണ്** ജനുവരി ഒന്നിന് നാം പുതുവത്സരം ആഘോഷിക്കുന്നത്. വർഷത്തിലെ ആദ്യമാസം ജനുവരി, ജാനൂസ് ദേവനിൽ നിന്നായിരിക്കാം ഈ പേര് സ്വീകരിച്ചിരിക്കുന്നത്. "വാതിൽ" എന്നർത്ഥമുള്ള 'ജനുവാ' എന്ന വാക്കിൽ നിന്നുമായിരിക്കാം ദേവന്റെ പേരിന്റെ ഉത്ഭവവും. പുതുവർഷത്തിലേക്ക് വാതിൽ തുറക്കുന്നവൻ എന്നായിരിക്കാം സൂചന. ജാനൂസിന്റെ പ്രത്യേകത മുന്നോട്ടും പിന്നോട്ടും ഇരട്ടമുഖം. പഴയതിൽനിന്ന് പാഠം പഠിച്ച് മുന്നോട്ട് പോവുക, പ്രത്യാശയോടെ മുന്നോട്ടു പോവുക എന്ന് സൂചന.

**വിശുദ്ധഗ്രന്ഥം എന്തുപറയുന്നു എന്ന് കാണുക**

"കഴിഞ്ഞ കാര്യങ്ങൾ നിങ്ങൾ ഓർക്കുകയോ പരിഗണിക്കുകയോ വേണ്ടാ. ഇതാ, ഞാൻ പുതിയ ഒരു കാര്യം ചെയ്യുന്നു" (ഏശയ്യാ 43:18-19). 'ഉണർന്നെഴുന്നേല്ക്കുക, ശക്തി സംഭരിക്കുക' (ഏശയ്യാ 52:1). പുതിയ ഗീതം ആലപിക്കുക. അവിടുത്തെ മഹത്വം പ്രകീർത്തിക്കുക (ഏശയ്യാ 42:10) (സങ്കീ. 96:1, 98:1). കാരണം, കർത്താവിന്റെ സ്നേഹം ഒരിക്കലും അസ്തമിക്കുന്നില്ല, അവിടുത്തെ കാരുണ്യം അവസാനിക്കുന്നില്ല. ഓരോ പ്രഭാതത്തിലും അത് പുതിയതാണ് (വിലാപം 3:22-13).

**വിശുദ്ധ പൗലോസ് ശ്ലീഹാ എന്തു പറയുന്നു എന്ന് നോക്കാം**

"ഒരു കാര്യം ഞാൻ ചെയ്യുന്നു; എന്റെ പിന്നിലുള്ളവയെ വിസ്മരിച്ചിട്ട്, മുമ്പിലുള്ളവയെ ലക്ഷ്യമാക്കി ഞാൻ മുന്നേറുന്നു" (ഫിലിപ്പി 3:13). മുമ്പിലുള്ളത് യേശുക്രിസ്തുവാണ്. 'ക്രിസ്തുവിൽ ആയിരിക്കുന്നവൻ പുതിയ സൃഷ്ടിയാണ്. പഴയതു കടന്നുപോയി. ഇതാ, പുതിയത് വന്നുകഴിഞ്ഞു' (2 കോരി 5:17). 'പുതിയ സൃഷ്ടിയാവുക എന്നതാണ് പരമപ്രധാനം' (ഗലാ. 6:15). അതിനാൽ, "യഥാർത്ഥമായ വിശുദ്ധിയിലും നീതിയിലും ദൈവ



www.malankaralibrary.com

ത്തിന്റെ സദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട പുതിയ മനുഷ്യനെ നിങ്ങൾ ധരിക്കുവിൻ" (എഫേ. 4:24). "ഇത് ആത്മാവിന്റെ പുതുമയിൽ... നാം ശുശ്രൂഷ ചെയ്യുന്നതിനുവേണ്ടിയാണ്" (റോമ. 7:6).

**പഴയകാല കുറവുകളെ തിരുത്തി മുന്നേറാനുള്ള അവസരം പുതുവത്സരം**

തോമസ് ആൽവാ എഡിസണ് അറുപത്തിയേഴ് വയസുള്ളപ്പോൾ 1914 ഡിസംബർ മാസത്തിൽ ഒരു രാത്രി ന്യൂജഴ്സിയിലുള്ള വെസ്റ്റ് ഓറഞ്ചിലെ അദ്ദേഹത്തിന്റെ പരീക്ഷണശാലയിൽ അഗ്നിബാധയുണ്ടായി. സകലവും കത്തി ചാമ്പലായപ്പോൾ അദ്ദേഹം മകനോട് പറഞ്ഞത്: "പോയ വർഷത്തെ എല്ലാ തെറ്റുകളും ഇതാ കത്തിത്തീർന്നിരിക്കുന്നു. ദൈവത്തിനു നന്ദി. നമുക്കിനി എല്ലാം പുതുതായി തുടങ്ങാം." പരീക്ഷണശാല കത്തിയതിന്റെ പിറ്റേ ദിവസം എഡിസൺ വീണ്ടും ഗവേഷണം തുടങ്ങി. മൂന്ന് ആഴ്ച കഴിഞ്ഞപ്പോൾ ആദ്യത്തെ ഫോണോഗ്രാഫ് വികസിപ്പിച്ചു. 1931 ഒക്ടോബർ 18-ന് അദ്ദേഹം മരിക്കുന്നതിനുമുമ്പ് 1093 കണ്ടുപിടുത്തങ്ങൾ നടത്തിയതായി ചരിത്രം സാക്ഷ്യപ്പെടുത്തുന്നു. പിന്നോട്ടുനോക്കി പഴയകാല പരാജയങ്ങൾ കണ്ടറിഞ്ഞ് തിരുത്തി മുന്നേറാനുള്ള സന്ദർഭം പുതുവത്സരം. ഹെൻഡ്രി ഫോർഡിന്റെ ഒരു ഉദ്ധരണി കാണുക "പരാജയം പൂർവ്വാധികം ജാഗ്രതയോടും ദീർഘവീക്ഷണത്തോടും കൂടെ ജീവിതം പുനരാരംഭിക്കാനുള്ള അവസരം തരുന്നു."

"The Magic of Thinking" എന്ന ഗ്രന്ഥത്തിൽ ഡോക്ടർ ഡേവിഡ് ഷാവാർട്സ് പറയുന്നത് പുതുവത്സരത്തിൽ ചിന്തനീയമാണ്. നിങ്ങൾ എന്താണെന്ന് നിങ്ങൾ ചിന്തിക്കുന്നുവോ അതാണ് നിങ്ങൾ. നിങ്ങളുടെ മനസ്സ് ചിന്തയുടെ ഫാക്ടറിയാണ്. ചിന്താ ഫാക്ടറിയിലെ ഉല്പാദനം രണ്ട് മാനേജർമാരുടെ മേൽനോട്ടത്തിലാണ്; **മിസ്റ്റർ വിജയവും മിസ്റ്റർ തോൽവിയും.** മിസ്റ്റർ വിജയത്തിനാണ് പോസ്റ്റീവ് ചിന്തകൾ ഉല്പാദിപ്പിക്കാനുള്ള ചുമതല. എന്തുകൊണ്ട് നിങ്ങൾക്ക് കഴിയും ? എന്തുകൊണ്ട് നിങ്ങൾക്ക് യോഗ്യതയുണ്ട് ? എന്തുകൊണ്ട് നിങ്ങൾ വിജയിക്കും ? എന്നൊക്കെയുള്ള പോസ്റ്റീവ് ആയവയുടെ കാരണങ്ങൾ കണ്ടുപിടിക്കുന്നതിലാണ് മിസ്റ്റർ വിജയം വൈദഗ്ദ്ധ്യം നേടിയിരിക്കുന്നത്. നിഷേധാത്മകമായ ചിന്തകളാണ് മിസ്റ്റർ തോൽവി ഉല്പാദിപ്പിക്കുന്നത്. നിങ്ങൾക്ക് എന്തുകൊണ്ട് കഴിയുകയില്ല ? നിങ്ങൾ എന്തുകൊണ്ട് പരാജയപ്പെടും ? നിങ്ങൾ എന്തുകൊണ്ട് അപര്യാപ്തയുള്ളവനാണ് ? എന്നൊക്കെയുള്ളതിന്റെ കാരണം കണ്ടുപിടിക്കാൻ വിദഗ്ദ്ധനാണ് മിസ്റ്റർ തോൽവി. **വിജയത്തിൽ വിശ്വസിക്കാനുള്ള കരുത്ത് ആർജ്ജിക്കാനും ശക്തിപ്പെടു**



www.malankaralibrary.com

**ത്തുവാനുമുള്ള തീരുമാനമെടുക്കുവാനുള്ള സന്ദർഭമാണ് പുതുവത്സരം.** വിജയം സ്വപ്നം കാണുന്നവർ സ്വന്തം മനസ്സിനെയും ചിന്തയേയും ശരീരത്തെയും അതിനായി പതം വരുത്തണം.

**പുതുവത്സരത്തിൽ ജീവിതത്തിനൊരു ലക്ഷ്യം കൃത്യമായി ഉറപ്പിക്കുക.** 'എങ്ങോട്ടെന്നറിയാതെ പോകുന്നവൻ എവിടെയും എത്തില്ല' എന്ന് പഴമക്കാർ പറയുന്നത് ഓർക്കുക. വിജയം യാദൃശ്ചികമല്ല, കൃത്യമായ ലക്ഷ്യം ഉള്ളവനുള്ളതാണ്. ക്രമരാഹിത്യമല്ല ക്രമീകരണമുണ്ടാക്കുക, സ്വരഭംഗമല്ല സ്വരലയം കണ്ടെത്തുക'. പ്രതിസന്ധികളെ അവസരങ്ങളാക്കുക ആൽബർട്ട് ഐൻസ്റ്റീന്റെ ഈ ത്രിനിയമങ്ങൾ ഓർക്കുക.

**സമാപനം**

ഗ്രാമവീഥികളിലൂടെ പ്രജകളുടെ ക്ഷേമം അന്വേഷിച്ച് നടന്നു നീങ്ങിയ രാജാവിന്റെ കാല് കല്ലിൽ ഉതച്ചു. കൊട്ടാരത്തിൽ മടങ്ങിയെത്തിയ രാജാവ് തന്റെ രാജ്യത്തെ വീഥികളിലെല്ലാം കാർപ്പറ്റ് വിരിക്കുവാൻ കല്പന പുറപ്പെടുവിച്ചു. മന്ത്രിമാർക്കും ഉന്നത ഉദ്യോഗസ്ഥർക്കും അങ്കലാപ്പായി. അപ്രായോഗിക തീരുമാനം. ഇതെങ്ങനെ നടപ്പാക്കും? മന്ത്രിമുഖ്യൻ രാജാവിനോട് ഉണർത്തിച്ചു. "വീഥികളിലെല്ലാം കാർപ്പറ്റ് വിരിക്കുന്നതിലും ഉചിതം അങ്ങ് ചെരുപ്പ് ധരിക്കുന്നതല്ലേ?" നാട് മുഴുവൻ കംബളം വിരിക്കുന്നതിനെക്കാൾ ചെരുപ്പ് ധരിക്കുക എത്രയോ സൗകര്യം, എത്രയോ പ്രായോഗികം. പിന്നിലേക്ക് നോക്കി പിഴവുകൾ കണ്ടെത്തി പരിഹരിച്ച് മുന്നേറാൻ ശ്രമിക്കുന്ന പുതുവത്സരത്തിൽ പാതകളിലെല്ലാം പരവതാനി വിരിക്കാനുള്ള അപ്രായോഗിക തീരുമാനങ്ങളിൽപെട്ട് പരാജയപ്പെടാതെ ചെരുപ്പ് ധരിക്കുവാനുള്ള പ്രായോഗിക തീരുമാനങ്ങളിലുറച്ച് വിജയിക്കാൻ ശ്രമിക്കുക. മിസ്റ്റർ വിജയത്തെ പ്രോത്സാഹിപ്പിക്കുക. മിസ്റ്റർ തോൽവിയെ നമ്മുടെ ചിന്താഫാക്ടറിയിൽ നിന്ന് പിരിച്ച് വിടുക. ■



www.malankaralibrary.com

# പുതുവത്സരചിന്തകൾ-2

**പു**തുവത്സരം വിലയിരുത്തലിനും കൃതജ്ഞതാർപ്പണത്തിനും, പുതു തീരുമാനങ്ങൾ സ്വീകരിക്കുന്നതിനുമുള്ള കരണീയ സമയമാണ്. എവിടെയോ വായിച്ച ഒരു സംഭവത്തോടെ തുടങ്ങാം. ഒരു ടെലഫോൺ ബൂത്താണ് സംഭവ സ്ഥലം. ഒരു ചെറുപ്പക്കാരൻ കൃത്രിമ ശബ്ദത്തിൽ ഫോണിലൂടെ ആരോടോ സംസാരിക്കുന്നു. ചെറുപ്പക്കാരന്റെ സംസാരത്തിൽ കൃത്രിമത്വം തോന്നിയ ബൂത്തിന്റെ ഉടമ സംസാരം ശ്രദ്ധിച്ചു. ആയാൾ ആരോടോ ജോലി അന്വേഷിക്കുകയാണ്. മറുഭാഗത്തു നിന്നുള്ള സംസാരം ഉച്ചത്തിലായിരുന്നതിനാൽ അതും കുറെശ്ശേ കേൾക്കാം. നിലവിൽ ജോലി ഒഴിവില്ല. ഇപ്പോൾ ഇവിടെ ജോലി ചെയ്യുന്നയാൾ നല്ല രീതിയിൽ ജോലി ചെയ്യുന്നുണ്ട്. നിലവിലുള്ള ആളിനു കൊടുക്കുന്നതിന്റെ പകുതി ശമ്പളം മതിയെന്നു പറഞ്ഞിട്ടും നിലവിലുള്ള ആളിനെ മാറ്റാൻ പറ്റില്ലന്ന് പറയുന്നത് അയാൾ കേട്ടു. അയാൾ ഫോൺ വച്ചപ്പോൾ കടയുടമ പറഞ്ഞു: 'താല്പര്യമുണ്ടെങ്കിൽ എന്റെ ഏതെങ്കിലുമൊരു സ്ഥാപനത്തിൽ ജോലി തരാം' അതുകേട്ടപ്പോൾ ആ ചെറുപ്പക്കാരൻ പറഞ്ഞു: "വേണ്ട എനിക്കിപ്പോൾ മറ്റൊരു ജോലിയുണ്ട്". 'പിന്നെന്തിനാണ് ജോലി തേടിയത് '? ഞാൻ ജോലി ചെയ്യുന്ന സ്ഥാപനത്തിലേക്കു തന്നെയാ വിളിച്ചത്. എന്നെക്കുറിച്ച് അവരുടെ അഭിപ്രായം മനസ്സിലാക്കുന്നതിനും എന്തെങ്കിലും തിരുത്താനുണ്ടോ എന്നറിയുന്നതിനുമായിരുന്നു.

വർഷാവസാനത്തിൽ ഒരു കണക്കെടുപ്പും വിലയിരുത്തലും പുതുവർഷത്തിൽ പുതു തീരുമാനങ്ങളും ആവശ്യമാണ്. എന്താണ് നമ്മുടെ കഴിവുകൾ, എന്താണ് കുറവുകൾ, നന്മകൾ വളർത്താം തിന്മകൾ ദൂരീകരിക്കാം. പുതുവത്സരപ്പടിവാതിലിൽ നില്ക്കുമ്പോൾ ഓർക്കുക നമ്മുടെ പദ്ധതികളെക്കാൾ ഉത്തമമായ പദ്ധതികൾ ദൈവം



www.malankaralibrary.com

നമുക്കായി തയ്യാറാക്കിയിട്ടുണ്ട്. കർത്താവ് അരുളിച്ചെയ്യുന്നു: നിങ്ങളെക്കുറിച്ചുള്ള പദ്ധതി എന്റെ മനസ്സിലുണ്ട്. നിങ്ങളുടെ നാശത്തിനല്ല, ക്ഷേമത്തിനുള്ള പദ്ധതിയാണത്- നിങ്ങൾക്കു ശുഭമായ ഭാവിയും പ്രത്യാശയും നല്കുന്ന പദ്ധതി (ജെറമിയ 29: 11).

എനിക്ക് രൂപം നല്കുന്നതിനു മുമ്പു തന്നെ അവിടുത്തെ കണ്ണുകൾ എന്നെ കണ്ടു. എനിക്കു നിശ്ചയിക്കപ്പെട്ട നാളുകൾ ഉണ്ടാകുന്നതിനു മുമ്പു തന്നെ അങ്ങയുടെ പുസ്തകത്തിൽ അവ എഴുതപ്പെട്ടു (സങ്കീ. 139: 16). ദൈവീക പദ്ധതികൾ ഉന്നതങ്ങളും അപരിമേയങ്ങളുമാണ്. എന്റെ ചിന്തകൾ നിങ്ങളുടേതുപോലെയല്ല. ആകാശം ഭൂമിയേക്കാൾ ഉയർന്നു നില്ക്കുന്നു. അതുപോലെ എന്റെ വഴികളും ചിന്തകളും നിങ്ങളുടേതിനെക്കാൾ ഉന്നതമത്രേ (ഏശയ്യ 55: 8–9).

ദൈവത്തിന്റെ പദ്ധതികൾക്ക് അതതിന്റെ സമയമുണ്ട് അവന്റെ സമയത്തിനു വേണ്ടി കാത്തിരിക്കാൻ നമുക്ക് സാധിക്കണം. ആദിമാതാപിതാക്കളോട് ദൈവം ചെയ്ത വാഗ്ദാനം നിറവേറാൻ ദൈവജനം കാലങ്ങളോളം കാത്തിരിക്കേണ്ടി വന്നു. കാലത്തിന്റെ പൂർണ്ണതയിൽ ദൈവം കന്യകയിൽ നിന്ന് മനുഷ്യനായി പിറന്നു. ദൈവം അബ്രഹത്തോടും പൂർവ്വപിതാക്കന്മാർ ഓരോരുത്തരോടും ചെയ്ത വാഗ്ദാനങ്ങൾ നിറവേറാൻ പ്രത്യാശയോടെ കാത്തിരിക്കേണ്ടി വന്നു. നമ്മെ സംബന്ധിച്ചും ഇത് വാസ്തവമാണ്.

നാം ആഗ്രഹിക്കുന്ന സമയമാകണമെന്നില്ല ദൈവത്തിന്റെ കരണീയ സമയം. കാത്തിരുപ്പ് നഷ്ടമല്ല ദൈവത്തിന്റെ ഇഷ്ടം തേടലാണെന്ന് നാം തിരിച്ചറിയണം. നമ്മുടെ ജീവിത ലക്ഷ്യം ദൈവേഷ്ടം നിറവേറ്റലാണല്ലോ. ഇതിൽ യേശുവാണ് നമ്മുടെ മാതൃക. പിതാവിന്റെ ഇഷ്ടം നിറവേറ്റാനാണ് യേശു മനുഷ്യനായി പിറന്നത്. പുതിയ വർഷം നമ്മുടെ പ്രവർത്തനങ്ങളിലെല്ലാം ദൈവത്തിന്റെ ഇഷ്ടം തേടാം, അത് നിറവേറ്റാം, അതുവഴി ജീവിതം സഫലമാക്കാം.

ദൈവത്തോടു ചേർന്നിരിക്കാം. അതുവഴി ദൈവീക ശക്തിയാൽ പൂരിതരാകാം. കരിക്കട്ട തീക്കട്ടയോടുചേർന്നിരുന്നാൽ തീക്കട്ടയായി രൂപാന്തരപ്പെടും. കാന്തത്തോട് ചേർന്നിരുന്നാൽ ഇരുമ്പ് കാന്തശക്തിയുള്ളതായി രൂപാന്തരപ്പെടും. പാപികളും ബലഹീനരുമായ നാം പരിശുദ്ധനും സർവ്വശക്തനുമായ ദൈവവുമായി ചേർന്നിരുന്നാൽ നാമും പരിശുദ്ധരായും ദൈവീകശക്തിയിൽ പങ്കുകാരായും രൂപാന്തരപ്പെടും. പുതിയ വർഷം. ദൈവീക ശക്തിയിൽ നിറയാം. ■



www.malankaralibrary.com

# ഇരുൾ കഴിയാറായി പ്രകാശം വരവായി

**പു**തുവത്സരത്തിലേക്കു പ്രവേശിക്കുന്ന സന്ദർഭത്തിൽ കഴിഞ്ഞ കാലത്തിന്റെ വേദനകളിലെ ദൈവികപദ്ധതി തിരിച്ചറിഞ്ഞ് പ്രത്യാശയോടെ ഭാവിയെ നോക്കിക്കാണാനൊരു ക്ഷണമാണ് ഈ കുറിപ്പിന്റെ പൊരുൾ. കഴിഞ്ഞ നാളുകൾ ഏറെ പീഡനത്തിന്റേതായിരുന്നു. സർക്കാരുകളും, പോലീസും, രാഷ്ട്രീയപാർട്ടികളും ദൃശ്യശ്രാവ്യമാധ്യമങ്ങളും, നിരീശ്വരപ്രസ്ഥാനങ്ങളും നിയമപാലകർപോലും സഭയെ താറടിക്കുന്നതിലും നശിപ്പിക്കുന്നതിലും സാത്താന്റെ കയ്യിൽ ആയുധങ്ങളായി മാറിയ അനുഭവങ്ങളാണ് കഴിഞ്ഞ നാളുകളിൽ നമുക്കുണ്ടായത്. മാനുഷികമായ നിലയിൽ മാത്രം ചിന്തിച്ചിരുന്നെങ്കിൽ നാം തളർന്നുപോകാൻതക്ക അക്രമങ്ങളാണ് സഭാതനയർ നേരിട്ടത്. സഭയുടെ ദർശനങ്ങൾ അക്രമിക്കപ്പെട്ടു, സഭാദ്ധ്യക്ഷന്മാരെ അപഹസിച്ചു, വൈദികരും സന്യസ്തരും ക്രിമിനലുകളായി ചിത്രീകരിക്കപ്പെട്ടു. പള്ളികൾ നശിപ്പിക്കപ്പെട്ടു, ആശ്രമങ്ങളും മഠങ്ങളും സഭാസ്ഥാപനങ്ങളും തകർക്കപ്പെട്ടു, സഭാമക്കൾ ആക്രമിക്കപ്പെട്ടു, അനേകർ വധിക്കപ്പെട്ടു, വൈദികരും സന്യസ്തരും സഭാസ്ഥാപനങ്ങളും കേസിൽ കുടുക്കപ്പെട്ടു, സഭാമക്കളുടെ മനുഷ്യാവകാശങ്ങളും ഭരണഘടനാവകാശങ്ങളും നിഷേധിക്കപ്പെട്ടു, സന്യാസിനികൾ കൂട്ടബലാത്സംഗങ്ങൾക്കു വിധേയരാക്കപ്പെട്ടു, ഭൂരിപക്ഷവർഗ്ഗീയ രാഷ്ട്രീയ മാദ്ധ്യമകൂട്ടുകെട്ട് സഭയ്ക്കെതിരായി അക്രമം അഴിച്ചുവിട്ടു. എന്നത്തെക്കാളധികമായി ഇന്ന് സാത്താൻ നാനാഭാഗത്തുനിന്നും തെരഞ്ഞെടുക്കപ്പെട്ട ജനത്തെ അക്രമിക്കുന്നു.

ശത്രുവിനെക്കുറിച്ച് നമ്മുടെ നാഥൻ നമുക്ക് മുന്നറിയിപ്പ് നല്കി



www.malankaralibrary.com

യിട്ടില്ലേ ? അതുകൊണ്ട് സഭാമക്കൾ നഷ്ടധൈര്യരാകേണ്ടതില്ല. "പച്ച മരത്തോടിങ്ങനെയെങ്കിൽ ഉണക്കമരത്തോടവർ എന്തു ചെയ്യുകയില്ല" എന്ന തിരുവചനം നാം മറന്നിട്ടില്ലല്ലോ? "നിങ്ങൾ ഈ ദേവാലയം നശിപ്പിക്കുക, മൂന്നു ദിവസം കൊണ്ട് ഞാൻ ഇത് പുനരുദ്ധരിക്കുമെന്ന്" പറഞ്ഞ വചനവും നമ്മുടെ മനോമുകുരത്തിലില്ലേ? ശരീരത്തെയല്ലാതെ ആത്മാവിനെ നശിപ്പിക്കാൻ കഴിയാത്തവരെ ഭയപ്പെടേണ്ടതില്ല എന്ന തിരുമൊഴി ധൈര്യദായകമല്ലേ?

*കഴിഞ്ഞ നാളുകൾ സഭയ്ക്ക് വലിയ പീഡനത്തിന്റേതായിരുന്നെങ്കിൽ വരുന്ന നാളുകൾ അനുഗ്രഹത്തിന്റേതായിരിക്കും. പീഡനത്തിന്റെ നടുവിൽ നാം ദൈവത്തെ തിരസ്കരിച്ചില്ല. ദൈവത്തിന്റെ വചനങ്ങളിൽ നിന്ന് വ്യതിചലിച്ചില്ല. കണ്ണിനുപകരം കണ്ണ്, പല്ലിനുപകരം പല്ല് എന്ന് നാം ചിന്തിച്ചില്ല. ദൈവവചനവും രാജ്യനിയമവും മാത്രമായിരുന്നു നമ്മുടെ ആശ്രയം, നമ്മെ പീഡിപ്പിക്കുന്നവരെയും നമുക്കെതിരായി തിന്മ പറയുന്നവരെയും പ്രവർത്തിക്കുന്നവരെയും നാം ശത്രുക്കളായികണ്ടില്ല.*

"യുഗാന്ത്യംവരെ എന്നും ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും" (മത്തായി 28: 28) എന്നു നമ്മോട് പറഞ്ഞ യേശുനാഥനാണ് നമ്മുടെ ശക്തിയും പ്രത്യാശയും. "ഞാൻ തന്നെ നിന്നോടുകൂടെ വരികയും നിനക്ക് ആശ്വാസം നല്കുകയും ചെയ്യും" (പുറപ്പാട് 33: 34). "സമുദ്രത്തിലൂടെ കടന്നുപോകുമ്പോൾ ഞാൻ നിന്നോടുകൂടെ ഉണ്ടായിരിക്കും. നദികൾ കടക്കുമ്പോൾ അതു നിന്നെ മുക്കിക്കളയുകയില്ല. അഗ്നിയിലൂടെ നടന്നാലും നിനക്ക് പൊള്ളലേൽക്കുകയില്ല(ഏശയ്യാ 43: 2). ഈ വചനങ്ങളെല്ലാം നമുക്ക് ശാന്തി തരുന്നതല്ലേ?

ഗ്രീക്ക് ചിന്തകനായിരുന്ന സോക്രട്ടീസ് തന്റെ എതിരാളികളോടു പറഞ്ഞു: "നിങ്ങൾക്കെന്റെ ശരീരം കുഴിച്ചുമൂടാൻ കഴിഞ്ഞേക്കാം, എന്നെ സംസ്ക്കരിക്കാനാവില്ല". നമ്മുടെ എതിരാളികൾക്ക് സഭയെ താറടിക്കാനായേക്കും. സഭാശുശ്രൂഷകരെ പീഡിപ്പിക്കാനും വധിക്കാനും കഴിഞ്ഞേക്കും. എന്നാൽ സഭയുടെ ദർശനങ്ങളെ നശിപ്പിക്കാനാവില്ല. "*പ്രത്യാശയുള്ളതുകൊണ്ട് നിനക്ക് ആത്മവിശ്വാസം ഉണ്ടാകും. നീ സംരക്ഷിക്കപ്പെടുകയും സുരക്ഷിതനായി വിശ്രമിക്കുകയും ചെയ്യും" (ജോബ് 11: 8). വരുന്ന ദുരിതങ്ങളെല്ലാം സ്വീകരിക്കുക. ഞെരുക്കുന്ന ദൗർഭാഗ്യങ്ങളിൽ ശാന്തത കൈവെടിയരുത്. എന്തെന്നാൽ സ്വർണ്ണം അഗ്നിയിൽ ശുദ്ധി ചെയ്യപ്പെടുന്നു. സഹനത്തിന്റെ ചൂളയിൽ കർത്താവിനു സ്വീകാര്യരായ മനുഷ്യരും*" (പ്രഭാഷകൻ 2: 4-5) സ്വപുത്രനെപ്പോലും ഒഴിവാക്കാതെ



www.malankaralibrary.com

നമുക്കെല്ലാവർക്കുവേണ്ടി അവനെ ഏല്പിച്ചുതന്നവൻ അവനോടുകൂടെ സമസ്തവും ദാനമായി നല്കാതിരിക്കുമോ'' (റോമ 8: 32) ''ദുരിതങ്ങൾ എനിക്കുപകാരമായി, തന്മൂലം ഞാൻ അങ്ങയുടെ ചട്ടങ്ങൾ അഭ്യസിച്ചുവല്ലോ'' (സങ്കീ. 119: 71). ദൈവത്തെ സ്നേഹിക്കുന്നവർക്ക്, അവിടുത്തെ പദ്ധതിയനുസരിച്ച് വിളിക്കപ്പെട്ടവർക്ക്, അവിടുന്ന് സകലവും നന്മയ്ക്കായി പരിണമിപ്പിക്കുന്നുവെന്ന് നമുക്കറിയാമല്ലോ'' (റോമ 8: 28) കുരിശിന്റെ വി. യോഹന്നാൻ പറയുന്നത് നമുക്ക് ശ്രദ്ധിക്കാം. കാര്യങ്ങൾ സന്തോഷകരമായിരിക്കുമ്പോൾ ആയിരം തവണ ദൈവത്തെ സ്തുതിക്കുന്നതിനെക്കാൾ വിപരീതസാഹചര്യങ്ങളിൽ ഒരു പ്രാവശ്യം ദൈവത്തെ സ്തുതിക്കുന്നത് കൂടുതൽ വിലയുള്ളതാണ്.

ദുഃഖവെള്ളിയാഴ്ചക്കപ്പുറത്ത് ഈസ്റ്റർ കാണുവാൻ സാധിക്കുന്നതാണ് നമ്മുടെ കരുത്ത്. കഴിഞ്ഞ കാലങ്ങൾ നമുക്ക് ദുഃഖവെള്ളിയായിരുന്നുവെങ്കിൽ  വരുന്നകാലം നമുക്ക് ഈസറ്റർ ആയിരിക്കുമെന്നോർക്കുക. ''എന്റെ ശത്രുക്കളുടെ മുമ്പിൽ അവിടുന്ന് എനിക്കു വിരുന്നൊരുക്കുന്നു; എന്റെ ശിരസ്സ് തൈലം കൊണ്ട് അഭിഷേകം ചെയ്യുന്നു''( സങ്കീ. 23: 5).

ടെന്നീസിലെ ഇതിഹാസപുരുഷൻ ശ്രീ ആർതർ ആഷിന്റെ ജീവിതത്തിലെ ഒരു സംഭവം ഇവിടെ കുറിക്കട്ടെ. അദ്ദേഹം മരിച്ചത് എയ്ഡ്സ് രോഗം മൂലമായിരുന്നു. 1983 ൽ ഹൃദയശസ്ത്രക്രിയ നടത്തുന്നതിന്റെ ഭാഗമായി രക്തം സ്വീകരിച്ചപ്പോൾ യാദൃശ്ചികമായി എയ്ഡ്സ് പിടിപ്പെട്ടു. ആരാധകർ ദുഃഖിതരായി, അനേകർ സന്ദേശങ്ങളയച്ചു. അവയിലൊരു ചോദ്യം, ഇത്ര വലിയ രോഗം, ''ഇതിനായി ദൈവത്തിന് എന്തുകൊണ്ട് അങ്ങയെ തെരഞ്ഞെടുക്കേണ്ടിവന്നു'' ?

ആഷിന്റെ  മറുപടി ശ്രദ്ധിക്കുക; ''ലോകത്ത് അഞ്ചുകോടി കുട്ടികൾ ടെന്നീസ്  കളിച്ചുതുടങ്ങുന്നു. അഞ്ച് ലക്ഷം പേർ പ്രൊഫഷണൽ ടെന്നീസിലെത്തുന്നു. 50,000 പേർ മത്സര സർക്കീട്ടിലും. 5000 പേർ ഗ്രാൻഡ്സ്ലാമിൽ വരുന്നു. 50 പേർ വിംബിൾഡനിൽ എത്തുന്നു. 4 പേർ സെമിയിലും, 2 പേർ ഫൈനലിലും. വിജയിക്കുള്ള കപ്പ് ഉയർത്തിപ്പിടിച്ചിരുന്നപ്പോൾ 'എന്തുകൊണ്ട് എനിക്ക്' എന്ന് ദൈവത്തോടു ചോദിച്ചില്ല. ഇന്നു വേദനിക്കുമ്പോൾ എന്തുകൊണ്ട് എനിക്ക് എന്ന് ഞാൻ ചോദിച്ചുകൂടാ. പീഡനത്തിന്റെയും സഹനത്തിന്റെയും നാളുകളിൽ സഭയും സഭാമക്കളും ചോദിച്ചില്ല 'എന്തുകൊണ്ട് ഇത് ' എന്ന് ''.

ദൈവത്തിന്റെ വലിയ അനുഗ്രഹം നമ്മെ കാത്തിരിക്കുന്നു. ഹബക്കുക്ക്  പ്രവാചകന്റെ വാക്കുകൾ നമുക്ക് ഓർമ്മിക്കാം. 'ദർശനം അതിന്റെ



www.malankaralibrary.com

സമയം പാർത്തിരിക്കുകയാണ്. ആ സമയം അടുത്തുകൊണ്ടിരിക്കുന്നു. അതിനു മാറ്റമുണ്ടാകുകയില്ല. അതുവൈകുന്നെങ്കിൽ അതിനായി കാത്തിരിക്കുക'(2/3). നമുക്കും കാത്തിരിക്കാം. വരുംകാലം നമുക്ക് അനുഗ്രഹകാലമായിരിക്കും. സഭയെയും അവളുടെ ശുശ്രൂഷകളെയും ഇടിച്ചു താഴ്ത്താൻ അനേകർ ആസൂത്രിതമായി ശ്രമിക്കുമ്പോൾ ദൈവം തന്റെ സഭയെയും അവളുടെ മക്കളെയും ഉയർത്തിപ്പിടിക്കും, സംശയം വേണ്ടാ.

നാം പീഡിപ്പിക്കപ്പെട്ടു. അപഹസിക്കപ്പെട്ടു, കാരാഗൃഹത്തിലാക്കപ്പെട്ടു. മാനഭംഗപ്പെടുത്തപ്പെട്ടു, കൊള്ളയടിക്കപ്പെട്ടു, ആട്ടിയോടിക്കപ്പെട്ടു, എന്നാൽ നാമാരും നമ്മുടെ ദൈവത്തെ തള്ളിപ്പറഞ്ഞില്ല. ദൈവ വചനം നാം തള്ളിക്കളഞ്ഞില്ല. നാമാരും അക്രമത്തിന്റെ മാർഗ്ഗം സ്വീകരിച്ചില്ല. നാമാരും ദേശസ്നേഹത്തിനെതിരായോ സമുദായമൈത്രിക്കെതിരായോ ഒരു വാക്കുപോലും പറഞ്ഞില്ല. നികൃഷ്ടജീവിയെന്നും, അഭിവന്ദ്യനെന്നും, അതിവന്ദ്യരെന്നും, കച്ചവടക്കാരെന്നും, കൊള്ളലാഭക്കാരെന്നും, നിയമലംഘകരെന്നും, കൊലപാതകികളെന്നും, അധർമ്മികളെന്നും എല്ലാം നാം ചിത്രീകരിക്കപ്പെട്ടു. നാമാരും ഇതേ നാണയത്തിൽ തിരിച്ചടിച്ചില്ല, ബസ്സും ട്രെയിനും തകർത്തില്ല, ബോംബ് ഉണ്ടാക്കിയില്ല, ഭീകരപ്രവർത്തനത്തിന് ആഹ്വാനം ചെയ്തില്ല, മാധ്യമങ്ങളിലൂടെ ആക്രോശം നടത്തിയില്ല. പ്രാർത്ഥനയിലും ഉപവാസത്തിലും ശരണം പ്രാപിച്ചു. രാജ്യത്തിന്റെ നീതിന്യായ വ്യവസ്ഥിതിയിൽ അഭയം നേടി. എല്ലാം ശുഭകരമാകുമെന്ന് നാം വിശ്വസിക്കുന്നു. അത് അങ്ങനെതന്നെയായിരിക്കും. തന്റെ ദാസരെ കൈവിടാത്തവനാണ് നമ്മുടെ ദൈവം. അഗ്നിപരീക്ഷകൾ ഉണ്ടാകുമ്പോൾ അപ്രതീക്ഷിതമായതെന്തോ സംഭവിച്ചതുപോലെ പരിഭ്രമിക്കരുത്. ക്രിസ്തുവിന്റെ പീഡകളിൽ നിങ്ങൾ പങ്കുകാരാകുന്നതിൽ ആഹ്ലാദിക്കുവിൻ. അവന്റെ മഹത്വം വെളിപ്പെടുമ്പോൾ നിങ്ങൾ അത്യധികം ആഹ്ലാദിക്കും (1 പത്രോസ് 4: 12-13). ദാനിയേലിനെ സിംഹക്കുഴിയിൽ എറിഞ്ഞുപീഡിപ്പിച്ച ദാരിയൂസ് രാജാവും കൂട്ടരും മാനസാന്തരപ്പെട്ട സംഭവം നമ്മുടെ നാട്ടിലും ആവർത്തിക്കപ്പെടും, സംശയം വേണ്ട. വരും കാലം ദൈവം അത്ഭുതമാരി നമ്മുടെമേൽ വർഷിക്കും. നമ്മുടെ സഹനം അർത്ഥരഹിതമാകുകയില്ല, സദ്ഫലം പുറപ്പെടുവിക്കാതിരിക്കില്ല. നമ്മുടെ ശത്രുക്കൾ ലജ്ജിതരാകും.

■



www.malankaralibrary.com

# സന്തോഷത്തിന്റെ താക്കോൽ

തന്റെ സ്നേഹിതനോടയാൾ ഒരുനാൾ ചോദിച്ചു. താങ്കൾ എപ്പോഴും വളരെ സന്തുഷ്ടനും ഊർജ്ജസ്വലനുമായിരിക്കുന്നതിന്റെ രഹസ്യമെന്താണ്. ഒരിക്കലും നിരാശനായി നിങ്ങളെ കണ്ടിട്ടില്ലല്ലോ. സുസ്മേരവദനനായി അയാൾ മറുപടി പറഞ്ഞു. അതൊരു രഹസ്യമാണ്. എന്താണ് ആ രഹസ്യം? സ്നേഹിതൻ തിരക്കി.

ജീവിതം സന്തുഷ്ടമാക്കുവാൻ സ്വയം എനിക്കു സാദ്ധ്യമല്ല. ജീവിതം സന്തുഷ്ടമാക്കുവാൻ ഒരു മാർഗ്ഗമേയുള്ളൂ! ദൈവത്തിൽ ആശ്രയിക്കുക. എന്റെ ജീവിതാവശ്യങ്ങൾ ദൈവത്തിന്റെ നിധികളുടെ ഭണ്ഡാഗാരത്തിൽ നിന്ന് സാധിച്ചുകിട്ടുവാൻ ഞാൻ ദൈവത്തിൽ ആശ്രയിക്കുന്നു. വേറെ ഒരു കാര്യം കൂടി ഞാൻ മനസ്സിലാക്കി. ആവശ്യമുണ്ടെന്നു ഞാൻ കരുതിയിരുന്നതിൽ പകുതിപോലും യഥാർത്ഥത്തിൽ എനിക്കാവശ്യമുള്ളതല്ല. എന്റെ ദൈവം ഒരിക്കലും എന്നെ ഉപേക്ഷിക്കില്ല. ഈ രഹസ്യം മനസ്സിലാക്കിയതു മുതൽ ഞാൻ സന്തോഷവാനും സംതൃപ്തനുമാണ്.

ഉത്തരം കേട്ട ചോദ്യകർത്താവിന്റെ ആദ്യചിന്ത ഇത് വളരെ നിസ്സാരമാണല്ലോ എന്നായിരുന്നു. എന്നാൽ ജീവിതത്തെ ആഴത്തിൽ വിലയിരുത്തിയപ്പോൾ അയാൾക്കു മനസ്സിലായി ഇതത്ര നിസ്സാരമല്ലെന്ന്. കുറെ കൂടി വലിയ വീടുണ്ടെങ്കിൽ ജീവിതത്തിൽ സന്തോഷം ലഭിക്കുമെന്ന് ഒരിക്കൽ അയാൾ ചിന്തിച്ചിരുന്നു. എന്നാൽ പിന്നീട് വലിയ വീട് ലഭിച്ചപ്പോൾ അയാൾക്കു മനസ്സിലായി ആ ചിന്ത ശരിയായിരുന്നില്ലെന്ന്. കുറെക്കൂടി ഉയർന്ന ശമ്പളം ലഭിക്കുന്ന ജോലി ലഭിച്ചാൽ സന്തോഷം വർദ്ധിക്കുമെന്നയാൾ കരുതിയിരുന്നതും ശരിയല്ലെന്ന് പിന്നീട് കൂടുതൽ ഉയർന്ന ശമ്പളം ലഭിക്കുന്ന ജോലി കിട്ടിയപ്പോൾ മനസ്സിലായി.

എന്നാൽ പേരക്കുട്ടികളുമൊത്ത് തറയിലിരുന്ന് കളിക്കുമ്പോഴും ഭക്ഷണം പങ്കിടുമ്പോഴും കഥകൾ പറയുമ്പോഴും അയാൾ ആഴത്തിലുള്ള ആനന്ദം അനുഭവിച്ചിരുന്നു. ദൈവം നൽകുന്ന കൊച്ചുകൊച്ചു സമ്മാനങ്ങളാണ് അവയെന്ന് അയാൾ തിരിച്ചറിഞ്ഞു.

ഇതാണ് രഹസ്യം. ഈ രഹസ്യം ഇപ്പോൾ നിങ്ങളും അറിഞ്ഞിരിക്കുന്നു. ഒരുവനെ സന്തുഷ്ടനാക്കാൻ അനന്തജ്ഞാനിയായ ദൈവത്തിനല്ലാതെ മറ്റാർക്കും സാദ്ധ്യമല്ല.



www.malankaralibrary.com

# ഒരു നോമ്പുകാല ധ്യാനം

**ക്യൂ**ബൻ കവി അർമന്റോ വല്ലഭരസ് മുപ്പതു വർഷം ഏകാന്തതടവിൽ കഴിഞ്ഞയാളാണ്. തടവിൽ കിടന്നുകൊണ്ട് അദ്ദേഹം എഴുതി, അവർ എന്നിൽ നിന്ന് എല്ലാം എടുത്തുമാറ്റി, എല്ലാം തന്നെ, എങ്കിലും എനിക്കിപ്പോഴും ഒരു മന്ദസ്മിതമുണ്ട്. ഞാൻ സ്വതന്ത്രനാണ് എന്ന നിഗളചിന്ത....... എന്റെ ആത്മാവിൽ നിത്യം പൂക്കുന്ന തോട്ടമുണ്ട്. അവർ എന്റെ പക്കൽ നിന്ന് എല്ലാം എടുത്തുമാറ്റി പേനയും പെൻസിലും. എങ്കിലും ജീവന്റെ മഷി എനിക്കിപ്പോഴുമുണ്ട്. അവർ ഭൗമികമായ സ്ഥല സൗകര്യങ്ങൾ എടുത്തുമാറ്റി. വായു, സൂര്യൻ, എങ്കിലും നമുക്കു നമ്മുടെ ഉള്ളിൽ ഒരു ലോകം ഉണ്ടാക്കാം. അവിടെ വേലിയില്ല, മുള്ളുകമ്പികളില്ല. അവിടെ സൂര്യനും നക്ഷത്രങ്ങളും അസ്തമിക്കുന്നില്ല. തടവറയിൽ വച്ചാണ് ദൈവം എന്നിലാണെന്ന് ഞാനറിഞ്ഞത്. എന്റെ ദുരിതത്തിന്റെ നെല്ലിപ്പലകയിലെത്തി എന്ന് ഞാൻ കരുതിയ അതിക്ലേശകരമായ സമയങ്ങളിൽ പിടിച്ചുനില്ക്കാൻ സാധിച്ച ആ ആന്തരിക ശബ്ദമാണ് ദൈവം. ഞാൻ ദൈവത്തിലേക്കു തിരിഞ്ഞപ്പോഴൊക്കെ ദൈവം ഉത്തരമരുളി, തന്നത്തന്നെ അറിയുക. ഈ ലോകത്തിന്റെ വ്യഗ്രതയിൽ കഴിയുമ്പോൾ ചെയ്യാൻ സാധിക്കാത്തത് തടവറയുടെ ഇരുട്ടിലും ഏകാന്തതയിലും സാധിച്ചു.

ദൈവമല്ല എന്നെ ജയിലിലാക്കിയത്, പക്ഷെ പിടിച്ചുനിൽക്കാൻ ശക്തി നല്കിയത് ദൈവമാണ്. ഞാൻ വിശ്വസിക്കുന്ന ദൈവം ശിക്ഷിക്കുന്നില്ല മറിച്ച്, പ്രതീക്ഷയും സ്നേഹവും കൊണ്ടുനിറയ്ക്കുന്നു.

നോമ്പിന്റെ ദിവസങ്ങൾ സാധാരണയിൽ നിന്നും വ്യത്യസ്തങ്ങളായ ജീവിതാനുഭവങ്ങൾക്കും ജീവിത നവീകരണത്തിനും നമ്മെ സഹായിക്കും. സാധാരണ ജീവിതമേഖലകളിലായിരുന്നപ്പോൾ ലഭിക്കാതിരുന്ന ദൈവിക വെളിപ്പെടുത്തൽ തടവറയിൽ അർമ്മാന്റോയ്ക്കു ലഭിച്ചതുപോലെ നോമ്പിന്റെ ദിവസങ്ങൾ കൂടുതൽ ദൈവിക വെളിപാടുകൾക്കു നമ്മെ സാഹയിക്കും.

ഒരിക്കൽ വനത്തിൽ ഒരു വടവൃക്ഷം നിന്നിരുന്നു. അതിന്റെ ശാഖകളിൽ കൂടുകൂട്ടി ഒരു പക്ഷിരാജനും കുറെ പക്ഷികളും കഴിഞ്ഞിരുന്നു. പക്ഷിരാജനു വയസ്സായി, കൂടുവിട്ട് ദൂരേയ്ക്ക് പോകാതായി. ഒരിക്കൽ പക്ഷിരാജൻ താഴേക്കുനോക്കിയപ്പോൾ ഒരു കാട്ടുവള്ളി വൃക്ഷത്തിൽ പടർന്നു കയറുന്നത് കണ്ടു. മറ്റു പക്ഷികൾ ഇരതേടി മട



www.malankaralibrary.com

ങ്ങിവന്നപ്പോൾ പക്ഷിരാജൻ പറഞ്ഞു. കാട്ടുചെടി ഉടനെ കൊത്തിന ശിപ്പിക്കണം. അല്ലെങ്കിൽ അത് നമുക്ക് നാശമാകും. പക്ഷികൾ രാജനെ കളിയാക്കി..... കിട്ടുന്നത് തിന്ന് കഴിഞ്ഞാൽ പോരെ .... മാസങ്ങൾ കഴി ഞ്ഞു. കാട്ടുവള്ളി വൃക്ഷത്തിനുമുകളിൽ വരെ എത്തി. അന്നൊരു നാളിൽ ഒരു വേടൻ ആ വഴിവന്നു. വൃക്ഷത്തിനുമുകളിൽ പക്ഷികൾ പറക്കു ന്നതും മുകളിൽവരെ എത്തുന്ന വള്ളിയും കണ്ടു. വേടൻ വള്ളിവഴി മുകളിൽ കയറി, പക്ഷിരാജനെ കൊന്നു, വലവിരിച്ചു, ഇരതേടാൻ പോയി രുന്ന പക്ഷികൾ മടങ്ങിവന്നപ്പോൾ അപകടത്തെക്കുറിച്ച് അറിയിപ്പു കൊടുക്കാൻ ആരുമില്ലാതിരുന്നതുകൊണ്ട് എല്ലാവരും വേടന്റെ വല യിൽ കുടുങ്ങി.

മനുഷ്യരിലെല്ലാം ഇത്തരം കാട്ടുചെടികൾ കാണും. സ്വയം നശി ക്കുന്നതിനുമുമ്പ് അവ നശിപ്പിച്ചുകളയണം. എന്താണ് ഈ കാട്ടുവള്ളി കൾ? വിശുദ്ധ പൗലോസ് ശ്ലീഹാ ഗലാത്തിയാ ലേഖനത്തിൽ (5/20-21) ഇവയെക്കുറിച്ച് പറയുന്നുണ്ട്. അവ വ്യഭിചാരം, അശുദ്ധി, ദുർവൃത്തി, വിഗ്രഹാരാധന, ആഭിചാരം, ശത്രുത, കലഹം, അസൂയ, കോപം, മാത്സ ര്യം, ഭിന്നത, വിഭാഗീയചിന്ത, വിദ്വേഷം, മദ്യപാനം, മദിരോത്സവം ഇവയും ഈ ദൃശ്യമായ മറ്റു പ്രവൃത്തികളുമാണ്. ആത്മാവിനെ നശിപ്പിക്കുന്ന ഇത്തരം കാട്ടുവള്ളികൾ കണ്ടെത്തി നശിപ്പിക്കാൻ നോമ്പുകാലം ഉപക രിക്കും.

വീടിന്റെ കരുത്ത് അടിത്തറയിലാണ്. സൗധം ഉറപ്പുള്ള അടി ത്തറയിൽ ആഴത്തിൽ നിർമ്മിക്കുന്നു. മുകളിലേക്കു പണിയേണ്ട കെട്ടിടത്തിന്റെ പണി ആരംഭിക്കുന്നത് ആഴത്തിലേക്കു കുഴിച്ചുകൊണ്ടാ ണ്. തറ താഴ്ത്താതെ കെട്ടിടം ഉയർത്താനാവില്ല. കൂടുതൽ ഉയരത്തിൽ പണിയണമെങ്കിൽ കൂടുതൽ ആഴത്തിൽ താഴ്ത്തണം.

നമ്മുടെ ജീവിത സൗധത്തിന്റെ അടിസ്ഥാനം ഇട്ടിരിക്കുന്നത് എവിടെയാണെന്ന് ചിന്തിക്കുവാനുള്ള സമയമാണ് നോമ്പുകാലം. ജീവി തത്തിന്റെ അടിസ്ഥാനങ്ങൾ ഉറപ്പിക്കാൻ നോമ്പുകാലം സഹായിക്കണം. ആത്മീയതയിൽ കൂടുതൽ ഔന്നത്യത്തിലേക്കുയരാൻ ആഗ്രഹിക്കുന്ന വർ അഹത്തിലും, സ്വയത്തിലും, സ്വാർത്ഥതയിലും ആഴത്തിൽ കുഴി ച്ചുമാറ്റപ്പെടണം. നോമ്പിന്റെ ദിവസങ്ങൾ ഈ പ്രക്രിയയിൽ നമ്മെ സഹാ യിക്കുവാനുള്ള ദിവസങ്ങളാണ്.

യേശുവിലൂടെ കരഗതമായ രക്ഷയുടെ സദ്ഫലങ്ങൾ നമ്മുടെ വ്യക്തിപരമായ ജീവിതത്തിൽ ലഭ്യമാക്കാനുള്ള ശ്രമത്തിനുള്ള സമയ മാണ് നോമ്പുകാലം. ജീവിതത്തിലെ പോരായ്മകൾ മനസ്സിലാക്കി അവയെ പരിഹരിക്കാനുള്ള ബോധപൂർവ്വകമായ ശ്രമത്തിനുള്ള സമയം. ■



www.malankaralibrary.com

# പാപത്തെയും രക്ഷയെയും കുറിച്ചൊരു ധ്യാനം

**പാ**പത്തെക്കുറിച്ച് വിശുദ്ധ ഗ്രന്ഥം പറയുന്നതെന്താണ് ? ദൈവനിയമത്തിന്റെ ലംഘനം എന്നു കാണുന്നു. "........പാപം നിയമലംഘനമാണ് "(1. യോഹ. 3:4). ദൈവത്തിനെതിരായ മറുതലിപ്പാണ് പാപം. "നിങ്ങളുടെ ദൈവമായ കർത്താവിനെ മരുഭൂമിയിൽ വച്ചു നിങ്ങൾ കോപിപ്പിച്ചതെങ്ങനെയെന്നോർക്കുവിൻ, അതു മറക്കരുത്. ഈജിപ്തുദേശത്തുനിന്നു പുറത്തുവന്ന ദിവസം മുതൽ ഇവിടെ എത്തുന്നതുവരെ നിങ്ങൾ കർത്താവിനെതിരായി മത്സരിക്കുകയായിരുന്നു(നിയമാ. 9: 7). നിന്റെ ആജ്ഞകൾ ധിക്കരിക്കുകയും നിന്റെ വാക്കുകൾ അനുസരിക്കാതിരിക്കുകയും ചെയ്യുന്നവൻ മരിക്കണം...."(ജോഷ്വാ.1: 18).

പാപത്തിന്റെ തുടക്കം മാലാഖമാരുടെ തലവനായിരുന്ന ലൂസിഫറിൽ നിന്നാണല്ലോ. തന്റെ സ്ഥാനം കൊണ്ട് സംതൃപ്തനാകാതെ ദൈവത്തെക്കാൾ വലിയവനാകാൻ ശ്രമിച്ചതായിരുന്നു ലൂസിഫറിന്റെ പാപം, അവിടെയാണ് പാപത്തിന്റെ തുടക്കവും. "ഉഷസിന്റെ പുത്രനായ പ്രഭാതനക്ഷത്രമേ, നീ എങ്ങനെ ആകാശത്തുനിന്നു വീണു! ജനതകളെ കീഴടക്കിയിരുന്ന നിന്നെ എങ്ങനെ തറയിൽ വെട്ടിവീഴ്ത്തി! നീ തന്നെത്താൻ പറഞ്ഞു: ഞാൻ സ്വർഗ്ഗത്തിലേക്കു കയറും. ഉന്നതത്തിൽ ദൈവത്തിന്റെ നക്ഷത്രങ്ങൾക്കുപരി എന്റെ സിംഹാസനം ഞാൻ സ്ഥാപിക്കും. ഉത്തരദിക്കിന്റെ അതിർത്തിയിലെ സമാഗമ പർവതത്തിന്റെ മുകളിൽ ഞാനിരിക്കും; ഉന്നതമായ മേഘങ്ങൾക്കു മീതെ ഞാൻ കയറും. ഞാൻ അത്യുന്നതനെപ്പോലെ ആകും. എന്നാൽ, നീ പാതാളത്തിന്റെ അഗാധത്തിലേക്കു തള്ളിയിടപ്പെട്ടിരിക്കുന്നു"(ഏശയ്യാ 14: 12–15). സാത്താൻ ആയി മാറിയ ലൂസിഫർ ഏദൻ തോട്ടത്തിൽ വച്ച് മനുഷ്യവർഗത്തിലേക്ക് പാപത്തെ എത്തിച്ചു. "നിങ്ങൾ ദൈവത്തെപ്പോലെയാകും" എന്നുള്ള വാഗ്ദാനം നല്കിയാണല്ലോ അവൻ ആദത്തെയും



www.malankaralibrary.com

ഹവ്വായെയും പരീക്ഷിച്ചത്. ഉല്പത്തിപ്പുസ്തകം മൂന്നാം അധ്യായത്തിൽ ദൈവത്തിനെതിരായുള്ള ആദിമാതാപിതാക്കളുടെ മറുതലിപ്പിനെയും കല്പനലംഘനത്തെയും കുറിച്ച് വിവരിക്കുന്നുണ്ട്. അന്നു മുതൽ ആദത്തിന്റെ സന്തതിപരമ്പരകളായ സകലരിലേക്കും പാപം കടന്നുവന്നു. ‘‘ഒരു മനുഷ്യൻ മൂലം പാപവും പാപം മൂലം മരണവും ലോകത്തിൽ പ്രവേശിച്ചു. അപ്രകാരം എല്ലാവരും പാപം ചെയ്തതുകൊണ്ട് മരണം എല്ലാവരിലും വ്യാപിച്ചു’’(റോമാ. 5 : 12). ‘‘പാപത്തിന്റെ വേതനം മരണമാണ് ’’ (റോമ. 6: 22).

ആദം വഴി പാപത്തോടുള്ള ചായ്‌വ് മനുഷ്യകുലത്തിൽ കടന്നുകൂടി, അതുവഴി മനുഷ്യർ സ്വഭാവത്താൽ പാപികളുമായി. പാപം ചെയ്തപ്പോൾ ആദത്തിന്റെ ആന്തരിക ഉണ്മ വ്യതിയാനപ്പെടുകയും ദൈവത്തിൽനിന്നകലുകയും മരണമുള്ളവനാവുകയും ചെയ്തു. ദൈവത്തിൽ നിന്നുള്ള ഈ അകൽച്ചയും അതുമൂലമുള്ള മരണവും ആദത്തിന്റെ സന്തതിപരമ്പരകളിലേക്കു പകർന്ന് കൈമാറപ്പെട്ടു. നാം പാപികളായിരിക്കുന്നത് നാം പാപം ചെയ്യുന്നതുകൊണ്ടല്ല, പിന്നെയോ പാപം നമ്മിൽ വസിക്കുന്നതുകൊണ്ട് നാം പാപം ചെയ്യുന്നതാണ്. പാപികളായതു കൊണ്ട് പാപം ചെയ്യുകയാണ്. ജന്മനാ ലഭിക്കുന്ന ഈ പാപാവസ്ഥയെ ജന്മപാപം എന്നു വിളിക്കാം. മാതാപിതാക്കളിൽ നിന്ന് ശാരീരിക പ്രത്യേകതകൾ സ്വീകരിക്കുന്നതുപോലെ പാപസ്വഭാവം നാം ആദിമാതാപിതാക്കളിൽ നിന്നു സ്വീകരിക്കുന്നതാണ്. സങ്കീർത്തനം 51: 5 ലെ ദാവീദിന്റെ വിലാപത്തിൽ നാം ഇതു കാണുന്നുണ്ട്. ‘‘പാപത്തോടെയാണ് ഞാൻ പിറന്നത്. അമ്മയുടെ ഉദരത്തിൽ ഉരുവായപ്പോഴേ ഞാൻ പാപിയാണ്’’.

ആദിമാതാപിതാക്കന്മാരുടെ ദൈവത്തോടുള്ള മറുതലിപ്പോടുകൂടി മനുഷ്യവർഗം മുഴുവനും പാപികളായി എങ്കിലും മോശവഴി ദൈവകല്പനകൾ ലഭിക്കുന്നതുവരെ വ്യക്തികളുടെ മേൽ പാപം ആരോപിക്കപ്പെടുന്നതായി കാണുന്നില്ല. ദൈവകല്പന ലഭിച്ചതിനുശേഷമാണ് കല്പന ലംഘിക്കുന്നവരുടെ മേൽ പാപം കണക്കിടപ്പെടുന്നത്. ‘‘നിയമം നല്കപ്പെടുന്നതിനു മുമ്പുതന്നെ പാപം ലോകത്തിൽ ഉണ്ടായിരുന്നു. എന്നാൽ നിയമമില്ലാത്തപ്പോൾ പാപം കണക്കിടപ്പെടുന്നതായി കാണുന്നത്’’ (റോമാ. 5: 13). കല്പനകളുടെ ലംഘനമായ പാപം മനുഷ്യന്റെ മേൽ കണക്കിടപ്പെടുന്നതിനുമുമ്പുതന്നെ പാപത്തിന്റെ ഫലമായ മരണം, മനുഷ്യരുടെ പാപത്തിന്റെ ഫലമായ മരണം, മനുഷ്യരുടെ ഇടയിൽ വാണിരുന്നു. ‘‘ആദത്തിന്റെ സദൃശ്യമായ പാപം ചെയ്യാതിരുന്നവരുടെ



www.malankaralibrary.com

മേൽപോലും, ആദത്തിന്റെ കാലം മുതൽ മോശയുടെ കാലം വരെ മരണം ആധിപത്യം പുലർത്തി''(റോമാ 5 :14). ആദത്തിന്റെ കാലം മുതൽ മോശയുടെ കാലം വരെയുള്ളവർക്ക് മരണമുണ്ടായത് അവർ കല്പന കൾ ലംഘിച്ചതുകൊണ്ടല്ല, പ്രത്യുത അവർക്കു ലഭിച്ച പാപസ്വഭാവം മൂലമാണ്. മോശയുടെ കാലം മുതൽ ഉള്ളവർ മരണത്തിനടിമപ്പെട്ടത് ആദിമാതാപിതാക്കളിൽ നിന്ന് അവർ സ്വീകരിച്ച പാപസ്വഭാവംകൊണ്ടും ദൈവകല്പനയുടെ ലംഘനംമൂലം അവരിൽ ആരോപിക്കപ്പെട്ട പാപം കൊണ്ടുമാണ്.

പാപം മനുഷ്യനിൽ കണക്കിടപ്പെടുന്ന തത്വം മനുഷ്യവർഗ ത്തിന്റെ നന്മയ്ക്കായി ദൈവം വിനിയോഗിച്ചു. യേശുവിൽ വിശ്വസിക്കു ന്നവരുടെ പാപം ദൈവം യേശുക്രിസ്തുവിന്റെ മേൽ കണക്കിട്ടു. അവ രുടെ പാപത്തിന്റെ ശിക്ഷയായ മരണം യേശു കുരിശിൽ ഏറ്റെടുത്തു. നമ്മുടെ പാപം യേശുക്രിസ്തുവിൽ കണക്കിടപ്പെടുകവഴി പാപിയല്ലാ തിരുന്നിട്ടും അവൻ പാപിയായി പരിഗണിക്കപ്പെട്ടു. സകല മനുഷ്യരു ടെയും പാപങ്ങൾക്കുവേണ്ടി അവൻ മരണം ഏറ്റെടുത്തു. ''അവൻ നമ്മുടെ പാപങ്ങൾക്ക് പരിഹാരബലിയാണ്; നമ്മുടെ മാത്രമല്ല, ലോകം മുഴുവന്റെയും പാപങ്ങൾക്ക് ''(1യോഹ. 2:2). യേശുക്രിസ്തു ആദത്തിൽ നിന്ന് പാപസ്വഭാവം സ്വീകരിച്ചിട്ടില്ല, അവന്റെ മേൽ പാപം കണക്കിട പ്പെട്ടതാണ്. അവൻ ഒരിക്കലും പാപിയായിരുന്നിട്ടില്ലെങ്കിലും പാപ ത്തിന്റെ ശിക്ഷ ഏറ്റെടുക്കുകയാണ് ചെയ്തത്. അവന്റെ സ്വഭാവം പാപ ലാഞ്ചനയ്ക്കതീതമായിരുന്നു. അവൻ ഒരു പാപവും ചെയ്തിട്ടില്ലെങ്കിലും മനുഷ്യവർഗം മുഴുവൻ ചെയ്തിട്ടുള്ള സകലപാപങ്ങളുടെയും കുറ്റക്കാ രനായി പരിഗണിക്കപ്പെട്ടു. യേശുക്രിസ്തുവിന്റെ നന്മയും പുണ്യവും ദൈവം നമ്മുടെമേൽ കണക്കിടുകയും നമ്മുടെ തിന്മകൾ അവന്റെമേൽ ആരോപിക്കുകയും ചെയ്തു. എന്തെന്നാൽ അവനിൽ നാമെല്ലാവരും ദൈവത്തിന്റെ നീതിയാകേണ്ടതിന്, പാപം അറിയാത്തവനെ ദൈവം നമുക്കുവേണ്ടി പാപമാക്കി ''(2 കോറി. 5: 21).

പാപം പരിചിന്തനവിഷയമാക്കുമ്പോൾ അനുദിന ജീവിത ത്തിൽ ഓരോരുവനും ചെയ്യുന്ന വ്യക്തിപരമായ പാപത്തെക്കുറിച്ച് ചിന്തി ക്കാതിരിക്കാനാവില്ല. ആദാമിൽ നിന്ന് പാപസ്വഭാവം കൈമാറ്റപ്പെട്ടു സ്വീകരിച്ചിട്ടുള്ളതുകൊണ്ടാണ് നാം വ്യക്തിപരമായി പാപം ചെയ്തു പോകുന്നത്. വ്യക്തിപരമായ പാപത്തിനും, ആരോപിക്കപ്പെട്ട, അല്ലെ ങ്കിൽ കണക്കിടപ്പെട്ട പാപത്തിനും, കൈമാറ്റം ചെയ്യപ്പെട്ട പാപത്തിനും പരിഹാരം ചെയ്യാൻ ഓരോരുത്തനും ബാധ്യസ്ഥനാണ്. എന്നാൽ, യേശു



www.malankaralibrary.com

വിൽ വിശ്വസിക്കുന്നവർ പാപത്തിന്റെ ശിക്ഷയിൽ നിന്ന് - നിത്യനരക ത്തിൽ നിന്നും നിത്യനാശത്തിൽ നിന്നും രക്ഷിക്കപ്പെടുകയും പാപ ത്തിൽനിന്നകന്നിരിക്കാൻ ശക്തിയുള്ളവരാകുകയും ചെയ്യുന്നു. വ്യക്തി പരമായി പാപം ചെയ്യാതിരിക്കാനുള്ള ശക്തി യേശുവിൽ വിശ്വസിക്കു ന്നവർക്കുണ്ട്. ഈ ശക്തി നമുക്കു നൽകുന്നതും നമ്മെ വിശുദ്ധീകരി ക്കുന്നതും പാപത്തെക്കുറിച്ചുള്ള ബോധ്യം നമുക്കു നൽകുന്നതും നമ്മിൽ വസിക്കുന്ന പരിശുദ്ധാത്മാവാണ്. “ദൈവത്തിന്റെ ആത്മാവ് യഥാർഥമായി നിങ്ങളിൽ വസിക്കുന്നെങ്കിൽ നിങ്ങൾ ജഡികരല്ല, ആത്മീ യരാണ്. ക്രിസ്തുവിന്റെ ആത്മാവില്ലാത്തവർ ക്രിസ്തുവിനുള്ളവനല്ല, എന്നാൽ നിങ്ങളുടെ ശരീരം പാപം നിമിത്തം മൃതമാണെങ്കിലും ക്രിസ്തു നിങ്ങളിലുണ്ടെങ്കിൽ നിങ്ങളുടെ ആത്മാവ് നീതിനിമിത്തം ജീവനു ള്ളതായിരിക്കും. യേശുവിനെ മരിച്ചവരിൽ നിന്ന് ഉയിർപ്പിച്ചവന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നുണ്ടെങ്കിൽ, യേശുക്രിസ്തുവിനെ ഉയിർപ്പിച്ചവൻ നിങ്ങളുടെ മൃതശരീരങ്ങൾക്കും നിങ്ങളിൽ വസിക്കുന്ന തന്റെ ആത്മാവിനാൽ ജീവൻ പ്രദാനം ചെയ്യും” (റോമാ 8: 9–11). അനു തപിച്ച് പാപങ്ങൾ ഏറ്റുപറഞ്ഞ് കുമ്പസാരിച്ചാൽ നഷ്ടപ്പെട്ടുപോയ ദൈവബന്ധം വീണ്ടെടുക്കുവാൻ സാധിക്കും. “എന്നാൽ നാം പാപ ങ്ങൾ ഏറ്റുപറയുന്നെങ്കിൽ അവൻ വിശ്വസ്തനും നീതിമാനുമാകയാൽ പാപങ്ങൾ ക്ഷമിക്കുകയും എല്ലാ അനീതികളിലും നിന്നു നമ്മെ ശുദ്ധീ കരിക്കുകയും ചെയ്യും”(1 യോഹ.1:2).

ആദിമാതാപിതാക്കളിൽ നിന്നും ജന്മസിദ്ധമായി ലഭിച്ച പാപ ത്താലും നമ്മുടെ മേൽ കണക്കിടപ്പെട്ട പാപത്താലും വ്യക്തിപരമായ പാപത്താലും നാം ശിക്ഷാർഹരാണ്. ഇതിനുള്ള നീതിപൂർവ്വമായ ശിക്ഷ മരണമാണ്. ശാരീരിക മരണമല്ല, നിത്യമരണം. “പാപത്തിന്റെ വേതനം മരണമാണ് ”(റോമാ 6: 22), വെളിപാട് 20 : 11– 15).

ആശ്വാസകരവും ആനന്ദകരവുമായ സദ്വാർത്ത എല്ലാ പാപ ങ്ങളും യേശുവിനോടൊപ്പം കുരിശിൽ തറയ്ക്കപ്പെട്ടു, അവനിലുള്ള വിശ്വാസത്താൽ അവന്റെ രക്തത്താൽ നമുക്ക് രക്ഷയും പാപമോചനവും ലഭിക്കുന്നു എന്നതാണ്. “അവിടുത്തെ കൃപയുടെ സമൃദ്ധിക്കൊത്ത് നമുക്ക് ക്രിസ്തുവിൽ പാപമോചനവും അവന്റെ രക്തംവഴി രക്ഷയും കൈവന്നിരിക്കുന്നു” (എഫേ. 1: 7). യേശുക്രിസ്തുവിൽ വിശ്വസിക്കു ന്നവന്റെ സന്തോഷം ഇതാണ്. ഈ സന്തോഷം സകല മനുഷ്യർക്കും അവകാശപ്പെട്ടതാണ്. ഈ സത്യം എല്ലാവർക്കും അറിയില്ല. അറിയി ക്കാനുള്ള ബാധ്യത അറിഞ്ഞവരുടെതാണ്. ഇതാണ് സഭയുടെ മക്ക ളായ നമ്മുടെ ചുമതല, ഒഴികഴിവില്ലാത്ത ചുമതല. ■



www.malankaralibrary.com

# ഉപവാസം-1

ഉപവാസത്തെക്കുറിച്ച് നമുക്ക് ധ്യാനിക്കാം. ക്രിസ്ത്യാനി ഉപവസിച്ചിരിക്കണമെന്ന് വിശുദ്ധ ഗ്രന്ഥം നിർബന്ധമായി പറയുന്നതായി ശ്രദ്ധയിൽപെട്ടിട്ടില്ല. എന്നാൽ ഉപവാസത്തിന്റെ നന്മയെപ്പറ്റി ബൈബിൾ പറയുന്നുമുണ്ട്. പ്രധാന തീരുമാനങ്ങളെടുക്കുന്നതിനു മുമ്പ് ആദിമ ക്രിസ്ത്യാനികൾ ഉപവസിച്ചിരുന്നതായി നടപടി പുസ്തകം രേഖപ്പെടുത്തുന്നു. ''അവർ കർത്താവിനു ശുശ്രൂഷ ചെയ്തും ഉപവസിച്ചും കഴിയവേ, പരിശുദ്ധാത്മാവ് അവരോടു പറഞ്ഞു. ബാർണബാസിനെയും സാവൂളിനെയും ഞാൻ വിളിച്ചിരിക്കുന്ന ജോലിക്കായി എനിക്കുവേണ്ടി മാറ്റി നിർത്തുക'' (13/2). ''അവർ സഭകൾതോറും ശ്രേഷ്ഠന്മാരെ നിയമിച്ച് പ്രാർത്ഥനയോടും ഉപവാസത്തോടും കൂടെ അവരെ തങ്ങൾ വിശ്വസിച്ച കർത്താവിനു സമർപ്പിച്ചു''(14/ 23). ഉപവാസത്തെയും പ്രാർത്ഥനയെയും ബന്ധിപ്പിച്ചാണ് വിശുദ്ധ ഗ്രന്ഥം പലപ്പോഴും സംസാരിക്കുന്നത്. ചില വചനങ്ങൾ കാണുക. ''എൺപത്തിനാലു വയസായ ഈ വിധവ ദേവാലയം വിട്ടുപോകാതെ രാപകൽ ദൈവത്തെ സ്തുതിച്ചുകൊണ്ട് ഉപവാസത്തിലും പ്രാർത്ഥനയിലും കഴിയുകയായിരുന്നു'' (ലൂക്കാ 2: 37). അവർ അവനോടു പറഞ്ഞു: യോഹന്നാന്റെ ശിഷ്യന്മാർ പലപ്പോഴും ഉപവസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു...... (ലൂക്കാ. 5: 33).

ഉപവാസം എന്നു പറയുമ്പോൾ പലരുടെയും ശ്രദ്ധ ഭക്ഷണം വെടിയുന്നതിലാണ്. എന്നാൽ യഥാർത്ഥത്തിൽ ഈലോക വസ്തുക്കളിൽ നിന്ന് ദൈവത്തിലേക്ക് നമ്മുടെ ശ്രദ്ധയെ തിരിക്കുന്നതായിരിക്കണം ഉപവാസത്തിന്റെ ലക്ഷ്യം. ദൈവവുമായുള്ള എന്റെ ബന്ധം ഞാൻ ഗൗരവമായി കരുതുന്നു എന്നുള്ളതിന്റെ അടയാളമായിരിക്കണം ഉപവാസം. ദൈവത്തോട് ഒരു പുതിയ ബന്ധം ഉണ്ടാക്കുന്നതിനും ഒരു പുതിയ ആശ്രയബോധം ഉളവാക്കുന്നതിനും സഹായിക്കുന്നതായിരിക്കണം ഉപവാസം.

ഭക്ഷണം ത്യജിക്കുന്നതിനെയാണ് ഉപവാസംകൊണ്ട്



www.malankaralibrary.com

സാധാരണ മനസിലാക്കുന്നതെങ്കിലും ഉപവാസത്തിന് മറ്റു മാർഗ്ഗങ്ങ ളുമുണ്ട്. നമ്മുടെ ശ്രദ്ധ പരിപൂർണ്ണമായി ദൈവത്തിൽ കേന്ദ്രീകരിക്കു ന്നതിന് താൽക്കാലികമായി ഭൗതികമായ എന്തിനെ ത്യജിക്കുന്നതി നെയും ഉപവാസമെന്നു വിളിക്കാം (1 കോരി. 7: 1-5). ഭക്ഷണം ത്യജി ച്ചുള്ള ഉപവാസം നിർദ്ദിഷ്ട സമയത്തേക്കു മാത്രമായിരിക്കണം, അല്ലെ ങ്കിൽ അത് ശരീരത്തിന് ഹാനികരമായി ഭവിക്കാം. ഉപവാസം ശരീര ത്തിന്റെയും മനസിന്റെയും ശ്രദ്ധ ദൈവത്തിലേക്ക് കേന്ദ്രീകരിക്കാ നാണ്. ശരീരത്തിന്റെ ഭാരം കുറയ്ക്കാനും ഭക്ഷണം ക്രമീകരണത്തി നുമുള്ള ഭക്ഷണം വെടിയലല്ല ഉപവാസം. ദൈവവുമായി ആഴത്തിലുള്ള ബന്ധം ഉണ്ടാക്കലാണ്. എല്ലാവർക്കും ഭക്ഷണം വെടിയാൻ സാധിച്ചെ ന്നുവരില്ല, പ്രത്യേകിച്ച് ചില രോഗികൾക്ക്. എന്നാൽ ജീവിതത്തിൽ ഭൗതി കമായ എന്തെങ്കിലുമൊക്കെ താൽക്കാലികമായി വേണ്ടെന്നു വയ്ക്കാൻ എല്ലാവർക്കും സാധിക്കും.

ഭൗതികമായവയിൽ നിന്ന് ശ്രദ്ധ തിരിച്ചാൽ ദൈവത്തിലേക്ക് കൂടുതൽ ശ്രദ്ധിക്കാൻ നമുക്ക് സാധിക്കും. നമുക്ക് വേണ്ടത് ദൈവത്തിൽ നിന്ന് നേടുവാനുള്ള ഒരു വഴിയല്ല ഉപവാസം. ഉപവാസം ദൈവത്തെ യല്ല നമ്മെ പരിവർത്തനപ്പെടുത്തും. മറ്റുള്ളവരെക്കാൾ ആത്മീയരായി പ്രത്യക്ഷപ്പെടാനുള്ള ഒരു വഴിയുമല്ല ഉപവാസം. എളിമയിലും സന്തോ ഷത്തിലുമാണ് ഉപവസിക്കേണ്ടത്. മത്തായി 6 : 6 -18 പറയുന്നു: ‘‘നിങ്ങൾ ഉപവസിക്കുമ്പോൾ കപടനാട്യക്കാരെപ്പോലെ വിഷാദം ഭാവിക്കരുത്. തങ്ങൾ ഉപവസിക്കുന്നുവെന്ന് അന്യരെ കാണിക്കാൻവേണ്ടി അവർ മുഖം വികൃതമാക്കുന്നു. സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: അവർക്കു പ്രതിഫലം ലഭിച്ചു കഴിഞ്ഞു. എന്നാൽ, നീ ഉപവസിക്കുന്നത് അദൃശ്യ നായ പിതാവല്ലാതെ മറ്റാരും കാണാതിരിക്കുന്നതിന് ശിരസിൽ തൈലം പുരട്ടുകയും മുഖം കഴുകുകയും ചെയ്യുക. രഹസ്യങ്ങൾ അറിയുന്ന പിതാവ് നിനക്ക് പ്രതിഫലം നൽകും.

■



www.malankaralibrary.com

# ഉപവാസം-2

**നോ**മ്പിനെക്കുറിച്ചും ഉപവാസത്തെക്കുറിച്ചും ധ്യാനിക്കാം. സഭയോടൊപ്പം സഭയുടെ സജീവഘടകങ്ങളായാണ് നാം ഓരോരുത്തരും വിശുദ്ധ നോമ്പിലേക്ക് പ്രവേശിക്കുന്നത്. വെട്ടിഒരുക്കലിന്റെയും ആത്മനവീകരണത്തിന്റെയും തിന്മയെ വെടിയലിന്റെയും പങ്കുവയ്ക്കലിന്റെയും കൂട്ടായ്മ ശാക്തീകരണത്തിന്റെയും സുന്ദരദിനങ്ങളിലേക്കാണ് നോമ്പുകാലത്ത് സഭയായി നാം പ്രവേശിക്കുന്നത്. നോമ്പുകാലം എനിക്ക് അനുഗ്രഹത്തിന്റെ നാളുകളാകുമോ അതോ ശാപത്തിന്റേതാകുമോ ? അത് എന്റെ മനോഭാവത്തെയും തീരുമാനങ്ങളെയും പ്രവർത്തികളെയും ആശ്രയിച്ചിരിക്കുന്നു.

**നോമ്പ് പുതുക്കത്തിനുള്ള അവസരം**

"അതുകൊണ്ട് നിങ്ങൾ എന്റെ വാക്കു കേൾക്കുകയും എന്റെ ഉടമ്പടി പാലിക്കുകയും ചെയ്താൽ നിങ്ങൾ എല്ലാ ജനങ്ങളിലും വച്ച് എനിക്ക് ഏറ്റവും പ്രിയപ്പെട്ട എന്റെ സ്വന്തം ജനമായിരിക്കും; കാരണം ഭൂമി മുഴുവൻ എന്റേതാണ്. നിങ്ങൾ എനിക്കു പുരോഹിത രാജ്യവും വിശുദ്ധ ജനവുമായിരിക്കും" (പുറ. 19: 5-6) ദൈവം തന്റെ ജനവുമായി ഉടമ്പടിയിൽ ഏർപ്പെട്ട് ജനത്തെ സ്വന്തമാക്കി. ദൈവജനം കാലാകാലങ്ങളിൽ ദൈവവുമായി ഉടമ്പടി പുതുക്കിയിരുന്നു. മോവാബിൽവച്ച് ഉടമ്പടി പുതുക്കുന്ന സംഭവം ആവർത്തന പുസ്തകത്തിൽ നാം വായിക്കുന്നു: "നിങ്ങളോടു ചെയ്ത വാഗ്ദാനവും നിങ്ങളുടെ പിതാക്കന്മാരായ അബ്രഹാത്തോടും ഇസഹാക്കിനോടും യാക്കോബിനോടും ചെയ്ത പ്രതിജ്ഞയുമനുസരിച്ച് അവിടുന്നു നിങ്ങളെ തന്റെ ജനമായി സ്ഥാപിക്കും; അവിടുന്നു നിങ്ങളുടെ ദൈവമായിരിക്കുകയും ചെയ്യും" (നിയമാവർത്തനം 29: 13)

"തങ്ങൾ കർത്താവിന്റെ ജനം ആയിരിക്കും എന്നു രാജാവിനെയും ജനത്തെയും കൊണ്ടു കർത്താവുമായി യഹോയാദ ഉടമ്പടി



www.malankaralibrary.com

ചെയ്യിച്ചു. രാജാവും ജനവും തമ്മിലും ഉടമ്പടി ചെയ്യിച്ചു'' (2 രാജാ 11: 17) ദൈവം പരിശുദ്ധനായിരിക്കുന്നതുപോലെ ദൈവമക്കളും പരിശുദ്ധരായിരിക്കണം. ''ഞാൻ പരിശുദ്ധനായിരിക്കുന്നതുകൊണ്ട് നിങ്ങളും പരിശുദ്ധരായിരിക്കുവിൻ'' (1 പത്രോ. 1: 16) ദൈവം ആഗ്രഹിക്കുന്നത് നമ്മുടെ വിശുദ്ധീകരണമാണ്. ''നിങ്ങളുടെ വിശുദ്ധീകരണമാണ് ദൈവം അഭിലഷിക്കുന്നത് - അസന്മാർഗ്ഗീകതയിൽനിന്ന് ഒഴിഞ്ഞുമാറണം'' (1 തെസ്സ. 4: 3). പാപത്തിൽ നിന്നകന്ന് വിശുദ്ധീകരണം പ്രാപിച്ച് ക്രിസ്തുവിന്റെ പരിശുദ്ധ ജീവിതത്തിൽ പങ്കാളികളാകാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു. ദൈവത്തിന്റെ ഈ വിളിയോടും അഭിലാഷത്തോടും പ്രത്യുത്തരിക്കാനും ദൈവവുമായുള്ള സ്നേഹബന്ധത്തിൽനിന്നും അകന്നുപോയിട്ടുണ്ടെങ്കിൽ അവയെ വീണ്ടെടുക്കുവാനും ദൈവമക്കൾക്കു ലഭിക്കുന്ന സുവർണ്ണാവസരമാണ് നോമ്പ്. അവിശ്വസ്തരായ മക്കളേ, തിരിച്ചു വരുവിൻ'' (ജെറ. 3: 14), കർത്താവ് അരുളിച്ചെയ്യുന്നു. ഇപ്പോഴെങ്കിലും ഉപവാസത്തോടും വിലാപത്തോടും നെടുവീർപ്പോടും കൂടെ നിങ്ങൾ പൂർണ്ണ ഹൃദയത്തോടെ എന്റെ അടുക്കലേക്കു തിരിച്ചു വരുവിൻ'' (ജോയേൽ 2:12). ''ആഹാബ് ഇതുകേട്ട് വസ്ത്രം കീറി, ചാക്കുടുത്ത് ഉപവസിക്കുകയും ചാക്ക് വിരിച്ച് ഉറങ്ങുകയും മനം തകർന്ന് തലതാഴ്ത്തി നടക്കുകയും ചെയ്തു''(1 രാജാ. 4: 27). വിരുദ്ധ സാഹചര്യങ്ങളിൽ പല ജീവജാലങ്ങൾക്കും വംശനാശം സംഭവിക്കും. ഇതുപോലെ പ്രതിസംസ്കാരങ്ങളിൽ പല സുകൃതങ്ങൾക്കും വംശനാശം ഭവിക്കും. ഇതിനെ നേരിടാനുള്ള ഒരു ശ്രമവും കൂടിയാണ് നോമ്പും ഉപവാസവും.

**ദരിദ്രരെ കരുതാനുള്ള കാലം**

നാം നിത്യജീവൻ അവകാശപ്പെടുത്തുവാൻ വിളിക്കപ്പെട്ടവരാണ്. പുത്രനിൽ വിശ്വസിക്കുന്നവന് നിത്യജീവൻ ലഭിക്കുന്നു. എന്നാൽ പുത്രനെ അനുസരിക്കാത്തവൻ ജീവൻ ദർശിക്കുകയില്ല. ദൈവകോപം അവന്റെമേൽ ഉണ്ട് (യോഹ. 3: 36). നിത്യജീവൻ അവകാശപ്പെടുത്തുവാൻ എന്തു ചെയ്യണമെന്നാണ് യേശുനാഥൻ കല്പിച്ചിരിക്കുന്നത്. ''പോയി, നിനക്കുള്ളതെല്ലാം വിറ്റ് ദരിദ്രർക്ക് കൊടുക്കുക. അപ്പോൾ സ്വർഗ്ഗത്തിൽ നിനക്ക് നിക്ഷേപമുണ്ടാകും'' (മർക്കോസ് 10: 21). നമുക്ക് നിത്യജീവൻ വേണമെങ്കിൽ അവൻ പറഞ്ഞത് ചെയ്തേ മതിയാകൂ.

ഉപനിഷത്തിൽ ഇങ്ങനെ ഒരു ശ്ലോകമുണ്ട്.

''അർത്ഥേ ഗൃഹേ നിവൃത്തന്തേ
മിത്ര ശ്മശാനേ ബാന്ധവാ



www.malankaralibrary.com

സുകൃതം ദുഷ്കൃതം ചൈവ
ഗച്ഛന്ത മനുഗച്ഛന്തി''

അർത്ഥം ഇങ്ങനെയാണ്. സമ്പത്ത് വീട്ടിൽവച്ച് നമ്മേ പിരിയുന്നു. മിത്രങ്ങളും ബന്ധുക്കളും ശ്മശാനത്തിൽവച്ചും, നമ്മേ അനുഗമിക്കുന്നത് ഈ ലോകത്തിൽ നാം ചെയ്ത സുകൃതങ്ങളും ദുഷ്കൃതങ്ങളുമാണ്.

മോഷ്ടാവ് അപഹരിക്കാത്തത് കരുതി വയ്ക്കാനാണല്ലോ യേശു നമ്മോട് പറയുന്നത്. സങ്കീർത്തകൻ അനുസ്മരിപ്പിക്കുന്നു: ''ദരിദ്രനോട് ദയകാണിക്കുന്നവൻ ഭാഗ്യവാൻ. കഷ്ടതകളുടെ നാളുകളിൽ കർത്താവ് അവനെ രക്ഷിക്കും. കർത്താവ് അവനെ പരിപാലിക്കുകയും അവന്റെ ജീവൻ രക്ഷിക്കുകയും ചെയ്യും''.

**ആത്മാവിനെ ഒരുക്കുവാനുള്ള കാലം**

ഇതാ തൂക്കുകട്ടയുടെ സഹായത്തോടെ പണിതുയർത്തിയ ഒരു മതിലിനോടു ചേർന്ന് കർത്താവ് കയ്യിൽ ഒരു തൂക്കുകട്ടയുമായി നില്ക്കുന്നു (ആമോസ് 7: 7). തൂക്കുകട്ടയുടെ ഉപയോഗം നമുക്കറിയാം. ചെരിവു നോക്കാൻ, ചെരിവുണ്ടെങ്കിൽ ചെത്തി നേരെയാക്കാൻ. ജറുസ ലേമിന്റെ മേൽ അളവുചരടു പിടിക്കും. സൈന്യങ്ങളുടെ കർത്താവ് അരു ളിച്ചെയ്യുന്നു'' (സഖ. 1: 16). ''........അവൻ പറഞ്ഞു: ജറുസലേമിനെ അളന്ന് അതിന്റെ നീളവും വീതിയും എത്രയെന്നു നോക്കാൻ പോകുന്നു'' (സഖ 2: 2). നോമ്പുകാലം ആത്മശോധനയ്ക്കൊരവസരമാണ്. ദൈവം എന്റെമേൽ ചരടു പിടിച്ചാൽ ഞാൻ നേരെ ആയിരിക്കുമോ ? ചെത്തിമി നുക്കാനുണ്ടാകുമോ ? ഉണ്ടെങ്കിൽ ചെത്തിമിനുക്കാനൊരവസരം. ഇതാണ് മാനസാന്തരം. ഇതിനുള്ള അവസരമാണ് നോമ്പ്. ചെത്തി മിനുക്കാൻ തയ്യാറായവരെപ്പറ്റി ദൈവം പറയുന്നു ''ഞാൻ അതിനുചുറ്റും അഗ്നികൊ ണ്ടുള്ള കോട്ടയായിരിക്കും. ഞാൻ അതിന്റെ മദ്ധ്യത്തിൽ അതിന്റെ മഹ ത്വമായിരിക്കും - കർത്താവ് അരുളിച്ചെയ്യുന്നു'' (സഖ. 2:5).

പരിശുദ്ധി തന്നെയായ ദൈവത്തെ സമീപിക്കാൻ പരിശുദ്ധർക്കു മാത്രമെ സാധിക്കൂ. ദൈവസന്നിധിയിലേക്കുള്ള പ്രയാണത്തിലാണല്ലോ നാമെല്ലാവരും. ഈ യാത്രാമദ്ധ്യേ ദൈവസന്നിധിയെ സമീപിക്കാനുള്ള യോഗ്യത നാം നേടേണ്ടിയിരിക്കുന്നു. നമ്മുടെ ആത്മിക കർമ്മങ്ങളെല്ലാം ഇതിന് നമ്മെ സഹായിക്കുന്ന ഘടകങ്ങളാണ്. ലക്ഷ്യപ്രാപ്തിക്കു വിഘാതം സൃഷ്ടിക്കുന്ന പൈശാചിക ശക്തികളെ കീഴ്പ്പെടുത്തുവാൻ സഹായിക്കുന്ന ഘടകങ്ങളാണ്. ലക്ഷ്യപ്രാപ്തിക്ക് വിഘാതം സൃഷ്ടി ക്കുന്ന പൈശാചിക ശക്തികളെ കീഴ്പ്പെടുത്തുവാൻ നോമ്പും ഉപവാ സവുമാണ് ഏറ്റവും വലിയ ആയുധമായി യേശുനാഥൻ നമുക്ക് നല്കി



www.malankaralibrary.com

യിരിക്കുന്നത്. ഭാരം ലഘൂകരിക്കുന്നത് യാത്ര ആയാസരഹിതമാക്കുമെന്നുള്ള സാമാന്യ പ്രമാണം ഇവിടെ സ്മരണീയമാണ്. സ്വർഗ്ഗസീയോനിലേക്കുള്ള തീർത്ഥാടന യാത്രയിൽ ഭൗതിക താല്പര്യങ്ങളുടെയും ജഡികാഭിലാഷങ്ങളുടെയും ഭാരങ്ങളെ ലഘൂകരിക്കുന്നത് ലക്ഷ്യപ്രാപ്തി ആയാസരഹിതമാക്കും. നോമ്പും ഉപവാസവും ഇതിനേറെ സഹായകരമാണ്. സാത്താന്റെ കുടിലതന്ത്രങ്ങളെ അതിജീവിക്കുവാൻ ദൈവിക ആയുധങ്ങളെ അണിയുവാൻ വിശുദ്ധ പൗലോസ് അപ്പസ്തോലൻ നമ്മെ അനുസ്മരിപ്പിക്കുന്നുണ്ടല്ലോ ? നാല്പതു ദിനരാത്രങ്ങൾ മരുഭൂമിയിൽ നോമ്പുനോറ്റ് ഉപവസിച്ച യേശുനാഥന്റെ സജീവമാതൃക നമ്മുടെ മുമ്പിൽ ജ്വലിച്ചു നില്ക്കുന്നു. നമുക്കും തീക്ഷ്ണതയോടെ നോമ്പനുഷ്ഠിച്ച് ആത്മാവിൽ ബലപ്പെടാം.

**അഹം വെടിഞ്ഞവനേ ആത്മാവിൽ വളരാൻ സാധിക്കൂ.** കടൽത്തീരം വെടിഞ്ഞവനേ കടലാകാൻ സാധിക്കൂ. കൊട്ടാരം വെടിഞ്ഞവനേ പുറപ്പെടാൻ സാധിക്കൂ. ജനാലകൾ തുറന്നാൽ നക്ഷത്രം കാണാം. നക്ഷത്രം സ്വന്തമാക്കണമെങ്കിൽ നിങ്ങളുടെ കൊട്ടാരം വെടിയണം. നിലത്ത് വീണഴുകുന്നെങ്കിലേ ഫലം പുറപ്പെടുവിക്കാനാകൂ എന്നല്ലേ ഗുരുവചനം. കെട്ടഴിഞ്ഞുകിട്ടാതെ കൂട്ടിൽ നിന്ന് പുറത്തുകടക്കാനാവില്ല. കെട്ടുകളെ പൊട്ടിക്കാനൊരവസരം നോമ്പ്. ഈഗോ വെടിഞ്ഞീശോയാകാനൊരവസരം നോമ്പ് .

ഫ്രാൻസിസ് മാർപ്പാപ്പ ഒരിക്കലിങ്ങനെ പറഞ്ഞു: **പരദൂഷണം യൂദാസിന്റെ ഒറ്റിക്കൊടുക്കലിനു തുല്ല്യമാണ്** . നാവിനെ നിയന്ത്രിക്കാൻ അഭ്യസിക്കാനൊരവസരം നോമ്പ്. ദാവീദിന്റെ ഒരു പ്രാർത്ഥന ഇപ്രകാരമാണ് : കർത്താവേ, എന്റെ നാവിന് കടിഞ്ഞാണിടണമേ! എന്റെ അധരത്തിന് കാവലേർപ്പെടുത്തണമേ! നാവുമൂലമുള്ള തിന്മയുടെ കാഠിന്യം തിരിച്ചറിഞ്ഞ ദാവീദാണിങ്ങനെ പ്രാർത്ഥിച്ചത്. ജെറമിയായിലൂടെ തമ്പുരാൻ ഓർമ്മിപ്പിക്കുന്നു: വിലകെട്ടവ പറയാതെ സദ്വചനങ്ങൾ മാത്രം സംസാരിച്ചാൻ നീ എന്റെ നാവുപോലെയാകും. ജ്ഞാനിയായ ശലോമോൻ പറയുന്നു പാപിയുടെ പതനത്തിനു കാരണം അവന്റെ ചുണ്ടുകളാണ് ''. ''പരദൂഷകനും ഏഷണിക്കാരും ശപിക്കപ്പെട്ടവർ'', ''വാൾത്തല അനേകരെ വീഴ്ത്തിയിട്ടുണ്ട്; നാവുകൊണ്ട് വീഴ്ത്തപ്പെട്ടവർ അതിൽ ഏറെയാണ് ''. നോമ്പുകാലം നാവ് നിയന്ത്രിക്കാൻ പരിശീലിക്കാം.യാക്കോബ് ശ്ലീഹാ പറയുന്നതൊന്നു ശ്രദ്ധിക്കാം സംസാരത്തിൽ തെറ്റുവരുത്താത്ത ഏവനും പൂർണ്ണനാണ്. തന്റെ ശരീരത്തെ മുഴുവൻ നിയന്ത്രിക്കാൻ അവനുകഴിയും . ''നാവ് വളരെ ചെറിയ അവയവ



www.malankaralibrary.com

മാണ്. എങ്കിലും അത് വൻപുപറയുന്നു. ചെറിയ ഒരു തീപ്പൊരി എത്രവ ലിയ വനത്തെയാണ് ചാമ്പലാക്കുക ! നാവ് തീയാണ്; അതു ദുഷ്ടത യുടെ ഒരു ലോകം തന്നെയാണ് ''. യേശുക്രിസ്തു തന്നെ നമ്മോടു പറ യുന്നു. ''ഞാൻ നിങ്ങളോടു പറയുന്നു: മനുഷ്യർ പറയുന്ന ഓരോ വ്യർത്ഥ വാക്കിനും വിധിദിവസത്തിൽ കണക്കുകൊടുക്കേണ്ടി വരും''. നാവിനൊരു നിയന്ത്രണം നോമ്പുകാല ലക്ഷ്യമാക്കാം. പ്രഭാഷകന്റെ വാക്ക് ഗൗരവ മായി എടുക്കാം. കേൾക്കുന്നതെല്ലാം പറഞ്ഞു നടക്കരുത്,............ കേട്ട കാര്യം നിന്നോടൊത്തു മരിക്കട്ടെ. കേൾക്കുന്നതെല്ലാം വിശ്വസിക്കരുത്''. ശലോമോൻ ചോദിക്കുന്നു ''നല്ലവാക്ക് വിലയുറ്റ സമ്മാനത്തെ അതിശയി ക്കുകയില്ലേ'' ? വി. പൗലോസിന്റെ ഉപദേശം സ്വീകരിക്കാം. 'നിങ്ങളുടെ സംസാരം എപ്പോഴും കരുണാമസൃണവും ഹൃദ്യവുമായിരിക്കട്ടെ. ഓരോ രുത്തരോടും എങ്ങനെ മറുപടി പറയണമെന്നു നിങ്ങൾ മനസ്സിലാക്കി യിരിക്കണം'. 'നിശബ്ദത ആത്മാവിനെ ശുദ്ധീകരിക്കുന്നതിന്റെ ആരം ഭമാണന്ന് ' വി. ബേസിൽ പറയുന്നത് ഓർക്കാം.

**നോമ്പ് പങ്കുവയ്ക്കലിനുള്ള കാലമാണന്നോർക്കാം.** സമൃദ്ധി യിൽ നിന്നല്ല ഇല്ലായ്മയുടെ വേദനയിൽ നിന്ന്. ലോകത്തിലെ സമ്പന്ന രിൽ ഒന്നാമനെന്നറിയപ്പെടുന്ന ബിൽ ഗേറ്റ്സിന്റെ ഒരു അനുഭവം ഇവിടെ പങ്കുവയ്ക്കാം. അദ്ദേഹം പണ്ട് ജോലിയിൽ നിന്നും പിരിച്ചുവിടപ്പെട്ടകാലം. ന്യൂയോർക്ക് വിമാനത്താവളത്തിൽവച്ച് ഒരു പത്രം വാങ്ങാൻ ആഗ്രഹി ച്ചു. നോക്കിയപ്പോൾ ചില്ലറ ഇല്ല. അതുകൊണ്ട് പത്രം വേണ്ടന്നു പറ ഞ്ഞു. പത്രം വിൽക്കുന്ന പയ്യൻ പറഞ്ഞു: ഇന്നാ ഒരു പത്രം പണം വേണ്ടാ, പത്രം നല്കി അവൻ അകന്നുപോയി. ഏതാനും മാസങ്ങൾക്കുശേഷം വീണ്ടും പത്രം വാങ്ങാൻ നോക്കിയപ്പോഴും ഇതേ അവസ്ഥ, ചില്ലറയില്ല. അന്നും ആ പയ്യൻ പത്രം പണം വാങ്ങാതെ നല്കി. വേണ്ടന്നു പറഞ്ഞ പ്പോൾ പയ്യൻ പറഞ്ഞു: 'സാരമില്ല, എന്റെ ലാഭത്തിൽ നിന്നാണ് ഞാൻ തന്നത്' അയാൾ പത്രം വാങ്ങി. നാളുകൾക്കുശേഷം ബിൽഗേറ്റസ് വലിയ ധനികനായി. പഴയപയ്യനെ കണ്ടെത്തി എന്തെങ്കിലും നല്കാൻ വിമാന ത്താവളത്തിൽ അന്വേഷിച്ചു. ഒന്നരമാസത്തിനുശേഷം കണ്ടെത്തി. അവ നോടു ചോദിച്ചു: 'എന്നെ അറിയാമോ ?' വലിയ സമ്പന്നൻ ബിൽഗേ റ്റ്സ് അല്ലേ ? അയാൾ പറഞ്ഞു: അതെ, പണ്ട് നീ എനിക്ക് രണ്ട് പ്രാവശ്യം പണം വാങ്ങാതെ പത്രം തന്നത് ഓർമ്മയുണ്ടോ ? ഇന്ന് എനിക്ക് ധാരാളം പണമുണ്ട് നിനക്ക് എത്രവേണമെങ്കിലും തരാം. അവൻ പറഞ്ഞു : വേണ്ട. ഞാൻ ചെയ്തതിന് പകരം നല്കാൻ നിങ്ങൾക്കാവില്ല. ഞാൻ നല്കി യത് പട്ടിണിയിൽ നിന്നാണ്. നിങ്ങൾ നല്കുന്നത് സമ്പത്തിൽ നിന്നാ



www.malankaralibrary.com

ണ്. അവ തമ്മിൽ തുല്യതയില്ല ! ഇല്ലായ്മയിൽ നിന്നു നല്കാൻ സാധിക്കണം. എല്ലാ ഉണ്ടായിട്ട് നല്കാൻ കാത്തിരിക്കരുത്. ഈ നോമ്പുകാലത്ത് ഇല്ലായ്മയിൽ നിന്ന് കൊടുക്കാനും കൊടുക്കുന്നതിന്റെ വേദന ഉള്ളിൽ ഉണ്ടാകുന്നതുവരെ കൊടുക്കാനും ശ്രമിക്കാം. കൊടുക്കുന്നവനെ അനുഗ്രഹിക്കുന്നവനാണല്ലോ തനിക്കുണ്ടായിരുന്നതെല്ലാം അവസാനം ജീവൻപോലും കൊടുത്തുതീർത്ത നമ്മുടെ ദൈവം.

**സഹനത്തിന്റെ മൂല്യം ആഴത്തിൽ അറിയാനൊരവസരമാണ് നോമ്പ്**. വി. പൗലോസ് അഭിമാനത്തോടെ പറയുന്നു: ''ക്രിസ്തുവിൽ വിശ്വസിക്കാൻവേണ്ടി മാത്രമല്ല അവനുവേണ്ടി സഹിക്കാൻകൂടിയുള്ള അവകാശം അവനെ പ്രതി നമുക്ക് ലഭിച്ചിരിക്കുന്നു''. ക്രൈസ്തവന് സഹനം ഒരവകാശമാണ്. ദുരിതങ്ങൾ ഉപകാരമാണെന്നല്ലേ സങ്കീർത്തകൻ പറയുന്നത്. 'ദുരിതങ്ങൾ എനിക്ക് ഉപകാരമായി; തന്മൂലം ഞാൻ അങ്ങയുടെ ചട്ടങ്ങൾ അഭ്യസിച്ചിച്ചല്ലോ'. ദൈവവും ചിശാചും നീതിമാനായി കണ്ടവനാണ് **ഈയോബ്** എന്നിട്ടും, ആ നീതിമാന്റെ സഹനകഥ നാം കാണുന്നില്ലേ ? മഹത്വമുള്ളവനായ ഏശയ്യാ പറയുന്നത് കേൾക്കാം: 'ഞാൻ നിന്നെ ശുദ്ധീകരിച്ചു. എന്നാൽ, വെള്ളിപോലെയല്ല. കഷ്ടതയുടെ ചൂളയിൽ നിന്നെ ഞാൻ ശോധനചെയ്തു. എനിക്കുവേണ്ടി, അതേ, എനിക്കുവേണ്ടി മാത്രമാണ് ഞാനിതുചെയ്യുന്നത് '. ശലോമോന്റെ വിജ്ഞാനം ഇപ്രകാരം വ്യക്തമാക്കുന്നു. ''ഉലയിൽ സ്വർണ്ണം എന്നപോലെ അവിടുന്ന് അവരെ ശോധന ചെയ്തു. ദഹനബലിയായി സ്വീകരിച്ചു'' . ജീവിതത്തിന്റെ വേദനകൾ, ക്ലേശങ്ങൾ, രോഗങ്ങൾ, പരാജയങ്ങൾ, ഭത്സനങ്ങൾ, സഹനങ്ങൾ ഇവയൊന്നും നാശത്തിനല്ല, നഷ്ടമല്ല. തിരിച്ചറിയാം നന്മയ്ക്കാണ്, ലാഭമാണ്. അവയൊക്കെ ദൈവദർശനത്തിനും, ദൈവസമ്പാദനത്തിനും ഉതകും.

നോമ്പുകാലം ഒരുതരം പൊരുന്നയിരുപ്പുകാലം. അഹം വെടിയാനുള്ളകാലം മൗനം പാലിക്കാനും വാക്കുകളെ നിയന്ത്രിക്കാനുമൊരു കാലം. ഇല്ലായ്മയുടെ നടുവിൽ പങ്കുവയ്ക്കാനൊരുകാലം. സഹനത്തിന്റെ മൂല്യം ഗ്രഹിച്ച് ശുദ്ധീകരിക്കപ്പെടാനൊരു കാലം......... അമൂല്യമായ ഈ സമയം പാഴാകാതെ പതിരാകാതെ വിളയാക്കി ഫലമെടുക്കാം.

■



www.malankaralibrary.com

# ക്രൈസ്തവ ജീവിതം
# യേശുവുമായുള്ള വ്യക്തി ബന്ധം

**യേശു എനിക്ക് ആര് ? ഒരു നല്ല മനുഷ്യൻ !**

ലോകോത്തര ദർശനങ്ങൾ പഠിപ്പിച്ച ഒരു ഗുരു! പ്രവാചകൻ ഇങ്ങനെയൊക്കെ അനേകർ യേശുവിനെ കാണുന്നു, ഇവയൊക്കെ ശരിയാണ്, എന്നാൽ ഇവയൊന്നും യേശുവിന്റെ സ്വത്വം പൂർണ്ണമായി വെളിവാക്കുന്നില്ല. ദൈവം മനുഷ്യരൂപം പൂണ്ടതാണ് യേശു എന്ന് വിശുദ്ധ ഗ്രന്ഥം പറയുന്നു. (യോഹ. 1/1, 14) ദൈവം ലോകത്തിൽ മനുഷ്യനായി അവതരിച്ചത് നമ്മെ പഠിപ്പിക്കാനും, സൗഖ്യപ്പെടുത്താനും, തിരുത്താനും, പാപപ്പൊറുതി നല്കാനും, നമുക്കുവേണ്ടി ജീവൻ നല്കാനുമാണ്. യേശുക്രിസ്തു ദൈവമാണ്; സർവ്വവും സൃഷ്ടിച്ചവനും സർവ്വാധിപതിയുമായ ദൈവം. ഇപ്രകാരമുള്ള ദൈവമായി യേശുവിനെ ഞാൻ സ്വീകരിച്ചിട്ടുണ്ടോ ?

**അവൻ രക്ഷകൻ, എന്റെ രക്ഷകൻ!**

നാം എല്ലാവരും പാപികളാണെന്ന് വി. ഗ്രന്ഥം പറയുന്നു (റോമ. 3/10-18). പാപികളായതിനാൽ പാപത്തിന്റെ ഫലമായുള്ള ശിക്ഷയ്ക്കും നാം അർഹരായിത്തീർന്നു. പാപം നിത്യനായ ദൈവത്തിനെതിരായതിനാൽ ശിക്ഷയും നിത്യമാണ് (റോമാ. 6/23; വെളി 20/11-15). നിത്യമായ ശിക്ഷയ്ക്ക് പരിഹാരം ചെയ്യാൻ പരിമിതനായ മനുഷ്യനു സാദ്ധ്യമല്ല. അതുകൊണ്ട് പരിമിതികളില്ലാത്ത ഒരു രക്ഷകൻ അനിവാര്യമായി വരുന്നു.

ദൈവം നസ്രായനായ യേശുവിൽ മനുഷ്യനായി ഈ ഭൂമിയിൽ അവതരിച്ച് നമ്മുടെ പാപത്തിന്റെ ശിക്ഷയായ മരണം സ്വയം ഏറ്റെടുത്തു. യേശുവിന്റെ കുരിശുമരണം നമ്മുടെ പാപങ്ങൾക്കുള്ള പരിഹാരമാണ് (2കൊറി 5/21). നമ്മുടെ പാപങ്ങളുടെ പരിഹാരമായി യേശു മരണം വരിച്ചു (റോമ 5/8) പാപികളായ നാം ഓരോരുത്തരും നൽകേണ്ടിയി



www.malankaralibrary.com

രുന്ന വില യേശു തന്റെ മരണത്തിലൂടെ നല്കി. നമ്മെ സ്വതന്ത്രരാക്കി. അതിനാൽ നാം ഇനി വില നല്കേണ്ടതില്ല. യേശുവിന്റെ പുനരുത്ഥാനവും അവന്റെ മരണവും നമ്മുടെ പാപങ്ങൾക്ക് മതിയായ പരിഹാരമായിരുന്നു എന്നതിന്റെ തെളിവാണ്. അവനാണ് നമ്മുടെ ഏക രക്ഷകൻ (യോഹ. 14/6; നട. 4/12) നമ്മുടെ പാപങ്ങൾക്ക് സ്വന്ത മരണത്തിലൂടെ പരിഹാരം ചെയ്ത് പാപത്തിന്റെ ശമ്പളമായ മരണത്തിൽ നിന്നും നമുക്ക് വിടുതൽ തന്ന യേശുക്രിസ്തുവുമായുള്ള വ്യക്തിപരമായ ബന്ധമാണ് യഥാർത്ഥ ക്രിസ്തീയജീവിതം. യേശു ശിരസ്സും അവനെ രക്ഷകനായി അംഗീകരിക്കുന്നവരെല്ലാവരും അവയവങ്ങളുമായിരിക്കുന്നവരുടെ കൂട്ടായ്മയാണ് സഭ. യേശുവുമായുള്ള വ്യക്തിബന്ധമാണ് സഭാജീവിതത്തിന്റെ ഉൾക്കാമ്പ്. സഭാ ജീവിതത്തിലെ അനുഷ്ഠാനങ്ങളും ക്രമീകരണങ്ങളും യേശുവുമായുള്ള നമ്മുടെ വ്യക്തിബന്ധത്തെ പരിപോഷിപ്പിക്കുന്നവയായിരിക്കണം.

യേശുവിന്റെ കുരിശുമരണം നമ്മുടെ പാപങ്ങൾക്ക് പര്യാപ്തമായ പരിഹാരവും അവന്റെ പുനരുത്ഥാനം നമ്മുടെ നിത്യജീവന്റെ അച്ചാരവുമാണ് എന്ന സത്യം നമുക്ക് ഹൃദയത്തിൽ ഉറപ്പിക്കാം. രക്ഷ നേടിയതിലും രക്ഷിക്കപ്പെട്ടവരുടെ കൂട്ടായ്മയായ തിരുസഭയിലായിരിക്കുന്നതിലും സന്തോഷിക്കാം. യേശുവുമായുള്ള വ്യക്തിബന്ധത്തിൽ ശക്തിപ്പെടാൻ പരിശ്രമിക്കാം.

■



www.malankaralibrary.com

# ഞാൻ രക്ഷയുടെ അവകാശി

'**നി**ത്യരക്ഷ' അതാണല്ലോ നമ്മുടെ എല്ലാവരുടെയും ജീവിതത്തിന്റെ ആത്യന്തിക ലക്ഷ്യം. ആചാര്യന്മാരും ഉപദേഷ്ടാക്കളും ഗുരുക്കന്മാരും പലരും പറഞ്ഞ ഒട്ടേറെ കാര്യങ്ങൾ നാം ചെയ്യുന്നുണ്ട്. എന്നാൽ, ഞാൻ രക്ഷയുടെ മാർഗത്തിലാണെന്നും രക്ഷയുടെ അവകാശിയാണെന്നും ഉറപ്പുണ്ടോ? സംശയിക്കേണ്ട, ഉറപ്പുണ്ട്. "ഇതാണ് ആ സാക്ഷ്യം; ദൈവം നമുക്ക് നിത്യജീവൻ നല്കി. ഈ ജീവൻ അവിടുത്തെ പുത്രനിലാണ്. പുത്രനെ സ്വന്തമാക്കിയവൻ ജീവനെ സ്വന്തമാക്കിയിരിക്കുന്നു.ദൈവ പുത്രനെ സ്വന്തമാക്കാത്തവനു ജീവൻ ഇല്ല. ഞാൻ ഇവയെല്ലാം എഴുതിയത് ദൈവപുത്രന്റെ നാമത്തിൽ വിശ്വസിക്കുന്ന നിങ്ങൾക്കു നിത്യജീവനുണ്ട് എന്നു നിങ്ങൾ അറിയേണ്ടതിനാണ്" (യോഹ.5:11-13). ഇതാണ് എന്റെയും നിങ്ങളുടെയും ഉറപ്പിന് അടിസ്ഥാനം. ദൈവം നമുക്ക് നിത്യജീവൻ നല്കിയിരിക്കുന്നു, തന്റെ ഏകജാതനിലൂടെ. പുത്രനെ സ്വന്തമാക്കിയവന് നിത്യജീവനുണ്ട്, അല്ലാത്തവന് നിത്യജീവനില്ല. "തന്നെ സ്വീകരിച്ചവർക്കെല്ലാം തന്റെ നാമത്തിൽ വിശ്വസിക്കുന്നവർക്കെല്ലാം ദൈവമക്കളാകാൻ അവൻ കഴിവു നല്കി" (യോഹ.1:12). യേശുക്രിസ്തുവിനെ സ്വീകരിച്ചവർക്ക് നിത്യജീവനുണ്ട് എന്നു സാരം.

രക്ഷയുടെ ഉറപ്പ് ദൈവം നമുക്ക് നല്കിയിട്ടുണ്ട്. ആശങ്കയ്ക്കോ സംശയത്തിനോ അടിസ്ഥാനമില്ല. രക്ഷയുടെ പദ്ധതി ബൈബിൾ വ്യക്തമായി നമുക്ക് നല്കുന്നുണ്ട്. "എന്തെന്നാൽ, അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചു പോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിനുവേണ്ടി തന്റെ ഏകജാതനെ നല്കാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു" (യോഹ.3:16). "അവൻ പറഞ്ഞു: കർത്താവായ യേശുവിൽ വിശ്വസിക്കുക. നീയും നിന്റെ കുടുംബവും രക്ഷ പ്രാപിക്കും" (നടപടി 16:31).



www.malankaralibrary.com

യേശു നമ്മുടെ പാപങ്ങൾക്ക് പരിഹാരം അർപ്പിക്കാൻ മരണം വരിച്ചു. "എന്നാൽ നാം പാപികളായിരിക്കെ ക്രിസ്തു നമുക്കുവേണ്ടി മരിച്ചു. അങ്ങനെ നമ്മോടുള്ള സ്നേഹം ദൈവം പ്രകടമാക്കിയിരിക്കുന്നു" (റോമാ.5:8). "എന്തെന്നാൽ അവനിൽ നാമെല്ലാവരും ദൈവത്തിന്റെ നീതിയാകേണ്ടതിന്, പാപം അറിയാത്തവനെ ദൈവം നമുക്കുവേണ്ടി പാപമാക്കി" (2കോരി.5:21). രക്ഷയുടെ ഏകവഴി യേശുക്രിസ്തുവാണെന്ന് നിങ്ങൾ വിശ്വസിക്കുകയും അതനുസരിച്ച് ജീവിക്കുകയുമാണെങ്കിൽ സംശയമെന്യേ പറയാം നിങ്ങൾ രക്ഷയിലാണ്.

യേശുവിൽ വിശ്വസിക്കുന്നവരെക്കുറിച്ച് അവൻതന്നെ ഉറപ്പു നല്കിയിട്ടുണ്ട്. "ഞാൻ അവയ്ക്കു നിത്യജീവൻ നല്കുന്നു. അവ ഒരിക്കലും നശിച്ചുപോവുകയില്ല. അവയെ എന്റെ അടുക്കൽ നിന്ന് ആരും പിടിച്ചെടുക്കുകയുമില്ല. അവയെ എനിക്കു നല്കിയ എന്റെ പിതാവ് എല്ലാവരെയുംകാൾ വലിയവനാണ്. പിതാവിന്റെ കൈയിൽ നിന്ന് അവയെ പിടിച്ചെടുക്കാൻ ആർക്കും സാധിക്കുകയില്ല. ഞാനും പിതാവും ഒന്നാണ്" (യോഹ.10:28,29).

ഇവിടെ ഒരു കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. പാപംമൂലം ദൈവത്തിൽ നിന്നകലാൻ നമുക്ക് സാധിക്കും. ആദിമാതാപിതാക്കൾക്ക് സംഭവിച്ചതതാണ്. ദൈവം പറഞ്ഞത് ഉപേക്ഷിച്ച് സാത്താൻ പറഞ്ഞത് അംഗീകരിച്ചു. ആരുടെ കല്പനയും വാക്കുമാണോ നാം അനുസരിക്കുന്നത് അയാളുടെ അടിമയാണു നാം. ദൈവത്തിന്റെ കല്പന പാലിച്ചിരുന്നപ്പോൾ ദൈവമാണ് എന്റെ ഉടയവൻ എന്ന് അവർ അംഗീകരിച്ചിരുന്നു. സാത്താന്റെ വാക്കുകൾ അനുസരിച്ചപ്പോൾ വ്യക്തമാക്കുന്നത് ഞാൻ ഇനി ദൈവത്തിന്റെ വകയല്ല, സാത്താന്റെ വകയാണ് എന്നാണ്. ആരും ദൈവത്തിൽ നിന്ന് പിടിച്ചെടുത്തതല്ല, അവർ സ്വയം ദൈവത്തിന്റെ അധീശത്വം ഉപേക്ഷിച്ച് സാത്താന്റെ അധീശത്വം തെരഞ്ഞെടുത്തതാണ്. ആദിമാതാപിതാക്കളുടെ ഈ ചെയ്തി എല്ലാ മനുഷ്യരുടെയും സാധ്യതയാണ്. യേശുവിനെ രക്ഷകനായി അംഗീകരിക്കുക എന്നാൽ യേശുവിന് നമ്മുടെ മേലുള്ള ഉടമസ്ഥത, അധീശത്വം അംഗീകരിക്കുക എന്നർത്ഥം. ദൈവത്തിനു നമ്മുടെ മേലുള്ള ഉടമസ്ഥത തള്ളിക്കളയുന്നതാണ് പാപം. ഇത് മനുഷ്യന്റെ സ്വതന്ത്ര പ്രവൃത്തിയാണ്. ദൈവം നമ്മെ തള്ളിക്കളയുന്നതല്ല, മറിച്ച് നാം ദൈവത്തെ ഉപേക്ഷിക്കുന്നതാണ്.

യേശുവിനോടൊപ്പമായിരിക്കുന്നു, ദൈവപുത്രനോടൊപ്പമായിരിക്കുന്നു എന്നൊക്കെ ഉള്ളിൽ ചിന്തിച്ചതുകൊണ്ടോ അധരം കൊണ്ട് ഉരുവിട്ടതു



www.malankaralibrary.com

കൊണ്ടോ ആയില്ല, ദൈവകല്പനകളനുസരിച്ച്, വചനമനുസരിച്ച് ജീവിക്കേണ്ടിയിരിക്കുന്നു. മന:സാക്ഷിയിലൂടെ ദൈവം അനുനിമിഷം നമുക്ക് കല്പനകളും നിർദേശങ്ങളും നല്കിക്കൊണ്ടിരിക്കും. മനസാക്ഷി രൂപീകരണത്തിൽ നമ്മെ സഹായിക്കാൻ ദൈവം നിയമിച്ചിരിക്കുന്നതോ സഭയെയും. സഭ സഭയ്ക്കുവേണ്ടി ക്രോഡീകരിച്ച ബൈബിളാണ് രക്ഷയുടെ പദ്ധതി നമുക്ക് കാണിച്ചു തരുന്നത്. ഓർത്തിരിക്കുക, സഭയെ മാറ്റി നിർത്തിയിട്ട് ബൈബിൾ സ്വീകരിക്കാൻ സാധ്യമല്ല. ബൈബിൾ വിശദീകരിച്ചു തരേണ്ടവൾ സഭയാണ്. മനസിലാക്കാൻ വൈഷമ്യമുള്ള അനേക വചനങ്ങൾ ഉൾക്കൊള്ളുന്ന ബൈബിൾ തെറ്റില്ലാതെ മനസിലാക്കാൻ ബൈബിൾ ക്രോഡീകരിച്ച സഭയുടെ സഹായം നമുക്കാവശ്യമാണ്. ഈ സഭയ്ക്കാണ് യേശുനാഥൻ വചനം ഭരമേല്പിച്ചതും വ്യാഖ്യാനിക്കാനുള്ള അധികാരം നല്കിയതും. ഞാൻ രക്ഷയുടെ വഴിയിലാണോ എന്നു തിരിച്ചറിയാൻ സഭയുടെ സഹായം, പഠിപ്പിക്കലുകൾ നമ്മെ സഹായിക്കും. ■



www.malankaralibrary.com

# ഉയിർപ്പുകാല ആത്മശോധന

**അ**യാൾ സാധനങ്ങൾ വാങ്ങാൻ കടയിൽ എത്തിയതാണ്. അഞ്ച് വയസ്സിൽ താഴെ മാത്രം പ്രായം തോന്നിക്കുന്ന ഒരു ബാലൻ കടയുടെ ഉടമസ്ഥനോട് സംസാരിച്ചുകൊണ്ടു നില്ക്കുന്നത് അയാളുടെ ശ്രദ്ധയിൽപ്പെട്ടു. കടയിൽനിന്നെടുത്ത ഒരു പാവ ആ ബാലൻ നെഞ്ചോടുചേർത്ത് പിടിച്ചിട്ടുണ്ട്. കടക്കാരൻ ബാലനോട്  പറയുന്നത് അയാൾ കേട്ടു. ''മകനേ നിന്റെ കയ്യിലുള്ള ഈ പണം ഈ പാവ വാങ്ങാൻ തികയുകയില്ല''. കടക്കാരന്റെ വാക്കുകളിൽ വിശ്വാസം വരാത്തവണ്ണം ബാലൻ അവനെ ശ്രദ്ധിച്ചുകൊണ്ടിരുന്ന അപരിചിതന്റെ നേരെ തിരിച്ചുചോദിച്ചു: ''അങ്കിൾ, ഈ പണം ഈ പാവ വാങ്ങാൻ തികയുകയില്ലേ'' ? അപ്പോഴും  ആ പാവ അവൻ നെഞ്ചോടു ചേർത്തുപിടിച്ചിരുന്നു. അയാൾ ബാലന്റെ പക്കലുണ്ടായിരുന്ന നാണയതുട്ടുകൾ എണ്ണി നോക്കിയിട്ടു പറഞ്ഞു: ഈ പണം തികയുകയില്ല മകനേ. ബാലന്റെ മുഖത്ത് വേദന നിഴലിക്കുന്നത് കാണാമായിരുന്നു.

അയാൾ ബാലനോട് ചോദിച്ചു. ആർക്ക് കൊടുക്കാനാണ് മോനെ ഈ പാവ ? ബാലൻ വാചാലനായി. എന്റെ അനുജത്തിക്ക് ജന്മദിന സമ്മാനം കൊടുക്കാനാണ്. അവൾക്ക് ഈ പാവ വലിയ ഇഷ്മായിരുന്നു. എന്റെ മമ്മിയുടെ കയ്യിൽ കൊടുത്തുവിടാനാണ്. ബാലന്റെ കണ്ണുകളിൽ ദുഃഖം തളംകെട്ടി നില്ക്കുന്നത് അയാൾ ശ്രദ്ധിച്ചു. എന്റെ അനുജത്തി ദൈവത്തിന്റെ അടുത്ത് പോയിരിക്കുകയാണ്. ഡാഡി പറഞ്ഞു, മമ്മി ഉടനെ ദൈവത്തെ കാണാൻ പോകുമെന്ന്. മമ്മിയുടെ കയ്യിൽ കൊടുത്തുവിട്ടാൽ മമ്മി ഈ പാവ എന്റെ കുഞ്ഞനുജത്തിക്കു കൊടുക്കും. ഞാൻ ഡാഡിയോടു പറഞ്ഞിട്ടാണ് പോന്നത്, ഞാൻ കടയിൽനിന്നു വരുന്നതുവരെ പോകരുതെന്ന് മമ്മിയോടു പറയണമെന്ന് ''. ഇതു പറഞ്ഞിട്ട് അവന്റെ പുഞ്ചിരിച്ചുകൊണ്ടു നില്ക്കുന്ന ഒരു ചെറിയ ഫോട്ടോയും ബാലൻ അയാളെ കാണിച്ചു. മമ്മിയുടെ കയ്യിൽ ഈ ഫോട്ടായും ഞാൻ കൊടുത്തുവിടും, അനുജത്തി എന്നെ മറന്നുപോ



www.malankaralibrary.com

കാതിരിക്കാൻ. മമ്മി പോകുന്നത് എനിക്ക് സങ്കടമാണ്. എന്നാലും ഡാഡി പറഞ്ഞു, "മമ്മിക്ക് പോകണം കൊച്ചുപെങ്ങളുടെ അടുത്ത് അവളെ നോക്കാൻ മമ്മി വേണമെന്ന് ". ദുഃഖം നിറഞ്ഞ കണ്ണുകളോടെ അവൻ വീണ്ടും ആ പാവയെ നോക്കി.

അയാൾ ബാലനോടു പറഞ്ഞു: "മോനേ, നിന്റെ കയ്യിലുള്ള പണം ഞാൻ ഒന്നുകൂടെ എണ്ണിനോക്കട്ട് തികയുമോ എന്ന് " ബാലൻ കാണാതെ തന്റെ പഴ്സിൽ നിന്നും കുറെ പണംകൂടെ അതിന്റെ കൂടെ വച്ചിട്ട് അയാൾ പറഞ്ഞു: "ഓ, ഈ പണം തികയും അല്പം കൂടുതലുമുണ്ട് ".

ബാലന്റെ മുഖം സന്തോഷഭരിതമായി. അവൻ ഉറക്കെ പറഞ്ഞു: 'ആവശ്യത്തിനു പണം തന്നതിനു ദൈവമേ നന്ദി'. ബാലൻ അയാളുടെ മുഖത്തേക്കു നോക്കി പറഞ്ഞു: ഇന്നലെ രാത്രി ഉറങ്ങാൻ കിടക്കുന്നതിനു മുമ്പ് ഞാൻ ദൈവത്തോടു പറഞ്ഞിരുന്നു: "പെങ്ങൾക്ക് ഈ പാവ വാങ്ങി മമ്മിയുടെ കയ്യിൽ കൊടുത്തുവിടാനുള്ള പണം തരണേ എന്ന്" മമ്മിയ്ക്ക് വെളുത്ത റോസാപൂവ് വലിയ ഇഷ്ടമാണ്. ഒരു റോസാപൂവ് വാങ്ങാനുള്ള പണം കൂടി വേണമെന്നുണ്ടായിരുന്നു. എന്നാൽ അതുകൂടിചോദിക്കുന്നത് ദൈവത്തിന് ബുദ്ധിമുട്ടാകുമെന്നു കരുതി ഞാൻ ചോദിച്ചില്ല. എന്നിട്ടും പാവയും റോസാപൂവും വാങ്ങാനുള്ള പണം ദൈവം തന്നു".

സാധനങ്ങൾ വാങ്ങാൻ കടയിലെത്തിയ ആ മനുഷ്യൻ സാധാരണയിൽനിന്നു വ്യത്യസ്തമായ ഒരു ഹൃദയത്തോടെ സാധനങ്ങൾ വാങ്ങി വീട്ടിലേക്കു മടങ്ങി. ആ ബാലന്റെ മുഖം അയാളുടെ മനസ്സിൽ മായാതെ നിന്നു.

വീട്ടിലെത്തിയപ്പോൾ അടുത്തനാളിൽ പത്രത്തിൽ വായിച്ച ഒരു വാർത്ത അയാളുടെ മനസ്സിലേക്കു വന്നു. ഒരു യുവതി ഓടിച്ചിരുന്ന കാറിൽ ഒരു ലോറി അമിതവേഗത്തിൽ വന്നിടിച്ചു. യുവതിയും രണ്ട് മക്കളുമാണ് കാറിൽ ഉണ്ടായിരുന്നത്. മൂന്നു വയസ്സുള്ള പെൺകുട്ടി അപകടസ്ഥലത്തുവച്ചുതന്നെ മരിച്ചു. മാരകമായ പരുക്കുകളോടെ യുവതി ആശുപത്രിയിലാണ്. വെന്റിലേറ്ററിന്റെ സഹായത്തോടെ ജീവൻ നിലനിർത്താൻ ശ്രമിക്കുന്നതായി ആശുപത്രി അധികൃതർ അറിയിച്ചു. അഞ്ച് വയസ്സുള്ള ആൺകുട്ടി പരുക്കുകൾ ഇല്ലാതെ അത്ഭുതകരമായി രക്ഷപ്പെട്ടു. ലോറി ഡ്രൈവർ അമിതമായി മദ്യപിച്ചിരുന്നതാണ് അപകടകാരണം. അയാൾ ചിന്തിച്ചു. ആ അപകടത്തിൽനിന്നു രക്ഷപെട്ട ബാലനായിരിക്കുമോ അത്, അവന്റെ മമ്മിയും കുഞ്ഞുപെങ്ങളുമായിരിക്കുമോ അത്?



www.malankaralibrary.com

രണ്ട് ദിവസങ്ങൾക്കുശേഷം പത്രത്തിൽ വീണ്ടും ഒരു വാർത്ത വന്നു. കാർ അപകടത്തിൽപെട്ട് ആശുപത്രിയിലായിരുന്ന യുവതി മരിച്ചു. വെള്ള റോസാപ്പൂക്കൾ കൊണ്ടുള്ള ഒരു ബൊക്കെയും വാങ്ങി മൃതശരീരം അന്ത്യോപചാരം അർപ്പിക്കാൻ കിടത്തിയിരുന്ന സ്ഥലത്തേക്ക് അയാൾ പോയി. യുവതിയുടെ മൃതശരീരം ഒരുക്കിക്കിടത്തിയിരിക്കുന്നു. കയ്യിൽ ഒരു വെളുത്ത റോസാപ്പൂവ് പിടിപ്പിച്ചിരിക്കുന്നു. കഴിഞ്ഞദിവസം കടയിൽ കണ്ട ബാലൻ നെഞ്ചോടുചേർത്ത് പിടിച്ചിരുന്ന ആ പാവ യുവതിയുടെ നെഞ്ചത്ത് വച്ചിരിക്കുന്നു. അന്നു കണ്ട ആ ബാലൻ കാണിച്ച പുഞ്ചിരിച്ചുകൊണ്ടു നില്ക്കുന്ന അവന്റെ ഫോട്ടോ പാവയോടു ചേർത്തു വച്ചിരിക്കുന്നു.

ഹൃദയത്തിൽ വലിയ വ്യതിയാനം വന്നവനായി അയാൾ മടങ്ങി. ആ ബാലന് മമ്മിയോടും കുഞ്ഞുപെങ്ങളോടുമുള്ള സ്നേഹം എത്ര അഗാധം. ദൈവത്തിലുള്ള അവന്റെ വിശ്വാസം എത്ര വലുത്. മദ്യപാനിയായ ഒരു ഡ്രൈവർ ഒരു നിമിഷം കൊണ്ട് ആ സ്നേഹം തച്ചുടച്ചു......

ഇങ്ങനെ എത്ര ബാലികാബാലന്മാർ ഈ നാട്ടിൽ.......... മദ്യപിക്കുന്നവർ അത് ശ്രദ്ധിക്കുമോ....... മദ്യവില്പനക്കാർ ഇത് ശ്രദ്ധിക്കുമോ......

ഇത് വായിക്കുന്ന സഹോദരങ്ങളെ, നിങ്ങൾക്ക് എന്ത് ചെയ്യാൻ സാധിക്കും ? തീർച്ചയായും നിങ്ങൾക്ക് ഏറെ ചെയ്യാനുണ്ട്..........

■



www.malankaralibrary.com

# ഉത്ഥിതൻ മുറിവേറ്റവൻ തന്നെ

**ജീ**വൻ, ജീവന്റെ സമൃദ്ധി ഇതായിരുന്നില്ലേ മനുഷ്യാവതാരത്തിന്റെ ലക്ഷ്യം? പാപം മരണത്തിലേക്കും ഭയത്തിലേക്കും നയിക്കുന്നതാണ്. യേശുനാഥൻ തന്റെ ജീവിതം, പീഡാസഹനം, കുരിശുമരണം, പുനരുത്ഥാനം ഇവ വഴി പാപത്തെ പരാജയപ്പെടുത്തി, അതുവഴി മരണത്തെയും ഭയത്തെയും ഇല്ലാതാക്കി. മരണത്തിന്റെ സംസ്കാരത്തെ അകറ്റി ജീവന്റെ, അതും സമൃദ്ധമായ ജീവന്റെ സംസ്കാരത്തെ ആഴത്തിൽ ഉറപ്പിക്കുവാൻ ഉയിർപ്പ് നമ്മെ ക്ഷണിക്കുന്നു. സഭയുടെ ദൗത്യവും ഇതാണ്, ക്രൈസ്തവന്റെ വിളിയും ഇതാണ്.

**”.... ഭയപ്പെടേണ്ട, ഇതാ സകല ജനത്തിനും വേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ സദ്വാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു”** (ലൂക്കാ 2:10). യേശുവിന്റെ ജനനവാർത്ത ആട്ടിടയന്മാരെ അറിയിച്ച മാലാഖയുടെ വാക്കുകളാണിത്. ഭയപ്പെടേണ്ട എന്ന പ്രഖ്യാപനത്തോടെയാണ് സദ്വാർത്ത അറിയിക്കുന്നത്. യേശുവിന്റെ ജനനം ഭയത്തെ ദൂരീകരിക്കുന്നതാണെന്നൊരു സൂചന ഇവിടെ തെളിയുന്നില്ലേ? യേശുവിന്റെ കുരിശുമരണത്തിനുശേഷം വീണ്ടും ഭയം ശിഷ്യരെപ്പോലും കീഴ്പ്പെടുത്തുന്നതായി കാണുന്നു. **”... അന്നു വൈകിട്ട് ശിഷ്യന്മാർ യഹൂദരെ ഭയന്ന് കതകടച്ചിരിക്കെ, യേശു വന്ന് അവരുടെ മധ്യേ നിന്ന് അവരോടു പറഞ്ഞു: നിങ്ങൾക്കു സമാധാനം” (യോഹ. 20:19). "... അവർ ഭയന്നു വിറച്ചു”** (ലൂക്കാ 24:36).

മനുഷ്യ ചരിത്രത്തിലേക്ക് ഭയം കടന്നു വരുന്നത് ആദിമാതാപിതാക്കളുടെ അനുസരണക്കേടോടു കൂടിയാണ്. ദൈവത്തോടൊപ്പം സന്തോഷകരമായി കഴിഞ്ഞിരുന്ന, ഉലാത്തിയിരുന്ന അവർ പാപത്തിനുശേഷം ദൈവത്തിൽ നിന്നും ഓടിയൊളിച്ചു. **“വെയിലാറിയപ്പോൾ ദൈവമായ കർത്താവ് തോട്ടത്തിൽ ഉലാത്തുന്നതിന്റെ ശബ്ദം അവർ കേട്ടു. പുരുഷനും ഭാര്യയും അവിടുത്തെ മുമ്പിൽ നിന്നു മാറി, തോട്ടത്തിലെ മരങ്ങൾക്കിടയിലൊളിച്ചു. അവിടുന്നു പുരുഷനെ വിളിച്ചു ചോദിച്ചു: നീ എവിടെയാണ്? അവൻ മറുപടി പറഞ്ഞു: ... ഞാൻ ഭയന്ന് ഒളിച്ചതാണെന്ന്”** (ഉല്പത്തി 3:8-10). പാപമാണ് മനുഷ്യനിൽ ഭയം ഉളവാക്കിയത്. കാരണം, ദൈവത്തോടു കൂടിയായിരുന്നവൻ ദൈവത്തിൽ നിന്നു



www.malankaralibrary.com

മകന്നു. **ദൈവത്തിൽ നിന്നുമകന്ന അവസ്ഥയിൽ ദൈവത്തിന്റെ കാൽപെരുമാറ്റം പോലും മനുഷ്യനിൽ ഭയം ഉളവാക്കുന്നു.** ചുരുക്കത്തിൽ ദൈവത്തിൽ നിന്നകന്ന അവസ്ഥയിൽ ഭയം ഉണ്ടാകുന്നു.

ദൈവത്തിൽ നിന്നകലുകയും ഭയത്തിനും മരണത്തിനും അടിമയാകുകയും ചെയ്ത മനുഷ്യനെ അതിൽ നിന്നും വിമുക്തമാക്കി ദൈവത്തോട് അടുപ്പിക്കുവാനാണല്ലോ യേശു മനുഷ്യനായി പിറന്നത്. അതുകൊണ്ടാണ് അവന്റെ ജനനസമയത്ത് മാലാഖമാർ പറഞ്ഞത് 'ഭയപ്പെടേണ്ടാ' എന്ന്. ഇനി ഭയത്തിന് സ്ഥാനമില്ല. സർവജനത്തെയും ദൈവത്തിലേക്ക് അടുപ്പിക്കുവാനായി രക്ഷകൻ പിറന്നിരിക്കുന്നു. യേശുവിന്റെ മരണത്തിനു ശേഷം ശിഷ്യരെപ്പോലും ഭയം പിടികൂടുന്നു. അതുകൊണ്ടാണ് അവൻ അവർക്കു പ്രത്യക്ഷപ്പെട്ടു പറയുന്നത് ഭയപ്പെടേണ്ട എന്ന്. **'ഭയപ്പെടേണ്ട.. ഇതു ഞാനാണ്''** വി. പൗലോസ് അപ്പസ്തോലനും പറയുന്നുണ്ട് **''... ഭീരുത്വത്തിന്റെ ആത്മാവിനെയല്ല ദൈവം നമുക്ക് നല്കിയത്''** (2 തിമോത്തി 1:7).

സൃഷ്ടിയുടെ ആരംഭത്തിൽ ഭയമില്ലായിരുന്നു. പാപം ഭയത്തെ ജനിപ്പിച്ചു, ദൈവത്തിൽ നിന്നകന്നവന് സുരക്ഷിതത്വം നഷ്ടപ്പെട്ടു ശക്തി ക്ഷയിച്ചു. ഊർജ്ജസ്രോതസിൽ നിന്നകലുംതോറും ശക്തി ക്ഷയിക്കും, തീനാളത്തിൽ നിന്നകലുന്തോറും ചൂടു കുറയുന്നതുപോലെ. ദൈവത്തിൽ നിന്നകലുംതോറും ശക്തി കുറയും, ഭയം ഏറും. രക്ഷകന്റെ വരവ് ഭയത്തെ ദൂരീകരിച്ചു. യേശുവിന്റെ വരവിൽ മനുഷ്യന് ഭയത്തിൽ നിന്നുള്ള വിമുക്തി ലഭിച്ചു. അവൻ മരണത്തെ കീഴടക്കി, ഭയത്തെ ദൂരീകരിച്ചു.

യേശു വന്നത് ജീവൻ നല്കാനും അതു സമൃദ്ധമായി നൽകാനുമാണ്. യേശു പീഡകൾ സഹിച്ച് മരിച്ച് പുനരുത്ഥാനം ചെയ്തതുവഴി സാത്താനെയും മരണത്തെയും ഭയത്തെയും അവൻ കീഴ്പ്പെടുത്തി. മനുഷ്യനെ ജീവനിലേക്ക് ദൈവവുമായുള്ള ബന്ധത്തിന്റെ സമൃദ്ധിയിലേക്ക് നയിച്ചു. ജീവൻ സമൃദ്ധമായി നിലനിർത്താനുള്ള ചുമതല സഭയെ ഭരമേല്പിച്ചു. ലോകം മനുഷ്യനെ മരണത്തിലേക്ക് വീണ്ടും ആകർഷിക്കുമ്പോൾ സഭ മനുഷ്യനെ ജീവന്റെ സമൃദ്ധിയിൽ നിലനില്ക്കാൻ സഹായിച്ചുകൊണ്ടിരിക്കുന്നു.

യേശുവിന്റെ കല്ലറയ്ക്കരികിൽ ഉയർപ്പിനുശേഷം ഏതാനും തൂവെള്ളപ്പൂക്കൾ വിരിഞ്ഞെന്നും അവയ്ക്ക് അലൗകിക സുഗന്ധമായിരുന്നെന്നും സുവിശേഷം പ്രസംഗിക്കാൻ പോയ ശിഷ്യരെല്ലാവരും ആ പൂക്കൾ കൊണ്ടുപോയിരുന്നുവെന്നും ഒരു പാരമ്പര്യമുണ്ട്. ഉയിർപ്പുപൂവ് (ഈസ്റ്റർ ലില്ലി) ഉയിർപ്പ് സന്ദേശമായി മാറി. പൂക്കൾ സ്പർശിച്ചവർക്കൊക്കെ ഉയിർപ്പിന്റെ മണമായിരുന്നത്രെ. ഭൂമിയിൽ വേദനകളിൽ ആണ്ടു കിടക്കുന്ന മനുഷ്യരിലേക്കിറങ്ങിച്ചെന്ന് അവരെ ജീവന്റെ സമൃ



www.malankaralibrary.com

ഢിയിലേക്ക്, ഉയിർപ്പിലേക്ക് നയിക്കുന്നവരാണ് ഉയിർപ്പിന്റെ സുവിശേഷങ്ങൾ. അവർക്കെന്തൊരു സുഗന്ധമാണ്, അവർ ചെല്ലുന്നിടത്തൊക്കെ ഈ സുഗന്ധവും പരക്കുന്നു. കൊടുംശൈത്യത്തിലും പൂക്കാലമൊരുക്കുന്നു. മരുഭൂമിയിലും നീർച്ചാലൊഴുകുന്നു. ഇവരാണ് സഭയിലെ ശുശ്രൂഷകർ. ഇതാണ് ക്രൈസ്തവ വ്യക്തിത്വം.

മരണത്തിന്റെ ശക്തികളുടെ മേൽ വിജയം ഉറപ്പിക്കാൻ സാധിക്കുമെന്നതാണ് ഉയിർപ്പിന്റെ സന്ദേശം. ജീവനെ നശിപ്പിക്കുന്നവർക്കുള്ള മുന്നറിയിപ്പാണ് ഉയിർപ്പ്. അന്ധകാരത്തിന്റെ ഇടങ്ങളിൽ ജീവന്റെ വെളിച്ചം വിതറാനുള്ള വെല്ലുവിളിയാണ് ഉയിർപ്പ് ക്രൈസ്തവനു നല്കുന്നത്. സഭ ഏറ്റെടുത്തിരിക്കുന്ന എല്ലാ ശുശ്രൂഷകളും ഈ ദൗത്യങ്ങളുടെ സാക്ഷാത്കാരം ലക്ഷ്യം വച്ചുകൊണ്ടുള്ളതാണ്. വിശക്കുന്നവന് ഭക്ഷണം, രോഗിക്ക് സൗഖ്യം, അജ്ഞാനിക്ക് വിജ്ഞാനം, തൊഴിൽ രഹിതന് തൊഴിൽ, അടിമയ്ക്ക് സ്വാതന്ത്ര്യം, അടിച്ചമർത്തപ്പെട്ടവന് വിടുതൽ....

ഉയിർപ്പിനെപ്പറ്റി ചിന്തിക്കുമ്പോൾ ശ്രദ്ധിക്കേണ്ട മറ്റൊരു കാര്യം; ഉയിർപ്പിന്റെ അടയാളം അത്ഭുതങ്ങളല്ല, മുറിവുകളാണെന്നതാണ്. **"ഇതു പറഞ്ഞിട്ട്... അവൻ കൈയും വിലാപ്പുറവും കാണിച്ചു"** (യോഹ: 20:20). ഉയിർത്ത യേശു ശിഷ്യരുടെ ഭയത്തെ ദൂരീകരിക്കുന്നതും അവരുടെ ഹൃദയങ്ങളെ തുറക്കുന്നതും മുറിവേറ്റ തന്റെ കരങ്ങളാലാണ്. ശിഷ്യന്മാർ ഇരുന്നിരുന്ന മുറി തുറക്കാതെ അവൻ അകത്തു കയറി, എന്നാൽ മനുഷ്യഹൃദയങ്ങളിൽ അവൻ കടക്കുന്നത് തന്റെ മുറിവുകൾ കാട്ടിയാണ്. അത്ഭുതങ്ങൾക്കല്ല, മുറിവുകൾക്കാണ് ഹൃദയ കവാടങ്ങൾ തുറക്കാൻ കരുത്തുള്ളത്. സംശയിക്കുന്ന തോമ്മായെ വിശ്വാസത്തിന്റെ ബോധത്തിലേക്കു കൊണ്ടു വരുവാൻ യേശു ചെയ്യുന്നത് അത്ഭുതങ്ങളല്ല, തന്റെ മുറിവുകളെ കാണിച്ച് ബോധ്യപ്പെടാൻ ക്ഷണിക്കുകയാണ് (യോഹ: 20:27). ഉയിർത്ത യേശുവിന്റെ ശരീരത്തിലും മുറിവിന്റെ വടുക്കൾ ഉണ്ടായിരുന്നതല്ലേ ഉയിർപ്പിന്റെ ഏറ്റവും വലിയ തെളിവായി ശിഷ്യർക്കുപോലും കാണാൻ സാധിച്ചത്.

ജീവന്റെയും സമൃദ്ധമായ ജീവന്റെയും ശുശ്രൂഷകരാകുവാൻ ചുമതലപ്പെട്ട ശിഷ്യർക്കും അവരിലൂടെ വിളിച്ചു കൂട്ടപ്പെട്ട സഭയ്ക്കും ഉയിർപ്പിന്റെ ഉയിരിലേക്കുള്ള ദൗത്യനിർവഹണ മധ്യേ പീഡനങ്ങളും മുറിവുകളും നിശ്ചയമാണ്. 'ശിഷ്യൻ ഗുരുവിനെക്കാൾ വലിയവനല്ല'. സഭയ്ക്കുണ്ടാകുന്ന പീഡനങ്ങൾ, സഭാ ശുശ്രൂഷകർക്കുണ്ടാകുന്ന മുറിവുകൾ, വിശ്വാസി നേരിടേണ്ടി വരുന്ന പരീക്ഷകൾ എല്ലാം യേശുവിനെ സാക്ഷ്യപ്പെടുത്തുവാൻ സഹായിക്കുന്ന അടയാളങ്ങളായിരിക്കും. കുരിശിലൂടെ മഹത്വം, മരണത്തിലൂടെ ഉയിർപ്പ്, നഷ്ടത്തിലൂടെ ലാഭം...

■



www.malankaralibrary.com

# യേശുവിന് മുമ്പ് ജീവിച്ചിരുന്നവരുടെ രക്ഷ

മനുഷ്യന് രക്ഷയ്ക്കുള്ള ഏകവഴി യേശുമാത്രമാണ്, അവനിലൂടെയാണ് എല്ലാവരും രക്ഷപെടുന്നത്. അവനിലൂടെയല്ലാതെ ആരും രക്ഷപെടുന്നില്ല. രക്ഷ ദൈവത്തിന്റെ ദാനമാണ്. എന്നാൽ ഈ ദാനത്തിന്റെ അടിസ്ഥാനം നമ്മുടെ വിശ്വാസവും. ഇതാണല്ലോ നാം മനസിലാക്കിയിരിക്കുന്നത്. യേശുവിന്റെ കുരിശുമരണവും പുനരുത്ഥാനവും നമ്മുടെ രക്ഷയുടെ വഴി. എങ്കിൽ യേശുവിന്റെ കുരിശുമരണത്തിനും പുനരുത്ഥാനത്തിനും മുമ്പ് ജീവിച്ചിരുന്നവരുടെ രക്ഷയുടെ കാര്യം എങ്ങനെയാണ്. സാമാന്യമായി ആർക്കും ഉണ്ടാകാവുന്ന ഒരു സംശയമാണിത്. നമുക്കിതൊരു ധ്യാനവിഷയമാക്കാം.

രക്ഷയുടെ അടിസ്ഥാനം യേശുക്രിസ്തുവിന്റെ കുരിശുമരണമാണല്ലോ. ആദിമാതാപിതാക്കളുടെ അധഃപതനം മുതൽ എല്ലാവരുടെയും രക്ഷയുടെ അടിസ്ഥാനം ഇതാണ്. മാനവചരിത്രത്തിന്റെ കേന്ദ്രമായ ഈ സംഭവത്തിലൂടെയല്ലാതെ യേശുക്രിസ്തുവിന്റെ കുരിശുമരണത്തിനു മുൻപോ പിൻപോ ഒരുവനും രക്ഷിക്കപ്പെട്ടിട്ടില്ല. പഴയനിയമകാലത്തെയും പുതിയനിമയകാലത്തെയും സകലരുടെയും പാപങ്ങൾക്കു പരിഹാരമായത് യേശുക്രിസ്തുവിന്റെ കുരിശുമരണമാണ്.

രക്ഷയ്ക്കാവശ്യമായ ഒരു ഘടകമായി വചനം എടുത്തു പറയുന്നത് വിശ്വാസമാണ്. വിശ്വാസത്തിന്റെ വിഷയമാകട്ടെ ദൈവവും. സങ്കീർത്തകൻ കുറിച്ചിരിക്കുന്നത് ശ്രദ്ധിക്കുക. "..........കർത്താവിൽ ശരണം വയ്ക്കുന്നവർ ഭാഗ്യവാന്മാർ" (2: 12). ഉല്പത്തി 15: 6 ൽ പറയുന്നു. അബ്രഹാം ദൈവത്തിൽ വിശ്വസിച്ചു. അതവന് നീതീകരണത്തിനായി ഭവിച്ചു(റോമാ 4: 3–8). പഴയനിയമത്തിലെ ബലികൾ പാപത്തെ ദൂരീകരിച്ചിരുന്നില്ല എന്ന് ഹെബ്രായ ലേഖനകർത്താവ് (10: 1–10) വ്യക്ത



www.malankaralibrary.com

മായി പറയുന്നു. എന്നാൽ അവ ദൈവപുത്രൻ മനുഷ്യവർഗ്ഗത്തിന്റെ പാപങ്ങൾക്കുവേണ്ടി രക്തം ചിന്തുന്നതിലേക്ക് വിരൽ ചൂണ്ടുന്നവയായിരുന്നു.

കാലങ്ങൾ കടന്നു പോയപ്പോൾ എന്താണു സംഭവിച്ചത്. വിശ്വാസത്തിന്റെ ഉള്ളടക്കത്തിന് വ്യത്യാസങ്ങൾ വന്നുകൊണ്ടിരുന്നു. ഓരോരുത്തന്റെയും വിശ്വാസത്തിന്റെ ഉള്ളടക്കം അതതുകാലം വരെ ദൈവം നല്കിയിട്ടുള്ള വെളിപാടുകളെ ആശ്രയിച്ചാണിരിക്കുന്നത്. മനുഷ്യവർഗ്ഗത്തിന്റെ വളർച്ചയും വികാസവുമനുസരിച്ച് ദൈവവും തന്റെ രക്ഷാകര പദ്ധതി കൂടുതൽ കൂടുതൽ ചുരുളഴിച്ച് വെളിപ്പെടുത്തിക്കൊണ്ടിരുന്നു. ഇതിനെ വെളിപാടിലെ വളർച്ച എന്നു നമുക്ക് വിളിക്കാം.

''സ്ത്രീയുടെ സന്തതി സാത്താന്റെ തലയെ തകർക്കുമെന്ന് ഉല്പത്തി 3/15 ലെ വാഗ്ദാനം ആദം വിശ്വസിച്ചിരുന്നു. ദൈവം നല്കിയ വാഗ്ദാനങ്ങൾ അബ്രഹാം വിശ്വസിച്ചിരുന്നു (ഉല്പത്തി 12, 15). മോശയ്ക്കു മുമ്പ് വേദങ്ങൾ എഴുതപ്പെട്ടിരുന്നില്ലെങ്കിലും ദൈവത്തിന്റെ വെളിപാടുകൾ മനുഷ്യർക്കു ലഭ്യമായിരുന്നു. പഴയനിയമകാലത്തെ മനുഷ്യർ രക്ഷയ്ക്ക് അർഹരായത് ഒരിക്കൽ ദൈവം അവരുടെ പാപങ്ങൾ പൊറുക്കുമെന്നുള്ള വിശ്വാസമായിരുന്നു. ഇന്നു നാം പിന്നിലേക്കു തിരിഞ്ഞുനോക്കി വിശ്വസിക്കുന്നു. ദൈവം കുരിശിലൂടെ നമ്മുടെ പാപങ്ങൾ പരിഹരിച്ചു (യോഹ. 13: 16, ഹെബ്രാ. 9: 28).

യേശുക്രിസ്തുവിന്റെ കുരിശുമരണത്തിനും ഉയിർപ്പിനും മുമ്പ് ജീവിച്ച യേശുവിന്റെ സമകാലികരുടെ സ്ഥിതി എന്താണന്നൊരു സംശയം നമുക്കുണ്ടാകാം. അവരുടെ വിശ്വാസം എന്തായിരുന്നു? യേശു അവരുടെ പാപങ്ങൾക്ക് പരിഹാരമായി കുരിശിൽ മരിക്കുന്നു എന്നവർ മനസിലാക്കിയിരുന്നോ ? ''അപ്പോൾ മുതൽ യേശു, തനിക്കു ജറുസലേമിലേക്കു പോകേണ്ടിയിരിക്കുന്നുവെന്നും ശ്രേഷ്ഠന്മാരിൽ നിന്നും നിയമജ്ഞരിൽ നിന്നും വളരെയേറെ സഹിക്കേണ്ടിവരുമെന്നും താൻ വധിക്കപ്പെടുമെന്നും എന്നാൽ മൂന്നാം ദിവസം ഉയിർപ്പിക്കപ്പെടുമെന്നും ശിഷ്യൻമാരെ അറിയിച്ചു തുടങ്ങി'' (മത്തായി 16: 21). ശിഷ്യരുടെ പ്രതികരണം എന്തായിരുന്നു? ''പത്രോസ് അവനെ മാറ്റി നിർത്തി തടസം പറയാൻ തുടങ്ങി; ദൈവം കനിയട്ടെ! കർത്താവേ, ഇതൊരിക്കലും നിനക്കു സംഭവിക്കാതിരിക്കട്ടെ'' (16: 22). പത്രോസും മറ്റ് ശിഷ്യന്മാരും മുഴുവൻ സത്യങ്ങളും ഗ്രഹിച്ചിരുന്നില്ല, എങ്കിലും മനുഷ്യരുടെ പാപങ്ങൾ അവൻ പരിഹരിക്കുമെന്നുള്ള വിശ്വാസം വഴി അവർ രക്ഷിക്കപ്പെട്ടു. ദൈവം എപ്രകാരമായിരിക്കും തന്റെ പദ്ധതി നടപ്പാക്കുക എന്ന് ആദത്തെക്കാളോ അബ്രഹാ



www.malankaralibrary.com

ത്തെക്കാളോ മോശയെക്കാളോ ദാവീദിനെക്കാളോ വ്യക്തവും കൃത്യവുമായ ധാരണ അവർക്കും ഉണ്ടായിരുന്നില്ല, എങ്കിലും അവർ ദൈവത്തിൽ വിശ്വസിച്ചു.

യേശുക്രിസ്തുവിന്റെ കുരിശുമരണത്തിനും ഉയിർപ്പിനും മുമ്പ് ജീവിച്ചിരുന്നവരെക്കാൾ വെളിപാടുകൾ ലഭിച്ചവരാണ് ഇന്നു ജീവിച്ചിരിക്കുന്ന നമ്മൾ. പൂർണവും വ്യക്തവും കൃത്യവുമായ ഒരു ചിത്രം നമുക്ക് ലഭ്യമാണ്. പൂർവകാലങ്ങളിൽ പ്രവാചകന്മാർ വഴി വിവിധ ഘട്ടങ്ങളിലും വിവിധ രീതികളിലും ദൈവം നമ്മുടെ പിതാക്കന്മാരോടു സംസാരിച്ചിട്ടുണ്ട്. എന്നാൽ ഈ അവസാന നാളുകളിൽ തന്റെ പുത്രൻവഴി അവിടുന്ന് നമ്മോടു സംസാരിച്ചിരിക്കുന്നു. അവനെ അവിടുന്ന് സകലത്തിന്റെയും അവകാശിയായി നിയമിക്കുകയും അവൻ മുഖേന പ്രപഞ്ചത്തെ സൃഷ്ടിക്കുകയും ചെയ്തു'' (ഹെബ്രാ. 1: 1–2). നമ്മുടെ രക്ഷ യേശുക്രിസ്തുവിന്റെ കുരിശുമരണത്തിൽ അധിഷ്ഠിതമാണ്; വിശ്വാസം രക്ഷയ്ക്ക് നിദാനമാണ്, വിശ്വാസത്തിന്റെ അടിസ്ഥാനമാകട്ടെ ദൈവവും. യേശുക്രിസ്തു നമ്മുടെ പാപങ്ങൾക്കുവേണ്ടി കുരിശിൽ മരിച്ച് അടക്കപ്പെട്ട് മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റു എന്നതാണ് ഇന്നു ജീവിക്കുന്ന നമ്മുടെ വിശ്വാസത്തിന്റെ ഉള്ളടക്കം (1 കോരി. 15: 3–4). ആദിമാതാപിതാക്കന്മാരുടെ അധഃപതനം മുതൽ ഇന്നോളം രക്ഷയുടെ അടിസ്ഥാനം യേശുക്രിസ്തുവിന്റെ കുരിശുമരണമാണ്. ലോകാവസാനം വരെ അതങ്ങനെതന്നെ ആയിരിക്കുകയും ചെയ്യും. ഇതിനൊരു മാറ്റവുമുണ്ടാകയില്ല.

ഈ രക്ഷയുടെ സദ്വാർത്ത അറിഞ്ഞ് സ്വീകരിച്ചവരുടെ കൂട്ടായ്മയെയാണല്ലോ സഭയെന്നു നാം പറയുന്നത്. സകലർക്കും, യേശുവിനു മുൻപ് ജീവിച്ചവർക്കും പിൻപ് ജീവിച്ചവർക്കും; യേശുവിലൂടെ രക്ഷയുണ്ടെന്ന സദ്വാർത്ത സകലരെയും അറിയിക്കുവാനുള്ള ചുമതലയും സഭാമക്കൾക്കുണ്ട്.

■



www.malankaralibrary.com

# "താരങ്ങൾ" തകരുന്നതെന്തുകൊണ്ട് ?

**ലോ**കത്തിന്റെ ദൃഷ്ടിയിൽ തിളങ്ങുന്നവരെന്നു കരുതിയിരുന്ന പലരും ; സിനിമാ ലോകത്തെയും സ്പോർട്സ് ലോകത്തെയും രാഷ്ട്രീയ ലോകത്തെയും മാധ്യമലോകത്തെയും അനേക 'താരങ്ങൾ' പളുങ്കുപാത്രംപോലെ വീണുടയുന്നത് വർത്തമാനകാലത്ത് വർധിച്ചുകൊണ്ടിരിക്കുന്നു. സമ്പത്തിലും പേരിലും പെരുമയിലും അധികാരത്തിലും തിളങ്ങിയിരുന്ന അവർ ആത്മഹത്യ, മദ്യം, മയക്കുമരുന്ന്, വിവാഹമോചനം, സാമ്പത്തിക തകർച്ച തുടങ്ങിയ തകർച്ചകൾക്ക് അടിപ്പെടുന്നത് എന്തുകൊണ്ടാണ് എന്ന് സാധാരണ ജനം ചിന്തിച്ചുപോകുന്നതിൽ അത്ഭുതമില്ല. പ്രഗത്ഭരും ബുദ്ധിയുള്ളവരുമെന്ന് ജനം കരുതുന്ന ഇവരുടെ ജീവിതം തകർന്നടിയുന്നത് എന്തുകൊണ്ടാണ് ? ഇതിന് ഒറ്റ ഉത്തരം ലഭിച്ചെന്നു വരില്ല. പല ഉത്തരങ്ങൾ കണ്ടെത്താൻ കഴിഞ്ഞെന്നു വരാം. എന്നാൽ വിശുദ്ധ ഗ്രന്ഥത്തിന്റെ താളുകളിലൂടെ തേടിയാൽ ഒരുപക്ഷേ ഒറ്റവാക്കിൽ ഒരു ഉത്തരം കണ്ടുമുട്ടുന്നു. അത് മറ്റൊന്നുമല്ല! അഹങ്കാരം... അഹന്ത.

അഹങ്കാരിയുടെ പതനത്തിന് വിശുദ്ധ ബൈബിളിൽ കാണുന്ന ഏറ്റവും പ്രകടമായ ഉദാഹരണമാണ് 'ദൈവിക ജീവനിൽ നിന്നുള്ള സാത്താന്റെ പതനം'. പതനത്തിനു മുമ്പുള്ള സാത്താന്റെ അവസ്ഥയെപ്പറ്റി എസെക്കിയേൽ പ്രവാചകൻ പറയുന്നത് ശ്രദ്ധിക്കുക. "........നീ പൂർണതയ്ക്കു മാതൃകയായിരുന്നു; വിജ്ഞാനം തികഞ്ഞവനും സൗന്ദര്യസമ്പുഷ്ടനും. നീ ദൈവത്തിന്റെ തോട്ടമായ ഏദനിലായിരുന്നു. മാണിക്യം, പുഷ്യരാഗം, സൂര്യകാന്തം, പത്മരാഗം, ചന്ദ്രകാന്തം, ഗോമേദകം, ഇന്ദ്രനീലം, വൈഡൂര്യം, മരതകം എന്നിവ നിന്നെ പൊതിഞ്ഞിരുന്നു. നിന്റെ തംബുരുവും പുല്ലാംകുഴലും സ്വർണ നിർമ്മിതമായിരുന്നു..."(എസെക്കിയേൽ 28/ 12-13). എന്നാൽ സാത്താന് എന്ത് സംഭവിച്ചു. നിന്റെ സൗന്ദര്യത്തിൽ നീ അഹങ്കരിച്ചു. നിന്റെ മഹിമയ്ക്കായി ജ്ഞാനത്തെ നീ ദുരുപയോഗപ്പെടുത്തി"(എസെക്കിയേൽ 28/16-17).



www.malankaralibrary.com

സാത്താന്റെ പതനത്തെ ഏശയ്യാ പ്രവാചകൻ ഇപ്രകാരം വിശദീകരിക്കുന്നു. ‘‘നീ തന്നത്താൻ പറഞ്ഞു; ഞാൻ സ്വർഗ്ഗത്തിലേക്കു കയറും. ഉന്നതത്തിൽ ദൈവത്തിന്റെ നക്ഷത്രങ്ങൾക്കുപരി എന്റെ സിംഹാസനം ഞാൻ സ്ഥാപിക്കും. ഉത്തരദിക്കിന്റെ അതിർത്തികളിലെ സമാഗമ പർവതത്തിന്റെ മുകളിൽ ഞാനിരിക്കും. ഉന്നതമായ മേഘങ്ങൾക്കു മീതേ ഞാൻ കയറും. ഞാൻ അത്യുന്നതനെപ്പോലെ ആകും’’ (ഏശയ്യാ 14/ 13 –14). തന്നെ സൃഷ്ടിക്കുകയും തനിക്കു സൗന്ദര്യം നൽകുകയും ചെയ്ത ദൈവത്തെ ആദരിക്കുകയും ആരാധിക്കുകയും ചെയ്യേണ്ടതിനു പകരം സാത്താൻ അഹന്തയും അഹങ്കാരവും നിറഞ്ഞവനായി തന്നത്താൻ ആരാധനാമൂർത്തിയാകാൻ ശ്രമിച്ചു.

ഇതിന്റെ ഫലം എന്തായിരുന്നു ? ‘‘നിന്നെ അറിയുന്ന ജനതകൾ നിന്നെക്കണ്ട് സ്തബ്ധരാകും. ഭീകരമായ അവസാനത്തിലേക്കു നീ എത്തിയിരിക്കുന്നു. എന്നേക്കുമായി നീ ഇല്ലാതാകും’’ (എസെക്കിയേൽ 28/19).

എന്നാൽ നീ പാതാളത്തിന്റെ അഗാധഗർത്തത്തിലേക്കു തള്ളിയിടപ്പെട്ടിരിക്കുന്നു. നിന്നെ കാണുന്നവർ തുറിച്ചു നോക്കും’’ (ഏശ. 14/ 15–16). സാത്താന്റെ പതിത അവസ്ഥയെക്കുറിച്ച് ഏശയ്യായും എസെക്കിയേലും പറയുന്ന കാര്യങ്ങൾക്ക് പല ആനുകാലിക താരങ്ങളുടെയും ജീവിതപതനത്തോടുള്ള സാധർമ്യം ശ്രദ്ധേയമാണ്.

അഹന്തയും അഹങ്കാരവും ഇത്രമാത്രം നാശകരമാകുന്നത് എന്തുകൊണ്ടാണ് ? ‘‘അഹങ്കാരം നാശത്തിന്റെ മുന്നോടിയാണ്. അഹന്ത അധഃപതനത്തിന്റെയും ’’(സുഭാ. 16/18). അഹങ്കാരം ദൈവത്തെ മറക്കുവാൻ ഇടയാക്കുന്നതായി ഹോസിയ പ്രവാചകൻ പറയുന്നു. ‘‘എന്നാൽ അവർ ഭക്ഷിച്ചു തൃപ്തരായപ്പോൾ അവരുടെ ഹൃദയം അഹങ്കരിക്കുകയും അവർ എന്നെ വിസ്മരിക്കുകയും ചെയ്തു ’’(13/6). ദൈവമാണ് തങ്ങൾക്കു കഴിവും മികവും നൽകിയതെന്ന് പല താരങ്ങളും പലപ്പോഴും മറക്കുന്നു. അഹങ്കാരം മൂലം പല താരങ്ങളും പുകഴ്ചയ്ക്കും ആരാധനയ്ക്കും തങ്ങൾ അർഹരാണെന്ന് ധരിച്ചുവശരാകുന്നു. പലരുടെയും ചിന്ത തങ്ങൾക്ക് തെറ്റു പറ്റുകയില്ല, തങ്ങൾ കബളിക്കപ്പെടുകയില്ല, തങ്ങൾ പരാജയപ്പെടുകയില്ല എന്നൊക്കെയാണ്. ഇതുമൂലം ജീവിതത്തെയും ജോലിയെയും ബന്ധങ്ങളെയും വിവാഹത്തെയും സമ്പത്തിനെയും സംബന്ധിച്ച് വളരെ വികലമായ തീരുമാനങ്ങൾ എടുക്കാൻ അവർക്ക് ഇടയാകുന്നു.

ആത്യന്തികമായ കാര്യം എന്താണ് ? ആത്മീകമായും മാനസികമായും വൈകാരികമായും ആരാധന സ്വീകരിക്കാൻ സൃഷ്ടിക്കപ്പെട്ടവനല്ല മനുഷ്യൻ. ആരാധന ദൈവത്തിനു മാത്രം അർഹതപ്പെട്ടതാണ്.



www.malankaralibrary.com

'താരങ്ങൾ സ്വയം ആരാധനാമൂർത്തികളായി പ്രതിഷ്ഠിക്കപ്പെടുമ്പോഴും മറ്റുള്ളവർ അവരെ ആരാധിക്കുമ്പോഴും' പൈശാചികമായ അഹങ്കാരവും സ്വാർത്ഥതയും അവരിൽ നിറയും. ജീവിതനാശത്തിലേക്കും തകർച്ചയിലേക്കും അത് അവരെ നയിക്കുകയും ചെയ്യും.

ഇത്തരം തകർച്ചകൾ താരങ്ങൾക്കു മാത്രമല്ല, സാധാരണക്കാർക്കും സംഭവിക്കാം. സാധാരണക്കാരന്റെ തകർച്ചയും നാശവും വാർത്താ പ്രാധാന്യം നേടുന്നില്ലെന്നു മാത്രം. അഹങ്കാരവും അഹന്തയും പൊങ്ങച്ചവും ഒരുവനിൽ കടന്നു കൂടാൻ അയാൾ ഒരു 'താരം' ആകണമെന്നില്ല. സകലമനുഷ്യരും ഇത്തരം പ്രലോഭനങ്ങൾക്ക് വിധേയരാണ് (1കോരി. 10/ 13). താരങ്ങൾക്കു ലഭിക്കുന്ന വീരാരാധനമൂലം താരങ്ങൾക്ക് അഹന്തയ്ക്കുള്ള പ്രലോഭനസാധ്യത കൂടുതലാണെന്നു മാത്രം.

ഇതിനെന്താണൊരു പരിഹാരം ? ദൈവത്തിനർഹതപ്പെട്ട മഹത്വവും ആരാധനയും അവനു മാത്രം നൽകുക എന്നതാണ് പരിഹാരം. നമ്മൾ വിലയുള്ളവരാണ്. ഇതിന്റെ കാരണം നാം ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടവരായതുകൊണ്ടാണ് എന്നു നാം തിരിച്ചറിയണം (ഉല്പത്തി 1/26-27). അല്ലാതെ നമ്മുടെ പ്രയത്നം കൊണ്ട് നാം എന്തെങ്കിലും നേടിയതുകൊണ്ടല്ല, ആരാധിക്കപ്പെടാനും പ്രകീർത്തിക്കപ്പെടാനും അനുവദിക്കാതിരിക്കുക എന്നതാണ് പ്രതിവിധി. അതാണ് പരിശുദ്ധ മാലാഖമാർ ചെയ്യുന്നത്. "അപ്പോൾ ഞാൻ അവനെ ആരാധിക്കാനായി കാല്ക്കൽ വീണു. എന്നാൽ അവൻ എന്നോടു പറഞ്ഞു. അരുത്. ഞാൻ നിന്റെ ഒരു സഹദാസനാണ്. യേശുവിന്റെ സാക്ഷ്യം നൽകുന്ന നിന്റെ സഹോദരരിൽ ഒരുവൻ. നീ ദൈവത്തെ ആരാധിക്കുക......... "(വെളിപാട് 19/10). "അപ്പോൾ അവൻ എന്നോടു പറഞ്ഞു. അരുത്. ഞാൻ നിന്റെയും നിന്റെ സഹോദരന്മാരായ പ്രവാചകൻമാരുടെയും ഈ ഗ്രന്ഥത്തിലെ വചനങ്ങൾ കാക്കുന്നവരുടെയും സഹദാസനാണ്. ദൈവത്തെ ആരാധിക്കുക...."(വെളിപാട് 22/9). റോമാലേഖനം 3/10-23 ൽ പറയുന്ന പ്രകാരം ജീവിക്കുകയാണ് ആവശ്യം. ".... നീതിമാനായി ആരുമില്ല; ഒരുവൻപോലുമില്ല, കാര്യം ഗ്രഹിക്കുന്നവനില്ല. ദൈവത്തെ അന്വേഷിക്കുന്നവനുമില്ല. എല്ലാവരും വഴിതെറ്റിപ്പോയി. എല്ലാവർക്കും ഒന്നടങ്കം തെറ്റുപറ്റിയിരിക്കുന്നു. നന്മ ചെയ്യുന്നവനില്ല, ഒരുവനുമില്ല...... എല്ലാവരും പാപം ചെയ്ത് ദൈവമഹത്വത്തിന് അയോഗ്യരായി". ഈ അറിവ് മനുഷ്യനെ തിരിച്ചറിവിലേക്കു നയിക്കും. ഇത് ദൈവത്തിന്റെയും മറ്റുള്ളവരുടെയും മുമ്പിൽ എളിമപ്പെടുവാൻ നമ്മെ സഹായിക്കും. ദൈവത്തിനർഹപ്പെട്ടത് ദൈവത്തിനു മാത്രം നൽകാൻ അപ്പോൾ നാം പഠിക്കും".

■



www.malankaralibrary.com

# ഒന്നായാൽ നാം നന്നായി, നന്നായാൽ നാം ഒന്നായി

**നാനാത്വത്തിൽ ഏകത്വം**

നമ്മുടെ കർത്താവിലൂടെ ദൈവപിതാവു നല്കിയ രക്ഷയുടെ അനുഭവം തുടരാനാണല്ലോ സഭ സ്ഥാപിതമായിരിക്കുന്നത്. ലോകമെങ്ങും സുവിശേഷം അറിയിക്കേണ്ട ദൗത്യവുമായി സാർവ്വത്രിക ഭാവത്തിൽ സഭ അവളുടെ തീർത്ഥാടനം തുടരുകയാണ്. സഭ സഭകളുടെ കൂട്ടായ്മയാണ്. വിവിധ വ്യക്തിഗത സഭകളിലൂടെ പ്രാദേശിക സമൂഹങ്ങളിൽ ലോകമെമ്പാടും ഈ സുവിശേഷ പ്രഘോഷണ കർമ്മം നടന്നുകൊണ്ടിരിക്കുന്നു. സാർവ്വത്രിക സഭാ കൂട്ടായ്മയിലൂടെ മാത്രമേ ഒരു പ്രാദേശിക സഭയ്ക്ക് അതിന്റേതായ സഭാത്മകപൂർണ്ണത കൈവരികയുള്ളൂ. മലങ്കര സഭ പുനരൈക്യത്തിലൂടെ നേടിയെടുത്തത് ഈ പൂർണ്ണതയാണ്. ആത്മീക പൂർണ്ണത നേടുവാൻ സഭാത്മക പൂർണ്ണതയിലായിരിക്കുക അനിവാര്യമാണെന്നുള്ളത് വിശുദ്ധ ഗ്രന്ഥാധിഷ്ഠിതമായും, ദൈവശാസ്ത്രപരമായും അവിതർക്കിതമാണ്. ഈ അടിസ്ഥാനപരമായ തിരിച്ചറിവാണ് നമ്മുടെ പിതാക്കന്മാരെ പുനരൈക്യശ്രമങ്ങൾക്ക് പ്രേരിപ്പിച്ചത്. തങ്ങളുടെ ആരാധനാക്രമവും, ആദ്ധ്യാത്മികതയും, ദൈവശാസ്ത്രവും, നിയമസംഹിതയും നിലനിർത്തിക്കൊണ്ട് ഒരു വ്യക്തിസഭയായി കത്തോലിക്കാകൂട്ടായ്മയിൽ ഉൾച്ചേരുവാൻ പുനരൈക്യപ്പെട്ട സമൂഹത്തിന് സാധിക്കുന്നു. ഈ സൗഭാഗ്യത്തിലേക്ക് മാർത്തോമ്മാശ്ലീഹായുടെ വിശ്വാസപൈതൃകമുള്ള സഹോദരീസഭാംഗങ്ങളുടെ സത്വരശ്രദ്ധയെ ക്ഷണിക്കുകയാണ് തുടർന്നു വരുന്ന പേജുകളിൽ എന്റെ ലക്ഷ്യം.

ആരംഭകാലം മുതൽ ക്രിസ്തുവിന്റെ സഭ കത്തോലിക്കാസഭ എന്നാണ് അറിയപ്പെട്ടിരുന്നത്. അന്ത്യോക്യായിലെ വിശുദ്ധ ഇഗ്നേഷ്യസ്



www.malankaralibrary.com

(+ എ. ഡി. 110) ആണ് ക്രിസ്തുവിന്റെ സഭയെ കത്തോലിക്കാസഭയെന്ന് ആദ്യമായി വിളിച്ചത്. കൽക്കദോനിയാ സുനഹദോസ് വരെ (എ.ഡി. 451) ലോകമെങ്ങുമുള്ള ക്രൈസ്തവസഭ കത്തോലിക്കാസഭയെന്നു മാത്ര മാണ് അറിയപ്പെട്ടിരുന്നത്. കത്തോലിക്കാസഭയിൽനിന്നും ബന്ധം പിരി ഞ്ഞവർ പുതിയ പേരുകൾ സ്വീകരിക്കേണ്ടിവന്നു. (ഉദാ. യാക്കോബായ ക്കാർ (451), ഓർത്തഡോക്സ് (1054), പ്രൊട്ടസ്റ്റന്റുകാർ (16-ാം നൂറ്റാണ്ട്).

കത്തോലിക്കാ അഥവാ കാതോലികം എന്ന പദത്തിനർത്ഥം പൂർണ്ണത, സമഗ്രത, എല്ലായിടത്തും ഉള്ളത് എന്നൊക്കെയാണ്. എല്ലാ യിടത്തും ഉള്ളത് എന്ന അർത്ഥത്തിലാണ് കാതോലികത്തിന് സാർവ്വ ത്രികം എന്ന പദം ഉപയോഗിക്കുന്നത്. മെത്രാനുള്ളിടത്ത് സഭയുണ്ടെന്നും മെത്രാന്റെ നേതൃത്വത്തിൽ വിശുദ്ധ കുർബാന അർപ്പിക്കുന്ന പ്രാദേശിക സഭ ലോകത്തുള്ള മറ്റ് പ്രാദേശിക സഭകളോട് വിശുദ്ധ കുർബാനയിൽ സംസർഗ്ഗം പുലർത്തുമ്പോഴാണ് സഭയുടെ കാതോലികത പൂർണ്ണമാകു ന്നത്. അതിനാൽ ഐക്യവും കൂട്ടായ്മയും പുലർത്താതെ ഒറ്റപ്പെട്ടുനി ല്ക്കുന്ന പ്രാദേശികസഭകൾ അപൂർണ്ണമാണ്.

സകലരേയും ഉൾക്കൊള്ളുവാനും എല്ലാ സംസ്കാരങ്ങളി ലേക്കും കടന്നുചെല്ലുവാനും വിളിക്കപ്പെട്ടവളാണ് സഭ. സത്യവിശ്വാസം പഠിപ്പിക്കുന്ന സഭ കാതോലിക സഭയെന്ന് അറിയപ്പെട്ടു. പത്രോസിന്റെ പിൻഗാമിയായി റോമിലെ മാർപാപ്പായോട് നിയമപരമായ ബന്ധമുള്ള സഭകളാണ് ഇന്ന് കത്തോലിക്കാ സഭയെന്ന് അറിയപ്പെടുന്നത്. കാതോ ലികതയുടെ പൂർണ്ണത കത്തോലിക്കാസഭയിലാണ് കാണുന്നത്.

നിങ്ങൾ ലോകമെങ്ങുംപോയി എല്ലാ സൃഷ്ടികളോടും സുവി ശേഷം പ്രസംഗിക്കുവിൻ എന്ന യേശുവിന്റെ കല്പന സ്വീകരിച്ച് ലോക ത്തിന്റെ വിവിധ സ്ഥലങ്ങളിൽ അപ്പസ്തോലന്മാർ വചനം പ്രസംഗിക്കു കയും സഭ സ്ഥാപിക്കുകയും ചെയ്തു. ഏതെങ്കിലും ഒരു അപ്പസ്തോല നോടു ബന്ധപ്പെട്ട് വിശ്വാസം സ്വീകരിച്ച് രൂപീകൃതമായ സഭ അപ്പസ്തോ ലിക സഭയാണ്. അപ്പസ്തോലന്മാരുടെ ക്രിസ്തു അനുഭവത്തിന്റെയും പ്രബോധനത്തിന്റെയും ആധികാരികതയാണ് സഭയുടെ അപ്പസ്തോലി കത. അപ്പസ്തോലന്മാരുടെ പിൻഗാമികളായ മെത്രാന്മാർ ശ്ലൈഹികത യുടെ (അപ്പസ്തോലികതയുടെ ) തുടർച്ചയും പ്രതീകവുമാണ്.

അപ്പസ്തോല തലവനായ പത്രോസും മറ്റ് അപ്പസ്തോലന്മാരും യേശുവിൽ ഒന്നായിരുന്നുകൊണ്ട് അപ്പസ്തോലികതയുടെ പൂർണ്ണതയും നിറവും വ്യക്തമാക്കി. അപ്പസ്തോലന്മാരുടെ പിൻഗാമികളായ മെത്രാ ന്മാർ അപ്പസ്തോല തലവനായ പത്രോസിന്റെ പിൻഗാമിയായ മാർപാപ്പാ



www.malankaralibrary.com

യോട് ഐക്യത്തിലായിരുന്നുകൊണ്ട് യേശുവിൽ ഒന്നായിരിക്കുമ്പോഴാണ് അപ്പസ്തോലികത പൂർണ്ണമാകുന്നത്. അപ്പസ്തോലിക കൂട്ടായ്മയും ഐക്യവും കത്തോലിക്കാസഭയിൽ മാത്രം നിലനില്ക്കുന്നതിനാൽ, ശ്ലൈഹികതയുടെ അഥവാ അപ്പസ്തോലികതയുടെ പൂർണ്ണത കത്തോലിക്കാസഭയിൽ മാത്രമാണുള്ളത്.

യേശുക്രിസ്തു എന്ന ഏക വ്യക്തിയാണ് സഭയുടെ സ്ഥാപകനും സഭയുടെ ശിരസ്സും. യേശുവിന്റെ ശരീരവും തുടർച്ചയുമാണ് സഭ. അതിനാൽ സഭ അടിസ്ഥാനപരമായി ഏകമാണ്. സഭ ഏകമാകുന്നു എന്നു പറയുമ്പോൾ സഭയിലെ വിവിധ വ്യക്തികളുടെയും വിവിധ പ്രാദേശിക സഭകളുടെയും വൈവിധ്യം നിരാകരിക്കുന്നില്ല. വൈവിധ്യത്തിലെ ഐക്യമാണ് സഭ ഏകമാകുന്നു എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. വിവിധ വ്യക്തികൾ ഒരേ വിശ്വാസത്തിലും ഒരേ കൂദാശയിലും ജീവിക്കുകയും ഒരേ അപ്പത്തിൽനിന്നു ഭക്ഷിക്കുകയും ഒരു മെത്രാന്റെ അപ്പസ്തോലിക നേതൃത്വത്തിൽ വളരുകയും ചെയ്യുന്നത് സഭ ഒന്നാകുന്നു എന്നതിന്റെ ദൃശ്യമായ അടയാളമാണ്. സാർവ്വത്രികസഭയിലെ മെത്രാന്മാർ പത്രോസിന്റെ പിൻഗാമിയായ മാർപാപ്പായുമായി ഐക്യത്തിലായിരിക്കുന്നതുവഴി സഭ ഏകമാകുന്നു എന്നു സൂചിപ്പിക്കുന്നു. അതിനാൽ പത്രോസിന്റെ പിൻഗാമിയായ മാർപാപ്പാ സഭ ഏകമാകുന്നു എന്നതിന്റെ ദൃശ്യമായ അടയാളവും ഐക്യത്തിന്റെ കേന്ദ്രവും ഐക്യത്തിന്റെ സംരക്ഷകനും ആകുന്നു. ഇരുപത്തിമൂന്ന് പ്രാദേശിക അപ്പസ്തോലിക സഭകൾ പത്രോസിന്റെ പിൻഗാമിയുടെ നേതൃത്വത്തിൽ ഐക്യപ്പെട്ട് ഒരു സഭയായിരിക്കുന്നു. അതാണ് കത്തോലിക്കാസഭ. അതിനാൽ സഭ ഏകമാകുന്നു എന്ന വിശേഷണം പൂർണ്ണഅർത്ഥത്തിൽ കത്തോലിക്കാസഭയിൽ ദൃശ്യമാണ്.

സഭയുടെ വിശുദ്ധിയുടെ അടിസ്ഥാനം യേശുക്രിസ്തുവുമായുള്ള ബന്ധമാണ്. യേശുക്രിസ്തുവിന്റെ തുടർച്ചയും അവന്റെ ശരീരവുമായ സഭ വിശുദ്ധമാണ്. സഭയിലെ അംഗങ്ങൾ പാപികളാണെങ്കിലും യേശുക്രിസ്തുവിന്റെ തിരുശരീരരക്തത്താലും പരിശുദ്ധാത്മാവിനാലും സഭ വിശുദ്ധമാണ്. സഭയിലെ ഓരോ അംഗത്തിനും വേണ്ടിയാണ് യേശു സ്വയം സമർപ്പിച്ചത്. അതിലൂടെ അവൻ അവരെ വിശുദ്ധിയിലേക്ക് നയിച്ചു. സഭ വിശുദ്ധമാണെന്നു പറയുമ്പോൾതന്നെ സഭ പാപികളുടെ സമൂഹമാണ്. സഭയുടെ ദൈവികവശം സഭ വിശുദ്ധമാണ് മാനുഷികവശം സഭ ബലഹീനവുമാണ്. അതിനാൽ സഭ നിരന്തരം വിശുദ്ധീകരിക്കപ്പെടേണ്ടവളാണ്. പരിശുദ്ധാത്മാവിലുടെയാണ് ഈ വിശുദ്ധീകരണം സഭ



www.malankaralibrary.com

യിൽ നടക്കുന്നത്.

അപ്പസ്തോല സംഘത്തിൽ യേശു പത്രോസിന് പ്രത്യേകസ്ഥാനവും പ്രഥമസ്ഥാനവും നല്കിയിരുന്നു. യേശുവിൽനിന്ന് നേരിട്ട് അധികാരം ലഭിച്ച വ്യക്തിയായിരുന്നു പത്രോസ്. (മർക്കോസ് 3: 16, ലൂക്കാ 6: 14, മർക്കോ. 8: 29; 9: 5, മത്താ. 18: 21, യോഹ. 21: 15 –19, ലൂക്കാ 9: 28–36 മത്താ. 16: 18 –20) തന്റെ കുരിശുമരണത്തിനുശേഷം ഭിന്നതകൾ ഉണ്ടാകാതിരിക്കുന്നതിനും മറ്റ് അപ്പസ്തോലന്മാരെ വിശ്വാസത്തിൽ ഉറപ്പിക്കുന്നതിനുവേണ്ടി അപ്പസ്തോല സംഘത്തിനു നേതൃത്വം നല്കാൻ യേശു പത്രോസിനെ നിയമിച്ചു.(ലൂക്കാ. 22:31–32). ഉത്ഥാനത്തിനുശേഷം ശിഷ്യന്മാർക്ക് പ്രത്യക്ഷപ്പെട്ടുകൊണ്ട് സഭയെ നയിക്കുവാനുള്ള പ്രത്യേക അധികാരം യേശു പത്രോസിനു നല്കി (യോഹ. 21: 15–19).

യേശുവിന്റെ ഉത്ഥാനശേഷം പത്രോസിന്റെ പ്രവർത്തനങ്ങളിൽ ഈ നേതൃത്വം പ്രകടമായിരുന്നു. പെന്തക്കോസ്തിനാളിൽ ജനത്തോടു പ്രസംഗിക്കുന്നതും യൂദാസിനു പകരം മത്തിയാസിനെ തെരഞ്ഞെടുക്കുവാൻ നേതൃത്വം നല്കുന്നതും പത്രോസാണ്. ആദ്യം അത്ഭുതം പ്രവർത്തിക്കുന്നതും വിജാതീയനായ കൊർണേലിയൂസിനെ സഭയിൽ സ്വീകരിക്കുന്നതും, ജറുസലേം കൗൺസിലിനു നേതൃത്വം നല്കിയതും പത്രോസാണ്. പൗലോസ് പത്രോസിനോടൊപ്പം വന്ന് താമസിക്കുന്നത് പത്രോസിന്റെ സ്ഥാനം അംഗീകരിച്ചുകൊണ്ടാണ്. ആദിമസഭയുടെ പാരമ്പര്യത്തിൽ പത്രോസിന്റെ പ്രഥമസ്ഥാനം എല്ലാ സഭകളും അംഗീകരിച്ചിരിക്കുന്നു.

അപ്പസ്തോലതലവൻ, ശിരസ്സ്, അടിസ്ഥാനശില എന്നീ പ്രയോഗങ്ങളിലൂടെ പത്രോസിന്റെ പ്രഥമസ്ഥാനം മലങ്കര ആരാധനാക്രമത്തിലുടനീളം വിവരിക്കുന്നുണ്ട്.

പത്രോസ് പല സ്ഥലങ്ങളിലും സുവിശേഷം അറിയിച്ചു. അവസാനം റോമിൽ സുവിശേഷം അറിയിക്കുകയും അവിടെ രക്തസാക്ഷിയായി അടക്കപ്പെടുകയും ചെയ്തു. പത്രോസ് റോമിലെ മെത്രാനും സഭ മുഴുവന്റെയും തലവനുമായിരുന്നപ്പോഴാണ് റോമിൽവച്ച് രക്തസാക്ഷിയായത്. അതുകൊണ്ട് അന്നുമുതൽ റോമാരൂപതയുടെ മെത്രാൻ പത്രോസിന്റെ പിൻഗാമിയായും സാർവ്വത്രികസഭയുടെ പരമാധികാരിയായും അംഗീകരിക്കപ്പെടുന്നു.

പത്രോസിന്റെ നേതൃത്വത്തിലുള്ള അപ്പസ്തോല സംഘത്തെയാണ് ക്രിസ്തു തന്റെ ദൗത്യം തുടർന്നുപോകുവാൻ ഭരമേല്പിച്ചത്. ഈ അപ്പസ്തോല സംഘത്തിന്റെ തുടർച്ചയാണ് റോമിലെ മാർപ്പാപ്പാ



www.malankaralibrary.com

യുടെ നേതൃത്വത്തിലുള്ള മെത്രാൻ സംഘം. ക്രിസ്തു അപ്പസ്തോല ന്മാർക്കു നല്കിയ എല്ലാ അധികാരങ്ങളും മെത്രാൻ സംഘത്തിൽ നിക്ഷി പ്തമായിരിക്കുന്നു. അപ്പസ്തോലസംഘത്തിൽ പത്രോസിനുണ്ടായിരുന്ന അതേ സ്ഥാനമാണ് മെത്രാൻ സംഘത്തിൽ മാർപാപ്പായ്ക്കുമുള്ളത്.

യേശുവിന്റെ അപ്പസ്തോലന്മാർ ലോകത്തിന്റെ വിവിധ സ്ഥല ങ്ങളിൽ സുവിശേഷം അറിയിച്ചു. ഓരോരുത്തരും യേശുവിൽനിന്ന് കണ്ടതും കേട്ടതും മനസ്സിലാക്കിയതുമായ ക്രിസ്തുഅനുഭവമാണ് ഓരോ സ്ഥലത്തും പ്രസംഗിച്ചത്. പന്ത്രണ്ടുപേരും ഒരേ യേശുവിനെ യാണ് ശ്രവിച്ചതെങ്കിലും അവരുടെ ക്രിസ്തു- അനുഭവം വൈവിധ്യമു ള്ളതായിരുന്നു. അതിനാൽ ഓരോരുത്തരുടെയും പ്രത്യേകതകൊണ്ടും അവർ പ്രസംഗിച്ച സ്ഥലത്തെ പ്രത്യേകതകൊണ്ടും ഓരോ സ്ഥലത്തും രൂപംകൊണ്ട ക്രിസ്തീയ സമൂഹങ്ങൾക്ക് അതതിന്റേതായ പ്രത്യേകത കൾ ഉണ്ടായിരുന്നു. അങ്ങനെ വൈവിധ്യമുള്ള വിവിധ സഭകൾ രൂപം കൊണ്ടു. ക്രമേണ സ്വന്തമായ ആരാധനരീതിയിലൂടെയും സഭാപിതാ ക്കന്മാരുടെ ദൈവശാസ്ത്ര വിശകലനത്തിലൂടെയും ആദ്ധ്യാത്മിക പാര മ്പര്യങ്ങളിലൂടെയും നിയമ വിശകലനങ്ങളിലൂടെയും ഓരോ സഭയും തനിമയാർന്ന വ്യക്തിസഭകളായി വളർന്നുവന്നു.

ഇപ്രകാരമുള്ള 23 വ്യക്തിസഭകളുടെ കൂട്ടായ്മയാണ് കത്തോ ലിക്കാസഭ. കത്തോലിക്കാസഭയിലെ ഐക്യത്തിന്റെ അടിസ്ഥാനം ത്രിത്വൈകദൈവത്തിലെ ഐക്യമാണ്. പിതാവും പുത്രനും പരിശുദ്ധാ ത്മാവുമായ ത്രിത്വൈകദൈവത്തിലെ മൂന്നു വ്യക്തികളുടെ പരസ്പര സ്നേഹത്തിൽനിന്നാണ് സഭ പുറപ്പെടുന്നത്. ത്രിത്വത്തിലെ മൂന്നു വ്യക്തി കളും പരസ്പരം സ്നേഹത്തിൽ ഐക്യപ്പെട്ട് ഒന്നായിരിക്കുന്നു. ഈ ഐക്യം സഭയിലെ ദൈവജനം തമ്മിലും സഭകൾ തമ്മിലും ഉണ്ടാകണ മെന്ന് യേശു ആഗ്രഹിച്ചിരുന്നു.

കത്തോലിക്കാസഭയിലെ വിവിധ വ്യക്തിസഭകൾ അവയുടെ തനിമയും വ്യക്തിത്വവും നിലനിർത്തി ഏകശരീരംപോലെ ഐക്യത്തി ലായിരിക്കുന്നു. സഭയിലെ ഈ ഐക്യം ദൈവികമാണ്. പരിശുദ്ധാത്മാ വാണ് ഈ ഐക്യം കാത്തുസൂക്ഷിക്കുന്നത്.

കത്തോലിക്കാ കൂട്ടായ്മയിൽ വ്യക്തിസഭകൾ വിശ്വാസത്തി ലുള്ള ഐക്യം, കൂദാശകളിലുള്ള ഐക്യം, സഭാനേതൃത്വത്തിലുള്ള ഐക്യം എന്നീ മൂന്നുകാര്യങ്ങളിൽ പരസ്പരം ഐക്യപ്പെട്ടിരിക്കുന്നു. എന്നാൽ, എല്ലാ സഭകളും ആരാധനാ, ആദ്ധ്യാത്മികത, ദൈവശാസ്ത്രം, നിയമസംഹിത എന്നിവയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു. ഇതാണ് കത്തോ ലിക്കാസഭയിലെ ഐക്യവും വൈവിധ്യവും.



www.malankaralibrary.com

ചരിത്രപരവും, രാഷ്ട്രീയവും, വ്യക്തിഅധികാരപരവുമായ വിവിധകാരണങ്ങളാൽ പല പ്രാദേശിക സഭകളും ഐക്യമില്ലാതെ ഭിന്നതയിൽ കഴിയുന്നു. ഭാരതത്തിൽതന്നെ കത്തോലിക്കാസഭയുമായി സംസർഗ്ഗമില്ലാതെ കഴിയുന്ന സഭാസമൂഹങ്ങൾ ഉണ്ട്. പ്രദേശികതയുടെയും ചരിത്രത്തിലുണ്ടായ നിലപാടുകളുടെയും പശ്ചാത്തലത്തിൽ ഐക്യത്തിലേക്കുവരുവാൻ മടികാണിക്കുന്ന സഭാ സമൂഹങ്ങൾക്കിടയിൽ മലങ്കര കത്തോലിക്കസഭ ഐക്യത്തിന്റെ പ്രതീകമായി ഉയർന്നു നില്ക്കുന്നു.

സഭാ കൂട്ടായ്മയിൽ ഉന്നതമായ സ്ഥാനവും അധികാര അവകാശങ്ങളും ഉത്തരവാദിത്തങ്ങളും മലങ്കര കത്തോലിക്കാ സഭയിലൂടെ മലങ്കര സഭയ്ക്ക് ലഭ്യമായിട്ടുണ്ട്. സാർവ്വത്രിക കൂട്ടായ്മയും പ്രാദേശിക യാഥാർത്ഥ്യങ്ങളും സമന്വയിപ്പിച്ചുകൊണ്ട് മലങ്കര സഭയുടെ തനിമയിൽ സ്വയംഭരണാവകാശത്തോടെ സഭയായി മുന്നേറുവാൻ സാർവ്വത്രിക സഭ മലങ്കര കത്തോലിക്കാസഭയെ ആഹ്വാനം ചെയ്യുന്നു.

മലങ്കരയിലെ മാർത്തോമ്മാ ശ്ലീഹായുടെ വിശ്വാസപൈതൃകവും പാരമ്പര്യവുമുള്ള എല്ലാ സഭകൾക്കും തങ്ങളുടെ ആരാധനാക്രമവും, ആദ്ധ്യാത്മികതയും, ദൈവശാസ്ത്രവും, നിയമസംഹിതയും നിലനിർത്തികൊണ്ട് ഒരു വ്യക്തിസഭയായി കത്തോലിക്കാസഭാ കൂട്ടായ്മയിൽ ഉൾച്ചേരുവാൻ മലങ്കര കത്തോലിക്കാസഭയുടെ അസ്തിത്വം സാക്ഷ്യം നല്കുന്നു. കടൽകടന്നുവന്ന കച്ചവടക്കാരന്റെ കാപട്യം നിറഞ്ഞ കടന്നുകയറ്റംമൂലം 1653– ൽ സംഭവിച്ച നിർഭാഗ്യകരമായ കൂനൻകുരിശു സംഭവത്തിലൂടെ ഉടലെടുത്ത ഭിന്നതകൾക്കറുതി വരുത്തി യേശുക്രിസ്തു ആഗ്രഹിക്കുന്ന ഐക്യത്തിലേക്കു കടന്നുവരാനുള്ള ആഹ്വാനം കർണപുടങ്ങളിൽ മുഴങ്ങുന്നില്ലേയെന്ന് ഓരോ നസ്രാണിയും പ്രാർത്ഥനാപൂർവ്വം ആത്മശോധന ചെയ്യേണ്ടസമയം സമാഗതമായിരിക്കുന്നു.

*ഒന്നായാൽ നാം നന്നായി*
*നന്നായാൽ നാം ഒന്നായി.*

■



www.malankaralibrary.com

# ഐക്യം അനിവാര്യം

"**അ**വരെല്ലാവരും ഒന്നായിരിക്കാൻ വേണ്ടി, പിതാവേ, അങ്ങ് എന്നിലും ഞാൻ അങ്ങയിലും ആയിരിക്കുന്നതുപോലെ അവരും നമ്മിൽ ആയിരിക്കുന്നതിനും അങ്ങനെ അവിടുന്ന് എന്നെ അയച്ചുവെന്ന് ലോകം അറിയുന്നതിനുംവേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു. നാം ഒന്നായിരിക്കുന്നതുപോലെ അവരും ഒന്നായിരിക്കുന്നതിന് അങ്ങ് എനിക്കു തന്ന മഹത്വം അവർക്കു ഞാൻ നല്കിയിരിക്കുന്നു. അവർ പൂർണ്ണമായും ഒന്നാകേണ്ടതിന് ഞാൻ അവരിലും അവിടുന്ന് എന്നിലും ആയിരിക്കുന്നു" (യോഹന്നാൻ 17 : 21– 22). തന്റെ അപ്പസ്തോല സമൂഹത്തിലും, അതിന്റെ പിൻതുടർച്ചയായി താൻ പ്രഘോഷിച്ച സുവിശേഷദൗത്യ തുർച്ചയ്ക്കുമായി താൻ സ്ഥാപിച്ച സഭ, തന്റെ രണ്ടാമത്തെ വരവുവരെ ലോകത്തിന്റെ അതിർത്തികളോളം സുവിശേഷസാക്ഷ്യം ഐക്യത്തോടെ നിർവ്വഹിക്കണമെന്നാഗ്രഹിക്കുന്ന യേശുനാഥന്റെ പ്രാർത്ഥനയുടെ ഭാഗമാണ് മേലുദ്ധരിച്ചിരിക്കുന്നത്. താൻ സ്ഥാപിച്ച സഭാകൂട്ടായ്മയിൽ ഉണ്ടാകാവുന്ന ഭിന്നതമൂലം സുവിശേഷപ്രഘോഷണദൗത്യത്തിൽ സംഭവിക്കാവുന്ന വീഴ്ച മുന്നിൽ കണ്ടുകൊണ്ട് ഹൃദയം നുറുങ്ങിയാണ് യേശുനാഥൻ ഈ പ്രാർത്ഥന നടത്തുന്നത്. തന്റെ മരണത്തോടടുത്ത സന്ദർഭത്തിൽ ഇനി അധികനാൾ കൂടെയിരുന്ന് പഠിപ്പിക്കുവാനും തിരുത്താനും സാധിക്കുകയില്ലെന്നുകണ്ട് തന്റെ ശിഷ്യഗണത്തിന്റെ ഐക്യമെന്ന ആഗ്രഹത്തെ പിതാവിനു ഭരമേല്പിച്ചു പ്രാർത്ഥിക്കുകയാണ് യേശുനാഥൻ. യേശുക്രിസ്തുവിന്റെ പ്രാർത്ഥന സാർത്ഥകമാക്കാൻ പരിശ്രമിക്കേണ്ടവർ അവിടുത്തെ ശിഷ്യരാണ് (സഭയാണ്). മൂന്ന് ആളുകളുടെ കൂട്ടായ്മ



www.malankaralibrary.com

യായ ദൈവം ഒരുവൻ ആയിരിക്കുന്നതുപോലെ സഭയും ഒന്നായിരിക്കണം എന്നതാണ് ദൈവേഷ്ടം. ചരിത്രഗതിയിൽ സാത്താന്റെ പ്രവർത്തനത്താൽ വ്യക്തികളുടെയും സമൂഹങ്ങളുടെയും സ്വാർത്ഥതാല്പര്യങ്ങളാൽ സഭയിൽ ഭിന്നതകൾ ഉടലെടുത്തു. ക്രിസ്തുവിന്റെ സഭ വിഭജിതമായി. ഓരോ വിഭജനവും യേശുക്രിസ്തുവിന്റെ തിരുശരീരത്തിലേല്ക്കുന്ന പീഡനമാണ്. ചരിത്രത്തിൽ തന്റെ ഗാത്രത്തിലേല്ക്കാൻ പോകുന്ന ഓരോ മുറിവിന്റെയും തീവ്രവേദന അനുഭവിച്ചുകൊണ്ടാണ് യേശുക്രിസ്തു ഐക്യത്തിനുവേണ്ടി തന്റെ പിതാവിനോട് അലറിവിളിച്ചു പ്രാർത്ഥിച്ചത്. യേശുവിന്റെ ഹൃദയംനുറുങ്ങിയുള്ള ഈ പ്രാർത്ഥന നമുക്ക് ഏതുമല്ലേ? വിഭജനത്തിന്റെ മുറിവുകളാൽ പീഡയനുഭവിക്കുന്ന യേശുവിന്റെ വിലാപം അർത്ഥരഹിതമാണോ ? യേശുവിന്റെ വേദന കണ്ട് ഹൃദയകാഠിന്യത്തോടെ പൈശാചിക സംതൃപ്തിയടയുന്നവരാണോ നാം?

സഭയിൽ വന്നു ഭവിച്ച അനൈക്യത്തിൽ ഹൃദയവ്യഥയനുഭവിക്കുന്നവരിലൂടെ ദൈവത്തിന്റെ പരിശുദ്ധാത്മാവ് പ്രവർത്തിക്കുന്നതിന്റെ അടയാളമാണ് ലോകത്തിന്റെ വിവിധ ഭാഗങ്ങളിലായി ശക്തിപ്പെട്ടുവന്ന സഭൈക്യപ്രസ്ഥാനങ്ങൾ. വിഭജിതമായ സഭയുടെ ഐക്യത്തിനുവേണ്ടി ദൈവമക്കൾ പ്രത്യേകമായി പ്രാർത്ഥിക്കുന്ന സന്ദർഭമാണ് ജനുവരി 18 മുതൽ 25 വരെയുള്ള അന്താരാഷ്ട്ര സഭൈക്യവാരപ്രാർത്ഥന (Church Unity Octave) അനൈക്യത്തിന്റെ അശുദ്ധാരൂപി അരങ്ങുതകർത്താടുമ്പോൾ ഐക്യത്തിന്റെ പരിശുദ്ധാരൂപി അനേകരിലൂടെ തന്റെ മൃദുലസ്വരം വെളിവാക്കിക്കൊണ്ടിരിക്കുന്നതിന്റെ തെളിവാണ് ഈ പ്രാർത്ഥനാവാരവും സഭൈക്യപ്രസ്ഥാനങ്ങളും.

കേരളത്തിലെ ക്രൈസ്തവവിഭാഗങ്ങളിൽ ഐക്യത്തിന്റെ അരൂപി പ്രവർത്തനനിരതമാണോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ഐക്യത്തിലേക്ക് നയിക്കുന്ന നിലപാടുകൾ സ്വീകരിക്കുന്നതിലധികമായി അനൈക്യവും ഭിന്നതയും ആഴപ്പെടുത്തുവാനും ഉറപ്പിക്കുവാനുമാണ് പലരുടെയും ശ്രമം എന്നു തോന്നുന്നു. സഭ എന്ന പേരിൽ ചില നൂതന വ്യക്തി കേന്ദ്രീകൃത സമൂഹങ്ങൾ ദൈവവചനങ്ങൾ സാഹചര്യങ്ങളിൽനിന്ന് അടർത്തിമാറ്റി ദുർവ്യാഖ്യാനം ചെയ്ത് ക്രിസ്തുവിന്റെ മൗതികശരീരമായ സഭയെ തളർത്തി വ്യക്തിലാഭം ഉണ്ടാക്കുന്നതിൽ വ്യാപൃതരായിരിക്കുന്ന കാഴ്ച കേരളത്തിൽ സർവ്വസാധാരണമായിരിക്കുന്നു. കോടതിവ്യവഹാരങ്ങളുടെ വിജയത്തിനും ഭൗതികസമ്പത്തുക്കളുടെ ഉടമസ്ഥാവകാശത്തിനുംവേണ്ടി ദൈവാരൂപിയെ തിരസ്ക്കരിക്കുന്നവരും



www.malankaralibrary.com

ദൈവവചനത്തെ ധിക്കരിക്കുന്നവരും അനുരഞ്ജനത്തിന് ആഹ്വാനം ചെയ്യുന്നവരെ അവഹേളിക്കുന്നതിൽ ഊറ്റം കൊള്ളുന്നവരുമായ ചിലർ നേതൃത്വം നല്കുന്നതുമാണ് ചില ക്രൈസ്തവസമൂഹങ്ങൾ. അപ്പ സ്തോലശ്രേഷ്ഠന് യേശുനാഥൻ നല്കിയ നാമമെടുത്ത് തീവ്രവാദ സംഘടനയ്ക്കു നല്കുന്ന ചില ക്രൈസ്തവസമൂഹങ്ങൾ. നിരീശ്വര പ്രസ്ഥാനങ്ങളുമായിപോലും ചങ്ങാത്തം കൂടി ഭൗതികലാഭങ്ങൾ നേടാൻ ശ്രമിക്കുന്ന അവസരവാദികളായ ആത്മികനേതൃത്വം നയിക്കുന്ന സമൂ ഹങ്ങൾ. സ്ഥാപനങ്ങൾ നേടിയെടുക്കുന്നതിനും അവ നിലനിർത്തുന്ന തിനുവേണ്ടി ദൈവവചനവും ധാർമ്മികതയും കാറ്റിൽ പറത്തുന്ന, ഭിന്നി ച്ചുനില്ക്കുന്നത് ലാഭമെന്നു കരുതുന്നവരുടെ നേതൃത്വത്തിലുള്ള ചില ക്രൈസ്തവസമൂഹങ്ങൾ. ഐക്യത്തിനുവേണ്ടിയുള്ള ആഹ്വാനങ്ങളെ അവഹേളിച്ചു തള്ളുന്നു ചിലർ. അനൈക്യത്തിന് ആക്കം കൂട്ടാനും ഭിന്നത വളർത്താനും സഭയുടെ അടിസ്ഥാനദർശനങ്ങളെയും വിശുദ്ധ വചനത്തിലൂടെ വെളിവാകുന്ന യേശുനാഥന്റെ തിരുവിഷ്ടത്തെപ്പോലും വികലമായി വ്യഖ്യാനിക്കുന്നു വേറെ ചിലർ.

ഭിന്നിച്ചുനിൽക്കുന്ന ക്രൈസ്തവ സമൂഹങ്ങൾ ഒന്നിച്ചുവന്ന് ഏകസഭയായി സാക്ഷ്യം വഹിക്കേണ്ടത് യേശുക്രിസ്തുവിന്റെ തിരു വിഷ്ടമാണ്. അപ്പസ്തോലസംഘത്തിന്റെ ശ്രേഷ്ഠനായ വി. പത്രോ സിനു യേശുക്രിസ്തു നല്കിയ ശുശ്രൂഷാസ്ഥാനത്തെയും അപ്പസ്തോ ലകൂട്ടായ്മയിലെ സഹോദരങ്ങളെ നയിക്കുവാനുമുള്ള ചുമതലയെയും അവഗണിക്കുകയും നിഷേധിക്കുകയും ചെയ്യുന്നവർക്ക് യേശുനാഥൻ സ്ഥാപിച്ച സഭയുമായി കൂട്ടായ്മയും സംസർഗ്ഗവും അവകാശപ്പെടാനാ വുമോ ?. ഓട്ടമത്സരത്തിൽ പങ്കെടുക്കുമ്പോൾ ട്രാക്കിലൂടെ വേണം ഓടാൻ. ട്രാക്കിനു പുറത്ത് മറ്റ് എല്ലാവരെക്കാളും വേഗത്തിൽ ഒടിയാലും മത്സരത്തിൽ ഗൗനിക്കപ്പെടുന്നില്ല. എന്നോടുകൂടി അല്ലാത്തവർ ചിത റിക്കുന്നു എന്ന് യേശുനാഥൻ പറഞ്ഞതിന്റെ പൊരുൾ ഇവിടെ ശ്രദ്ധേ യമാണ്. സഭയുടെ കെട്ടും മട്ടും ഉണ്ടായതുകൊണ്ടായില്ല, പുറന്തോടല്ല ഉൾക്കാമ്പാണ് ആവശ്യം. കാരണം സഭ വെറും സാമൂഹിക രാഷ്ട്രീയ പ്രസ്ഥാനമല്ല. ദൈവവും മനുഷ്യനുമായ ദൈവപുത്രനാണ് അത് സ്ഥാപിച്ചത്.

വി. പത്രോസിന്റെ നേതൃത്വത്തിൽ അപ്പസ്തോലസംഘം ഏക കൂട്ടായ്മ (സഭ)യായിരുന്നതുപോലെ അപ്പസ്തോലന്മാരുടെ സുവിശേ ഷസാക്ഷ്യംവഴി രൂപീകൃതമായ എല്ലാ സമൂഹങ്ങളും ഏകസഭയായിരു ന്നു. ചരിത്രസത്യം ഇതായിരിക്കെ മറിച്ചുള്ള വാദങ്ങളും ഭിന്നത ആഗ്ര



www.malankaralibrary.com

ഹിക്കുന്ന വ്യാജ പ്രവാചകന്മാരുടേതെന്നു തിരിച്ചറിയുവാൻ അധിക പാണ്ഡിത്യം ആവശ്യമില്ല. ആദിമനൂറ്റാണ്ടുമുതൽ നിലനിന്ന സഭാകൂട്ടായ്മാബന്ധത്തെ ആധുനികലോകത്തിന്റെ ഭരണസംവിധാനക്രമത്തിലോ, ആധുനിക വാർത്താ മാദ്ധ്യമശൈലിയിലോ വ്യാഖ്യാനിക്കാൻ ശ്രമിച്ചാൽ പരാജയപ്പെടും. ആദ്ധ്യാത്മികതലത്തെ ഭൗതികതല പദപ്രയോഗങ്ങൾകൊണ്ട് വ്യക്തമാക്കാൻ ശ്രമിക്കുന്നത് അപജയങ്ങൾക്ക് ഇട നല്കുമെന്നുള്ളത് ചരിത്രം നല്കുന്ന പാഠമായി നമ്മുടെ മുമ്പിലുണ്ട്. ഏതെങ്കിലുമൊരു ക്രൈസ്തവസമൂഹം ഭൗതികമാനദണ്ഡങ്ങളിൽ വളരുന്നു, ശക്തമായി പ്രത്യക്ഷപ്പെടുന്നു എന്നുള്ളത് അത് യേശുവിന്റെ സഭയാണ് എന്നതിന് തെളിവല്ല. ശ്രീ. എം. മുകുന്ദന്റെ വാക്കുകൾ ഇവിടെ ഓർമ്മയിലെത്തുകയാണ്. ''ബോളിവുഡ് സിനിമാസെറ്റുപോലെ ആഡംബരസൗധങ്ങളായി മാറിയിരിക്കുകയാണ് മിക്കക്ഷേത്രങ്ങളും. ഇപ്പോൾ ക്ഷേത്രങ്ങളിൽ നിന്ന് ദൈവങ്ങൾ ബഹിഷ്കൃതരാകുകയോ പിടിച്ചിറക്കപ്പെടുകയോ ചെയ്തിരിക്കുകയാണ്. അവിടെയിപ്പോൾ പൂജാരിയും ഭണ്ഡാരങ്ങളും മാത്രമേയുള്ളു. ദൈവങ്ങളെ ക്ഷേത്രങ്ങളിലേക്ക് തിരിച്ചുകൊണ്ടുവരണം''. ക്ഷേത്രങ്ങളെക്കുറിച്ച് ശ്രീ. എം. മുകുന്ദൻ പറഞ്ഞവ പല ക്രൈസ്തവസമൂഹങ്ങളെ സംബന്ധിച്ചും അന്വർത്ഥമല്ലേ ? യേശുക്രിസ്തുവിൽനിന്നും അവന്റെ തിരുഹിതത്തിൽനിന്നും അമ്പേ അകന്ന് ആത്മാവില്ലാതെ വെറും ജഡമായി പുഷ്ടിപ്പെട്ടുനിൽക്കുന്ന അവസ്ഥയാണ് പല ക്രൈസ്തവ സഭകളുടേതും.

ക്രൈസ്തവർ കലഹിച്ചുനിന്ന് കാലഹരണപ്പെടുന്ന കാഴ്ചയാണ് വർത്തമാനകാലകേരളം കാണുന്നത്. ഐക്യത്തിന്റെ, ആത്മാവിന്റെ ആവാസം കേരള ക്രൈസ്തവസമൂഹങ്ങളുടെമേൽ ശക്തമായി ഉണ്ടാകുവാൻ പ്രാർത്ഥിക്കുവാനുള്ള കരണീയമായ കാലത്താണ് നാം ജീവിക്കുന്നത്. ഭിന്നതയുടെ ഭാഷ സംസാരിക്കുന്നവരെ നമുക്ക് അവഗണിക്കാം, ഐക്യത്തിന്റെ ഭാഷ സംസാരിക്കുന്നവരെ പിൻചെല്ലാം.

ഐക്യത്തിന്റെ രൂപവും ഭാവവുമല്ല നമ്മുടെ ലക്ഷ്യം, യഥാർത്ഥ ഐക്യമാണ്. ഐക്യമെന്നത് ദൈവികമനസ്സ് സാർത്ഥകമാക്കുകയാണ്. ചരിത്രത്തിൽ പത്രോസിന്റെ പിൻഗാമിയുമായുള്ള സംസർഗ്ഗകൂട്ടായ്മയിൽ നിന്നകന്നുപോയ സഭകളുടെ ഇന്നത്തെ സ്ഥിതി എന്താണ്? അവർ നിറവേറ്റുന്ന സുവിശേഷ ശുശ്രൂഷ എത്രമാത്രമാണ് ? തണ്ടിൽനിന്നും മാറ്റപ്പെട്ട ശിഖരങ്ങൾ വരണ്ട് ഉണങ്ങിപ്പോകുന്നു എന്ന സാമാന്യതത്വമല്ലേ നാമിവിടെയെല്ലാം കാണുന്നത് ? അവയൊക്കെ അന്യംനിന്നുപോകാതെ സംരക്ഷിക്കേണ്ട സ്ഥിതിയിലല്ലേ ?



www.malankaralibrary.com

പത്രോസിന്റെ പിൻഗാമിയുമായി സംസർഗ്ഗത്തിലായാൽ സഭാ പൂർണ്ണതയിലെത്താമെന്നും അതുവഴി വളരെ വിലയേറിയ ശുശ്രൂഷ ദൈവജനത്തിനു കാഴ്ചവയ്ക്കുവാൻ സാധിക്കുമെന്നുള്ളതിന്റെ സജീവസാക്ഷ്യമല്ലേ മലങ്കര സുറിയാനി കത്തോലിക്കാസഭ ? മലങ്കര സഭാമക്കളെല്ലാവരും ഈ പൂർണ്ണസംസർഗ്ഗത്തിലായാൽ ചെയ്യാൻ സാധിക്കുന്ന ശുശ്രൂഷയുടെ വൈപുല്യത്തെക്കുറിച്ചും സഭാപരമായ പൂർണ്ണതയെക്കുറിച്ചുമല്ലേ ഐക്യം ആഗ്രഹിക്കുന്നവർ പറയുന്നത്. ഐക്യത്തിൽനിന്ന് ദൈവമക്കൾക്ക് ലഭ്യമാകേണ്ട ശുശ്രൂഷകൾ ഭിന്നിച്ചുനിന്ന് നഷ്ടപ്പെടുത്തുന്നത് ദൈവതിരുമുമ്പിൽ ഏറ്റുപറയേണ്ട അപരാധമല്ലേ?

ഈ ആത്മബോധം നഷ്ടപ്പെട്ടാൽ സഭയില്ലാതാകും. “ആത്മബോധം കൈവിടുന്ന സമൂഹം ജീർണ്ണിക്കാൻ അധികസമയം വേണ്ട” എന്ന് ഖലീൽ ജീബ്രാൻ പറഞ്ഞത് പല പൗരസ്ത്യസഭകളിലും പരിപൂർണ്ണമായി ശരിയെന്നു കാണാൻ സാധിക്കും. ഭിന്നിച്ച സമൂഹങ്ങൾക്ക് സഭയുടെ സ്വത്വം നഷ്ടമായിരിക്കുന്നു. നഷ്പ്പെട്ട സ്വത്വം തിരികെ ലഭിക്കേണ്ടത് സഭാപൂർണ്ണതയ്ക്ക് അനിവാര്യമാണ്. ഐക്യപ്രക്രിയയിലൂടെ നേടിയെടുക്കുവാനുള്ളതിതാണ്. ഐക്യത്തിനുവേണ്ടി പ്രാർത്ഥിക്കാം. ഐക്യസംഭാഷണങ്ങളും സംവാദങ്ങളും ശക്തിപ്പെടുത്താം.

■



www.malankaralibrary.com

# പുരോഹിതൻ

**മുൻകുറി**

പാശ്ചാത്യ സുറിയാനി പാരമ്പര്യത്തിൽ സാധാരണ ദിവസങ്ങളിലെ പ്രാർത്ഥനകൾ ഉൾക്കൊള്ളുന്ന "ശ്ഹീമ്മോ" നമസ്കാരത്തിൽ മെൻഓലം ഭാഗത്തിൽ ശനിയാഴ്ച മൂന്നാം മണിയുടെ പ്രാർത്ഥനയിൽ നാം ഇപ്രകാരം ചൊല്ലുന്നു.

"രാജത്വം ആചാര്യത്വം ഇരുസ്ഥാനങ്ങൾ
അവയീന്നൊഴുകിടുന്നല്ലോ-നിയമ-ശാസനകൾ
രാജത്വമതീന്നുത്ഭൂതം ലൗകി-കനിയമം
ആചാര്യത്വമതീന്നല്ലോ ദിവ്യ-കല്പനകൾ
രാജാക്കൾക്കധികാരം ഭൂമൗ-
ആചാര്യർക്കോ ഭൂവാനുകളിൽ
ആചാര്യത്വമതുന്നതമായി സ്ഥാപിച്ചോൻ സ്തുത്യൻ"

രാജാക്കന്മാർക്ക് ഭൂമിയിൽ ലൗകികാധികാരം മാത്രമുള്ളപ്പോൾ ആചാര്യന്മാർക്ക് ഭൂമിയിലും സ്വർഗത്തിലും അധികാരമുള്ളതായി നാം കാണുന്നു. മഹത്തരമായ ആചാര്യത്വത്തെക്കുറിച്ചുള്ള ചില ചിന്തകളാണ് തുടർന്നുള്ള പേജുകളിലൂടെ പങ്കുവയ്ക്കുന്നത്.

**വൈദികന്റെ മഹത്വം**

നാലാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന "പരിശുദ്ധാത്മാവിന്റെ കിന്നരം" എന്ന അപരനാമത്തിൽ അറിയപ്പെടുന്ന മാർ അപ്രേം ഇപ്രകാരം പാടുന്നു: "അമ്മേ, എന്നോടു പരിഭവം തോന്നരുതേ: നിനക്ക് ഒരു പ്രാവശ്യമല്ലേ യേശുവിനു ജന്മം നല്കി കൈകളിലെടുക്കുവാൻ കഴിഞ്ഞുള്ളൂ. എന്നാൽ ഒരു വൈദികൻ എത്രപ്രാവശ്യമാണ് യേശുവിനെ (കൂദാശാപരമായി) ജനിപ്പിച്ച് കൈകളിൽ എടുക്കുന്നത്? അതുകൊണ്ട് പൗരോഹിത്യത്തിന്റെ കാര്യത്തിൽ നിന്നെക്കാൾ എത്രയോ ഭാഗ്യപ്പെട്ടവനാണ് ഒരു വൈദികൻ". ഇതേ ചിന്തയുടെ പശ്ചാത്തലത്തിലാണ് "രണ്ടാം ക്രിസ്തു" എന്നറിയപ്പെടുന്ന അസ്സീസിയിലെ വിശുദ്ധ ഫ്രാൻസിസ് പറഞ്ഞത്: "വൈദികനെയും മാലാഖയെയും ഒരുമിച്ചു കണ്ടാൽ ഞാൻ ആദ്യം വൈദികന്റെ കരം ചുംബിക്കും" എന്ന്. പൗരോഹിത്യത്തിന്റെ ഔന്നത്യം ഗ്രഹിച്ച അദ്ദേഹം പറഞ്ഞു: "തിരുപ്പട്ടം സ്വീകരിക്കുവാൻ ഞാൻ അയോഗ്യനാണ്". അതുകൊണ്ട് മരണം വരെ എളിയ സഹോദരനായി തുടർന്നു വിശുദ്ധ



www.malankaralibrary.com

ഫ്രാൻസിസ്. വിശുദ്ധ കുർബാന സ്വീകരിക്കുമ്പോൾ വൈദികൻ രഹസ്യമായി ചൊല്ലുന്ന ഒരു പ്രാർത്ഥന ഇപ്രകാരമാണ്: "അഖിലാണ്ഡങ്ങളെ വഹിക്കുന്നവനെ ഞാൻ കരങ്ങളിലെടുക്കുന്നു; ആഴങ്ങളെ ഭരിക്കുന്നവനെ എന്റെ വായിൽ നിന്നെ ഞാൻ സ്വീകരിക്കുന്നു". നോക്കുക പുരോഹിതന്റെ സ്ഥാനം എത്ര ഉന്നതം, അവന്റെ അധികാരം എത്ര ശ്രേഷ്ഠം. ലോകപ്രസിദ്ധ റേഡിയോ പ്രഭാഷകനായിരുന്ന അമേരിക്കൻ മെത്രാൻ ദൈവദാസൻ ഫുൾട്ടൻ ജെ. ഷീൻ പറയുന്നു: "ഭൂമിയിൽ നിലയുറപ്പിച്ചതും സ്വർഗത്തെ തൊട്ടു നിൽക്കുന്നതും മാലാഖമാർ കയറിയിറങ്ങുന്നതുമായ ഗോവേണിയാണ് പുരോഹിതൻ". പൗലോ കൊയ്‌ലോയുടെ വാക്കുകൾ ശ്രദ്ധിക്കുക; "ഉറയിൽ നിന്നു വാളൂരാതെ തന്റെ ശക്തി തെളിയിക്കുന്നവനാണ് പുരോഹിതൻ (പ്രവാചകൻ). അവന്റെ വാക്കുകൾക്ക് മാരകമായ ആയുധത്തെക്കാൾ ശക്തിയുണ്ട്". പുരോഹിതന്റെ ഓരോ വചനവും ക്രിസ്തുനാമത്തിന്റെ ആധികാരികതയോടെയായതിനാൽ ദൈവം അതു നിറവേറ്റും. പുരോഹിതൻ ഒരത്ഭുതമാണ്. അവന്റെ വാക്കുകൾക്കുമേൽ ദൈവം പോലും കീഴ്പെടുന്നു. "കർത്താവ് അരുളിച്ചെയ്യുന്നു. എനിക്ക് ഇഷ്ടപ്പെട്ട ഇടയന്മാരെ ഞാൻ നിങ്ങൾക്കു തരും. അവർ ജ്ഞാനത്തോടും വിവേകത്തോടും കൂടെ നിങ്ങളെ പാലിക്കും" (ജറമിയ 3:15). ക്രൈസ്തവന്റെ ജീവിതത്തിലുടനീളം അലിഞ്ഞു ചേർന്നിരിക്കുന്നവനാണ് പുരോഹിതൻ. ഉറയ്ക്കാത്ത ഉച്ചിയിൽ മാമ്മോദീസാ ജലം ഒഴിച്ച് ഒരു പൈതലിനെ നിത്യജീവനിലേക്ക് ഉണർത്തുന്നതു മുതൽ ഒരു പിടി മണ്ണിട്ട് അവനെ നിത്യതയിലേക്ക് യാത്രയാക്കുന്നതുവരെ മാറ്റി നിർത്താനാവാത്തവിധം ഓരോ ക്രൈസ്തവനോടും ചേർന്നു നിൽക്കുന്ന പുരോഹിതൻ. ഒ.എൻ.വിയുടെ കവിതയിലെ നാല് വരി ഇവിടെ ചിന്തനീയമാണ്:

"കഞ്ഞിയിൽ ഒരു നുള്ള് ഉപ്പുപോലെ
ചില ജീവിതങ്ങൾ അലിഞ്ഞു ചേരുന്നു
വേറിട്ടു നിൽക്കാനായി അവർ ഇഷ്ടപ്പെടുന്നില്ല
എന്നിട്ടും എല്ലായിടത്തും അവരുണ്ടല്ലോ"

**മുമ്പിൽ നിൽക്കുന്നവൻ**

പുര:സ്ഥിത (മുമ്പിൽ സ്ഥിതി ചെയ്യുന്ന) ആളാണ് പുരോഹിതൻ. പുരത്തിന് ഹിതത്തെ ചെയ്യുന്നവൻ ആരോ അവനാണ് പുരോഹിതൻ. പുരം എന്ന വാക്കിന് ശരീരം, വ്യക്തി, ഗ്രാമം, നഗരം, സമൂഹം, പ്രപഞ്ചം എന്നൊക്കെ അർത്ഥം കല്പിക്കാൻ സാധിക്കും. ഈ അർത്ഥത്തിൽ വ്യക്തിക്കും സമൂഹത്തിനും പ്രപഞ്ചത്തിനും ഹിതത്തെ ചെയ്യുന്നവനാണ്



www.malankaralibrary.com

പുരോഹിതൻ. ഹിതം എന്നാൽ ശ്രേയസ്കരം എന്നു സാരം. ഇന്ദ്രിയ മനസുകൾക്ക് ശാശ്വത സുഖം നൽകുന്ന കർമമാണ് ശ്രേയസ്. ഈ ശ്രേയസ് നൽകുന്നവനാണ് പുരോഹിതൻ. ശാശ്വതസുഖം എന്നാൽ പ്രപഞ്ചത്തെ നാശത്തിൽ നിന്നും സംരക്ഷിക്കുക എന്നും അർത്ഥം കല്പിക്കാം. മനുഷ്യനെ (സൃഷ്ടിയെ) രക്ഷിക്കുന്നതിനുവേണ്ടി കർമം അനുഷ്ഠിക്കുന്നവനാണ് പുരോഹിതൻ. യേശു (രക്ഷകൻ) പിറന്നത് ഈ രക്ഷണീയ കർമ്മത്തിനാണല്ലോ. യേശുവിന് പ്രപഞ്ച ശക്തികളുടെ മേലും പൈശാചിക ശക്തികളുടെ മേലും അധികാരം ഉണ്ട്. "എല്ലാവരും അത്ഭുതപ്പെട്ടു പരസ്പരം പറഞ്ഞു. എന്തൊരു വചനമാണിത്! ഇവൻ അധികാരത്തോടും ശക്തിയോടും കൂടെ അശുദ്ധാത്മാക്കളോട് കല്പിക്കുകയും അവ വിട്ടു പോവുകയും ചെയ്യുന്നുവല്ലോ" (ലൂക്ക: 4/36). "അവർ ആശ്ചര്യപ്പെട്ടു പറഞ്ഞു. ഇവൻ ആര്? കാറ്റും കടലും പോലും ഇവനെ അനുസരിക്കുന്നുവല്ലോ". (മത്തായി 8/27).

**ദൈവരാജ്യത്തിന്റെ ശുശ്രൂഷകൻ**

സകലർക്കും ശ്രേയസ് ലഭിക്കുന്ന അവസ്ഥയാണ് ദൈവരാജ്യം. യേശു വന്നത് ഈ ദൈവരാജ്യം ഭൂമിയിൽ സ്ഥാപിക്കാൻ. തന്റെ ഈ ദൗത്യം യേശുനാഥൻ ശിഷ്യരെ ഏല്പിച്ചു. അതിനുള്ള അധികാരവും അവർക്കു നൽകി. "... പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയക്കുന്നു. ഇതു പറഞ്ഞിട്ട് അവൻ അവരുടെ മേൽ നിശ്വസിച്ചുകൊണ്ട് അവരോട് അരുൾ ചെയ്തു. നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ. നിങ്ങൾ ആരുടെ പാപങ്ങൾ ക്ഷമിക്കുന്നുവോ അവ അവരോട് ക്ഷമിക്കപ്പെട്ടിരിക്കും. നിങ്ങൾ ആരുടെ പാപങ്ങൾ ബന്ധിക്കുന്നുവോ അവ ബന്ധിക്കപ്പെട്ടിരിക്കും" (യോഹ. 20:21-23). ദൈവരാജ്യം ഭൂമിയിൽ സ്ഥാപിക്കുവാനുള്ള അധികാരം യേശു ശിഷ്യർക്കു കൈമാറി, അത് സഭയിലൂടെ വൈദികന് ലഭിക്കുന്നു. കൈവയ്പു വഴി തിന്മയുടെ മേൽ വൈദികന് അധികാരം ലഭിക്കുന്നു. തന്റെ ജനത്തെ സംരക്ഷിക്കാൻ ദൈവരാജ്യത്തിന്റെ സന്തോഷത്തിൽ ജീവിക്കാൻ ദൈവം നല്കിയ അധികാരമാണത്. വിശുദ്ധ പൗലോസിന്റെ ശരീരസ്പർശമേറ്റ തൂവാല സ്പർശിച്ചവർപോലും സൗഖ്യമായ സംഭവം ഇവിടെ സ്മരണീയമാണ്.

**ആത്മാവിനെ ജ്വലിപ്പിക്കുന്നവൻ**

യേശുനാഥൻ പറയുന്നത് താൻ വന്നിരിക്കുന്നത് ഭൂമിയിൽ തീയിടാനാണെന്നാണ്. ദൈവത്തിന്റെ ആത്മാവിനെ ലോകത്തിനു നല്കാനാ



www.malankaralibrary.com

ണല്ലോ യേശു വന്നത്. ഈ ആത്മാവിനെയാണ് സഭയിലൂടെ, പുരോഹിതശുശ്രൂഷയിലൂടെ ഇന്നും ചൊരിയപ്പെടുന്നത്. പൗലോസ് ശ്ലീഹാ പറയുന്നുണ്ട് "ആത്മാവിനെ നിങ്ങൾ നിർവീര്യമാക്കരുത്" (1 തെസ.5/19) എന്ന്. ഈ അഗ്നി അണഞ്ഞു പോകാതെ തെളിച്ചു നിർത്തേണ്ടത് പുരോഹിതന്റെ ചുമതലയാണ്. ബലിപീഠത്തിൽ ഉപയോഗിക്കുന്ന അഗ്നി മനുഷ്യ നിർമ്മിതമല്ല. ആകാശത്തുനിന്ന് ദൈവം നൽകിയതാണ്. "കർത്താവിന്റെ സന്നിധിയിൽ നിന്ന് അഗ്നി പുറപ്പെട്ട് ബലിപീഠത്തിലിരുന്ന ദഹനബലിയും മേദസും ദഹിപ്പിച്ചു. ഇതു കണ്ടപ്പോൾ ജനമെല്ലാം ആർത്തു വിളിച്ച് സാഷ്ടാംഗം വീണു" (ലേവ്യർ: 9/24). ബലി പീഠത്തിലെ അഗ്നി നിരന്തരം കത്തിക്കൊണ്ടിരിക്കണം. അതു കെട്ടുപോകരുത്" (ലേവ്യർ 6/13). അഗ്നിയുടെ പ്രവണത അണഞ്ഞു പോകാനാണ്. പുരോഹിതന്റെ ചുമതലയാണ് അതിനെ അണയാതെ ജ്വലിപ്പിച്ചു നിർത്തുക എന്നത്. തീ കത്തുന്ന എന്തെങ്കിലും കൊണ്ടേ തീ പകരാൻ സാധിക്കുകയുള്ളൂ. തീ കെടുത്തുന്ന ഘടകങ്ങളെ ഇല്ലാതാക്കി തീ ജ്വലിപ്പിക്കുന്ന ഘടകങ്ങളെ ബലപ്പെടുത്തുക. ഇതാണ് പുരോഹിതൻ ചെയ്യേണ്ടത്.

**വേർതിരിക്കപ്പെട്ടവൻ**

ദൈവം പ്രത്യേകമായി തെരഞ്ഞെടുത്തു നിയോഗിച്ചവരാണ് പുരോഹിതർ. ആത്മീയവും ഭൗതികവുമായ എല്ലാ രംഗങ്ങളിലും ദൈവജനത്തെ നയിക്കുവാനായി വിളിക്കപ്പെട്ടവരാണവർ. തന്റെ തിരുശരീര രക്തങ്ങളാകുന്ന ദിവ്യരഹസ്യങ്ങളുടെ ശുശ്രൂഷകരാകുവാൻ ക്രിസ്തു അവരെ സമൂഹത്തിൽ നിന്നും വേർതിരിച്ചു. പ്രത്യേക വസ്ത്രവും അടയാളമായി നൽകിയിരിക്കുന്നു. "പുരോഹിതനായി എനിക്കു ശുശ്രൂഷ ചെയ്യുവാൻ വേണ്ടി അഹറോനെയും പുത്രന്മാരെയും അഭിഷേകം ചെയ്യുകയും വേർതിരിച്ചു നിർത്തുകയും ചെയ്യുക" (പുറ. 30/30) എന്ന തിരുവചനം നൂറ്റാണ്ടുകളിലൂടെ ആവർത്തിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. വിശുദ്ധ പൗലോസ് ശ്ലീഹാ വീണ്ടും പറയുന്നു "അവിടുന്നു ഞങ്ങളെ ആത്മാവിനാൽ പുതിയ ഉടമ്പടിയുടെ ശുശ്രൂഷകരാകുവാൻ യോഗ്യമാക്കിയിരിക്കുന്നു" (2 കോരി. 3/6). പൗരോഹിത്യത്തിന്റെ മഹത്വത്തെക്കുറിച്ച് സംഖ്യാ പുസ്തകം 16/9-ൽ ഇപ്രകാരം വായിക്കുന്നു. "കർത്താവിന്റെ കൂടാരത്തിൽ ശുശ്രൂഷ ചെയ്യുവാനും സമൂഹത്തിനു മുമ്പിൽ നിന്നു സേവനം അനുഷ്ഠിക്കാനും ഇസ്രായേലിന്റെ ദൈവം സമൂഹത്തിൽ നിന്നു നിങ്ങളെ വേർതിരിച്ചത് നിസ്സാരകാര്യമാണോ?". പുരോഹിതൻ സൈന്യങ്ങളുടെ കർത്താവിന്റെ ദൂതനാണ് (മലാക്കി 2/7). ദൈവത്തിന്റെ കണ്ണിലെ



www.malankaralibrary.com

കൃഷ്ണമണിയാണവൻ. "നിങ്ങളെ സ്പർശിക്കുന്നവൻ അവിടുത്തെ കൃഷ്ണമണിയെയാണ് സ്പർശിക്കുന്നത് (സഖറിയ 2/8). ദൈവത്തിന്റെ വിരലിലെ മുദ്രമോതിരമാണവൻ. "അന്നു ഞാൻ നിന്നെ എന്റെ മുദ്ര മോതിരം പോലെയാക്കും. എന്തെന്നാൽ ഞാൻ നിന്നെ തെരഞ്ഞെടുത്തിരിക്കുന്നു..." (ഹഗ്ഗായി 2/23). അവൻ ദൈവത്തിന്റെ പ്രവാചകനാണ് (2 ദിനവൃത്താന്തം 20/20). കർത്താവിന്റെ കൂടാരത്തിലെ ശുശ്രൂഷകനാണവൻ.

ദൈവം കൂടെയുണ്ട് എന്നതാണ് പുരോഹിതന്റെ ശക്തി. 'ഞാൻ ലോകാവസാനത്തോളം നിങ്ങളോടു കൂടെ ഉണ്ടായിരിക്കും' എന്നാണല്ലോ യേശുനാഥന്റെ വാഗ്ദാനം. ദൈവം കൂടെ ഇല്ലെങ്കിൽ ശക്തി നഷ്ടപ്പെടുകയും ചെയ്യും. സാംസന്റെ ചരിത്രം നമുക്ക് പാഠമാണ്. 'ദൈവത്തിന്റെ ആത്മാവ് തന്നെ വിട്ട് ദാവീദിനെ അഭിഷേകം ചെയ്തു എന്നു കണ്ട സാവൂൾ ദാവീദിനെ ഭയപ്പെട്ടു. ദൈവം കൂടെയുള്ളവന്റെ ശക്തിയും ഇല്ലാത്തവന്റെ ബലഹീനതയും സാവൂൾ നന്നായി മനസിലാക്കിയിരുന്നു.

കർത്താവിന്റെ തെരഞ്ഞെടുക്കപ്പെട്ടവനാണ് പുരോഹിതൻ. പ്രത്യേക അധികാരങ്ങൾ അവന് നൽകുന്നു. പ്രത്യേക ചുമതലകൾ ഭരമേല്പിക്കുന്നു. അവ നിറവേറ്റാനുള്ള ശക്തി പ്രദാനം ചെയ്യുന്നു. അവന്റെ ശത്രുക്കളെ നശിപ്പിച്ച് വിജയം നൽകുന്നു. കർത്താവു തന്നെയായിരിക്കും അവന്റെ ഓഹരിയും അവകാശവും. അഹറോന്റെ തെരഞ്ഞെടുപ്പിനെയും നിയമനത്തെയും വിവരിക്കുന്ന വിശുദ്ധ ഗ്രന്ഥഭാഗം ഇതു വ്യക്തമാക്കുന്നു. പ്രഭാഷകൻ 45/6-22 –ൽ നാം കാണുന്നു. അഹറോനെ അവിടുന്ന് തെരഞ്ഞെടുത്തു. പൗരോഹിത്യം അവനു നൽകി. വിശേഷ വസ്ത്രങ്ങൾ അവനെ അണിയിച്ചു. പ്രത്യേക അധികാരങ്ങൾ അവനു നല്കി. ബലിയർപ്പിക്കാൻ, ജനത്തെ ആശീർവദിക്കാൻ, പ്രമാണങ്ങൾ ജനത്തെ പഠിപ്പിക്കാൻ, വിധി പ്രസ്താവിക്കാൻ. ശത്രുക്കളെ നശിപ്പിച്ചു, ആദ്യഫലങ്ങൾ അവന് അനുവദിച്ചു കൊടുത്തു. എന്നാൽ, ദേശത്ത് അവനു യാതൊരു അവകാശവും ഓഹരിയും ഉണ്ടായിരിക്കുകയില്ല. കർത്താവു തന്നെയാണ് അവന്റെ ഓഹരിയും അവകാശവും. നഷ്ടപ്പെടുത്തലിന്റെ ബലി ജീവിതമാണ് പൗരോഹിത്യം ആവശ്യപ്പെടുന്നത്. ദൈവത്തിനുവേണ്ടിയുള്ള നഷ്ടപ്പെടുത്തൽ. "സ്വന്തം ജീവൻ കണ്ടെത്തുന്നവൻ അതു നഷ്ടപ്പെടുത്തും. എന്നെ പ്രതി സ്വന്തം ജീവൻ നഷ്ടപ്പെടുത്തുന്നവൻ അതു കണ്ടെത്തും" (മത്തായി 10/39).

**ജനത്തിനുവേണ്ടി മധ്യസ്ഥത വഹിക്കുന്നവൻ**

കസൻദ്‌ സാക്കീസ് തന്റെ ഒരു കൃതിയിൽ ഒരു ഗ്രാമീണ പുരോഹി



www.malankaralibrary.com

തനെ പരിചയപ്പെടുത്തുന്നത് ഇപ്രകാരമാണ്. "വാക്കുകളിട്ട് അമ്മാന മാടുന്ന മാന്ത്രികനായിരുന്നില്ല ഞങ്ങളുടെ വികാരിയച്ചൻ; പണ്ഡിത സമ്മേളനങ്ങളും നടത്തിയിരുന്നില്ല; എങ്കിലും അദ്ദേഹം സംസാരിക്കു മ്പോൾ അത്തിവൃക്ഷച്ചോട്ടിലിരുന്നു സംസാരിച്ച നസ്രായന്റെ അതേ കണ്ണുകൾ അദ്ദേഹത്തിൽ കണ്ടിരുന്നു". യേശുവിനെയാണ് വൈദികനിൽ കാണാൻ ആൾക്കാർ ആഗ്രഹിക്കുന്നത്. ജി.കെ. ചെസ്റ്റേർട്ടന്റെ ഫ്രാൻസിസ് അസ്സീസിയെക്കുറിച്ചുള്ള കൃതിയിൽ ഇങ്ങനെ ഒരു വാച കമുണ്ട്. "ഫ്രാൻസിസ് ദൈവത്തിന്റെ അനന്തകാരുണ്യമായി ഞങ്ങൾക്കി ടയിലൂടെ നടന്നു. അപ്പോൾ ക്രിസ്തു സത്യമായും ഉയിർത്തെഴുന്നേറ്റു എന്നു ഞങ്ങൾ വിശ്വസിച്ചു". ദൈവത്തിന്റെ കാരുണ്യത്തിന്റെ മുഖമാണ് പുരോഹിതൻ. വൈദികന്റെ തപസും പ്രാർത്ഥനയും ദൈവജനത്തിനു ശക്തിയും ബലവും നൽകുന്നതായിരിക്കണം. ഒരു പഴയകാല സിനിമ യിലെ ഒരു ഗാനം ഓർമ്മ വരുന്നു.

"പണ്ടൊരു മുക്കുവൻ മുത്തിനു പോയി
പടിഞ്ഞാറൻ കാറ്റത്തു മുങ്ങിപോയി
അരയത്തിപ്പെണ്ണു തപസ്സിരുന്നു
അവനെ കടലമ്മ കൊണ്ടുവന്നു" -ചെമ്മീൻ

മുക്കുവത്തി വ്രതമെടുത്താൽ മുക്കുവനു കടലിൽ ആപത്തുണ്ടാകില്ല എന്നാണവരുടെ വിശ്വാസം. ജനത്തിനുവേണ്ടി ദൈവതിരുമുമ്പിൽ മധ്യ സ്ഥത വഹിക്കേണ്ടവനാണ് പുരോഹിതൻ. ഇസ്രായേൽ ജനത്തിനു വേണ്ടി യഹോവയുടെ സമക്ഷം മോശ മധ്യസ്ഥം വഹിക്കുന്നുണ്ട്. സോദോം ഗോമോറ പട്ടണങ്ങൾക്കുവേണ്ടി അബ്രഹാം മധ്യസ്ഥം വഹി ക്കുന്നുണ്ട്. അബ്രഹാം, ഇസഹാക്ക്, യാക്കോബ് ഇവരോടുള്ള ഉടമ്പടി അനുസ്മരിച്ച് ദൈവം ഇസ്രായേൽക്കാരെ ഈജിപ്തിൽ നിന്നു വിടു വിച്ച് തിരികെ കൊണ്ടുവരുന്നു. "നമ്മുടെ അതിക്രമങ്ങൾക്കുവേണ്ടി അവൻ മുറിവേല്പിക്കപ്പെട്ടു. നമ്മുടെ അകൃത്യങ്ങൾക്കുവേണ്ടി ക്ഷത മേല്പിക്കപ്പെട്ടു. അവന്റെ മേലുള്ള ശിക്ഷ നമുക്ക് രക്ഷ നൽകി. അവന്റെ ക്ഷതങ്ങളാൽ നാം സൗഖ്യം പ്രാപിച്ചു" (ഏശ. 53/5). ചരിത്രത്തിൽ നിന്ന് ഒരു സംഭവം: ഒരു പാതിരാ സമയം ഫ്രാൻസിലെ ലൂയീസ് രാജാവ് കടൽ യാത്രയിലാണ്. കപ്പൽ കോളിളക്കത്തിൽപെട്ടു. യാത്രികർ പരിഭ്രാന്തരായി. ഭക്തനായ രാജാവു പറഞ്ഞു. 'ഭയപ്പെടേണ്ട, ഇപ്പോൾ ക്ലാരയും സഹോ ദരിമാരും ഉണർന്നിരുന്നു പ്രാർത്ഥിക്കുന്ന സമയമാണ്". സഭയിൽ വിശ്വാ സികൾക്ക് ഉറക്കെ പറയാൻ സാധിക്കണം എനിക്കാപത്തുണ്ടാകുകയില്ല, കാരണം ഞങ്ങളുടെ വൈദികരും സന്യസ്തരും ഉണർന്നിരുന്നു പ്രാർത്ഥി



www.malankaralibrary.com

ക്കുകയാണ്. ഇടവകക്കാർക്കു പറയാൻ സാധിക്കണം, എനിക്കപകടം ഉണ്ടാകില്ല. ഞാൻ രക്ഷപെടും. എന്റെ വികാരിയച്ചൻ ഉണർന്നിരുന്നു പ്രാർത്ഥിക്കുകയാണ്.

**ജനത്തെ വിശുദ്ധീകരിക്കുന്നവൻ**

ജനത്തിന്റെ വിശുദ്ധീകരണം ഇടയന്റെ ധർമ്മമാണ്. ജോബിന്റെ ജീവിതം ഇവിടെ ഒരു മാതൃകയാണ്. ജോബിന്റെ മക്കൾ വിരുന്നു നടത്തുക പതിവായിരുന്നു. ഓരോ വിരുന്നിനും ശേഷം മക്കൾ തെറ്റെന്തെങ്കിലും ചെയ്തിട്ടുണ്ടാകുമോ എന്നു കരുതി പിതാവ് മക്കളെ വിളിച്ചുകൂട്ടി വിശുദ്ധീകരണ പ്രാർത്ഥന നടത്തുമായിരുന്നു, കുടുംബത്തിന്റെ ദൈവബന്ധം നഷ്ടമാകാതിരിക്കാൻ. അതുകൊണ്ട് ദൈവം ജോബിന്റെ കുടുംബത്തെ അനുഗ്രഹിച്ചതായി നാം വിശുദ്ധ ഗ്രന്ഥത്തിൽ കാണുന്നു. "അങ്ങ് അവനും അവന്റെ ഭവനത്തിനും സമ്പത്തിനും ചുറ്റും വേലികെട്ടി സുരക്ഷിതത്വം നല്കി. അവന്റെ പ്രവർത്തികളെ അനുഗ്രഹിച്ചു; അവന്റെ സമ്പത്ത് വർധിപ്പിക്കുകയും ചെയ്തു" (ജോബ് 1/10). ദൈവത്തിൽ നിന്നകലുന്ന ജനത്തിനുവേണ്ടി വിശുദ്ധീകരണ പ്രാർത്ഥന നടത്താൻ വിളിക്കപ്പെട്ടവനാണ് വൈദികൻ.

**ദൈവസ്നേഹ പ്രഘോഷകൻ**

1994 പരിശുദ്ധ കത്തോലിക്കാ സഭ കുടുംബവർഷം ആചരിച്ചപ്പോൾ പരിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പാ കുടുംബങ്ങൾക്കെഴുതിയ കത്തിൽ മാതാപിതാക്കളോട് ഇപ്രകാരം പറയുന്നു. "പ്രിയ മാതാപിതാക്കളെ, നിങ്ങളുടെ മക്കളിൽ ഒരാളെ എനിക്കു തരണം. ആണായാലും പെണ്ണായാലും. ഒരു കുഞ്ഞിനെ ഞാൻ ആവശ്യപ്പെടുന്നത് എന്തിനാണെന്ന് നിങ്ങൾക്കറിയാമോ? ദൈവസ്നേഹത്തെപ്പറ്റി അവരിലൂടെ ലോകമെങ്ങും പ്രഘോഷിക്കാൻ. അങ്ങനെ നിങ്ങൾ തരുന്ന മകൻ/മകൾ നിങ്ങളുടെ കുടുംബത്തിന് വലിയൊരു അനുഗ്രഹമായിരിക്കും". ദൈവസ്നേഹത്തിന്റെ പ്രഘോഷകരും പ്രചാരകരും സാക്ഷികളുമാകുക വൈദികന്റെ ചുമതലയാണ്.

**ഉറവിടവുമായി ബന്ധിപ്പിക്കുന്നവൻ**

ജനത്തെ തങ്ങളുടെ ഉണ്മയുടെ ഉടയവനിലേക്കു നയിക്കുന്നവനായിരിക്കണം വൈദികൻ. വൃക്ഷങ്ങളുടെ വേരുപോലെയാണവൻ. ഉറവിടങ്ങളിലേക്കു യാത്ര ചെയ്യുന്ന ഒരു ചെടിയുടെ ഭാഗമാണ് 'വേര്'. ഉറവിടങ്ങളുമായി മരത്തെ നിരന്തര സമ്പർക്കത്തിലാക്കുന്നത് വേരാണ്. വേരില്ലെ



www.malankaralibrary.com

ങ്കിൽ ഉറവിടങ്ങളിലേക്ക് കടക്കാനാവില്ല. ഉറവിടങ്ങളുമായി ബന്ധമില്ലെങ്കിൽ ഉണങ്ങിപ്പോകും തീർച്ച. മുകളിലേക്കുള്ള വളർച്ചയ്ക്കും വികസനത്തിനും താഴെ നിന്നുള്ള ശക്തി നേടിക്കൊടുക്കുന്നത് വേരാണ്. വേരില്ലെങ്കിൽ മരത്തിനു മരണം തീർച്ച. ജനത്തെ ദൈവവുമായി ബന്ധിപ്പിച്ചു നിർത്തുന്നതും വളരാനാവശ്യമായ ജീവൻ സമ്പാദിച്ചു കൊടുക്കുന്നതും വൈദികന്റെ ദൗത്യമാണ്. പൗരോഹിത്യം ഇല്ലെങ്കിൽ വേരില്ലാത്ത വൃക്ഷംപോലെ സഭാ കൂട്ടായ്മ ഉണങ്ങിപ്പോകും. പൗരോഹിത്യത്തെ മാറ്റി നിർത്തിയിട്ട് യേശുവിന്റെ സഭയ്ക്ക് സഭയായി നിലനില്ക്കാൻ സാധ്യമല്ല.

മരത്തിന്റെ തളിരും കൊമ്പും പൂവും കായും ലോകം കാണുമ്പോൾ അല്പം പോലും സ്വയം പ്രദർശിപ്പിക്കാതെ മറഞ്ഞിരിക്കുകയാണ് വേര്. ഭൂമിക്കു കീഴ്പെട്ട്, കീഴടങ്ങി തീർത്തും അദൃശ്യനായി, അജ്ഞാതനായി കഴിയുന്നവൻ. തണ്ടിനും ഇലയ്ക്കും പൂവിനും കായ്ക്കും കാലമുണ്ട് അവധിക്കാലവുമുണ്ട്. പ്രവൃത്തിയില്ലാത്ത കാലങ്ങളുണ്ട്. സജീവമല്ലാത്ത കാലമുണ്ട്. വേരിന് അവധിക്കാലവും ഇടവേളകളുമില്ല. ആജീവനാന്ത സേവനമാണ്. വൈദികന്റെ ശുശ്രൂഷയ്ക്കും അവധിയും ഇടവേളകളുമില്ല. പലപ്പോഴും പുറത്ത് പ്രത്യക്ഷപ്പെടാതെ പ്രാർത്ഥനയും പരിത്യാഗവും മാധ്യസ്ഥവും വഴി ദൈവജനത്തെ നിരന്തരം ബലപ്പെടുത്തുകയും താങ്ങി നിർത്തുകയും ചെയ്യുന്ന ദൗത്യമാണ് വൈദികന്റേത്.

ജനത്തിന് ദൈവിക ജീവൻ വേണ്ടുവോളം കോരിയെടുക്കുവാൻ കഴിയുന്ന കിണറാവണം വൈദികൻ. നമ്മുടെ മുൻ രാഷ്ട്രപതി ഡോ. എ.പി.ജെ. അബ്ദുൾ കലാമിനോട് പത്രക്കാർ ഒരിക്കൽ ചോദിച്ചു: "കാലം അങ്ങയെ ആരായിട്ടായിരിക്കും ഓർക്കുക, രാഷ്ട്രപതി, മിസൈലുകളുടെ പിതാവ്, ആണവ ശാസ്ത്രജ്ഞൻ..." അബ്ദുൾ കലാം നല്കിയ മറുപടി: "ഈ കഥ എന്നോടൊപ്പം തീരും, ലൗകികമായി എനിക്കു പിന്തുടർച്ചാവകാശി ഇല്ല. ഞാനൊന്നും നേടിയിട്ടില്ല, നിർമിച്ചിട്ടില്ല, ഒന്നും കൈവശം വയ്ക്കുന്നില്ല. മഹത്തായ നാട്ടിലെ കിണറാണു ഞാൻ. ഒരിക്കലും വറ്റാത്ത കോരിയെടുക്കാൻ വരുന്ന കോടാനുകോടി യുവജനങ്ങളെ തേടുന്ന കിണര്" (അഗ്നിച്ചിറകുകൾ).

വിശുദ്ധ പൗലോസിന്റെ വാക്കുകളിൽ: "മനുഷ്യരിൽ നിന്നെടുക്കപ്പെട്ട മനുഷ്യർക്കുവേണ്ടി ദൈവകരങ്ങളിൽ നിയോഗിക്കപ്പെടുന്നവനാണ് വൈദികൻ". വിജയിക്കാനല്ല, വിശ്വസ്തനായിരിക്കാനാണ് അവൻ തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നത്.



www.malankaralibrary.com

**പ്രാർത്ഥനയുടെ മനുഷ്യൻ, പിൻബലം ആവശ്യമായവൻ**

വൈദികന്റെ കരം എപ്പോഴും ദൈവസന്നിധിയിലേക്ക് ഉയർന്നു നിൽക്കണം. അവൻ പ്രാർത്ഥനയുടെ മനുഷ്യനായിരിക്കണം. അവന്റെ ഉയർന്ന കരവും പ്രാർത്ഥനയുമാണ് ദൈവമക്കളുടെ വിജയത്തിന് അടിസ്ഥാനം. അവൻ പ്രാർത്ഥനയിൽ പിന്നോക്കം പോയാൽ, അവന്റെ കരം താണു പോയാൽ ദൈവമക്കൾക്കു പരാജയമായിരിക്കും. അമാലേക്യരുമായുള്ള യുദ്ധത്തിൽ മോശയുടെ കരങ്ങൾ ഉയർന്നു നിന്നപ്പോൾ വിജയം ഇസ്രായേലിനും മോശയുടെ കരങ്ങൾ താണുപോയപ്പോൾ വിജയം ശത്രുക്കൾക്കുമായിരുന്നു. ഇതു മനസിലാക്കിയ അഹറോനും ഹൂറും മോശയുടെ കരങ്ങൾ താണുപോകാതെ ഉയർത്തിപ്പിടിക്കാൻ സഹായിച്ചു. പ്രാർത്ഥിക്കുന്ന പുരോഹിതനാണ് ദൈവമക്കളുടെയും സഭയുടെയും വിജയത്തിനടിസ്ഥാനം. പുരോഹിതന്റെ കരങ്ങൾ താണുപോകാതെ, തളർന്നു പോകാതെ ഉയർത്തി നിർത്താൻ സഹായിക്കേണ്ടത് സഭാമക്കളുടെ കടമയാണ്. സഭാതനയരുടെ സഹകരണവും പിൻബലവുമാണ് വൈദികരുടെ ബലവും ശക്തിയും. "നീ കല്പിക്കുന്നതെല്ലാം ഞങ്ങൾ ചെയ്യാം. നീ അയക്കുന്നിടത്തൊക്കെയും ഞങ്ങൾ പോകാം. മോശയെ എന്നതുപോലെ ഞങ്ങൾ എല്ലാ കാര്യങ്ങളിലും നിന്നെ അനുസരിക്കും. നിന്റെ ദൈവമായ കർത്താവ് മോശയോടുകൂടെ എന്നതുപോലെ നിന്നോടുകൂടെയും ഉണ്ടായിരിക്കട്ടെ! നിന്റെ ആജ്ഞകൾ ധിക്കരിക്കുകയും നിന്റെ വാക്കുകൾ അനുസരിക്കാതിരിക്കുകയും ചെയ്യുന്നവൻ മരിക്കണം. നീ ധീരനും ശക്തനുമായിരിക്കുക" (ജോഷ്വാ 1:16-18).

മോശയുടെ മരണശേഷം തെരഞ്ഞെടുക്കപ്പെട്ട ജനത്തിന്റെ നായകനായി ദൈവം നിയമിച്ച ജോഷ്വായ്ക്ക് ജനം നൽകിയ സഹായവും സഹകരണവുമാണ് ഈ വാക്കുകളിൽ വ്യക്തമാകുന്നത്. സഭാ സമൂഹത്തിൽ നിന്ന് വൈദികർക്കുണ്ടാകേണ്ട സഹകരണവും ഇപ്രകാരമായിരിക്കണം. അപ്പോൾ സഭയുടെ സ്വർഗോന്മുഖമായ തീർത്ഥാടനം സുഗമമായിരിക്കും.

പിൻബലം നൽകേണ്ടവർ പിന്നിൽ നിന്നു വലിക്കുന്നവരാകരുത്. ഒരു ഉദ്ധരണി ഇവിടെ പ്രസക്തമെന്നു കരുതുന്നു. "അവന്റെ വെള്ള വസ്ത്രത്തിലെ അഴുക്കിന്റെ പൊട്ടുകൾ കാണുന്ന നിങ്ങളെന്തേ അവന്റെ വേദനയുടെ മഹാസമുദ്രങ്ങളെ കാണാത്തത്? വേർതിരിക്കപ്പെട്ടവനായി എന്നതുകൊണ്ടു മാത്രം അവന്റെ മനസിന്റെ ചഞ്ചലതകൾക്ക് നിങ്ങൾ നിറം കൊടുക്കുന്നതെന്തേ? അവന്റെ മജ്ജയും മാംസവും നിങ്ങൾ കാണാത്തതെന്തേ...? നിങ്ങളുടെ കുടുംബാംഗമാണവൻ. നിങ്ങളുടെ അസ്ഥിയിൽ നിന്നുള്ള അസ്ഥിയും മാംസത്തിൽ നിന്നുള്ള മാംസവും".



www.malankaralibrary.com

ഭൂമിയിൽ സഭയോടൊത്ത് നിത്യതയിലേക്ക് തീർത്ഥാടനം ചെയ്യുന്ന പുരോഹിതർ ദേശാടനപക്ഷികണക്ക് മാറിമാറിപൊയ്ക്കൊണ്ടിരിക്കുന്നു. അവന്റെ ലക്ഷ്യം ഉന്നതമായതിനാൽ മറ്റു പലതും ത്യജിച്ചുകൊണ്ടവൻ തീർത്ഥാടനത്തിലാണ്. ബൈബിളിലെ വിലയേറിയ രത്നം കണ്ടെത്തിയ രത്നവ്യാപാരിയെപ്പോലെ....

**ഉപസംഹാരം**

ദൈവത്തിൽ നിന്നും അകന്നുപോയ മനുഷ്യവർഗത്തെ സ്വർഗപിതാവിന്റെ സ്നേഹബന്ധത്തിലേക്ക് തിരികെ കൊണ്ടുവരുവാൻ പുത്രൻ തമ്പുരാൻ സ്വയം ബലിയായി തന്നെത്തന്നെ സമർപ്പിച്ചു. ഈ സമർപ്പണത്തിലൂടെ പരിശുദ്ധ സഭ ഉടലെടുത്തു. സഭയിൽ ഈ സമർപ്പണത്തിന്റെ കൂദാശയായ വിശുദ്ധ കുർബാന സ്ഥാപിച്ച് ശിഷ്യന്മാരെ ഭരമേല്പിച്ചു. കർത്താവിന്റെ രണ്ടാമത്തെ വരവുവരെ തുടരുവാൻ കല്പനയും നൽകി, അതുവഴി സഭയിൽ പൗരോഹിത്യവും സ്ഥാപിച്ചു. പുത്രൻ തന്റെ മണവാട്ടിയായ സഭയ്ക്ക് തന്നെത്തന്നെ പൂർണമായി സമർപ്പിച്ചതുപോലെ പുരോഹിതൻ സ്വയസമർപ്പണത്തിലൂടെ സഭയെ പരിപോഷിപ്പിക്കുകയും പരിപാലിക്കുകയും വേണം. ഈ ദൗത്യനിർവഹണത്തിൽ വിശ്വാസ സമൂഹത്തിന്റെ പിൻബലവും പുരോഹിതനോടൊപ്പം എപ്പോഴും ഉണ്ടാകണം. ■



www.malankaralibrary.com

# മോഷ്ടാക്കളുണ്ട്; സൂക്ഷിക്കുക

'**ക**ത്തോലിക്കർക്ക് ബൈബിൾ ഇല്ല'!, കത്തോലിക്കർ ബൈബിൾ അനുസരിച്ചല്ല ജീവിക്കുന്നത്', 'കത്തോലിക്കർക്ക് ബൈബിൾ അറിയില്ല'. ഇങ്ങനെയൊക്കെ പറയുന്നവരെ നിങ്ങൾ കണ്ടിട്ടുണ്ടോ? ഇങ്ങനെ പറയുന്നത് നിങ്ങൾ കേട്ടിട്ടുണ്ടോ? ഉണ്ടെങ്കിൽ ഈ ലേഖനം നിങ്ങൾ വായിക്കണം, ഇതു നിങ്ങൾക്കുള്ളതാണ്.

ആദിമസഭയിൽ അപ്പംമുറിക്കൽ കൂട്ടായ്മയിൽ (വിശുദ്ധ കുർബാനയിൽ) വചനം പങ്കുവയ്ക്കൽ നിർബന്ധമായിരുന്നു. ഒരുപക്ഷേ പുതിയ നിയമം എഴുതപ്പെട്ടതുതന്നെ ഈ ആവശ്യത്തിനാണ്. സഭയിൽ സഭയ്ക്കു വേണ്ടി സഭതന്നെയാണ് പുതിയനിയമം എഴുതിയത്. യേശുവിൽ നിന്നു വചനം നേരിട്ടു കേട്ടവരുടെ തലമുറ കടന്നുപോകാറാകുന്നു. എല്ലാ കൂട്ടായ്മകളിലും യേശുവിൽ നിന്നു നേരിട്ട് വചനം ശ്രവിച്ചവർക്ക് കടുന്നു ചെന്ന് വചനം പങ്കുവയ്ക്കാൻ സാധിക്കാത്തത്ര കൂട്ടായ്മകളുടെ എണ്ണം വളർന്നു. ഈ പശ്ചാത്തലങ്ങളിലാണ് യേശു പറഞ്ഞ കാര്യങ്ങൾ എഴുതേണ്ട ആവശ്യം ഉണ്ടായത്. പുതിയനിയമത്തിലെ ആദ്യപുസ്തകം എഴുതപ്പെട്ടത് എ.ഡി 70-ന് ശേഷമാണ്. എന്നു പറഞ്ഞാൽ യേശുവിന്റെ മരണശേഷം ഏതാണ്ട് 40 വർഷങ്ങൾക്കു ശേഷമാണ് പുതിയനിയമം എഴുതപ്പെടാൻ തുടങ്ങിയത് എന്നു സാരം. അപ്പോൾ മറ്റുഭാഗങ്ങൾ എഴുതപ്പെട്ടത് വീണ്ടും താമസിച്ചാണെന്നർത്ഥം. യേശു ഒന്നും എഴുതിയിട്ടില്ല, എഴുതാൻ ആരോടും പറഞ്ഞിട്ടുമില്ല.

ആദിമസഭ അവളുടെ ആവശ്യത്തിനാണ് പുതിയനിയമം എഴുതിയത്. എന്തായിരുന്നു എഴുതാൻ അവരെ പ്രേരിപ്പിച്ചത്. കൂട്ടായ്മകളിൽ വചനം പങ്കുവയ്ക്കുകയായിരുന്നു ലക്ഷ്യം. എന്താണവർ എഴുതിയത്? യേശുവിൽ നിന്നു നേരിട്ടു വചനം കേട്ട ചിലർ അവർ കേട്ടതും, യേശുവിൽനിന്നു നേരിട്ടു കേട്ടവർ എപ്രകാരം ജീവിതത്തിൽ അനുവർത്തിച്ചു



www.malankaralibrary.com

എന്നു കണ്ട ചിലർ അതും എഴുതി. ചുരുക്കത്തിൽ ആദിമസഭയുടെ ജീവിതശൈലിയാണ് എഴുതപ്പെട്ടത്. യേശു സുവിശേഷം എഴുതിയിട്ടില്ല, പ്രസംഗിക്കുകയാണ് ചെയ്തത്. അവൻ പ്രസംഗിച്ച കാര്യങ്ങളാണ് പിൽക്കാലത്ത് എഴുതപ്പെട്ടത്. അവൻ പ്രസംഗിച്ചത് മുഴുവൻ എഴുതപ്പെട്ടിട്ടുമില്ല. യോഹന്നാൻ ശ്ലീഹാ പറയുന്നത് ശ്രദ്ധിക്കുക. "യേശു ചെയ്ത മറ്റു പലകാര്യങ്ങളും ഉണ്ട്. അതെല്ലാം എഴുതിയിരുന്നെങ്കിൽ ആ ഗ്രന്ഥങ്ങൾ ഉൾക്കൊള്ളാൻ ലോകത്തിനുതന്നെ സാധിക്കാതെ വരുമെന്നാണ് എനിക്കു തോന്നുന്നത്" (യോഹന്നാൻ 21:25). യേശുവിനെ ഏറ്റവും അടുത്തു കണ്ടവനും കേട്ടവനും ചങ്കോടു ചാഞ്ഞിരുന്ന് മറ്റാരെയുംകാളധികമായി യേശുവിനെ അറിഞ്ഞവനുമായ യോഹന്നാനാണിതു പറയുന്നത്. യേശു പറഞ്ഞതിലും പ്രവർത്തിച്ചതിലും വളരെ ചെറിയ ഒരു അംശമേ എഴുതപ്പെട്ടിട്ടുള്ളൂ എന്നു വ്യക്തം. എഴുതപ്പെടാത്തവ എഴുതപ്പെട്ടതിനെക്കാൾ അപ്രധാനമോ അപ്രസക്തമോ അല്ല.

യേശു പറഞ്ഞതും പ്രവർത്തിച്ചതുമായ എഴുതപ്പെടാത്ത കാര്യങ്ങൾ നാം എങ്ങനെ അറിയും? അതിനുള്ള വഴി അവനെ കേട്ടവരും കണ്ടവരും അവനോട് അടുത്തിരുന്നവരും എങ്ങനെ ജീവിച്ചു എന്നു നോക്കുകയാണ്. അതിനെയാണ് പാരമ്പര്യം എന്ന് സാധാരണ ഭാഷയിൽ നാം പറയുന്നത്. അപ്പോൾ ഒരു കാര്യം വ്യക്തം. **യേശുവിന്റെ പഠനങ്ങൾ പൂർണതയിൽ ഗ്രഹിക്കണമെങ്കിൽ എഴുതപ്പെട്ട വചനം മാത്രം അറിഞ്ഞാൽ പോരാ, യേശുവിന്റെ വചനം കേട്ടവർ എങ്ങനെ ജീവിച്ചു എന്നുകൂടി അറിയണം.** ഇതാണ് സഭ പറയുന്നത്. ബൈബിളും പാരമ്പര്യങ്ങളും ഒരുപോലെ പ്രസക്തമാണെന്ന്.

ആദിമസഭയ്ക്ക് എ.ഡി 70 വരെ പുതിയനിയമഗ്രന്ഥം ഇല്ലായിരുന്നു. അതിനാൽ യേശുവിന്റെ പ്രബോധനങ്ങളെയും അവയുടെ അർഥവും ഗ്രഹിക്കാൻ അപ്പസ്തോലൻമാർ ഉൾപ്പെടെയുള്ള ആദിമക്രൈസ്തവ സമൂഹത്തിന്റെ പ്രബോധനങ്ങളും അനുഷ്ഠാനങ്ങളും മനസിലാക്കേണ്ടതുണ്ട്. ചുരുക്കത്തിൽ അപ്പസ്തോലന്മാർ മുതൽ ഇന്നു വരെയുള്ള സഭയുടെ സുദീർഘവും സജീവവും അനുസ്യൂതവുമായ ജീവിതശൈലി (പാരമ്പര്യം) കണക്കിലെടുത്തുവേണം ബൈബിൾ വായിക്കാനും മനസിലാക്കാനും.

എഴുതപ്പെട്ട അക്ഷരങ്ങളെ മാത്രം ആധാരമാക്കിയുള്ള വ്യാഖ്യാനം യുക്തിശൂന്യവും നിരർത്ഥകവുമാണ്. വിശുദ്ധ പൗലോസിന്റെ വാക്കുകൾ ശ്രദ്ധിക്കുക. "**അതിനാൽ സഹോദരരെ, ഞങ്ങൾ വചനം മുഖേനയോ,**



www.malankaralibrary.com

**കത്തുമുഖേനയോ നിങ്ങളെ പഠിപ്പിച്ചിട്ടുള്ള പാരമ്പര്യങ്ങളെ മുറുകെ പിടിക്കുകയും അവയിൽ ഉറച്ചു നിൽക്കുകയും ചെയ്യുവിൻ**" (2തെസ. 2 /15). പൗലോസിന്റെ വാക്കുകളിൽ നിന്ന് ഒരു കാര്യം വ്യക്തമാണ്. **അവർ പഠിപ്പിക്കുന്നത് 'പാരമ്പര്യങ്ങളെ'യാണ്. അതു പഠിപ്പിക്കുന്നതെങ്ങനെയാണ്? വചനം മുഖേനയോ കത്തു മുഖേനയോ.** പ്രസംഗത്തിന്റെയും എഴുത്തിന്റെയും ലക്ഷ്യം പാരമ്പര്യങ്ങൾ (യേശുപറഞ്ഞവ ജീവിതത്തിൽ പകർത്തിയവരുടെ ജീവിതശൈലി) കൈമാറുക എന്നതാണ്. ഈ പാരമ്പര്യങ്ങളിലേക്ക് കടന്നു ചെല്ലാതെ എഴുത്തിൽ കെട്ടിപ്പിടിച്ചിരുന്നാൽ വേണ്ടത് നഷ്ടപ്പെടും. പാരമ്പര്യം നിലനിർത്താനാണ് എഴുതിയതും പഠിപ്പിച്ചതും.

ബൈബിൾ കൈമാറ്റം ചെയ്യപ്പെട്ട് ഇന്ന് ആയിരിക്കുന്ന വിധത്തിൽ നമുക്ക് ലഭ്യമായിരിക്കുന്നത് എങ്ങനെയാണെന്നു മനസിലാക്കുന്നത് നല്ലതാണ്. 1456-ൽ അച്ചടിവിദ്യ കണ്ടുപിടിക്കുന്നതിന് നൂറ്റാണ്ടുകൾക്കു മുമ്പ് കത്തോലിക്കാ വൈദികരും സന്യാസികളും എഴുത്തും വായനയും പഠിച്ച് ബൈബിൾ പപ്പീറസിലും തുകൽപാളികളിലും പകർത്തി എഴുതി പ്രചരിപ്പിച്ചിരുന്നു. ഇതിൽ നിന്നാണ് 'ക്ലെർജി', 'ക്ലെറിക്കൽ', 'ക്ലാർക്ക്' തുടങ്ങിയ പദങ്ങൾ കത്തോലിക്കാ വൈദികരുമായി ബന്ധപ്പെട്ട് ഉണ്ടായത്. എ.ഡി 320-നടുത്ത് കോൺസ്റ്റന്റയിൽ ചക്രവർത്തി ക്രിസ്തുമതം സ്വീകരിച്ചതിനെ തുടർന്ന് അദ്ദേഹം പകർത്തിയെഴുതിയ അമ്പത് ബൈബിൾ കോപ്പികളിൽ ഒന്ന് ഇപ്പോഴും ലണ്ടനിലെ ബ്രിട്ടീഷ് ലൈബ്രറിയിൽ സൂക്ഷിച്ചിട്ടുണ്ട്. അതാണ് 'സീനാലിഖിതം' എന്നറിയപ്പെടുന്നത്. താപസനും ഗ്രീക്ക്-ലാറ്റിൻ-ഹീബ്രു ഭാഷാപണ്ഡിതനുമായിരുന്ന ജറോം അഞ്ചാം നൂറ്റാണ്ടിൽ പലസ്തീനായിൽ ചെന്ന് ബെത്‌ലഹേമിൽ താമസിച്ച് ബൈബിൾ ഭാഷാപണ്ഡിതരുടെ സഹായത്തോടെ ഹീബ്രു ഭാഷയിൽ അവഗാഹം നേടി മുഴുവൻ ബൈബിളും ലത്തീൻ ഭാഷയിലേക്ക് ഭാഷാന്തരം ചെയ്തു. ഈ വിവർത്തനമാണ് 'വുൾഗാത്താ' എന്നറിയപ്പെടുന്നത്. വിശുദ്ധ ജറോമിനു ശേഷവും കത്തോലിക്കാസഭ ബൈബിൾ വിവിധ ഭാഷകളിലേക്ക് ഭാഷാന്തരം ചെയ്യുകയും പ്രചരിപ്പിക്കുകയും ചെയ്തുകൊണ്ടിരുന്നു. 14-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ലോറൻസ് ബ്രണ്ടീസി എന്ന കത്തോലിക്കൻ ബൈബിൾ മുഴുവൻ മന:പാഠമാക്കിയിരുന്നതായി ചരിത്രം രേഖപ്പെടുത്തുന്നു.

കത്തോലിക്കാ സഭ ബൈബിളിന് എതിരാണ് എന്നൊരാരോപണം ഉണ്ട്. അതിന്റെ നിജസ്ഥിതി അറിയുന്നത് നല്ലതാണ്. **ബൈബിൾ എഴുതി,**



www.malankaralibrary.com

**സംരക്ഷിച്ച സഭ ബൈബിളിന് എതിരാണെന്നു പറയുന്നത് എന്തൊരു വിരോധാഭാസം.** പതിനാറാം നൂറ്റാണ്ടിലെ പ്രൊട്ടസ്റ്റന്റ് വിപ്ലവത്തിനു ശേഷം ബൈബിളിലെ പല ഗ്രന്ഥങ്ങളും അവർ തർജമ ചെയ്ത് സഭയുടെ ഔദ്യോഗിക പഠനങ്ങൾക്കു വിപരീതമായി അടിക്കുറിപ്പുകൾ കൊടുക്കുവാൻ തുടങ്ങി. ഈ പശ്ചാത്തലത്തിൽ സാധാരണ വിശ്വാസികൾ അവ വായിക്കുന്നത് വിശ്വാസ ക്ഷതത്തിന് ഇടവരുത്തുമെന്നു കരുതി ബൈബിൾ തർജമയും വ്യാഖ്യാനങ്ങളും സാധാരണ വിശ്വാസികൾ വായിക്കുന്നതിന് വിലക്കുകൾ നിർദേശിച്ചു എന്നത് വാസ്തവമാണ്. **മക്കളുടെ ആത്യന്തിക നന്മയെക്കരുതി ചില കാര്യങ്ങളിൽ വിലക്കുകൾ ഏർപ്പെടുത്തുന്ന സ്നേഹനിധികളായ മാതാപിതാക്കളുടെ നടപടിപോലുള്ള ഒരു നടപടിയായിരുന്നു അത്.** 1830-ൽ മാവേലിക്കര പടിയോലവഴി മലങ്കരയിൽ യാക്കോബായ സഭയും ഇപ്രകാരമൊരു വിലക്ക് നടപ്പിലാക്കിയിരുന്നു.

ചിലരുടെ അഭിപ്രായം ഓരോരുവനും ഇഷ്ടംപോലെ ബൈബിൾ വ്യാഖ്യാനിക്കാം എന്നാണ്. അതിന് ഉപോൽബലകമായി ബൈബിളിൽ നിന്നുതന്നെ ചില ഉദ്ധരണികളും അവർ നടത്തും. "എന്നാൽ, എന്റെ നാമത്തിൽ പിതാവ് അയക്കുന്ന സഹായകനായ പരിശുദ്ധാത്മാവ് എല്ലാ കാര്യങ്ങളും നിങ്ങളെ പഠിപ്പിക്കുകയും ഞാൻ നിങ്ങളോടു പറഞ്ഞിട്ടുള്ളതെല്ലാം നിങ്ങളെ അനുസ്മരിപ്പിക്കുകയും ചെയ്യും" (യോഹ. 14:26). "സത്യാത്മാവ് വരുമ്പോൾ നിങ്ങളെ സത്യത്തിന്റെ പൂർണതയിലേക്കു നയിക്കും" (യോഹ.16:13). ഒരു കാര്യം നാം ഇവിടെ അനുസ്മരിക്കണം. മുകളിൽ ഉദ്ധരിച്ച വചനങ്ങൾ അപ്പസ്തോലന്മാരോടും അവരുടെ പിൻഗാമികളായ സഭാധികാരികളോടും യേശുനാഥൻ നടത്തിയ വാഗ്ദാനമാണ്.

ഓരോരുത്തനും ഇഷ്ടാനുസരണം ബൈബിൾ വ്യാഖ്യാനിച്ചതുകൊണ്ട് ഇന്ന് 2000-ൽ അധികം വിഘടിത സഭകൾ തന്നെ ലോകത്തുണ്ടായി. എല്ലാവരും പരസ്പരവിരുദ്ധ തത്വങ്ങൾ പഠിപ്പിക്കുന്നു. **സത്യാത്മാവ് പരസ്പര വിരുദ്ധത പഠിപ്പിക്കുമോ? തന്റെ സഭ ഏകമെന്നും ഒന്നായിരിക്കണമെന്നും പ്രാർത്ഥിച്ച യേശുവിന്റെ സഭയിൽ പരിശുദ്ധാത്മാവ് വിഭജനം ഉണ്ടാക്കുമോ?** കർത്താവിന്റെ സഭയിൽ ഭിന്നത ഉണ്ടാക്കുന്ന ആത്മാവ് പരിശുദ്ധാത്മാവായിരിക്കില്ല, മറിച്ച് അശുദ്ധാത്മാവായിരിക്കും.

വേറെ ചിലർ ബൈബിൾ വാചാർത്ഥത്തിൽ വ്യാഖ്യാനിക്കുന്നു. ഇത് യുക്തിഭദ്രമല്ല. ഏതാനും ബൈബിൾ ഭാഗങ്ങൾ ശ്രദ്ധിക്കുക. "അവരോ



www.malankaralibrary.com

ടൊപ്പം ഭക്ഷിക്കുകയും പാനം ചെയ്യുകയും ചെയ്തുകൊണ്ട് ആ വീട്ടിൽത്തന്നെ വസിക്കുവിൻ വേലക്കാരൻ തന്റെ കൂലിക്ക് അർഹനാണല്ലോ. നിങ്ങൾ വീടുതോറും ചുറ്റി നടക്കരുത്" (ലൂക്കാ. 10:7). "സ്വന്തം പിതാവിനെയും മാതാവിനെയും ഭാര്യയെയും മക്കളെയും സഹോദരന്മാരെയും സഹോദരിമാരെയും എന്നല്ല, സ്വജീവനെത്തന്നെയും വെറുക്കാതെ എന്റെ അടുത്തുവരുന്ന ആർക്കും എന്റെ ശിഷ്യനായിരിക്കുവാൻ സാധിക്കുകയില്ല" (ലൂക്കാ. 14:26). "ഭൂമിയിൽ ആരെയും നിങ്ങൾ പിതാവെന്നു വിളിക്കരുത്. എന്തെന്നാൽ, നിങ്ങൾക്ക് ഒരു പിതാവേയുള്ളൂ. സ്വർഗസ്ഥനായ പിതാവ്" (മത്തായി 23:9). "വലതുകണ്ണ് നിനക്ക് പാപഹേതുവാകുന്നെങ്കിൽ അത് ചൂഴ്ന്നെടുത്ത് എറിഞ്ഞു കളയുക. ശരീരമാകെ നരകത്തിലേക്ക് എറിയപ്പെടുന്നതിനെക്കാൾ നല്ലത്, അവയവങ്ങളിലൊന്ന് നഷ്ടപ്പെടുകയാണ്" (മത്തായി 5:29). വാച്യാർത്ഥത്തിൽ ബൈബിൾ എടുക്കണമെന്നു വാദിക്കുന്നവർ ഈ വാക്യങ്ങൾ വാച്യാർത്ഥത്തിൽ എടുക്കാത്തതെന്താണ്. ഒരു കാര്യം സ്പഷ്ടമാണ്. ഇവിടെയെല്ലാം വ്യാഖ്യാനങ്ങൾ ആവശ്യമാണ്. ബൈബിൾ വ്യാഖ്യാനങ്ങൾ അടർത്തിമാറ്റിയല്ല സമഗ്രതയിൽ വേണം മനസിലാക്കുവാൻ.

മനസിലാക്കാൻ ദുർഗ്രഹങ്ങളായ പലതും ബൈബിളിലുണ്ട്. ".... മനസിലാക്കാൻ വിഷമമുള്ള ചിലകാര്യങ്ങൾ അവയിലുണ്ട്. അറിവില്ലാത്തവരും ചഞ്ചലമനസ്കരുമായ ചിലർ, മറ്റ് വിശുദ്ധ ലിഖിതങ്ങളെപ്പോലെ അവയെയും തങ്ങളുടെ നാശത്തിനായി വളച്ചൊടിക്കുന്നു" (2 പത്രോസ് 3:18). നാശത്തിൽ നിന്നു രക്ഷപെടാൻ അങ്ങനെയുള്ളവരുടെ പക്കൽ നിന്ന് ഓടിയകലാൻ അടുത്ത വാക്യത്തിൽ പത്രോസ് ശ്ലീഹാ ആഹ്വാനം ചെയ്യുന്നുണ്ട് (3:17). വ്യാഖ്യാനം ആവശ്യമാണെന്ന് വിശുദ്ധ ഗ്രന്ഥം തന്നെ പറയുന്നുണ്ട്. "നീ വായിക്കുന്നതു മനസിലാക്കുന്നുണ്ടോ? എന്ന ഫിലിപ്പോസിന്റെ ചോദ്യത്തിന് എത്യോപ്യൻ നൽകിയ മറുപടി, "**ആരെങ്കിലും വ്യാഖ്യാനിച്ചു തരാതെ ഞാൻ എങ്ങനെ ഗ്രഹിക്കും**" (നടപടി. 8:30-31).

ആരാണ് ബൈബിൾ വ്യാഖ്യാനിക്കേണ്ടത് എന്നതാണ് അടുത്ത ചോദ്യം. **ആരാണോ ബൈബിൾ എഴുതിയത്, ബൈബിൾ ആരുടേതാണോ അവരാണത് വ്യാഖ്യാനിക്കേണ്ടത്.** എല്ലാവരും വ്യാഖ്യാനിക്കുന്നത് ശരിയാകണമെന്നില്ല. സാത്താനും ബൈബിൾ ഉദ്ധരിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യും. യേശുവിനെ പരീക്ഷിച്ചുകൊണ്ട് മരുഭൂമിയിൽവച്ച് സാത്താൻ ബൈബിൾ ഉദ്ധരിക്കുന്നതും ദുർവ്യാഖ്യാനം ചെയ്യു



www.malankaralibrary.com

ന്നതും ബൈബിൾ രേഖപ്പെടുത്തിയിട്ടുണ്ട്. (മത്തായി 4:1-11). സാത്താൻ അന്നു നടത്തിയ ദുർവ്യാഖ്യാനം ഇന്നും തുടരുന്നു. ബൈബിൾ ദുർവ്യാഖ്യാനം ചെയ്യുന്നവരെക്കുറിച്ച് വിശുദ്ധ അഗസ്തീനോസ് പറയുന്നത് ശ്രദ്ധേയമാണ്. "**നിങ്ങളും നിങ്ങളെപ്പോലുള്ളവരും ക്രിസ്തുവിന്റെ യഥാർത്ഥ സഭയിൽ നിന്ന് ബൈബിൾ മോഷ്ടിച്ച് ദുർവ്യാഖ്യാനം ചെയ്ത് ആധ്യാത്മികമായ വ്യഭിചാരം ചെയ്യുന്നു**".

പുതിയനിയമം രൂപം കൊണ്ടത് ആദിമസഭയിലാണെന്ന് ആരംഭത്തിൽ നാം കണ്ടു. ആദിമസഭയിൽ പങ്കുവയ്ക്കുവാനായിട്ടാണ് പരിശുദ്ധാത്മാവിന്റെ നിവേശത്താൽ പുതിയനിയമഭാഗങ്ങൾ എഴുതപ്പെട്ടത്. പത്രോസ് അപ്പസ്തോലന്റെ നേതൃത്വത്തിലുള്ള അപ്പസ്തോലിക സഭയായിരുന്നു അത്. **പരിശുദ്ധ റോമാ മാർപാപ്പായുടെ നേതൃത്വത്തിലുള്ള സഭയാണ് പത്രോസ് തലവനായിരുന്ന സഭയുടെ ഇന്നത്തെ തുടർച്ച. അവർക്കു മാത്രമേ ബൈബിൾ ആധികാരികമായി പഠിപ്പിക്കുവാനും വ്യാഖ്യാനിക്കുവാനും അർഹതയും അവകാശവുമുള്ളൂ.** സഭയുടെ ആധികാരികതയുടെ അടിസ്ഥാനം എന്താണ്. "... യുഗാന്തം വരെ എന്നും ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും" (മത്തായി 28:20). ഇതാണ് സഭയുടെ ശക്തിയും ഉറപ്പും. "സത്യാത്മാവു വരുമ്പോൾ നിങ്ങളെ സത്യത്തിന്റെ പൂർണതയിലേക്കു നയിക്കും" (യോഹന്നാൻ 16:13). ഈ പരിശുദ്ധാത്മാവിന്റെ സഹായത്താലാണ് സഭ അവളുടെ മക്കളെ പരിപാലിച്ച് വഴി നടത്തുന്നതും വിശുദ്ധ ഗ്രന്ഥം വ്യാഖ്യാനിക്കുന്നതും. "... യുഗാന്തം വരെ എന്നും ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും" (മത്തായി 28:20).

ബൈബിൾ ദൈവവചനമാണ്. വചനം മാംസം ധരിച്ചതാണ് നസ്രസ്രിലെ യേശു. തിരുസഭ യേശുവിന്റെ മൗതിക ശരീരമാണ്. ഈ സഭയാണ് ദൈവവചനം എഴുതിയത്, സംരക്ഷിച്ചത്, വ്യാഖ്യാനിക്കാൻ ഉത്തരവാദപ്പെട്ടയാൾ. വചന പ്രഘോഷണവും കൂട്ടായ്മ സംരക്ഷണവും അവളെയാണ് യേശുനാഥൻ ഭരമേല്പിച്ചത്. എഴുതപ്പെട്ട വചനം തിരുസഭയുടേതാണ്. വചനം അറിയേണ്ടവർ അവളെയാണ് സമീപിക്കേണ്ടത്. അന്യന്റെ വക അനുവാദമില്ലാതെ അപഹരിക്കുന്നതിനെയാണ് മോഷണം എന്നു പറയുന്നത്. മോഷണം ദൈവകല്പനയുടെ ലംഘനമാണ്. മോഷ്ടാക്കളെ സൂക്ഷിക്കുക. പോക്കറ്റടിക്കാരെ സൂക്ഷിക്കുക. മോഷ്ടാവ് മോഷണവസ്തു പുതിയ ലേബലൊട്ടിച്ച് വിപണിയിലെത്തിച്ചിരിക്കുന്നു. സൂക്ഷിക്കുക.

■



www.malankaralibrary.com

# ഓർനാന്റെ മെതിക്കളം

**ദി**നവൃത്താന്തം ഒന്നാം പുസ്തകത്തിൽ നിന്നൊരു ഭാഗം ചിന്താവിഷയമാക്കാം. “കർത്താവിന്റെ ദൂതൻ ഗാദിനോടു പറഞ്ഞു: ജബൂസ്യനായ ഓർനാന്റെ മെതിക്കളത്തിൽ ചെന്ന് അവിടെ ദൈവമായ കർത്താവിന് ഒരു ബലിപീഠം പണിയാൻ ദാവീദിനോടു പറയുക. കർത്താവിന്റെ നാമത്തിൽ ഗാദ് പറഞ്ഞ വാക്കനുസരിച്ച് ദാവീദ് പുറപ്പെട്ടു... ദാവീദ് വരുന്നതു കണ്ട് ഓർനാൻ മെതിക്കളത്തിൽ നിന്ന് പുറത്തുവന്ന് നിലംപറ്റെ താണുവണങ്ങി. ദാവീദ് അവനോടു പറഞ്ഞു. കർത്താവിന് ഒരു ബലിപീഠം പണിയാൻ ഈ കളം എനിക്കു തരിക. അതിന്റെ മുഴുവൻ വിലയും സ്വീകരിച്ചുകൊള്ളുക. എന്റെ യജമാനനായ രാജാവിന് ഇഷ്ടംപോലെ ചെയ്യാം. ഇതാ, ദഹനബലിക്കു കാളകളും വിറകിനു മെതിവണ്ടികളും ധാന്യബലിക്കു ഗോതമ്പും എല്ലാം ഞാൻ വിട്ടുതരുന്നു. ദാവീദ് പറഞ്ഞു. പാടില്ല; മുഴുവൻ വിലയും തന്നേ ഞാൻ വാങ്ങൂ. നിന്റേതായ ഒന്നും കർത്താവിനായി ഞാൻ എടുക്കുകയില്ല. പണം മുടക്കാത ഞാൻ കർത്താവിന് ദഹനബലി അർപ്പിക്കുകയില്ല. ദാവീദ് ആ സ്ഥലത്തിന്റെ വിലയായി അറുനൂറു ഷെക്കൽ സ്വർണം ഓർനാനു കൊടുത്തു. ദാവീദ് അവിടെ കർത്താവിനു ബലിപീഠം പണിതു. ദഹനബലികളും സമാധാന ബലികളും അർപ്പിച്ച് കർത്താവിനെ വിളിച്ചപേക്ഷിച്ചു. ആകാശത്തുനിന്നു ദഹനബലിപീഠത്തിലേക്ക് അഗ്നി അയച്ച് കർത്താവ് അവനു ഉത്തരമരുളി” (21: 18-26).

ദാവീദിനോട് ദൈവത്തിന്റെ കല്പനയാണ് ബലിപീഠം പണിയാൻ. ദാവീദിന് ധാരാളം സ്ഥലങ്ങൾ ഉണ്ടായിരുന്നു. അവിടെയൊന്നുമല്ല ബലിപീഠം പണിയാൻ ദൈവം കല്പിച്ചത്. ഓർനാന്റെ വയലാണ് ബലിപീഠം പണിയാനായി ദൈവം കണ്ടെത്തിയത്. രാജാവിന് രാജ്യത്തെ ഏതു സ്ഥലവും ഏതാവശ്യത്തിനും ഏറ്റെടുക്കാനുള്ള അധികാരമുണ്ട്. അനുവാദം പോലും ചോദിക്കേണ്ട ആവശ്യമില്ല. ദൈവത്തിന്റെ പ്രത്യേക



www.malankaralibrary.com

കല്പനപ്രകാരം കൂടിയായാൽ പിന്നെ പറയാനുമില്ല. എന്നാൽ, ദാവീദിന്റെ പെരുമാറ്റം ശ്രദ്ധിക്കുക. രാജാധികാരം ഉപയോഗിച്ച് ഓർനാന്റെ സ്ഥലം ഏറ്റെടുക്കാനോ, ദൈവകല്പയാണെന്നു പറഞ്ഞ് സ്ഥലം കൈക്കലാക്കാനോ ശ്രമിക്കാതെ 'സ്ഥലം വിട്ടുതരാമോ' എന്ന് അനുവാദം ചോദിക്കുകയാണ്. നസ്രത്തിലെ കന്യകയുടെ അടുത്തെത്തി ദൈവത്തിന്റെ അമ്മയാകാൻ അനുവാദം ചോദിക്കുന്ന ഗബ്രിയേൽ ദൂതന്റെ ചിത്രം ഇവിടെ മനസിലെത്തുന്നു.

രാജാവിനു സ്ഥലം വേണമെന്നറിഞ്ഞപ്പോൾ സർവാത്മനാ സമർപ്പിക്കുന്ന ഓർനാൻ, ദൈവത്തിനു ബലിപീഠം പണിയാനാണെന്നറിഞ്ഞപ്പോൾ സ്ഥലം മാത്രമല്ല, ബലിക്കുള്ള കാളകളെയും വിറകിനുള്ള തടി ഉരുപ്പടികളും കൂടി വിട്ടുകൊടുക്കുന്ന ഓർനാൻ. "നിന്റെ ഇഷ്ടംപോലെ സംഭവിക്കട്ടെ" എന്നു പറഞ്ഞ് ദൈവേഷ്ടത്തിനു പരിപൂർണമായി സമർപ്പിച്ച നസ്രത്തിലെ കന്യകയുടെ സമർപ്പണം മനോമുകുരത്തിൽ തെളിയുന്നില്ലേ?

ദൈവത്തിനു ബലിപീഠം പണിയാൻ വേണ്ടിയായിരുന്നിട്ടും സർവാധികാരങ്ങളുമുള്ള രാജാവായിരുന്നിട്ടും നാട്ടിൽ നടപ്പുള്ള വില നല്കിയല്ലാതെ മെതിക്കളം ഏറ്റെടുക്കയില്ലെന്നു നിശ്ചയിച്ച ദാവീദ് ധ്യാനത്തിനൊരു വിഷയം തന്നെ. അന്യന്റെ വസ്തുക്കൾ ആഗ്രഹിക്കരുതെന്ന ദൈവകല്പന ദാവീദിന്റെ മനസിൽ തെളിഞ്ഞു നിന്നിരിക്കണം. ഒരു പക്ഷേ ഊറിയായുടെ ഭാര്യയായ ബത്ഷെബായെ സ്വന്തമാക്കിയതും നാഥാൻ പ്രവാചകന്റെ ശകാരവുമെല്ലാം ദാവീദിനെ പരിപൂർണമായി വ്യതിയാനപ്പെടുത്തിയതിന്റെ ഫലമായിരുന്നിരിക്കണം ഓർനാനോടുള്ള മറുപടിയിൽ വ്യക്തമാകുന്നത് (2 സാമുവൽ 11, 12).

അന്യന്റെ വസ്തുക്കൾ ആഗ്രഹിക്കരുത്, മോഷ്ടിക്കരുത് എന്നൊക്കെയുള്ള ദൈവപ്രമാണങ്ങൾ വ്യക്തികൾക്കു മാത്രമല്ല സമൂഹങ്ങൾക്കും അനുവർത്തിക്കാനുള്ളതാണ്.

"... മുഴുവൻ വിലയും തന്നേ ഞാൻ വാങ്ങൂ. നിന്റേതായ ഒന്നും കർത്താവിനായി ഞാൻ ഏറ്റെടുക്കുകയില്ല. പണം മുടക്കാതെ ഞാൻ കർത്താവിനു ദഹനബലി അർപ്പിക്കുകയില്ല" എന്ന് ഓർനാനോടു പറയുകയും അറുനൂറു ഷെക്കൽ സ്വർണം നൽകുകയും ചെയ്ത ദാവീദിന്റെ അരൂപി സ്വാംശീകരിക്കാൻ ശ്രമിക്കേണ്ടതല്ലേ? വലിയപള്ളികൾക്കും ലക്ഷങ്ങൾ അണിനിരക്കുന്ന ആഘോഷങ്ങൾക്കും പണം കണ്ടെത്താൻ അന്യരുടെ



www.malankaralibrary.com

വസ്തുവകകളിൽ കണ്ണുനട്ടിരിക്കുന്നവർക്ക് ദാവീദ് ഭീഷണിയല്ലേ?

വിലകൊടുത്തു വാങ്ങിയ ഓർനാന്റെ മെതിക്കളത്തിൽ പണിത ബലി പീഠത്തിൽ അർപ്പിച്ച ബലി ദൈവം സ്വർഗത്തിൽ നിന്ന് അഗ്നി അയച്ച് സ്വീകരിച്ചു. ന്യായമായ പ്രതിഫലവും ന്യായമായ വേതനവും നല്കി മാത്രമേ ദൈവാലയ നിർമാണത്തിനും മറ്റു ദൈവികകാര്യങ്ങൾക്കും വിഭ വങ്ങളും മനുഷ്യപ്രയത്നവും സ്വീകരിക്കാവൂ എന്ന ഒരു മുന്നറിയിപ്പി വിടെ കാണാൻ സാധിക്കുന്നില്ലേ? അല്ലെങ്കിൽ ഉത്തരിപ്പുകടം നമ്മെ കാത്തിരിക്കുന്നുണ്ടാവും. നിർബന്ധിത പിരിവുകളും ഊരുവിലക്കുകളും കൊണ്ട് ദൈവജനത്തെ, പ്രത്യേകിച്ച് ദരിദ്രരെ പീഡിപ്പിച്ച് പണം പിരി ക്കുന്നവർക്കൊരു താക്കീതും ഇവിടെ ദൃശ്യമല്ലേ? ഓർനാന്റെ മെതിക്കള ത്തിൽ പണിത ബലിപീഠത്തിൽ അർപ്പിച്ച ബലി സ്വർഗം സ്വീകരിച്ചു. നമ്മുടെ നാട്ടിൽ അങ്ങോളം ഇങ്ങോളം ഉയർന്നു നിൽക്കുന്ന ദൈവാല യങ്ങളിൽ അർപ്പിക്കുന്ന ബലികൾ സ്വർഗം സ്വീകരിക്കുന്നുണ്ടോ ആവോ!

ദൈവാലയങ്ങൾ ആവശ്യമാണ്, സ്ഥാപനങ്ങൾ ആവശ്യമാണ്, ശുശ്രൂ ഷകൾ ആവശ്യമാണ്. “പണം മുടക്കാതെ ഞാൻ കർത്താവിനു ദഹന ബലി അർപ്പിക്കുകയില്ല” എന്നു പറഞ്ഞ ദാവീദെവിടെ, ഈ ഞാനെ വിടെ! എന്റെ ബലി സ്വർഗത്തിനു സ്വീകാര്യമാണോ? ബലിപീഠം നിർമി ച്ചതിലും ദൈവാലയം നിർമിച്ചതിലും ബലിവസ്തുക്കൾ ക്രമീകരിച്ചതിലും ഞാൻ പണം മുടക്കിയിട്ടുണ്ടോ? ത്യാഗം അനുഭവിച്ചിട്ടുണ്ടോ? ത്യാഗം ഇല്ലാത്ത ബലി സ്വർഗത്തിനു സ്വീകാര്യമല്ല. സ്വർഗത്തിൽ നിന്ന് അഗ്നി ഇറങ്ങുന്നത് നമ്മുടെ ബലി സ്വീകരിക്കാനായിരിക്കട്ടെ, അല്ലാതെ നമ്മെ ചുട്ടുചാമ്പലാക്കാനാവാതിരിക്കട്ടെ. ഓർനാന്റെ മെതിക്കളത്തിലെ ബലി പീഠത്തിന്മേലിറങ്ങി വന്നതും സോദോം-ഗോമോറാ പട്ടണങ്ങളിലേയ്ക്ക് ഇറങ്ങിവന്നതും അഗ്നിതന്നെ, അതും സ്വർഗത്തിൽ നിന്നും. പക്ഷേ ഫലം രണ്ടിടത്തും രണ്ടായിരുന്നു.

ഉയിർപ്പുകാലത്ത് ഈ തരത്തിലല്പം ധ്യാനം നന്മവരുത്തിയേക്കും, ശ്രമിക്കുക.

■



www.malankaralibrary.com

# ആഗൂറിന്റെ പ്രാർത്ഥന

അടുത്തനാളുകളിൽ ജനങ്ങളിൽ വലിയ താല്പര്യം ഉളവാക്കിയിട്ടുള്ള വിഷയമാണ് 'പ്രാർത്ഥന'. ചില സർക്കാരുകളും രാഷ്ട്രീയ പാർട്ടികളും 'ബുദ്ധിജീവികളും' 'സാംസ്കാരിക നായകരും' പൊതുപരിപാടികളിലും സ്കൂളുകളിലും പ്രാർത്ഥന നിരോധിക്കണമെന്ന് ആവശ്യപ്പെടുന്നു. എന്നാൽ പ്രാർത്ഥനാലയങ്ങളിലും തീർത്ഥാടനകേന്ദ്രങ്ങളിലും മതപ്രഭാഷണ സ്ഥലങ്ങളിലും പ്രാർത്ഥിക്കാനെത്തുന്നവരുടെ സംഖ്യ അനുദിനം വർധിച്ചുകൊണ്ടിരിക്കുന്നു. പ്രാർത്ഥനയെക്കുറിച്ചുള്ള ഗ്രന്ഥങ്ങൾ വില്പനയിൽ മറ്റു ഗ്രന്ഥങ്ങളെക്കാൾ മുന്നിലെത്തുന്നു. ദേശീയ ദുരന്തങ്ങൾ ഉണ്ടാകുമ്പോൾ രാഷ്ട്രനേതാക്കൾ പ്രാർത്ഥിക്കാൻ ജനങ്ങളെ ആഹ്വാനം ചെയ്യുന്നു. അവരും പ്രാർത്ഥനകളിൽ പങ്കെടുക്കുന്നു. പ്രാർത്ഥനയ്ക്ക് അനുകൂലമായും പ്രതികൂലമായും ജനം അണിനിരക്കുന്നു. ഈ പശ്ചാത്തലത്തിലാണ് പ്രാർത്ഥന ചിന്താവിഷയമാക്കാൻ ഞാൻ ഒരുമ്പെട്ടത്.

എനിക്കേറ്റവും ഇഷ്ടപ്പെട്ട പ്രാർത്ഥന നമ്മുടെ കർത്താവേശുമിശിഹാ പഠിപ്പിച്ച 'കർതൃപ്രാർത്ഥന'യാണ്. ഒരു പക്ഷേ ഞാൻ ഏറ്റവും അധികം പ്രാവശ്യം ഉരുവിട്ടിട്ടുള്ളതും കർതൃപ്രാർത്ഥനയാണ്. കർതൃപ്രാർത്ഥനപോലെ എന്നെ ആകർഷിച്ചിട്ടുള്ള വേറൊരു പ്രാർത്ഥന ബൈബിളിലുണ്ട്. യേശുനാഥൻ കർതൃപ്രാർത്ഥന പഠിപ്പിക്കുന്നതിന് നൂറ്റാണ്ടുകൾക്കു മുമ്പ് എഴുതപ്പെട്ട പ്രാർത്ഥനയാണെങ്കിലും കർതൃപ്രാർത്ഥനയിൽ നിന്ന് അരൂപി സ്വീകരിച്ച് എഴുതപ്പെട്ടതുപോലെ തോന്നും അതു വായിക്കുമ്പോൾ.

പ്രാർത്ഥന എന്നു കേൾക്കുമ്പോൾതന്നെ ഒരു ദൈവസങ്കല്പം മനസിൽ തെളിയും. സർവശക്തനും നിത്യനുമായ ദൈവതിരുമുമ്പിൽ നിസാരനായ മനുഷ്യൻ ആയിരിക്കുന്നു. തുല്യർ തമ്മിലുള്ള സംഭാഷണമല്ലത്.



www.malankaralibrary.com

**യാതൊരു സമാനതകളുമില്ലാത്ത സർവശക്തനും നിസാരനായ മനുഷ്യനും തമ്മിലുള്ള സംഭാഷണം.** യാക്കോബ് ശ്ലീഹായുടെ ഒരു നിരീക്ഷണത്തോടെ തുടങ്ങാം. 'നാളത്തെ നിങ്ങളുടെ ജീവിതം എങ്ങനെയുള്ളതായിരിക്കും എന്നു നിങ്ങൾക്കറിഞ്ഞുകൂടാ. അല്പനേരത്തേക്കു പ്രത്യക്ഷപ്പെടുകയും അതിനുശേഷം അപ്രത്യക്ഷമാവുകയും ചെയ്യുന്ന മൂടൽ മഞ്ഞാണു നിങ്ങൾ' (4:14). യാക്കോബ് ശ്ലീഹായ്ക്ക് നൂറ്റാണ്ടുകൾക്കു മുമ്പ് സങ്കീർത്തകൻ സമാനമായ ഒരു നിരീക്ഷണം നടത്തുന്നുണ്ട്. 'ഞങ്ങളുടെ ആയുഷ്കാലം എഴുപതു വർഷമാണ്. ഏറിയാൽ എൺപത്; എന്നിട്ടും അക്കാലമത്രയും അധ്വാനവും ദുരിതവുമാണ്; അവ പെട്ടെന്നു തീർന്നു ഞങ്ങൾ കടന്നു പോകും' (90:10). ജീവിതത്തിന്റെ നൈമിഷികത ഓർത്ത് മോശ ഇപ്രകാരം പ്രാർത്ഥിക്കുന്നു. 'ഞങ്ങളുടെ ആയുസിന്റെ ദിനങ്ങൾ എണ്ണാൻ ഞങ്ങളെ പഠിപ്പിക്കണമെ!. ഞങ്ങളുടെ ഹൃദയം ജ്ഞാനപൂർണമാകട്ടെ!' (സങ്കീ. 90:12). ആയുസിന്റെ ദൈർഘ്യക്കുറവ് വിജ്ഞാനമുള്ള ഒരു ഹൃദയം സ്വന്തമാക്കാൻ നമ്മെ സഹായിക്കണമെന്ന് മോശ പഠിപ്പിക്കുന്നു. **ഭൂമിയിലായിരിക്കുന്ന ചുരുങ്ങിയ കാലം ജീവിതത്തിൽ എന്താണ് പ്രധാനമായിരിക്കുന്നത് എന്നു തിരിച്ചറിയാൻ സഹായകമാകണമെന്നൊരു ജീവിതപാഠം.**

മോശ തൊണ്ണൂറാം സങ്കീർത്തനം എഴുതിയതിന് നൂറ്റാണ്ടുകൾക്കു ശേഷം എഴുതപ്പെട്ട സുഭാഷിതങ്ങളുടെ പുസ്തകത്തിൽ ഒരു ഭക്തന്റെ പ്രാർത്ഥന കാണുന്നുണ്ട്. മാസ്സായിലെ യാക്കേയുടെ പുത്രനായ ആഗൂറിന്റെ പ്രാർത്ഥന. അതിപ്രകാരമാണ്; **'രണ്ടു കാര്യങ്ങൾ ഞാൻ അങ്ങയോട് അപേക്ഷിക്കുന്നു. മരണംവരെ എനിക്ക് അവ നിഷേധിക്കരുതേ. അസത്യവും വ്യാജവും എന്നിൽ നിന്ന് അകറ്റി നിർത്തണമേ; ദാരിദ്ര്യമോ സമൃദ്ധിയോ എനിക്കു തരരുതേ; ആവശ്യത്തിന് ആഹാരം തന്ന് എന്നെ പോറ്റണമേ. ഞാൻ സമൃദ്ധിയിൽ അങ്ങയെ അവഗണിക്കുകയും കർത്താവ് ആര് എന്നു ചോദിക്കുകയും ചെയ്തേക്കാം; ദാരിദ്ര്യംകൊണ്ടു മോഷ്ടിച്ച് ദൈവനാമത്തെ നിന്ദിക്കുകയും ചെയ്തേക്കാം' (30:79).** അധികമൊന്നും നമുക്കറിവില്ലാത്ത ആഗൂറിന്റെ വ്യക്തിത്വവും ആത്മികപക്വതയും വെളിവാക്കുന്നു ഈ വചനങ്ങൾ. ധ്യാനപൂർവം പ്രാർത്ഥനാ വിഷയമാക്കിയാൽ ശക്തമായ ആത്മീക പാഠങ്ങൾ ഹൃദിസ്ഥമാക്കാനുതകുന്ന ഒരു ചെറുപ്രാർത്ഥന. ധാർമിക അപജയത്തിൽ അകപ്പെടരുതേ എന്നാണ് ആഗൂറിന്റെ ആഗ്രഹം. അസത്യവും വ്യാജവും തന്നിൽ നിന്ന് അകറ്റി നിർത്തണമേ എന്നാണദ്ദേഹത്തിന്റെ പ്രാർത്ഥന. വ്യാജവുമായി ഒരു ചങ്ങാത്തമില്ല അദ്ദേഹത്തിന്. ദൈവത്തെ



www.malankaralibrary.com

പ്രസാദിപ്പിക്കുക എന്നത് പരമപ്രധാനമായി കരുതുന്ന സത്യസന്ധനും നീതിമാനുമായ ഒരുവനാണദ്ദേഹം. വ്യാജം ദൈവത്തിനഹിതമാണ്. അതിനാൽ അതിൽ നിന്നകന്നിരിക്കാനാഗ്രഹിക്കുന്ന ഭക്തൻ. 'കള്ളം പറയുന്ന അധരങ്ങൾ കർത്താവിനു വെറുപ്പാണ്; വിശ്വസ്തതയോടെ പെരുമാറുന്നവർ അവിടുത്തെ സന്തോഷിപ്പിക്കുന്നു' (സുഭാ.12:22). 'അയൽക്കാരനെതിരായി വ്യാജസാക്ഷ്യം നൽകരുത്' (പുറ.20:16). പുതിയ നിയമവും കള്ളംപറയുന്നതിനെ അപലപിക്കുന്നുണ്ട്. 'പരസ്പരം കള്ളം പറയരുത്. പഴയ മനുഷ്യനെ അവന്റെ ചെയ്തികളോടുകൂടെ നിഷ്കാസനം ചെയ്യുവിൻ' (കൊളോ.3:9). അതിനാൽ വ്യാജം വെടിഞ്ഞ് എല്ലാവരും തങ്ങളുടെ അയൽക്കാരനോടു തങ്ങളുടെ സത്യം സംസാരിക്കണം' (എഫേ.4:25).

ജീവിതത്തിലെ പരിമിതമായ ആവശ്യങ്ങൾ മാത്രമാണ് ആഗൂർ പ്രാർത്ഥനയിൽ ഉയർത്തുന്നത്. 'ദാരിദ്ര്യമോ സമൃദ്ധിയോ എനിക്കു തരരുതേ'. പലർക്കും വളരെ അപരിചിതമായി തോന്നാം ഈ പ്രാർത്ഥന. ദാരിദ്ര്യം മോഷണത്തിലേക്കും അതുവഴി ദൈവനിന്ദയിലേക്കും നീങ്ങിയേക്കാം. അതുകൊണ്ടാണ് ദാരിദ്ര്യം നൽകരുതേ എന്നദ്ദേഹം പ്രാർത്ഥിക്കുന്നത്. യേശുനാഥൻ പഠിപ്പിച്ചതും അന്നന്നത്തെ അത്യാവശ്യങ്ങൾക്കു വേണ്ടി മാത്രം പ്രാർത്ഥിക്കാനാണല്ലോ (മത്തായി 6 :11). സമൃദ്ധി നല്കരുതേ എന്നും ആഗൂർ പ്രാർത്ഥിക്കുന്നു. കാരണം, സമൃദ്ധിയിൽ ദൈവത്തെ അവഗണിക്കുകയും കർത്താവ് ആര് എന്നു ചോദിക്കുകയും ചെയ്തേക്കാം. സമ്പത്ത് അപകടമാണെന്നും അത് ദൈവത്തിൽ നിന്നും അകറ്റുന്നതാണെന്നും ആഗൂർ മനസിലാക്കിയിരുന്നു. സമ്പന്നർ രക്ഷപെടുക ഏറെ ദുഷ്കരമായിരിക്കുമെന്ന് ആഗൂർ അറിഞ്ഞിരുന്നു.

ധനവാന്മാർ ദൈവത്തെക്കാൾ അധികമായി സമ്പത്തിൽ ആശ്രയിക്കുന്നതും ദൈവത്തെ മറക്കുന്നതും അവരുടെ സമയം ദൈവിക കാര്യങ്ങളെക്കാളധികമായി പണസമ്പാദനത്തിനു മാത്രമായി ചെലവഴിക്കുന്നതും സമ്പത്തിൽ കാര്യമായ പങ്കൊന്നും ദരിദ്രർക്കുവേണ്ടി ചെലവഴിക്കാത്തതും ആഗൂർ ശ്രദ്ധിച്ചിട്ടുണ്ട്.

'കർത്താവിന്റെ മുമ്പിൽ ഞാൻ എന്തു കാഴ്ചയാണ് കൊണ്ടുവരേണ്ടത്? അത്യുന്നതനായ ദൈവത്തിന്റെ മുമ്പിൽ ഞാൻ എങ്ങനെയാണ് കുമ്പിടേണ്ടത്? ദഹനബലിക്ക് ഒരു വയസുള്ള കാളക്കിടാവുമായിട്ടാണോ ഞാൻ വരേണ്ടത്? ആയിരക്കണക്കിനു മുട്ടാടുകളിലും പതിനായിരക്കണക്കിന് എണ്ണപ്പുഴകളിലും അവിടുന്ന് സംപ്രീതനാകുമോ? എന്റെ അതിക്രമ



www.malankaralibrary.com

ങ്ങൾക്കു പരിഹാരമായി എന്റെ ആദ്യജാതനെ ഞാൻ നല്കണമോ? ആത്മാവിന്റെ പാപത്തിനു പകരം ശരീരത്തിന്റെ ഫലം കാഴ്ചവയ്ക്കണമോ? മനുഷ്യാ, നല്ലതെന്തെന്ന് അവിടുന്ന് നിനക്കു കാണിച്ചു തന്നിട്ടുണ്ട്. നീതി പ്രവർത്തിക്കുക; കരുണ കാണിക്കുക; നിന്റെ ദൈവത്തിന്റെ സന്നിധിയിൽ വിനീതനായി ചരിക്കുക. ഇതല്ലാതെ മറ്റെന്താണ് കർത്താവ് നിന്നിൽ നിന്ന് ആവശ്യപ്പെടുന്നത്' (മിക്കാ 6:6-18). നിയമാവർത്തനം 10:12,13 ലും നാം ഇങ്ങനെ വായിക്കുന്നു. 'ഇസ്രായേലേ, നിങ്ങളുടെ ദൈവമായ കർത്താവ് നിങ്ങളിൽ നിന്ന് ആവശ്യപ്പെടുന്നത്, നിങ്ങൾ അവിടുത്തെ ഭയപ്പെടുകയും അവിടുത്തെ മാർഗത്തിൽ ചരിക്കുകയും അവിടുത്തെ സ്നേഹിക്കുകയും പൂർണ ഹൃദയത്തോടും പൂർണ ആത്മാവോടും കൂടെ അവിടുത്തെ സേവിക്കുകയും നിങ്ങളുടെ നന്മയ്ക്കായി ഞാനിന്നു നൽകുന്ന കർത്താവിന്റെ കല്പനകളും ചട്ടങ്ങളും അനുസരിക്കുകയും ചെയ്യുക എന്നല്ലാതെ എന്താണ്'. വിശുദ്ധ പൗലോസും ഇപ്രകാരം പഠിപ്പിക്കുന്നു; 'ക്രിസ്തുവിനോടൊപ്പം നിങ്ങൾ ഉയർപ്പിക്കപ്പെട്ടെങ്കിൽ ദൈവത്തിന്റെ വലത്തുഭാഗത്ത് ഉപവിഷ്ടനായിരിക്കുന്ന ക്രിസ്തു വസിക്കുന്ന ഉന്നതങ്ങളിലുള്ളവയെ അന്വേഷിക്കുവിൻ. ഭൂമിയിലുള്ള വസ്തുക്കളിലല്ല പ്രത്യുത, ഉന്നതങ്ങളിലുള്ളവയിൽ ശ്രദ്ധിക്കുവിൻ' (കൊളോ.3:12). 'ധനമോഹമാണ് എല്ലാ തിന്മകളുടെയും അടിസ്ഥാന കാരണം' (1തിമോ.6:10) എന്ന വിശുദ്ധ പൗലോസിന്റെ വചനം സമ്പത്ത് തേടുന്നവർ പലപ്പോഴും ഗൗനിക്കുന്നില്ല. ലോകത്തിലെ ഇരുപത്തിരണ്ട് സംസ്കാരങ്ങളുടെ പതനത്തെക്കുറിച്ച് ഗവേഷണം നടത്തിയ അർനോൾഡ് ടൊയിൻബി നിരീക്ഷിക്കുന്നത് ധനാസക്തിയും അധാർമികതയുമാണ് അവയുടെ അധ:പതനത്തിന്റെ പ്രധാന കാരണമെന്നാണ്. ഇന്നും ഇത് സംഭവ്യമാണെന്ന അദ്ദേഹത്തിന്റെ മുന്നറിയിപ്പ് നമ്മെ ചിന്തിപ്പിക്കേണ്ടതാണ്.

ആഗൂറിന്റെ പ്രാർത്ഥന ദൈവത്തെ കേന്ദ്രമാക്കിയാണ്. ദൈവനാമം മഹത്വപ്പെടുത്താനുള്ള അദമ്യമായ ആഗ്രഹമാണ് ആ പ്രാർത്ഥനയിൽ നിഴലിക്കുന്നത്. സ്വന്തതാല്പര്യങ്ങൾ ദൈവബന്ധത്തിനു വിഘാതമാകരുതേ എന്നാണദ്ദേഹത്തിന്റെ ആഗ്രഹം. സത്യസന്ധവും അർത്ഥപൂർണവുമായ ജീവിതം നയിക്കാനാണദ്ദേഹത്തിന്റെ ആഗ്രഹം. നിസാരമായവയ്ക്കുവേണ്ടി മൂല്യവത്തായ ജീവിതം നഷ്ടപ്പെടുത്താൻ അദ്ദേഹം തയാറല്ല.

വ്യക്തിപരമായ ആവശ്യങ്ങൾ സത്യസന്ധമായി അദ്ദേഹം ദൈവസന്നിധിയിൽ ഉണർത്തുന്നു. ദൈവം നല്കുന്നതിൽ സമ്പൂർണ സംതൃപ്തനാണദ്ദേഹം. ദൈവത്തിൽ പൂർണവിശ്വാസത്തോടെയാണ് പ്രവർത്തിക്കു



www.malankaralibrary.com

ന്നത്. ഇങ്ങനെ വീക്ഷിക്കുമ്പോൾ ഒരു മാതൃകാ പ്രാർത്ഥനയാണത്. പുതിയ നിയമത്തിലെ ദർശനത്തോടു ചേർന്നു പോകുന്ന പ്രാർത്ഥന. 'നിങ്ങളുടെ നിക്ഷേപം എവിടെയോ അവിടെയായിരിക്കും നിങ്ങളുടെ ഹൃദയവും' (മത്തായി 6:21). 'നിങ്ങൾ ആദ്യം അവിടുത്തെ രാജ്യവും അവിടുത്തെ നീതിയും അന്വേഷിക്കുക. അതോടൊപ്പം മറ്റുള്ളവയെല്ലാം നിങ്ങൾക്കു ലഭിക്കും' (മത്തായി 6:33). വിശുദ്ധ പൗലോസിന്റെ വാക്കുകൾ ശ്രദ്ധിക്കുക. 'ഉള്ളതുകൊണ്ട് തൃപ്തിപ്പെടുന്നവന് ദൈവഭക്തി വലിയൊരു നേട്ടമാണ്. കാരണം, നാം ഈ ലോകത്തിലേക്ക് ഒന്നും കൊണ്ടുവന്നില്ല. ഇവിടെ നിന്ന് ഒന്നും കൊണ്ടുപോകുവാനും നമുക്ക് സാധിക്കുകയില്ല. ഭക്ഷണവും വസ്ത്രവുമുണ്ടെങ്കിൽ നമുക്ക് തൃപ്തിപ്പെടാം. ധനവാന്മാരാകണമെന്ന് ആഗ്രഹിക്കുന്നവർ പ്രലോഭനത്തിലും കെണിയിലും മനുഷ്യനെ അധ:പതനത്തിലേക്കും നാശത്തിലേക്കും തള്ളിയിടുന്ന നിരവധി വ്യാമോഹങ്ങളിലും നിപതിക്കുന്നു. എന്തെന്നാൽ ധനമോഹമാണ് എല്ലാ തിന്മകളുടെയും അടിസ്ഥാന കാരണം. ധനമോഹത്തിലൂടെ പലരും വിശ്വാസത്തിൽ നിന്നും വ്യതിചലിച്ചുപോകാനും ഒട്ടേറെ വ്യഥകളാൽ തങ്ങളെത്തന്നെ മുറിപ്പെടുത്താനും ഇടയായിട്ടുണ്ട്' (1തിമോ.6:6-10).

കൂടുതൽ സമൃദ്ധിക്കുവേണ്ടിയല്ല, **ദൈവഹിതം ആരായാനും അവൻ നല്കുന്ന ജീവിതം തിരിച്ചറിഞ്ഞ് അംഗീകരിക്കാനുമുള്ള ഹൃദയത്തിനുവേണ്ടിയാണ് പ്രാർത്ഥിക്കേണ്ടത്.** 'ഒന്നിനെക്കുറിച്ചും ആകുലരാകേണ്ടാ. പ്രാർത്ഥനയിലൂടെയും അപേക്ഷയിലൂടെയും കൃതജ്ഞതാസ്തോത്രങ്ങളോടെ നിങ്ങളുടെ യാചനകൾ ദൈവസന്നിധിയിൽ അർപ്പിക്കുവിൻ. അപ്പോൾ നമ്മുടെ എല്ലാ ധാരണകളെയും അതിലംഘിക്കുന്ന ദൈവത്തിന്റെ സമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും ചിന്തകളെയും യേശുക്രിസ്തുവിൽ കാത്തുകൊള്ളും' (ഫിലി.4:6-7).

ദൈവം എന്റെ പ്രാർത്ഥന കേൾക്കുന്നവനാണ്, സംശയം വേണ്ട. **ഞാൻ ചെയ്യേണ്ടത്, ദൈവത്തിന്റെ ഉത്തരത്തിനുവേണ്ടി കാത്തിരിക്കുക അതുമാത്രം. ഉത്തരം 'അതേ' എന്നോ 'അല്ല' എന്നോ 'അല്പം കൂടി കാത്തിരിക്കൂ' എന്നോ എന്തുമാകാം.** കാത്തിരിക്കുക, കർത്താവിന്റെ കരണീയ സമയത്തിനുവേണ്ടി കാത്തിരിക്കുക.

■



www.malankaralibrary.com

# കോറഹ് ദാത്താൻ അബീറാം

**ചി**ല കുടുംബങ്ങളുടെയും ചില വ്യക്തികളുടെയും നാശം കണ്ട് ഞാൻ ഹൃദയത്തിൽ ചോദിച്ചുപോയിട്ടുണ്ട്; ദൈവമേ ഇത് എന്തുകൊണ്ട്? ജന്മനാ അന്ധനായവനെ കണ്ടപ്പോൾ അപ്പസ്തോലന്മാർ യേശുവിനോടു ചേദിച്ചതുപോലെ. ഒരു അനുഭവം കുറിയ്ക്കാം. പുരാതനമായ ഒരു സുറിയാനി ക്രിസ്ത്യാനി കുടുംബം. പരമ്പരാഗതമായി സമ്പന്നർ, പഠിപ്പും പത്രാസുമുള്ളവർ. സമൂഹത്തിൽ വിലയും നിലയും ഉള്ളവർ. വേഗത്തിൽ തറവാട് തറതോണ്ടപ്പെടാൻ തുടങ്ങി. ഒരു മകൻ കൃഷിസ്ഥലത്തുവച്ച് മറിഞ്ഞുവീണു. ഒരു കാപ്പിച്ചെടിയുടെ കുറ്റിയിലേക്കാണ് വീണത്. കമ്പ് ശരീരത്തിലൂടെ കമ്പിപോലെ തുളച്ചുകയറി മരിച്ചു. ഒരു മരുമകൾ വീടിന്റെ ചാവടിയിൽവച്ച് മൂർഖൻ പാമ്പിന്റെ കടിയേറ്റു മരിച്ചു. ദുരിതങ്ങൾ ഒന്നിനു പുറകെ ഒന്നായി വന്നുകൊണ്ടിരുന്നു. ചിലർ പറഞ്ഞു കുടുംബത്തിന് തിരുമേനിയുടെ ശാപം കിട്ടിയതാണെന്ന്. എന്താ അങ്ങനെ പറയാൻ കാരണം എന്നു ഞാൻ അന്വേഷിച്ചു. സഭാവഴക്ക് കൊടുമ്പിരികൊണ്ടിരുന്ന കാലം; ബാവാ കക്ഷിയും മെത്രാൻ കക്ഷിയും. സ്ഥലത്തെ ഒരു വിഭാഗത്തിന്റെ നേതൃത്വം ഈ കുടുംബക്കാരായിരുന്നു. വഴക്കുമൂലം പൂട്ടിക്കിടക്കുന്ന പള്ളിയിൽ മറുഭാഗത്തെ മെത്രാപ്പോലീത്ത പ്രവേശിക്കുവാൻ വരുന്നുവെന്നു വാർത്ത പരന്നു. അതിനെ തടയാൻ മറുഭാഗം നീക്കങ്ങൾ ആരംഭിച്ചു. ഗുണ്ടകളും കുറുവടികളും തയാറായി. നേതാവിന്റെ പറമ്പിലെ കാപ്പിച്ചെടികൾ വെട്ടിയാണ് കുറുവടികൾ തയാറാക്കിയത്. അവ ഒളിച്ചു വച്ചിരുന്നത് വീടിന്റെ ചാവടിയിലും. മെത്രാപ്പോലീത്താ പള്ളിയിൽ പ്രവേശിക്കുവാൻ ആഗതനായി. വലിയ ബഹളവും അടിപിടിയും ഉണ്ടായി. പലർക്കും അടി കിട്ടി, മെത്രാപ്പോലീത്തായ്ക്കും അടി കിട്ടിയെന്ന് ജനസംസാരം. എന്തായാലും ബഹളത്തിനു നേതൃത്വം നല്കിയ നേതാവിന്റെ മകൻ കുറുവടി ഉണ്ടാക്കാൻ വെട്ടിയ



www.malankaralibrary.com

കാപ്പിച്ചെടിയുടെ കുറ്റിയിൽ വീണു മരിച്ചു. കുറുവടികൾ ഒളിച്ചുവച്ചിരുന്ന ചാവടിയിൽവച്ച് മരുമകൾ മൂർഖന്റെ കടിയേറ്റു മരിച്ചു. ഇതു തിരുമേനിയുടെ ശാപമാണെന്നു നാട്ടുവർത്തമാനം.

ഇപ്രകാരമുള്ള അനേക നാട്ടുവിശേഷങ്ങൾ കേൾക്കുവാനിടയായിട്ടുണ്ട്. **വികാരിയച്ചനെക്കുറിച്ച് അപവാദം പറഞ്ഞുപരത്തിയ കുടുംബത്തിൽ അപകടമരണങ്ങൾ. പള്ളിയുടെ പണം അടിച്ചുമാറ്റിയ കുടുംബത്തിൽ മക്കൾക്ക് ബുദ്ധിഭ്രമം. മഠത്തിന്റെ പറമ്പ് അതിരുമാന്തിയെടുത്തവന്റെ വീട്ടിൽ മാരകരോഗങ്ങൾ. പള്ളിയിലേക്ക് നിർമാണ വസ്തുക്കൾ വാങ്ങിയ വകയിൽ കമ്മീഷനടിച്ചവന്റെ വീടിന് ഇടിവെട്ടി.** ഇങ്ങനെ കേട്ടിട്ടുള്ള സംഭവങ്ങൾ അനവധി. ഇവയൊക്കെ അച്ചന്മാരുടെയും തിരുമേനിമാരുടെയും ശാപമാണെന്ന് ജനസംസാരം.

ഇതൊക്കെ കാണുകയും കേൾക്കുകയും ചെയ്യുമ്പോൾ എനിക്കൊരു സംശയം. **അച്ചന്മാരെയും മെത്രാച്ചന്മാരെയും സഭയെയും ദൈവം തെരഞ്ഞെടുത്ത് അധികാരപ്പെടുത്തിയിരിക്കുന്നത് അനുഗ്രഹിക്കാനാണോ അതോ ശപിക്കാനാണോ? അനുഗ്രഹിക്കാൻ തന്നെ, സംശയമില്ല.** ".... അനുഗ്രഹിക്കുകയല്ലാതെ ശപിക്കരുത്" (റോമ 12:14) എന്നാണ് വിശുദ്ധ പൗലോസ് പറയുന്നത്. "ശപിക്കുന്നവരെ അനുഗ്രഹിക്കുവിൻ. അധിക്ഷേപിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുവിൻ" (ലൂക്കാ 6:28) എന്നാണ് യേശുനാഥൻ കല്പിച്ചിരിക്കുന്നതും. പിന്നെ ജനങ്ങളുടെ ഇടയിൽ ഇത്തരം ചിന്തകൾ എവിടെ നിന്നു വന്നതാണ്. ഏറെ നാളായി എന്റെ മനസിൽ ഈ ചിന്തകൾ നിറഞ്ഞു നിന്നിരുന്നു.

സംഖ്യയുടെ പുസ്തകം 16-ാം അധ്യായം വായിച്ചുകൊണ്ടിരുന്നപ്പോൾ എനിക്ക് ചില ഉത്തരങ്ങൾ ലഭിച്ചു. അത് നിങ്ങളുമായി പങ്കുവയ്ക്കാം. പശ്ചാത്തലം പറഞ്ഞുകൊണ്ടാരംഭിക്കാം. ഇസ്രായേൽ ജനത്തെ നയിക്കാൻ ദൈവം മോശയെ നിയോഗിച്ചു. സഹായിയായി അഹറോനെയും. കൂടാരത്തിൽ കൂടെ വസിച്ചുകൊണ്ട് ദൈവം അവരെ ശക്തിപ്പെടുത്തിക്കൊണ്ടിരുന്നു. ദൈവത്തിന്റെ ആലോചന അനുസരിച്ചാണ് മോശയും അഹറോനും ജനത്തെ നയിച്ചത്. സമാഗമകൂടാരത്തിൽ എത്തി മോശയും അഹറോനും ദൈവഹിതം ആരായുക പതിവായിരുന്നു. അവർക്കു മാത്രമേ സമാഗമ കൂടാരത്തിൽ പ്രവേശിക്കുവാൻ ദൈവം അനുവാദം നല്കിയിരുന്നുള്ളൂ.

കോറഹ് ദാത്താൻ അബീറാം ദാൻ എന്നിവർ മോശയ്ക്കും അഹ



www.malankaralibrary.com

റോനും എതിരായി ജനത്തെ ഇളക്കാൻ തുടങ്ങി. സമാഗമകൂടാരത്തിൽ മറ്റാരും പ്രവേശിക്കരുത് എന്നത് മോശയും അഹറോനും അവരുടെ അധികാരം നിലനിർത്താൻ എടുത്തിരിക്കുന്ന അടവാണ്, അല്ലാതെ ദൈവം പറഞ്ഞിട്ടല്ല എന്ന് അവർ പറഞ്ഞു പരത്തി. "സമൂഹത്തിൽ എല്ലാവരും വിശുദ്ധരാണ്. കർത്താവ് അവരുടെ മധ്യേ ഉണ്ട്. പിന്നെന്തിനു നിങ്ങൾ കർത്താവിന്റെ ജനത്തിനു മീതെ നേതാക്കന്മാരായി ചമയുന്നു" (16:13) എന്നായിരുന്നു കേഹറിന്റെയും കൂട്ടരുടെയും വാദം. മാമോദീസാ സ്വീകരിച്ച എല്ലാവരും വിശുദ്ധരാണ്. എല്ലാവർക്കും രാജകീയ പൗരോഹിത്യം ഉണ്ട് (2 പത്രോ. 2:15). പിന്നെ എന്താണ് അച്ചന്മാരും മെത്രാന്മാരും സഭയിൽ പ്രമാണിത്തവും അധികാരവും കാണിക്കുന്നത് എന്നൊക്കെ ചില അല്മായ പ്രമാണിമാർ പറയുന്നത് കേട്ടിട്ടില്ലേ? കോറഹിന്റെയും കൂട്ടരുടെയും പിന്മുറക്കാർ.

കോറഹിന്റെയും കൂട്ടരുടെയും നടപടി മോശയെ വേദനിപ്പിച്ചു. മോശ പറഞ്ഞു. 'കർത്താവിനെതിരെയാണ് നിങ്ങൾ സംഘം ചേർന്നിരിക്കുന്നത്. അഹറോനെതിരെ പിറുപിറുക്കാൻ അവൻ ആരാണ്" (16:11). കോറഹും കൂട്ടരും മോശയെ ധിക്കരിച്ചു (16:12-16). കോറഹ് സമൂഹത്തെ സമാഗമ കൂടാരവാതിൽക്കൽ മോശയ്ക്കും അഹറോനും എതിരായി ഒരുമിച്ചുകൂട്ടി. കോറഹും ഇരുനൂറ്റി അമ്പത് അനുയായികളും ധൂപകലശവുമായി സമാഗമ കൂടാരത്തിന്റെ വാതില്ക്കലെത്തി. ബൈബിളിലെ ഭാഗം അതേപടി ഞാൻ ഉദ്ധരിക്കാം. "കർത്താവ് മോശയോടും അഹറോനോടും അരുളിച്ചെയ്തു. ഞാനിവരെ ഇപ്പോൾ സംഹരിക്കും. ഇവരിൽ നിന്നു മാറി നിന്നുകൊള്ളുവിൻ. അവർ താണുവീണു പറഞ്ഞു. സകലജനത്തിനും ജീവൻ നല്കുന്ന ദൈവമേ, ഒരു മനുഷ്യൻ പാപം ചെയ്തതിന് അങ്ങ് സമൂഹം മുഴുവനോടും കോപിക്കുമോ? കർത്താവ് മോശയോടു അരുളി ചെയ്തു. കോറഹ് ദാത്താൻ അബീറാം എന്നിവരുടെ വീടുകളുടെ പരിസരത്തുനിന്നു മാറിപ്പോകാൻ ജനത്തോടു പറയുക".

"അപ്പോൾ മോശ ദാത്താന്റെയും അബീറാമിന്റെയും അടുത്തേക്കു ചെന്നു. ഇസ്രായേലിലെ ശ്രേഷ്ഠന്മാർ അവനെ അനുഗമിച്ചു. മോശ സമൂഹത്തോടു പറഞ്ഞു. ഇവരുടെ പാപത്തിൽപെട്ടു നശിക്കാതിരിക്കേണ്ടതിന് ഈ ദുഷ്ടന്മാരുടെ കൂടാരങ്ങളിൽ നിന്ന് ഒഴിഞ്ഞുമാറി നില്ക്കുവിൻ. അവരുടെ വസ്തുക്കളെപ്പോലും സ്പർശിക്കരുത്. കോറഹ് ദാത്താൻ അബീറാം എന്നിവരുടെ കൂടാരങ്ങളുടെ പരിസരങ്ങളിൽ നിന്നു ജനം ഒഴിഞ്ഞു മാറി. ദാത്താനും അബീറാമും ഭാര്യമാരോടും മക്കളോടും



www.malankaralibrary.com

കുഞ്ഞുങ്ങളോടും കൂടെ പുറത്തുവന്ന് തങ്ങളുടെ കൂടാരങ്ങളുടെ വാതിൽക്കൽ നിന്നു. മോശ പറഞ്ഞു: ഈ പ്രവർത്തികൾ ചെയ്യാൻ കർത്താവാണ് എന്നെ നിയോഗിച്ചതെന്നും അവയൊന്നും ഞാൻ സ്വമേധയാ ചെയ്തതല്ലെന്നും ഇതിൽ നിന്നു നിങ്ങൾ അറിയും. എല്ലാ മനുഷ്യരും മരിക്കുന്നതുപോലെയാണ് ഇവർ മരിക്കുന്നതെങ്കിൽ, എല്ലാ മനുഷ്യരുടെയും വിധിതന്നെയാണ് ഇവർക്കും സംഭവിക്കുന്നതെങ്കിൽ, കർത്താവ് എന്നെ അയച്ചിട്ടില്ല. എന്നാൽ, കർത്താവിന്റെ അത്ഭുത ശക്തിയാൽ ഭൂമി വാ പിളർന്ന് അവരെയും അവർക്കുള്ളവരെയും വിഴുങ്ങുകയും ജീവനോടെ പാതാളത്തിലേക്കു കൊണ്ടുപോവുകയും ചെയ്യുന്നെങ്കിൽ അവർ കർത്താവിനെ നിന്ദിച്ചിരിക്കുന്നുവെങ്കിൽ നിങ്ങൾ അറിയും.

"മോശ ഇതു പറഞ്ഞു കഴിഞ്ഞപ്പോഴേക്കും അവർക്കു താഴെ നിലം പിളർന്നു. ഭൂമി വാ പിളർന്ന് കോറഹിനെയും അനുചരന്മാരെയും അവരുടെ കുടുംബാംഗങ്ങളോടും വസ്തുവകകളോടും കൂടെ വിഴുങ്ങിക്കളഞ്ഞു. അവരും അവരോടു ബന്ധപ്പെട്ടവരും ജീവനോടെ പാതാളത്തിൽ പതിച്ചു. ഭൂമി അവരെ മൂടി. അങ്ങനെ ജനമധ്യത്തിൽ നിന്ന് അവർ അപ്രത്യക്ഷരായി. അവരുടെ നിലവിളികേട്ട് ചുറ്റും നിന്ന ഇസ്രായേല്യർ ഭൂമി നമ്മെക്കൂടി വിഴുങ്ങിക്കളയാതിരിക്കട്ടെയെന്നു പറഞ്ഞ് ഓടിയകന്നു. കർത്താവിൽ നിന്ന് അഗ്നിയിറങ്ങി ധൂപാർച്ചന നടത്തിക്കൊണ്ടിരുന്ന ഇരുനൂറ്റിയമ്പതുപേരെയും ദഹിപ്പിച്ചുകളഞ്ഞു." (സംഖ്യ 16:20-35).

പഴയനിയമത്തിൽ ഇസ്രായേൽക്കാരുടെ യാത്രയിൽ ദൈവം വസിച്ചിരുന്നത് സമാഗമകൂടാരത്തിൽ. പഴയനിയമത്തിലെ സമാഗമകൂടാരത്തിന്റെ സ്ഥാനത്താണ് പുതിയ നിയമത്തിൽ പരിശുദ്ധ കത്തോലിക്കാ സഭ. സഭയിൽ ദൈവം സന്നിഹിതനായിരിക്കുന്നു. ദൈവവുമായി ബന്ധപ്പെടാൻ തിരുസഭയിലായിരിക്കുക. സമാഗമകൂടാരത്തിൽ മോശയെയും അഹറോനെയും നേതൃത്വശുശ്രൂഷയിലേക്ക് നിയമിച്ച ദൈവം പുതിയനിയമത്തിൽ, തിരുസഭയിൽ നേതൃശുശ്രൂഷയ്ക്ക് വൈദികരെയും വൈദികമേലധ്യക്ഷരെയും നിയമിച്ചിരിക്കുന്നു. **ഇപ്പോൾ ഒരു കാര്യം വ്യക്തമാകുന്നു. സഭയ്ക്കും വൈദികർക്കും സമർപ്പിതർക്കും പള്ളിക്കും ഒക്കെ എതിരായി പ്രവർത്തിക്കുന്നവർക്ക് എന്തുകൊണ്ട് അകൃത്യങ്ങൾ സംഭവിക്കുന്നു. അത് വൈദികരുടെ ശാപം കൊണ്ടല്ല, പ്രത്യുത വൈദികർക്കും സന്യസ്തർക്കും പള്ളിക്കും എതിരായിട്ടുള്ള പ്രവൃത്തി ദൈവത്തിനെതിരായിട്ടുള്ള പ്രവൃത്തിയായതുകൊണ്ടാണ്.** കോറഹിന്റെയും കൂട്ടരുടെയും അനുഭവം ആരും മറക്കാതിരിക്കട്ടെ.

■



www.malankaralibrary.com

# നിങ്ങളുടെ പ്രാർത്ഥനയ്ക്ക് ഉത്തരം ലഭിക്കുന്നില്ലേ?

നിങ്ങൾ പ്രാർത്ഥിക്കുന്ന വ്യക്തിയാണ് അല്ലേ? പ്രാർത്ഥനയ്ക്ക് ഉത്തരം ലഭിക്കാതെ നിരാശപ്പെട്ടിട്ടുണ്ടോ? പ്രാർത്ഥനയിൽ വിരസതയും മടുപ്പും തോന്നിട്ടുണ്ടോ? എങ്കിൽ ഈ കുറിപ്പ് നിങ്ങൾ വായിക്കാതെ പോകരുത്.

പ്രാർത്ഥന എന്താണെന്ന് നിങ്ങൾക്കറിയാം, പല നിർവചനങ്ങളും മനസിൽ വരുന്നുണ്ടാകും. തൽക്കാലം പ്രാർത്ഥനയെക്കുറിച്ച് ഇപ്രകാരം ചിന്തിക്കുക. ജീവിതത്തിലെ ഏറ്റവും ഉദാത്തവും അമൂല്യവുമായ ദൈവ ദത്തമായ ഒരു ബന്ധവും സമ്പർക്കവും. ആരുമായിട്ടാണീ ബന്ധവും സമ്പർക്കവും?. അതാണ് പ്രാർത്ഥനയെ ഉദാത്തമാക്കുന്നത്. **ജീവിതത്തിന്റെ സകല വ്യാപാരങ്ങളുടെയും കണക്ക് ആത്യന്തികമായി ആർക്കു നല്കാൻ മനുഷ്യൻ കടപ്പെട്ടിരിക്കുന്നുവോ ആ സർവശക്തനുമായിട്ടുള്ള ബന്ധവും സമ്പർക്കവുമാണ്.** അവൻ അമൂല്യമായ വില നല്കി നമ്മെ വിലക്കു വാങ്ങിയിട്ടുള്ളതാണ്. തന്റെ ഏകജാതന്റെ തിരുരക്തം വിലയായി നല്കിയാണ് നമ്മെ വീണ്ടെടുത്തത്. ഇത്രയും അംഗീകരിക്കുന്നവർ തുടർന്നു വായിക്കുക.

പ്രാർത്ഥനയ്ക്കുള്ള നമ്മുടെ അവകാശം ദൈവത്തിന്റെ ഒരു ആനുകൂല്യം മാത്രമാണെന്ന് തിരിച്ചറിയുക. "നാം വിളിച്ചപേക്ഷിക്കുമ്പോഴൊക്കെ നമ്മുടെ ദൈവമായ കർത്താവ് നമുക്ക് സമീപസ്ഥനായിരിക്കുന്നതുപോലെ ദൈവം ഇത്ര അടുത്തുള്ള വേറെ ഏതു ശ്രേഷ്ഠജനതയാണുള്ളത്" (നിയമാവർത്തനം 4:7). എങ്കിലും പ്രാർത്ഥനയ്ക്ക് ഉത്തരം ലഭിക്കാത്ത അനുഭവം നമുക്കില്ലേ? എങ്കിൽ കാരണം എന്തായിരിക്കും?

ഒരുപക്ഷേ **പ്രധാനകാരണം നമ്മുടെ പാപാവസ്ഥ തന്നെയായിരിക്കും.** ദൈവത്തെ വഞ്ചിക്കാൻ നമുക്ക് സാധ്യമല്ല. അവൻ നമ്മെ അത്ര അടുത്തറിയുന്നു. "കർത്താവേ അവിടുന്ന് എന്നെ പരിശോധിച്ചറിഞ്ഞിരിക്കുന്നു. ഞാൻ ഇരിക്കുന്നതും എഴുന്നേൽക്കുന്നതും അവിടുന്ന് അറി



www.malankaralibrary.com

യുന്നു; എന്റെ വിചാരങ്ങൾ അവിടുന്ന് അകലെ നിന്ന് മനസിലാക്കുന്നു. എന്റെ മാർഗങ്ങൾ അങ്ങേയ്ക്കു നന്നായി അറിയാം. ഒരു വാക്ക് എന്റെ നാവിൽ എത്തുന്നതിനും മുമ്പുതന്നെ കർത്താവേ അത് അവിടുന്ന് അറിയുന്നു" (സങ്കീ: 139/1-6). **ദൈവത്തിന്റെ മാർഗത്തിലൂടെയല്ല നമ്മുടെ പ്രയാണമെങ്കിൽ സഹോദരരുമായി ഹൃദയത്തിൽ വിദ്വേഷം വച്ചു പുലർത്തുന്നുണ്ടെങ്കിൽ, തെറ്റായ ലക്ഷ്യത്തോടെയാണ് പ്രാർത്ഥിക്കുന്നതെങ്കിൽ ദൈവത്തിൽ നിന്നും ഉത്തരം പ്രതീക്ഷിക്കേണ്ടതില്ല.** "എന്റെ നാമം പേറുന്ന എന്റെ ജനം എന്നെ അന്വേഷിക്കുകയും തങ്ങളെത്തന്നെ എളിമപ്പെടുത്തി പ്രാർത്ഥിക്കുകയും തങ്ങളുടെ ദുർമാർഗങ്ങളിൽ നിന്നു പിന്തിരിയുകയും ചെയ്താൽ ഞാൻ സ്വർഗത്തിൽ നിന്ന് അവരുടെ പ്രാർത്ഥന കേട്ട് അവരുടെ പാപങ്ങൾ ക്ഷമിക്കുകയും അവരുടെ ദേശം സമ്പുഷ്ടമാക്കുകയും ചെയ്യും" (2ദിനവൃത്താന്തം 7:14). "ചോദിച്ചിട്ടും നിങ്ങൾക്കു ലഭിക്കുന്നില്ലെങ്കിൽ, അതു നിങ്ങളുടെ ദുരാശകളെ തൃപ്തിപ്പെടുത്താൻ നിങ്ങൾ തിന്മയായവ ചോദിക്കുന്നതുകൊണ്ടാണ്" (യാക്കോബ് 4:3). **ദൈവത്തിന്റെ സർവ കൃപകളെയും തടയുന്നത് പാപമാണ്.** തിന്മ വെടിഞ്ഞാൽ ഉത്തരം ലഭിക്കും. (ജോബ് 11:13-18). ചില സന്ദർഭങ്ങളിൽ നമ്മുടെ പ്രാർത്ഥന ദൈവത്തിന് അസഹനീയമാണ്. "ദുഷ്ടരുടെ ബലി കർത്താവിന് വെറുപ്പാണ്; സത്യസന്ധരുടെ പ്രാർത്ഥന അവിടുത്തെ സന്തോഷിപ്പിക്കുന്നു" (സുഭാ.15:8). "എന്നാൽ, അവർ വിധവകളുടെ ഭവനങ്ങൾ വിഴുങ്ങുകയും ദീർഘമായി പ്രാർത്ഥിക്കുന്നുവെന്നു നടിക്കുകയും ചെയ്യുന്നു. ഇവർക്കു കൂടുതൽ കഠിനമായ ശിക്ഷാവിധി ലഭിക്കും" (മർക്കോസ് 12:40).

പ്രാർത്ഥനയ്ക്ക് ഉത്തരം ലഭിക്കാതെ പോകുന്നതിന്റെ **മറ്റൊരു പ്രധാന കാരണം ദൈവം നമ്മുടെ വിശ്വാസത്തെ ആഴപ്പെടുത്താൻ ആഗ്രഹിക്കുന്നു എന്നതാണ്.** അതുവഴി നമ്മിൽ സ്നേഹവും എളിമയും കൃതജ്ഞതയും വളർത്താൻ ദൈവം ഇടവരുത്തുന്നു. വിനീതരുടെ മേൽ കാരുണ്യം പൊഴിക്കുന്നു". (സുഭാ.3:34). "അവിടുന്ന് കൃപാവരം ചൊരിയുന്നു. അതുകൊണ്ടാണ് ഇങ്ങനെ എഴുതിയിരിക്കുന്നത്. ദൈവം അഹങ്കാരികളെ എതിർക്കുകയും എളിമയുള്ളവർക്കു കൃപ കൊടുക്കുകയും ചെയ്യുന്നു" (യാക്കോബ് 4:6). ടയിർ-സീദോൻ പ്രദേശത്തുവച്ച് കാനാൻകാരി സ്ത്രീയുടെ പ്രാർത്ഥനയ്ക്ക് ഉത്തരമരുളിയ യേശുവിന്റെ പ്രവൃത്തി ഇവിടെ ശ്രദ്ധേയമാണ്. (മത്തായി 15:21-28). അവൾ യഹൂദയല്ല, സ്ത്രീയുമാണ് എന്ന കാരണങ്ങളാൽ തന്നെ ഒരു യഹൂദ റബിയുടെ കടാക്ഷവും ശ്രദ്ധയും അർഹിക്കുന്നില്ല. എന്നാൽ യേശു എപ്ര



www.malankaralibrary.com

കാരം അവളുടെ പ്രാർത്ഥനയ്ക്ക് ഉത്തരമരുളുന്നു എന്നു ശ്രദ്ധിക്കുക.

ദൈവം പലപ്പോഴും ഉത്തരം നല്കാതെ നിശബ്ദനായിരിക്കുന്നതായി നമുക്കനുഭവപ്പെടാം. എന്നാൽ, ഓർക്കുക **അവൻ നമ്മെ വെറുംകൈയോടെ പറഞ്ഞയക്കില്ല.** ഉടൻ ഉത്തരം ലഭിച്ചില്ലെങ്കിൽ **കർത്താവിന്റെ കരണീയമായ സമയത്തിനുവേണ്ടി കാത്തിരിക്കുകയാണ് അഭികാമ്യം.** വിശ്വാസ സ്ഥിരതയാണ് ദൈവത്തിനു പ്രീതീകരമായത്. ".... വിശ്വാസമില്ലാതെ ദൈവത്തെ പ്രസാദിപ്പിക്കുക സാധ്യമല്ല. ദൈവസന്നിധിയിൽ ശരണം പ്രാപിക്കുന്നവർ ദൈവം ഉണ്ടെന്നും തന്നെ അന്വേഷിക്കുന്നവർക്ക് അവിടുന്ന് പ്രതിഫലം നല്കുമെന്നും വിശ്വസിക്കണം" (ഹെബ്രാ.11:6). ദൈവത്തിന്റെ നിശബ്ദത നമ്മെ കൂടുതൽ ഉത്തേജിപ്പിക്കണം. പ്രാർത്ഥനയിൽ സ്ഥിരതയുള്ളവരാകണം.

ദൈവികമായവയ്ക്കുവേണ്ടി ദാഹമുള്ളവരാകാം, അവന്റെ മാർഗത്തിൽ ചരിക്കുന്നവരാകാം, മടുപ്പു തോന്നാതെ പ്രാർത്ഥനയിൽ സ്ഥിരതയുള്ളവരാകാം. അപ്പോൾ നാം ദൈവിക മാർഗത്തിലാണെന്ന് ഉറപ്പാണ്". ഇടവിടാതെ പ്രാർത്ഥിക്കുവിൻ. എല്ലാ കാര്യങ്ങളിലും നന്ദി പ്രകാശിപ്പിക്കുവിൻ. ഇതാണ് യേശുക്രിസ്തുവിൽ നിങ്ങളെ സംബന്ധിച്ചുള്ള ദൈവഹിതം" (1തെസ. 5:17-18).

■



www.malankaralibrary.com

# ലാളിത്യത്തിന്റെ പൊരുൾ... ത്യാഗത്തിന്റെ പൊരുൾ

ത്യാഗത്തിന്റെ മൂല്യം, സഹനത്തിന്റെ വില, കുരിശിന്റെ മഹത്വം.... സഭയിൽ വെറും പ്രസംഗവിഷയമായി തരംതാണിരിക്കുന്നോ?

സഭാതനയരും 'ശുശ്രൂഷകരും' ആർഭാടത്തിൽ ആനന്ദിക്കുന്നു, ആർഭാടങ്ങൾ കാണിക്കുന്നവരെ അമിതമായി ആദരിക്കുന്നു, വീരന്മാരായി ചിത്രീകരിക്കുന്നു. നാം വളരുന്നോ, തളരുന്നോ?

അനുയായികളെ ആകർഷിക്കാൻ ആർക്കാണു കഴിയുക? സുഖസൗകര്യങ്ങളിൽ വസിക്കുന്നവനോ ആർഭാടം അനുഭവിക്കുന്നവനോ, അതോ ത്യാഗം സഹിക്കുന്നവനോ? സുഖസൗകര്യങ്ങൾ ആസ്വദിക്കുവാൻ സാഹചര്യങ്ങളും അവകാശങ്ങളും ഉണ്ടായിട്ടും അവ വേണ്ടെന്നുവച്ച് ജീവിതത്തിന്റെ പരുക്കൻ യാഥാർഥ്യങ്ങൾ ഏറ്റെടുക്കുന്നവനും അപരനുവേണ്ടി സ്വന്ത സൗകര്യങ്ങൾ വേണ്ടെന്നുവയ്ക്കുന്നവനുമോ?

ലോകം ഇന്നും ആരാധിക്കുന്നതും അനുധാവനം ചെയ്യുന്നതും ആരെ! കൊട്ടാരത്തിൽ വസിച്ച ഹേറോദേസിനെയോ പുൽക്കൂട്ടിൽ പിറന്ന് വഴിയോരത്ത് അന്തിയുറങ്ങി കുരിശിൽ മരിച്ച് അപരന്റെ കല്ലറയിൽ അടക്കപ്പെട്ട യേശുവിനെയോ ലോകം അറിയുന്നതും ആദരിക്കുന്നതും.

തീൻമൂർത്തി ഭവന്റെ ആർഭാടത്തിൽ ജീവിച്ച ജവഹർലാൽ നെഹ്റുവോ ഉടുതുണിക്കു മറുതുണിയില്ലാതെ ജീവിച്ച മഹാത്മജിയോ ജനകോടികളെ ത്യാഗസന്നദ്ധരാക്കിയത്?

വലിയപള്ളികളും ബസലിക്കകളും ശീതീകരിച്ച പള്ളികളും കണ്ടിട്ട് ആരെങ്കിലും യേശു ദൈവമെന്നോ കത്തോലിക്കാ സഭ സത്യസഭയെന്നോ അംഗീകരിച്ചിട്ടുണ്ടോ?

അത്യാവശ്യമുള്ളതുപോലും വേണ്ടാ എന്നുവയ്ക്കാൻ പരിശീലിക്കുകയാണ് യഥാർഥ ആത്മിക പരിശീലനമെന്നു പറഞ്ഞിരുന്നവരുടെ പിൻമു



www.malankaralibrary.com

റക്കാർ ആവശ്യമില്ലാത്തവപോലും അത്യാവശ്യമാണ് എന്ന രീതിയിൽ പ്രചരിപ്പിക്കുകയും ന്യായീകരിക്കുകയും ചെയ്യുന്നതു കാണുമ്പോൾ ക്രിസ്തുശിഷ്യരുടെ അധഃപതനം കണ്ട് സഹതപിക്കാനല്ലാതെ എന്തു ചെയ്യാൻ.

പഞ്ചനക്ഷത്ര പള്ളികളും സ്ഥാപനങ്ങളുംകൊണ്ട് സുവിശേഷവത്കരണവും നവസുവിശേഷവത്കരണവും പുനരൈക്യവും ശക്തിപ്പെടുമെന്നു കരുതാനാവുമോ?

ബഥനിയിൽ മൺചട്ടിയിൽ കഞ്ഞികുടിച്ചിരുന്ന കാഷായ വസ്ത്രധാരിയായ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായും 'കുഴിയിൽ അരമനയിൽ' വാടകവീട്ടിൽ അന്തിയുറങ്ങിയിരുന്ന മാർ തെയോഫിലോസ് തിരുമേനിയും പതിനായിരങ്ങളെ ആവേശഭരിതരാക്കുകയും സത്യസഭയിലേക്ക് ആകർഷിക്കുകയും ചെയ്ത ഇന്നലെകൾ നാം മറക്കുകയാണോ? മുണ്ടൻമലവിട്ട് വെറുംകയ്യോടെ ഇറങ്ങിപ്പോന്നവന്റെ പിന്നാലെ ജനലക്ഷങ്ങൾ കൂടി....

കോളജുകളും പള്ളികളും സ്ഥാപനങ്ങളും പള്ളിമേടകളും ശതകോടികളുടെ ആസ്തികളും ആയപ്പോൾ പിന്നാലെ വരുന്നവരുടെ എണ്ണം എത്ര? എന്തൊരു വിരോധാഭാസം? ധ്യാനിക്കാം. ജീവിതം പുതുക്കാം.... അതിനല്ലോ വലിയ ആഴ്ച നമുക്കു നൽകപ്പെട്ടിരിക്കുന്നത്.

■



www.malankaralibrary.com

# പീഡനങ്ങളോടുള്ള ക്രിസ്തീയ പ്രതികരണം

യഥാർത്ഥ ക്രൈസ്തവ ജീവിതം വളരെ ത്യാഗങ്ങൾ ആവശ്യപ്പെടുന്നു. പീഡനങ്ങൾ യഥാർത്ഥ ക്രൈസ്തവന്റെ ജന്മാവകാശമാണ്. വി. പൗലോസ് ശ്ലീഹാ നമുക്ക് മുന്നറിയിപ്പു തരുന്നു. "യേശുക്രിസ്തുവിനോട് ഐക്യപ്പെട്ട് വിശുദ്ധ ജീവിതം നയിക്കാൻ ആഗ്രഹിക്കുന്നവരെല്ലാം പീഡിപ്പിക്കപ്പെടും" (2 തീമോത്തി 3/12). യേശുനാഥൻ തന്റെ അനുയായികളോട് പറയുന്നുണ്ട് അവർ തന്നെ പീഡിപ്പിച്ചെങ്കിൽ നിങ്ങളെയും പീഡിപ്പിക്കും. കാരണം തന്റെ അനുയായികൾ ഈ ലോകത്തിന്റേതല്ല. ലോകം നിങ്ങളെ ദ്വേഷിക്കുന്നുവെങ്കിൽ അതിനുമുമ്പേ അത് എന്നെ ദ്വേഷിച്ചു എന്ന് അറിഞ്ഞുകൊള്ളുവിൻ. നിങ്ങൾ ലോകത്തിന്റേതായിരുന്നുവെങ്കിൽ ലോകം സ്വന്തമായതിനെ സ്നേഹിക്കുമായിരുന്നു. എന്നാൽ, നിങ്ങൾ ലോകത്തിന്റേതല്ലാത്തതുകൊണ്ട്, ഞാൻ നിങ്ങളെ ലോകത്തിൽ നിന്നു തെരഞ്ഞെടുത്തതുകൊണ്ട്, ലോകം നിങ്ങളെ ദ്വേഷിക്കുന്നു" (യോഹ 15/ 18-19). ക്രിസ്ത്യാനിയുടെ ജീവിതത്തെ നയിക്കുന്നത് ദൈവസ്നേഹവും വിശുദ്ധിയുമായിരിക്കുമ്പോൾ ലോകത്തിന്റെ മക്കളെ നയിക്കുന്നത് പാപമാണ്. ലോകത്തിന്റെ തിന്മകളിൽ പങ്കുചേരാത്തതുകൊണ്ടാണ് ക്രിസ്ത്യാനി പീഡിപ്പിക്കപ്പെടുന്നത്. "വിജാതീയർ ചെയ്യാനിഷ്ടപ്പെടുന്നതുപോലെ, അഴിഞ്ഞാട്ടത്തിലും ജഡമോഹത്തിലും മദ്യപാനത്തിലും മദിരോത്സവത്തിലും നിഷിദ്ധ വിഗ്രഹാരാധനയിലും മുഴുകി നിങ്ങൾ മുമ്പു വളരെക്കാലം ചെലവഴിച്ചു. അവരുടെ ദുർവൃത്തികളിൽ ഇപ്പോൾ നിങ്ങൾ പങ്കുചേരാത്തതുകൊണ്ട്, അവർ വിസ്മയിക്കുകയും നിങ്ങളെ ദുഷിക്കുകയും ചെയ്യുന്നു" (1 പത്രോസ് 4/ 3-4).

യഥാർത്ഥ ക്രിസ്ത്യാനി നീരസത്തോടെയോ പിറുപിറുപ്പോടെയോ അല്ല മറിച്ച് സന്തോഷത്തോടെ പീഡകളെ സ്വാഗതം ചെയ്യണം, കാരണം പീഡനത്തിന് വലിയ ആത്മീക മൂല്യമുണ്ട്.

പീഡനവും സഹനവും യേശുവുമായുള്ള സംസർഗ്ഗത്തിനും സഹവാസത്തിനുമുള്ള അതുല്യമാർഗ്ഗമാണ്. യേശുവിനുവേണ്ടി തന്റെ ജീവിതത്തിൽ പലതും നഷ്ടമാക്കിയതിനെക്കുറിച്ച് പൗലോസ് ശ്ലീഹാ വിവരിക്കുന്നുണ്ട്. അവയൊക്കെ അവൻ ഉച്ഛിഷ്ടംപോലെ കരുതി "ഇവ



www.malankaralibrary.com

യെല്ലാം ക്രിസ്തുവിനെപ്രതി നഷ്ടമായി ഞാൻ കണക്കാക്കി അവമാത്രമല്ല, എന്റെ കർത്താവായ യേശുക്രിസ്തുവിനെപ്പറ്റിയുള്ള ജ്ഞാനം കൂടുതൽ വിലയുള്ളതാകയാൽ, സർവ്വവും നഷ്ടമായിത്തന്നെ ഞാൻ പരിഗണിക്കുന്നു. അവനെ പ്രതി ഞാൻ സകലവും നഷ്ടപ്പെടുത്തുകയും ഉച്ഛിഷ്ടം പോലെ കരുതുകയുമാണ് (ഫിലിപ്പി - 3/7-8), ഇവയെല്ലാം വി. പൗലോസ് ത്യജിച്ചത് യേശുവിന്റെ പീഡാനുഭവത്തിൽ പങ്കുകാരനാകാൻ വേണ്ടിയായിരുന്നു. ''അത്, അവനെയും അവന്റെ പുനരുത്ഥാനത്തിന്റെ ശക്തിയെയും ഞാൻ അറിയുന്നതിനും അവന്റെ സഹനത്തിൽ പങ്കുചേരുന്നതിനും അവന്റെ മരണത്തോടു താദാത്മ്യപ്പെടുന്നതിനും വേണ്ടിയാണ്''(ഫിലിപ്പി 3/ 10). കാരാഗൃഹവാസം പോലും ദൈവം നല്കിയ വലിയ അനുഗ്രഹമായിട്ടാണ് പൗലോസ് ശ്ലീഹാ ഗണിക്കുന്നത് (ഫിലിപ്പി 1/7).

വിശ്വാസത്തിന്റെ ദൃഢതയെ പരിശോധിക്കുന്നതിനുള്ള അവസരമായിട്ടാണ് യാക്കോബ്ശ്ലീഹാ പരീക്ഷകളെയും പീഡകളെയും കാണുന്നത്. ''എന്റെ സഹോദരരേ, വിവിധ പരീക്ഷകളിൽ അകപ്പെടുമ്പോൾ നിങ്ങൾ സന്തോഷിക്കുവിൻ. എന്തെന്നാൽ, വിശ്വാസം പരീക്ഷിക്കപ്പെടുമ്പോൾ നിങ്ങൾക്ക് അതിൽ സ്ഥിരത ലഭിക്കുമെന്ന് അറിയാമല്ലോ'' (യാക്കോബ് 1/23). സ്വർണ്ണം അഗ്നിയിലൂടെ ശുദ്ധീകരിക്കപ്പെടുന്നതു പോലെ പരീക്ഷകളിലൂടെ ക്രിസ്ത്യാനിയുടെ മാറ്റ് തെളിയിക്കപ്പെടുന്നു. പീഡനത്തിന്റെയും പരീക്ഷയുടെയും മുമ്പിൽ ശാന്തത കൈവിടാതെ പതറാതെ നില്ക്കുകയും അഭിമുഖീകരിക്കുകയും വഴി ശത്രുവിന്റെമേൽ ആധിപത്യം പുലർത്തുവാൻ നമുക്ക് സാധിക്കും. ഇത് വലിയ ഒരു വെല്ലുവിളിയാണെന്നതിൽ സംശയമില്ല. എന്നാൽ പരിശുദ്ധാത്മാവിന്റെ ശക്തിയാൽ നമുക്കിതു സാദ്ധ്യമാണ്. മാത്രമല്ല നമ്മുടെ നാഥനും രക്ഷകനുമായ യേശുനാഥനെക്കുറിച്ച് പത്രോസ് ശ്ലീഹാ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. നിന്ദിക്കപ്പെട്ടപ്പോൾ അവൻ പകരം നിന്ദിച്ചില്ല, പീഡനമേറ്റപ്പോൾ ഭീഷണിപ്പെടുത്തിയില്ല, പിന്നെയോ, നീതിയോടെ വിധിക്കുന്നവന് തന്നെത്തന്നെ ഭരമേല്പിക്കുകയാണ് ചെയ്തത് ''(1 പത്രോസ് 2/23).

യഥാർത്ഥ സ്നേഹിതരെ തിരിച്ചറിയാനും അവരുടെ സഹായം തേടാനും പീഡകളും പരീക്ഷകളും പലപ്പോഴും സഹായമാകുന്നു. പീഡകൾ ദൈവമക്കളെ അന്യോന്യം ബലപ്പെടുത്തുന്നവരാകാൻ ഇടയാക്കും. പ്രാർത്ഥനയുടെ ശക്തിയിൽ ആശ്രയിക്കാൻ ഇത് നമുക്ക് ഇടയാക്കുകയും ചെയ്യും. നമ്മെ അധിഷേപിക്കുകയും പീഡിപ്പിക്കുകയും ചെയ്യുന്നവർക്കുവേണ്ടിയും പ്രാർത്ഥിക്കാനും ആത്മിക പക്വതപ്രാപിക്കാനും നമുക്ക് ഇടയാകും (1 കൊരി. 11/24, റോമ 10/1)

■



www.malankaralibrary.com

# പുര കത്തുമ്പോൾ വാഴവെട്ടാൻ തുനിയരുത്

**കൊ**റോണാ വൈറസ് ബാധയെ തുടർന്ന് ലോകമാസകലം കർശനവും അതിശക്തവുമായ പ്രതിരോധമാർഗ്ഗങ്ങൾ സ്വീകരിക്കുന്നതായി വാർത്താ മാദ്ധ്യമങ്ങളിലൂടെ നാം മനസ്സിലാക്കുന്നു. കൊറോണ വൈറസ് പടരുന്നത് മനുഷ്യ സമ്പർക്കത്തിലൂടെയാണെന്ന തിരിച്ചറിവ് മനുഷ്യസമ്പർക്കം കഴിവതും ഒഴിവാക്കേണ്ടത് സാമാന്യബോധവും സാമൂഹികപ്രതിബദ്ധതയുമുള്ള ഏതൊരാളിന്റെയും ചുമതലയാണെന്ന് ഓർമ്മിപ്പിക്കുന്നു. അതുകൊണ്ട് അത്യാവശ്യമില്ലാത്ത യാത്രകൾ ഒഴിവാക്കുക, ജനങ്ങൾ കൂട്ടംകൂടാതിരിക്കുക, പൊതുഇടങ്ങളിൽ വ്യക്തികൾ തമ്മിൽ നിശ്ചിത അകലം പാലിക്കുക, മുഖാവരണം ഉപയോഗിക്കുക, സോപ്പുലായനിയോ സാനിറ്റൈസറോ ഉപയോഗിച്ച് കൂടെക്കൂടെ നിർദ്ദിഷ്ടരീതിയിൽ കൈകൾ കഴുകുക, ഇടവിട്ടിടവിട്ട് ശുദ്ധജലം കുടിക്കുക, എന്തെങ്കിലും രോഗലക്ഷണം കണ്ടാൽ ആരോഗ്യവകുപ്പിലറിയിച്ച് അവരുടെ നിർദ്ദേശങ്ങൾ പാലിക്കുക, രോഗം സംശയിക്കുന്നവരുമായി അടുത്തിടപെട്ടിട്ടുണ്ടെങ്കിൽ മറ്റുള്ളവരിൽ നിന്ന് മാറി സ്വയം ഏകാന്തവാസത്തിലേക്കു മാറുക തുടങ്ങിയ കുറെ നിർദ്ദേശങ്ങൾ അറിവുള്ളവർ നിർദ്ദേശിച്ചിരിക്കുന്നത് കൃത്യമായി പാലിക്കുക ഉത്തരവാദിത്വമുള്ള ഏതൊരു പൗരന്റെയും കടമയാണ്. സമൂഹനന്മ ആഗ്രഹിക്കുന്നവരും സ്വന്തം ആരോഗ്യത്തിനും ജീവനും വിലമതിക്കുന്നവരും അന്യരുടെ ആരോഗ്യവും ജീവനും തങ്ങളുടേതുപോലെ വിലയുള്ളതും വിലമതിക്കപ്പെടേണ്ടതുമാണെന്നും കരുതുന്നവർ ഈ നിർദ്ദേശങ്ങളൊക്കെ ഗൗരവമായെടുക്കുകയും പാലിക്കുകയും പാലിക്കാൻ മറ്റുള്ളവരെ പ്രേരിപ്പിക്കുകയും ചെയ്യും. അത് സാമൂഹ്യപ്രതിബദ്ധതയുടെയും സഹോദരസ്നേഹത്തിന്റെയും പരിഗണനയുടെയും അടയാളമാണ്. അതീവ ഗൗരവതരമായ ഒരു സ്ഥിതിവിശേഷം ലോകം അഭിമുഖീകരിക്കുമ്പോൾ വിവിധ മതങ്ങൾ തങ്ങൾ പാവനമായി



www.malankaralibrary.com

കരുതുന്നതും സാധാരണരീതിയിൽ കർശനമായി പാലിക്കുന്നതുമായ മതകർമ്മങ്ങളിലും ആചാരങ്ങളിലും അനുഷ്ഠാനങ്ങളിലുംപോലും അയവുവരുത്തി കൊറോണാ വൈറസ് വ്യാപനം തടയാനും മനുഷ്യവംശത്തെ വലിയ നാശത്തിൽ നിന്നും രക്ഷിക്കാനും ശ്രമിക്കുന്നത് ഈ വൈറസ് ബാധയുടെ രൂക്ഷത വ്യക്തമാക്കുന്നു.

''പുരകത്തുമ്പോൾ വാഴവെട്ടുക'' എന്നൊരു നാടൻ ഭാഷാപ്രയോഗം കേട്ടിട്ടുണ്ടാകുമല്ലൊ. ഇത് ഓർമ്മിപ്പിക്കുന്ന വിധം ''ക്ഷീരമുള്ളോരകിടിൻ ചുവട്ടിലും ചോരതന്നെ കൊതുകിനു കൗതുകം'' എന്ന കവിവാക്യം അന്വർത്ഥമാക്കിക്കൊണ്ട് സമൂഹത്തിലെ ചില ''ക്ഷുദ്രജീവികൾ'' ചില മാദ്ധ്യമങ്ങളിലൂടെ ''മതങ്ങളുടെ അകിടുകളിൽ'' ചോരതേടുന്നത് കാണുമ്പോൾ ലജ്ജതോന്നുന്നു. നാട് അതിഭീകരമായ ഒരു സ്ഥിതിവിശേഷത്തെ അതിജീവിക്കുവാൻ അരയും തലയും മുറുക്കി അടരാടുമ്പോൾ അതിനോട് സർവ്വാത്മനാ സഹകരിച്ച് തങ്ങളുടെ മർമ്മപ്രധാനമായ ആചാരങ്ങളിലും അനുഷ്ഠാനങ്ങളിലും പോലും അയവുവരുത്തി മതങ്ങൾ സഹകരിക്കുമ്പോൾ പൊതുസമൂഹത്തിനു പ്രത്യാശ പകർന്ന് നാടിനെ ബലപ്പെടുത്തേണ്ട മാദ്ധ്യമപ്രവർത്തകരിൽ ചിലർ സമൂഹത്തെ രോഗഗ്രസ്തമാക്കുന്ന ''വൈറസ് വാഹകരായി'' മാറുന്നത് മിതമായ ഭാഷയിൽ പറഞ്ഞാൽ ഒരുതരം കൂട്ടക്കൊല അല്ലെങ്കിൽ വർഗ്ഗനശീകരണമാണ്. പൊതുനന്മയെക്കരുതി വിട്ടുവീഴ്ചകൾക്ക് തയ്യാറാകുന്നവരെ ഭത്സിച്ച് അതിൽനിന്ന് പിൻതിരിപ്പിക്കാൻ ശ്രമിക്കുന്ന ''സിന്ധു''സമാന ക്ഷുദ്രജീവികളെ തടയേണ്ടത് രാജ്യനന്മയും സമൂഹസുസ്ഥിതിയും കാംക്ഷിക്കുന്നവരുടെ മാറ്റിവയ്ക്കാനാവാത്ത ഉത്തരവാദിത്തമാണ്. എന്താണീ പറഞ്ഞുവരുന്നതെന്ന് തോന്നുന്നുണ്ടല്ലേ ? എങ്കിൽ പറയാം, ശ്രദ്ധിച്ചോളു.

അന്താരാഷ്ട്ര പശ്ചാത്തലങ്ങളൊക്കെ തല്ക്കാലം മാറ്റിവയ്ക്കാം. നമ്മുടെ രാജ്യത്തേക്കും നാട്ടിലേക്കും മാത്രം നോക്കാം. ചൈനയിലെ വുഹാനിൽ കൊറോണ വൈറസ്ബാധ ഉണ്ടായെന്നറിഞ്ഞപ്പോൾ തന്നെ നമ്മുടെ കേരളത്തിൽ സർക്കാർ സജീവമായി. കാരണം, നമ്മുടെ സഹോദരങ്ങൾ അവിടെയുമുണ്ടല്ലോ. ചൈനയ്ക്ക് പുറമേ ഇറ്റലി, കൊറിയ, ഇറാൻ, ഇംഗ്ലണ്ട് തുടങ്ങിയ രാജ്യങ്ങളിലൊക്കെ കൊറോണ വൈറസ്ബാധ സ്ഥിരീകരിച്ച വാർത്തവന്നപ്പോൾ കേരള സർക്കാർ കൂടുതൽ സജീവമായി. കാരണം, മലയാളിമക്കൾ ഈ രാജ്യങ്ങളിലെല്ലാം ഉണ്ട്. അവിടെ നിന്ന് അവർ അവധിക്കും മറ്റ് ആവശ്യങ്ങൾക്കുമായി നാട്ടിലേക്ക് വരും. മാത്രമല്ല കേരളത്തിന്റെ പ്രകൃതിരമണീയതയും മലയാളിയുടെ ആതിഥേയത്വവും ആസ്വദിക്കാൻ വിദേശവിനോദസഞ്ചാരികളും കേരള



www.malankaralibrary.com

ത്തിലേക്കു വരുവാനുള്ള സാദ്ധ്യതയും വളരെ കൂടുതലാണ്. സർക്കാരിന്റെയും സമൂഹത്തിന്റെയും ജാഗ്രതകൊണ്ട് ആരംഭത്തിൽ സ്ഥിതിഗതികൾ നിയന്ത്രണ വിധേയമാക്കി നിലനിർത്താൻ നമുക്കു സാധിച്ചു എന്നത് പ്രത്യേകം പ്രസ്താവ്യമാണന്നുമാത്രമല്ല, അന്താരാഷ്ട്ര പ്രശംസ നേടിയതുമാണ്. എന്നാൽ പിന്നീട് സർക്കാരിന്റെയും സമൂഹത്തിന്റെയും ഭാഗത്തുനിന്നുണ്ടായ അയഞ്ഞ മനോഭാവവും നാട്ടിലെത്തിയ ചില പ്രവാസികളുടെയും വിനോദസഞ്ചാരികളുടെയും അശ്രദ്ധയും നാടിനെ ആശങ്കയിലാക്കിയിരിക്കുന്നു. അതീവഗുരുതരമായ ഈ പശ്ചാത്തലത്തിൽ സർക്കാരും ആരോഗ്യവകുപ്പും വൈറസ് വ്യാപനം തടയാനുള്ള നടപടികളും നിർദ്ദേശങ്ങളുമായി സജീവമായി, മതസംഘടനകളുടെയും സ്ഥാപനങ്ങളുടെയും സഹകരണവും തേടിയിരിക്കുന്നു. മനുഷ്യനന്മ കാംക്ഷിക്കുന്ന സർവ്വതും സർക്കാരിന്റെ നിർദ്ദേശങ്ങളോട് സർവ്വാത്മനാ സഹകരിക്കുകയും ചെയ്യുന്നു. ഇത്തരുണത്തിൽ സർക്കാർ നിർദ്ദേശങ്ങളോട് കേരളത്തിലെ കത്തോലിക്കാ സഭ കാണിക്കുന്ന സഹകരണവും തദനുസൃത നടപടികളും അഭിനന്ദനീയമാണ്.

തിരുക്കർമ്മങ്ങൾക്ക് കൂടുതൽ വിശ്വാസികൾ ഒരേസമയം ദേവാലയങ്ങളിൽ ഒന്നിച്ചുവരാതിരിക്കാൻ നടപടികൾ സ്വീകരിക്കുന്നു. ആത്മികജീവിതത്തിന്റെ കേന്ദ്രമായ വിശുദ്ധ കുർബാനയ്ക്കുപോലും സാഹചര്യമനുസരിച്ച് ചില നിയന്ത്രണങ്ങൾ വരുത്തുവാൻ അനുവാദം നല്കിയിരിക്കുന്നു. ആചാരങ്ങളിലും അനുഷ്ഠാനങ്ങളിലും സാഹചര്യാനുസൃതമായ ചില താത്കാലിക ക്രമീകരണങ്ങൾ അനുവദിച്ചിരിക്കുന്നു. ഉദാഹരണമായി; സമാധാനം നല്കുമ്പോൾ കരങ്ങളിൽ സ്പർശിക്കാതെ കൈകൾകൂപ്പി വണങ്ങുക, വേണ്ടത്ര ഒരുക്കമുള്ളവർക്ക് ആവശ്യമെങ്കിൽ കരങ്ങളിൽ വിശുദ്ധ കുർബാന നല്കുക, വൈറസ്ബാധ കൂടുതൽ ഭയക്കുന്ന സ്ഥലങ്ങളിൽ അധികം ആൾക്കാർ ഒന്നിച്ചുവരുന്നത് ആശാസ്യമല്ലന്നു തോന്നുന്നെങ്കിൽ ഞായറാഴ്ച പൊതുകുർബാനയിൽ സംബന്ധിക്കുന്നതിനും, ധ്യാനയോഗങ്ങൾ, പ്രാർത്ഥനായോഗങ്ങൾ, മതപഠനക്ലാസ്സുകൾ, സംഘടനകളുടെ സമ്മേളനങ്ങൾ, വ്യക്തിപരമായ രഹസ്യകുമ്പസാരം തുടങ്ങിയവയ്ക്കു താല്ക്കാലികമായി ഇളവ് നല്കിയിരിക്കുന്നു. സമൂഹത്തിന്റെ പൊതുനന്മയെ കരുതിയാണ് സഭ ഇപ്രകാരമുള്ള ഇളവുകൾ താല്ക്കാലികമായിട്ടാണെങ്കിൽപോലും അനുവദിച്ചിരിക്കുന്നത്. കൊറോണവൈറസ് പടരുന്നത് പ്രധാനമായും വ്യക്തികൾ തമ്മിലുള്ള സാമീപ്യം മൂലമായതിനാൽ അങ്ങനെയുള്ള അവസരങ്ങളെ കഴിവതും ഒഴിവാക്കാനാണ് ഈ നടപടികളിലൂടെ സഭ ആഗ്രഹിക്കുന്നത്. സഭയുടെ



www.malankaralibrary.com

സമൂഹത്തോടുള്ള പ്രതിബദ്ധത വെളിവാക്കുന്ന നടപടികൾ. സമൂഹത്തിനുവേണ്ടിയാണ് സഭ നിലനില്ക്കുന്നതെന്ന് വെളിവാക്കുന്ന പ്രവൃത്തികൾ.

സഭയുടെ ലക്ഷ്യവും ദൗത്യവും എന്താണന്നറിയുന്നവർക്ക് ഈ ചെയ്തികളുടെ ഉള്ളർത്ഥം ഗ്രഹിക്കുവാൻ ബുദ്ധിമുട്ടുണ്ടാവില്ല. അല്ലാത്തവർക്ക് ഇവ ആശങ്കയുളവാക്കിയെന്നുവരാം. സഭയുടെയും ദൈവത്തിന്റെയും പരാജയമാണ് ഇവയൊക്കെയെന്ന് വിമർശിക്കുന്നവരെയും കണ്ടെന്നുവരാം. ദൈവത്തെയും സഭയെയും ആത്മീയതയെയും അനുഷ്ഠാനങ്ങളെയും ശരിയായി മനസ്സിലാക്കാൻ സാധിക്കാത്ത ഇത്തരക്കാരെ ചില മാദ്ധ്യമങ്ങളിലൂടെ കണ്ടെന്നും വരാം. ദൈവപുത്രൻ എന്തിനായി മനുഷ്യനായോ അതേ ദൗത്യം തുടരുകയാണ് സഭയുടെ ദൗത്യവും ചുമതലയും. താൻ നല്ല ഇടയനാണന്നു വ്യക്തമാക്കുന്ന സന്ദർഭത്തിൽ യേശുനാഥൻ ഇപ്രകാരം പറയുന്നുണ്ട്: ഞാൻ വന്നിരിക്കുന്നത് അവർക്കു ജീവനുണ്ടാകാനും അത് സമൃദ്ധമായി ഉണ്ടാകാനുമാണ് (യോഹന്നാൻ 10: 10). സർവ്വമനുഷ്യരുടെയും രക്ഷക്കുവേണ്ടിയാണ് യേശുക്രിസ്തു മനുഷ്യനായത്; സർവ്വർക്കും ജീവൻ നല്കാൻ, അത് സമൃദ്ധമായി നല്കാൻ, ഇത് ആത്മാവിന്റെയും ശരീരത്തിന്റെയും ജീവനെക്കുറിച്ചാണ്.

ഇതുകൊണ്ടാണ് മനുഷ്യന്റെ ജീവിതവുമായി ബന്ധപ്പെട്ട സമസ്തമേഖലകളിലും സഭ ഇടപെട്ട് പ്രവർത്തിക്കുന്നത്. മനുഷ്യരുടെ ജീവന്റെ സമൃദ്ധിക്ക് കുറവ് ഉണ്ടാകുന്നിടത്തെല്ലാം സഭ ഇടപെട്ട് ജീവൻ സമൃദ്ധമാക്കാൻ ശ്രമിക്കും; പട്ടിണിയുള്ളിടത്ത് ഭക്ഷണവും, അജ്ഞതയുള്ളിടത്ത് അറിവും, രോഗമുള്ളിടത്ത് സൗഖ്യവും, പാരതന്ത്ര്യമുള്ളിടത്ത് സ്വാതന്ത്ര്യവും, അവഗണനയുള്ളിടത്ത് പരിഗണനയും എല്ലാം ലഭ്യമാക്കാൻ സാദ്ധ്യമായ സംവിധാനങ്ങൾ ലോകമാസകലം ക്രമീകരിക്കാൻ സഭ ശ്രമിക്കുന്നത്. അതിന്റെ ഫലമാണ് സഭയുടെ ആഭിമുഖ്യത്തിൽ ലോകമാസകലം വിദ്യാഭ്യാസ സ്ഥാപനങ്ങളും, ആശുപത്രികളും, ആതുരാലയങ്ങളും വൃദ്ധസദനങ്ങളും, സാമൂഹ്യപ്രവർത്തന കേന്ദ്രങ്ങളും, ഭക്ഷണവിതരണ സങ്കേതങ്ങളും, ആശ്വാസഭവനങ്ങളും, അംഗപരിമിതരുടെ പരിശീലനഭവനങ്ങളും, കൗൺസിലിംഗ് കേന്ദ്രങ്ങളും, മനോരോഗ ചികിത്സാകേന്ദ്രങ്ങളും എല്ലാം. ആത്മാവിന്റെ ജീവന്റെ സമൃദ്ധി ലക്ഷ്യമാക്കിയുള്ള ആരാധനാലയങ്ങളും, ധ്യാനകേന്ദ്രങ്ങളും, മതപഠനശാലകളും തുടങ്ങി അനേക സംവിധാനങ്ങൾ വേറെയും. ഇവയെല്ലാംകൂടി ചേരുന്നതാണ് മനുഷ്യന് ജീവൻ സമൃദ്ധമായി നല്കാനുള്ള സഭയുടെ ശുശ്രൂഷകൾ.



www.malankaralibrary.com

കൊറോണ വൈറസിന്റെ അപകടപൂർണ്ണമായ വ്യാപനം കണക്കിലെടുത്ത് പൊതുതാത്പര്യം പരിഗണിച്ച് മനുഷ്യ ജീവന് അപകടം സംഭവിക്കാതിരിക്കാൻ വലിയ സംഖ്യ വിശ്വാസികൾ പങ്കെടുക്കുന്ന പൊതുവായ വിശുദ്ധ കുർബാന, വ്യക്തിപരമായ രഹസ്യ കുമ്പസാരം, ധ്യാനയോഗങ്ങൾ തുടങ്ങിയവയ്ക്ക് താത്കാലികമായി നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ സഭ അനുവദിച്ചതിനെ മതത്തിന്റെ പരാജയം, സഭയുടെ പരാജയം, ദൈവത്തിന്റെ തോല്‌വി എന്നൊക്കെ പറയുന്നവരുടെ യാഥാർത്ഥ്യബോധമില്ലായ്മ എത്ര അപഹാസ്യം. എല്ലാദിവസവും ദൈവദികർ വിശുദ്ധ കുർബാന അർപ്പിക്കുകയും വിശ്വാസികൾ വേണ്ടത്ര മുൻകരുതലുകളോടെ സംബന്ധിക്കുകയും ചെയ്യുന്നുണ്ട്. വിശുദ്ധ കുർബാനാർപ്പണത്തിന് നിയന്ത്രണമില്ല, വളരെ വലിയ സംഖ്യ വിശ്വാസികൾ ഒരേ സമയത്ത് വിശുദ്ധ കുർബാനയിൽ സംബന്ധിക്കുന്നതിനാണ് നിയന്ത്രണം. ഇതാകട്ടെ സമൂഹത്തോടുള്ള സഭയുടെ ഉത്തരവാദിത്വത്തിന്റെ ഭാഗവുമാണ്.

വൈറസ് വ്യാപിക്കുന്നത് തടയാൻ പ്രാർത്ഥിച്ചാൽ പോരെ അല്ലാതെ വിശുദ്ധ കുർബാന എന്തിന് നിയന്ത്രിക്കുന്നു. രോഗശാന്തികളും അത്ഭുതങ്ങളും നടത്തുന്ന ധ്യാനയോഗങ്ങൾ എന്തിന് മാറ്റിവയ്ക്കുന്നു എന്ന് ചോദിക്കുന്നവരും ഉണ്ട്. ദൈവം നേരിട്ട് ഇറങ്ങിവന്ന് വൈറസ് വ്യാപനം തടയും എന്ന് കരുതുന്നത് മൗഢ്യമാണ്. ദൈവം തന്നിരിക്കുന്ന ബുദ്ധി ഉപയോഗിച്ചാണ് മനുഷ്യൻ രോഗത്തെ തടയേണ്ടതും സൗഖ്യപ്പെടുത്തേണ്ടതും. ദൈവം സൃഷ്ടിച്ച മനുഷ്യന്റെ ബുദ്ധിയിലൂടെ ദൈവം ചെയ്യുന്ന അത്ഭുതങ്ങളാണ് ശാസ്ത്രത്തിലൂടെയും സാങ്കേതിക വിദ്യയിലൂടെയും നടക്കുന്നത്. വൈറസ് വ്യാപനം തടയാൻ വിദ്യാലയങ്ങളും, ഓഫീസുകളും അടയ്ക്കാനും, പൊതുപരിപാടികളിൽ നിയന്ത്രണം ഏർപ്പെടുത്താനും, വേണ്ടിവന്നാൽ വളരെയധികം വിശ്വാസികൾ ഒന്നിച്ചുവരുന്ന പൊതുവായ വിശുദ്ധകുർബാനയ്ക്കും ധ്യാനയോഗങ്ങൾക്കും മറ്റ് മതകർമ്മങ്ങൾക്കും നിയന്ത്രണങ്ങൾ വരുത്താനും ദൈവം നല്കിയ ബുദ്ധിയുടെ വിനിയോഗത്തിലൂടെ മനുഷ്യൻ കണ്ടെത്തിയ മാർഗ്ഗങ്ങളാണ്. ശാസ്ത്രം മനുഷ്യബുദ്ധിയുടെ നേട്ടമാണ്, മനുഷ്യബുദ്ധി ദൈവത്തിന്റെ ദാനവുമാണ്. വീടിന് തീപിടിക്കുമ്പോൾ മുറിക്കുള്ളിലിരുന്ന് കരങ്ങളുയർത്തി പ്രാർത്ഥിക്കുന്നതല്ല പുറത്ത് കടന്ന് അഗ്നി പടരാതെ അണയ്ക്കാൻ ശ്രമിക്കുന്നതാണ് ദൈവം ആഗ്രഹിക്കുന്ന ആത്മീയത. പൊതുനന്മയെ കരുതി ആവശ്യമെങ്കിൽ ആചാരങ്ങളിലും അനുഷ്ഠാനങ്ങളിലും നിയന്ത്രണങ്ങൾ വരുത്താനുള്ള തീരുമാനത്തെ എന്തോ പരാജയമായി



www.malankaralibrary.com

കാണുന്നവർ യഥാർത്ഥവിശ്വാസികളാകാൻ തരമില്ല, അവിശ്വാസികളോ അന്ധവിശ്വാസികളോ ആയിരിക്കാനാണ് സാദ്ധ്യത.

ദൈവം മനുഷ്യന് ബുദ്ധിയും വിവേചനാശക്തിയും നല്കിയിരിക്കുന്നത് ജീവിതത്തിൽ ആവശ്യാനുസരണം അവ ഉപയോഗിക്കാനാണ്. വിശുദ്ധ ബൈബിളിലേക്കൊന്നു കണ്ണോടിക്കാം. യേശുവിന്റെ ജനന കാല വിവരണത്തിൽ ഹേറോദേസ് ശിശുവിനെ വധിക്കാൻ ആലോചിക്കുന്നു എന്ന് മനസ്സിലാക്കിയ വിശുദ്ധ യൗസേഫ് മറിയത്തെയും ശിശുവിനെയും കൂട്ടി ഈജിപ്തിലേക്ക് പോയ സംഭവം ശ്രദ്ധേയമാണ്. ശിശു ദൈവമാണന്നറിയാമായിരുന്ന വിശുദ്ധ യൗസേഫ് മാലാഖമാർ വന്ന് ശിശുവിനെ രക്ഷിക്കുന്നതുകാണാൻ കാത്തിരിക്കുകയായിരുന്നില്ല (മത്തായി 2: 14). നസ്രത്തുകാർ യേശുവിനെ മലയുടെ മുകളിൽ നിന്നു തള്ളിയിട്ട് വധിക്കുവാനായി ശ്രമിക്കുമ്പോൾ അവരുടെ മുൻപിൽ തന്റെ ദൈവിക ശക്തി വെളിപ്പെടുത്തി തടയുവാനല്ല അവൻ ശ്രമിച്ചത്. എന്നാൽ, അവൻ അവരുടെ ഇടയിലൂടെ നടന്ന് അവിടം വിട്ടുപോയി (ലൂക്കാ 4: 30) എന്നാണ് അതിനെക്കുറിച്ച് സുവിശേഷത്തിൽ നാം വായിക്കുന്നത്. യഹൂദർ യേശുവിനെ ബന്ധിക്കാൻ ശ്രമിക്കുന്നതും യേശു അവരുടെ കയ്യിൽനിന്നും രക്ഷപെടുന്നതുമായ ഒരു സംഭവം യോഹന്നാൻ സുവിശേഷകനും രേഖപ്പെടുത്തുന്നുണ്ട്(10: 39). യേശുവിന്റെ മരുഭൂമിയിലെ പരീക്ഷകളും ഇവിടെ ചിന്തനീയമാണ്. ദൈവിക ശക്തികൊണ്ട് കല്ലുകൾ അപ്പമാക്കാനും, ദേവാലയ ശൃംഗത്തിൽ നിന്ന് ചാടാനുമൊക്കെ പ്രലോഭനം ഉണ്ടായിട്ടും യേശു അതിനൊന്നും വഴിപ്പെടുന്നില്ല (മത്തായി 4: 1-11, മർക്കോസ് 1: 12-13, ലൂക്കാ 4: 1-13). കുരിശിൽ തൂങ്ങിക്കിടക്കുന്ന യേശുവിനോട് ശത്രുക്കൾ പറയുന്നുണ്ട്: നീ നിന്നെത്തന്നെ രക്ഷിക്കുക; നീ ദൈവപുത്രനെങ്കിൽ കുരിശിൽ നിന്ന് ഇറങ്ങിവരിക എന്ന്, അവിടെയും യേശുനാഥൻ മറുതലിക്കുകയോ ശക്തികാട്ടാൻ ഒരുമ്പെടുകയോ ചെയ്യുന്നില്ല. ഈ യേശുകർത്താവാണ് സഭയുടെ നാഥൻ, ഇവനെയാണ് സഭാമക്കൾ അനുകരിക്കുന്നത്. സർവ്വശക്തനായ ദൈവം തന്റെ ശക്തി വെളിപ്പെടുത്തുന്നത് മനുഷ്യർ നിർദ്ദേശിക്കുന്നതനുസരിച്ചല്ല. അവൻ തന്ന ബുദ്ധി ഉപയോഗിച്ച് ജീവിക്കാനും ലോകത്തെ പരിവർത്തനപ്പെടുത്താനും സമൂഹത്തിനു നന്മവരുത്തുവാനുമാണ് ദൈവം നമ്മോട് ആവശ്യപ്പെടുന്നത്. അല്ലാതെ, ദൈവം സർവ്വശക്തനാകയാൽ അവൻ ഇടപെട്ട് രക്ഷിക്കട്ടെ എന്നുപറഞ്ഞ്, ലഭിച്ച ഒരു താലന്ത് മണ്ണിൽ കുഴിച്ചിട്ട മടിയനായ ഭൃത്യനെപ്പോലെ കഴിയാനല്ല. അതുകൊണ്ടാണ് രോഗസൗഖ്യത്തിനായി സഭ ആശുപത്രികൾ നടത്തുന്നത്. ധ്യാനകേന്ദ്രങ്ങൾ രോഗചികിത്സാകേ



www.malankaralibrary.com

ന്ദ്രങ്ങളല്ല, ദൈവഹിതം അന്വേഷിക്കുന്ന സ്ഥലങ്ങളാണ്. ദൈവഹിതം തേടുകയും ദൈവത്തെ മഹത്വപ്പെടുത്തുകയും ചെയ്യുന്ന ധ്യാനകേന്ദ്രങ്ങളിൽ ദൈവിക ഇടപെടലിൽ അത്ഭുതങ്ങളും രോഗശാന്തികളുമെല്ലാം ഉണ്ടാകാം. അതെല്ലാം ദൈവത്തിന്റെ കരണീയ സമയങ്ങളിൽ മാത്രം. അതുകൊണ്ട് രോഗചികിത്സ വേണ്ടന്ന്വച്ച് അത്ഭുതം കാത്തിരിക്കാനല്ല ദൈവം പഠിപ്പിക്കുന്നത്. ബുദ്ധി ഉപയോഗിച്ചുള്ള കണ്ടുപിടുത്തങ്ങളുടെ സഹായം തേടാനും അതിൽ ദൈവിക ഇടപെടൽ തിരിച്ചറിയാനുമാണ്.

സോപ്പ്ലായനി ഉപയോഗിച്ച് അല്പസമയം കഴുകിയാൽ നശിച്ചുപോകുന്ന ഒരു കുഞ്ഞൻ വൈറസ് ലോകത്തെ ഇത്രമാത്രം ഭയപ്പെടുത്താൻ ശക്തനാണങ്കിൽ ഈ പ്രപഞ്ചത്തെ മുഴുവൻ സൃഷ്ടിച്ച് രക്ഷിച്ച് പരിപാലിക്കുന്ന ത്രിയേക ദൈവത്തിന്റെ ശക്തി എത്രയോ വലുതായിരിക്കും. നമുക്കെതിരേവരുന്ന ശത്രുക്കളെയും ലോകം മുഴുവനെത്തന്നെയും അംഗുലീചലനംകൊണ്ട് തറപറ്റിക്കാൻ കഴിയുന്ന സർവ്വശക്തനായ ദൈവത്തിലാണ് നമ്മുടെ പ്രത്യാശ (2 മക്കബായർ 8: 18). ഈ സർവ്വശക്തനിൽ ആയിരിക്കട്ടെ നമ്മുടെ ആശ്രയം. ആരാധനയുടെയും പ്രാർത്ഥനയുടെയും ആദ്ധ്യാത്മിക കർമ്മങ്ങളുടെയുമൊക്കെ ലക്ഷ്യം സർവ്വശക്തനായ ദൈവത്തോട് ബന്ധത്തിലായിരിക്കുക, ഈ ബന്ധത്തിന് വിഘാതമാകുന്നതിൽ നിന്നൊക്കെ ഒഴിഞ്ഞുമാറാൻ ബലംപ്രാപിക്കുക എന്നൊക്കെയാണന്ന് സാധാരണഭാഷയിൽ പറയാം. ആരാധനകൊണ്ടോ, പ്രാർത്ഥനകൊണ്ടോ അനുഷ്ഠാനങ്ങൾകൊണ്ടോ ദൈവത്തിന് യാതൊന്നും സംഭവിക്കുന്നില്ല. സംഭവിക്കുന്നതും സംഭവിക്കേണ്ടതും മനുഷ്യനാണ്, നമ്മിലാണ് രൂപാന്തരീകരണം സംഭവിക്കേണ്ടത്, നാമാണ് ദൈവത്തിന് സ്വീകാര്യരാകേണ്ടത്. ദൈവത്തിന്റെ മനസ്സുമാറ്റുകയല്ല സംഭവിക്കുന്നത്.

മനുഷ്യനാണ് ദൈവത്തെ ആരാധിക്കുന്നത്. അതിന് അവന്റെ ഭാഷയും രീതികളും ആചാരങ്ങളും അനുഷ്ഠാനങ്ങളും കർമ്മാദികളുമൊക്കെയാണ് ഉപയോഗിക്കുന്നത്. ആരാധനയിൽ അടിസ്ഥാനപരമായ അഥവാ സത്താപരമായവയും ആനുഷംഗികവുമായ ഘടകങ്ങൾ ഉണ്ട്. സത്താപരമായവയ്ക്ക് മാറ്റങ്ങൾ സാദ്ധ്യമല്ല. എന്നാൽ ആനുഷംഗികമായവയ്ക്ക് കാലികമായ മാറ്റങ്ങൾ ഉണ്ടാകാം. മതകർമ്മങ്ങളിൽ; ആരാധനയിലും, ബലിയിലും, പ്രാർത്ഥനയിലും, ആചാരങ്ങളിലും, അനുഷ്ഠാനങ്ങളിലുമെല്ലാം സത്താപരമായ ഘടകങ്ങൾ ഉണ്ട്. അവ വിശ്വാസപരമാണ്, ക്രിസ്തുമതത്തിൽ അവ ദൈവിക വെളിപാടിലൂടെ ലഭിച്ചിട്ടുള്ളതുമാണ്. സത്താപരമായ ഈ യാഥാർത്ഥ്യങ്ങളെ വെളിവാക്കുവാൻ പഞ്ചേ



www.malankaralibrary.com

ന്ദ്രിയങ്ങൾക്ക് അനുഭവവേദ്യമായ കർമ്മങ്ങളും അനുഷ്ഠാനങ്ങളും ആചാരങ്ങളും രൂപപ്പെട്ടിരിക്കുന്നു. ഇവയൊന്നും ഒരു ദിവസംകൊണ്ട് രൂപപ്പെട്ടിട്ടുള്ളതല്ല. കാലങ്ങൾകൊണ്ട് അനേകരുടെ അനുഭവങ്ങളിലൂടെയും വ്യാഖ്യാനങ്ങളിലൂടെയും രൂപപ്പെട്ടിട്ടുള്ളതാണ്. അവ സത്താപരമല്ലെങ്കിൽപോലും അനേക കാലത്തെ വികാസപരിണാമങ്ങളിലൂടെ രൂപപ്പെട്ടവയായതുകൊണ്ട് അതിൽ മാറ്റങ്ങൾ വരുത്തുക നിഷ്പ്രയാസമല്ല. എന്നാൽ ചില അടിയന്തിര സന്ദർഭങ്ങളിൽ അവ ആവശ്യമായുംവരും. അപ്രകാരമൊരു സന്ദർഭത്തിലൂടെയാണ് നമ്മുടെ നാട് ഇപ്പോൾ കടന്നുപോകുന്നത്. അതുകൊണ്ടാണ് കൊറോണ വൈറസ് പടരുന്നതു തടയാനായി സഭ അവളുടെ ആരാധന കാര്യങ്ങളുമായി ബന്ധപ്പെട്ട ആചാരങ്ങളിലും അനുഷ്ഠാനങ്ങളിലും സത്താപരമായ കാര്യങ്ങൾ നിലനിർത്തിക്കൊണ്ട് ആനുഷംഗികമായവയിൽ അവസരോചിതമായ ചില താത്കാലിക മാറ്റങ്ങൾ വരുത്തുവാൻ തയ്യാറായിരിക്കുന്നത്. വിശ്വാസം നിലനിർത്തിക്കൊണ്ട് വിശ്വാസത്തിന്റെ പ്രകാശന അടയാളങ്ങളായ അനുഷ്ഠാനങ്ങളിൽ മാറ്റങ്ങൾ വരുത്താൻ തയ്യാറായിരിക്കുന്നു. വിശ്വാസവും സഭാജീവിതവും മൃതമല്ല സജീവമാണെന്നതിന്റെ അടയാളം കൂടിയാണിത്. സഭ മനുഷ്യനുവേണ്ടിയാണ്, അവന് ജീവനുണ്ടാകുവാനും അത് സമൃദ്ധമായി ഉണ്ടാകുവാനുമാണ്. അവന്റെ ജീവന്റെ നിലനില്പിന് ഭീഷണിയുണ്ടാകുമ്പോൾ മറ്റെല്ലാ പരിഗണനകളും മാറ്റിവച്ച് ജീവൻ സംരക്ഷണത്തിനാണ് യഥാർത്ഥവിശ്വാസി ശ്രമിക്കേണ്ടത്, സഭയുടെ ശൈലിയും മറ്റൊന്നായിരിക്കരുത്.

ആചാരങ്ങളും അനുഷ്ഠാനങ്ങളും പ്രധാനമായിരിക്കുമ്പോഴും അത് അചഞ്ചലമാണെന്ന് കരുതരുത്. അതിന്റെ പിന്നിലുള്ള യാഥാർത്ഥ്യമാണ് അചഞ്ചലമായിരിക്കേണ്ടത്. ആചാരങ്ങളും അനുഷ്ഠാനങ്ങളും സത്താപരമായ മറ്റൊന്നിനെ അടയാളപ്പെടുത്തുന്നവമാത്രമാണ്, പിന്നിലുള്ള സത്താപരമായതിനായിരിക്കണം പ്രാധാന്യം നല്കേണ്ടത്. ദാവീദും അനുചരന്മാരും വിശന്നപ്പോൾ ദേവാലയത്തിൽ പ്രവേശിച്ച് പുരോഹിതന്മാർക്കല്ലാതെ മറ്റാർക്കും ഭക്ഷിക്കാൻ അനുവാദമില്ലാത്ത കാഴ്ചയപ്പം ഭക്ഷിച്ചതിനെ (മത്തായി 12: 4; 1 സാമുവേൽ 21 : 1–6) ന്യായീകരിച്ചുകൊണ്ട് യേശുക്രിസ്തു സംസാരിക്കുന്നത് സുവിശേഷത്തിൽ നാം വായിക്കുന്നുണ്ട്. ആ പ്രത്യേക സാഹചര്യമാണ് ദാവീദിന്റെ പ്രസ്തുത പ്രവൃത്തിയെ കുറ്റവിമുക്തമാക്കുന്നത്. ഇവിടെയും ലോകമാസകലവും കൊറോണ വൈറസ് മനുഷ്യജീവന്റെ നിലനില്പിനുതന്നെ ഭീഷണി ഉയർത്തിക്കൊണ്ട് വ്യാപിക്കുന്ന പശ്ചാത്തലത്തിൽ വൈറസിന്റെ വ്യാപനം


www.malankaralibrary.com

തടയാൻ ഏറ്റവും ഫലപ്രദമെന്ന് കണ്ടെത്തിയിരിക്കുന്ന മാർഗ്ഗം മനുഷ്യ സമ്പർക്കം കഴിവതും ഒഴിവാക്കുകയാണ്. അതുകൊണ്ട് സർക്കാരിന്റെ നിർദ്ദേശങ്ങളോടും നടപടികളോടും സഹകരിച്ചുകൊണ്ട് വിശ്വാസികൾകൂട്ടമായി ഒരേ സമയത്ത് ഒന്നിച്ചുവരുന്ന ദേവാലയ ശുശ്രൂഷകൾക്ക് നിയന്ത്രണം ഏർപ്പെടുത്തുന്നതിനുള്ള സഭയുടെ തീരുമാനം യേശുക്രിസ്തുവിന്റെ അരൂപിയോട് ഏറ്റവും അടുത്തുപോകുന്നതാണെന്നതിൽ സംശയമില്ല. ദൈവമക്കളുടെ നന്മകളെ ഇല്ലാതാക്കാൻ ശ്രമിക്കുന്ന പൈശാചിക ശക്തികൾ പാരമ്പര്യങ്ങളും ആചാരങ്ങളും ചിലപ്പോൾ ഒറ്റപ്പെട്ട ബൈബിൾ വാക്യങ്ങൾ പോലും ഉയർത്തിക്കാട്ടി സഭാമക്കളെ ഭിന്നിപ്പിക്കാൻ ശ്രമിക്കും. വിശ്വാസികൾ ജാഗ്രത പുലർത്തേണ്ട സന്ദർഭമാണിത്.

■



www.malankaralibrary.com

# “കർത്താവ് കല്പിച്ചിട്ടെങ്കിൽ അരുതെന്നു പറയുവാൻ ആർക്കു കഴിയും”

**തുടക്കം**

“.......ദാവീദിനെ ശപിക്കുക എന്ന് കർത്താവ് കല്പിച്ചിട്ടാണ് അവനതു ചെയ്യുന്നതെങ്കിൽ അരുതെന്നു പറയുവാൻ ആർക്കുകഴിയും? ” ദാവീദുരാജാവിന്റെ പിന്നാലെ കൊലപാതകീ നീചാ എന്നൊക്കെ ശാപ വാക്കുകൾ ചൊരിഞ്ഞുകൊണ്ട് ഷിമെയി ചെന്നപ്പോൾ ദാവീദിന്റെ അനു ചരന്മാർ അവന്റെ തലവെട്ടാൻ യജമാനന്റെ അനുവാദം തേടി. അപ്പോൾ ദാവീദ് രാജാവ് പറഞ്ഞ ഉത്തരത്തിന്റെ ഒരു ഭാഗമാണ് മേലുദ്ധരിച്ചത്. ദാവീദ് തുടർന്നു പറയുന്നു: “അവനെ വെറുതെ വിട്ടേക്കു, അവൻ ശപി ക്കട്ടെ. കർത്താവ് കല്പിച്ചതുകൊണ്ടത്രെ അവൻ ശപിക്കുന്നത്. കർത്താവ് എന്റെ കഷ്ടതകണ്ട് അവന്റെ ശാപത്തിനു പകരം എന്നെ അനുഗ്രഹിച്ചേക്കും” . കേരളത്തിലെ മാദ്ധ്യമങ്ങളും ചില സ്ഥാപിത താത്പര്യക്കാരും കുറെ നാളുകളായി കേരളത്തിലെ ക്രിസ്തീയ സമൂ ഹങ്ങളുടെ പ്രത്യേകിച്ച് കത്തോലിക്കാ സഭയുടെ പിന്നാലെ നടന്ന് ശാപവാക്കുകൾ ചൊരിയുകയാണ്. പുരോഹിതരെയും സമർപ്പിതരെയും പരിശുദ്ധ കൂദാശകളെപ്പോലും അവർ അവഹേളിക്കുകയാണ്. ഇത്ര യെല്ലാമായിട്ടും സഭാനേതൃത്വം മൗനം പാലിക്കുന്നതെന്തേ എന്നാണ് പലരുടെയും പരാതി. പണ്ടേ ദാവീദ് പ്രതികരണമറിയിച്ചിട്ടുണ്ട്, സഭയ്ക്ക് പറയാനുള്ളതതാണ്. കർത്താവ് കല്പിച്ചിട്ടാണ് അവനതുചെയ്യുന്നതെ ങ്കിൽ അരുതെന്നു പറയുവാൻ ആർക്കു കഴിയും ?.......... കർത്താവ് എന്റെ കഷ്ടതകണ്ട് അവന്റെ ശാപത്തിനു പകരം എന്നെ അനുഗ്രഹിച്ചേക്കും.

മാദ്ധ്യമ മേഖലയെക്കുറിച്ച് ഒരു വിലയിരുത്തൽ: ജനാധിപത്യ ത്തിന്റെ കാവലാളും നാലാംതൂണും ആയിരിക്കുന്ന- ആയിരിക്കേണ്ട മാദ്ധ്യമങ്ങൾ, പൊതു നന്മ ലാക്കാക്കി തെറ്റുകൾ ചൂണ്ടിക്കാട്ടാനും അനീ തിക്കെതിരെ ശബ്ദമുയർത്താനും കടപ്പെട്ടമാദ്ധ്യമങ്ങൾ, ദാരിദ്ര്യം പട്ടി



www.malankaralibrary.com

ണിമരണം, കുടിവെള്ള ക്ഷാമം, പരിസ്ഥിതിമലിനീകരണം, ആഗോളതാപനം, തൊഴിലില്ലായ്മ തുടങ്ങിയ മനുഷ്യന്റെ അടിസ്ഥാന പ്രശ്നങ്ങളെ അധികാരകേന്ദ്രങ്ങളിൽ അവതരിപ്പിച്ച് പരിഹാരം കണ്ടെത്താൻ സഹായിക്കേണ്ട മാദ്ധ്യമങ്ങൾ, സാമൂഹിക വിപത്തുകൾക്കെതിരെ പോരാടേണ്ട മാദ്ധ്യമങ്ങൾ, രാഷ്ട്രനിർമ്മിതിക്കും, സമൂഹനിർമ്മിതിക്കും, കുടുംബബന്ധശാക്തീകരണത്തിനും, വ്യക്തി സ്വതന്ത്ര്യ സംരക്ഷണത്തിനും വേണ്ടി നിലകൊള്ളേണ്ട മാദ്ധ്യമങ്ങളുടെ നിലപാടുകളും ചെയ്തികളും കണ്ടിട്ടുള്ള ഹൃദയവേദനയാണ് ഈ കുറിപ്പിന് പ്രേരകം.

**നാലാം തൂണിന്റെ ദൗത്യം**

തെറ്റുകൾ കണ്ടെത്തപ്പെടണം, കുറ്റക്കാർ ശിക്ഷിക്കപ്പെടണം,ന്യായം പുലരണം, നീതി നിർവ്വഹിക്കപ്പെടണം, നിയമം പാലിക്കപ്പെടണം നിയമനിഷേധം  തടയപ്പെടണം, വ്യക്തിയുടെ അന്തസ്സും മാന്യതയും, സമത്വവും സ്വാതന്ത്ര്യവും പരിരക്ഷിക്കപ്പെടണം, നന്മകൾ പരിപോഷിപ്പിക്കപ്പെടണം, തിന്മകൾ വേരറുക്കപ്പെടണം, നാട്ടിൽ നിയമവ്യവസ്ഥിതി പുലരണം, ജനാധിപത്യം  നിലനില്ക്കണം, വ്യക്തികളുടെയും സമൂഹങ്ങളുടെയും ഭരണീയരുടെയും ഭരണാധികാരികളുടെയും ചെയ്തികൾ ഭരണഘടനാനുസൃതമായിരിക്കണം. നിയമനിർമ്മാണ വിഭാഗത്തിന്റെയും ഭരണ നിർവ്വഹണ വിഭാഗത്തിന്റെയും ഉത്തരവാദിത്തമാണിത്. ഇവിടെയാണ് ജനാധിപത്യത്തിന്റെ കാവലാളായി മാദ്ധ്യമം കടന്നുവരുന്നത്, വരേണ്ടത്. കാവലാൾ 'കാലന്റെ' റോളിലേക്ക് ചുവടുമാറുന്ന കലികാല വിശേഷങ്ങളാണ് മാദ്ധ്യമങ്ങളിൽ നാമിന്ന് കേൾക്കുന്നതും കാണുന്നതും. സൂര്യശോഭയെ കൂരിരുട്ടാക്കിയും രാവിനെ പകൽ വെളിച്ചമാക്കിയും പൊതുസമൂഹത്തിന്റെ കണ്ണും കാതും മൂടിക്കെട്ടി മാദ്ധ്യമവേട്ടക്കാർ സൃഷ്ടിക്കുന്ന വ്യാജവാർത്തകളുടെ തിരയിളക്കത്തിലൂടെ സമൂഹത്തിൽ സുനാമി സൃഷ്ടിക്കാൻ ഒരുമ്പെടുന്നത് കാണാതെ പോകരുത് ആരും. വിഷം തുപ്പുന്ന മാദ്ധ്യമങ്ങളുടെ നാവടക്കാൻ പറ്റാത്തവിധം നിസ്സഹായരായിരിക്കുന്നു സമൂഹം.

**എന്തുകൊണ്ട് സഭയ്ക്കെതിരെ മാദ്ധ്യമ അജണ്ട ?**

ഇരുപതുനൂറ്റാണ്ടായി മനുഷ്യവർഗ്ഗത്തിന് നന്മ മാത്രം ചെയ്യുന്ന സഭയെ അവഹേളിച്ച് ഒതുക്കുക എന്നത് അജണ്ടയാക്കിയാണ് ആധുനിക അന്താരാഷ്ട്ര മാദ്ധ്യമങ്ങൾ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നത്. ലാഭത്തിൽ മാത്രം കണ്ണും നട്ടിരിക്കുന്ന കോർപ്പറേറ്റ് ഭീമന്മാർക്കും അരാജകത്വത്തിലൂടെയും അധാർമ്മികതയിലുടെയും അധികാരം കയ്യാളാൻ കാത്തിരിക്കുന്നവർക്കും സാഹോദര്യവും സഹാനുഭൂതിയും പങ്കുവയ്ക്കലും ധാർമ്മികതയും, ദരിദ്രരെക്കുറിച്ചുള്ള കരുതലുമൊക്കെ പറ



www.malankaralibrary.com

യുന്നു സാർവ്വത്രികമായി അനുയായികളും സ്വാധീനവുമുള്ള സഭയുടെ നിലനില്പാണ് അവരുടെ ലക്ഷ്യപ്രാപ്തിക്ക് വിഘാതമായിരിക്കുന്നത്. അതിനാൽ സഭയെ ബലഹീനമാക്കുകയും തകർക്കുകയും അവരുടെ ആവശ്യമാണ് . അതിനവർ കണ്ടെത്തിയിരിക്കുന്ന മാർഗ്ഗം സഭയിലെ ശുശ്രൂഷകരെ അക്രമിക്കുക, അവരെ അധർമ്മികളും, തെറ്റുകാരും കുറ്റക്കാരുമായി മാദ്ധ്യമങ്ങളിലൂടെ ചിത്രീകരിച്ച് ജനഹൃദയങ്ങളിൽ അവരെക്കുറിച്ചും സഭയെക്കുറിച്ചും അവജ്ഞയും അവിശ്വാസവും ഉളവാക്കി വിശ്വാസികളെ സഭയിൽ നിന്നകറ്റുക. മാദ്ധ്യമങ്ങൾ ഭാരതത്തിലും കേരളത്തിലും ഇതേ തന്ത്രം തന്നെയാണ് പയറ്റുന്നത്. പ്രധാനമാദ്ധ്യമങ്ങളെല്ലാം ലാഭക്കൊതിയന്മാരായ കോർപ്പറേറ്റ് ഭീമന്മാരുടെയും സഭാവിരോധികളും നിരീശ്വരരും വർഗ്ഗീയ വാദികളുമായ സംഘടനകളുടെയും രാഷ്ട്രീയ പാർട്ടികളുടെയും ഉടമസ്ഥതയിലും കൈപ്പിടിയിലുമായതിനാൽ അവർക്കവരുടെ ലക്ഷ്യം സാധിക്കുക എളുപ്പമാണ്. "ഇടയനെ അടിച്ചാൽ ആടുകൾ ചിതറിക്കൊള്ളും" എന്ന സാമാന്യതത്വമാണ് അവർ പയറ്റുന്നത്. പരിശുദ്ധ മാർപ്പാപ്പാ മുതൽ ഇങ്ങ് താഴേ അറ്റം വരെ സഭാ ശുശ്രൂഷകരുടെമേൽ എന്തുമാത്രം വ്യാജആരോപണങ്ങളും, വ്യാജ വാർത്തകളുമാണ് മാദ്ധ്യമങ്ങൾ പടച്ചുവിടുന്നത്. സഭാവിരോധികളെയും നാമമാത്ര ക്രിസ്ത്യാനികളെയും അസംതൃപ്തരായ സഭാശുശ്രൂഷകരെയും അതിനവർ കരുക്കളായി ഉപയോഗിക്കുകയും ചെയ്യും. തിരുസഭ നിരന്തരം അവഹേളിക്കപ്പെടുകയും പീഡിപ്പിക്കപ്പെടുകയും ചെയ്യുന്നു. പരിശുദ്ധമായ കൂദാശകളും തിരുക്കർമ്മങ്ങളും ആചാരാനുഷ്ഠാനങ്ങളും, സമർപ്പണ ജീവിതവും പൗരോഹിത്യവുമൊക്കെ പരിഹസിക്കപ്പെടുന്നു. ഇതിന്റെ എല്ലാം പിന്നിലുള്ള മാദ്ധ്യമ അജണ്ട വിശ്വാസികൾ തിരിച്ചറിയാതെ പോകരുത്.

**ലക്ഷ്യം കുറ്റവും കുറ്റക്കാരുമല്ല സഭതന്നെ**

കുറെനാൾമുമ്പ് കൊട്ടിയൂരിൽ ഒരു വൈദികനെതിരെ ഒരു പീഡന പരാതി ഉണ്ടായി. വൈദികൻ കുറ്റക്കാരനോ എന്നതായിരുന്നില്ല മാദ്ധ്യമങ്ങളുടെ ചർച്ചയും താല്പര്യവും. അവരുടെ ചർച്ച വൈദിക ബ്രഹ്മചാര്യം മാറ്റണം. അതായിരുന്നു മാദ്ധ്യമങ്ങളുടെ ആവശ്യം. അടുത്തനാളിൽ മദ്ധ്യതിരുവിതാംകൂറിൽ ഏതാനും വൈദികർക്കെതിരെ ഒരു പീഡന പരാതി ഒരു സ്ത്രീയുടെ ഭർത്താവുന്നയിച്ചു. അവിടെ കുറ്റാരോപിതരായ വൈദികർ വിവാഹിതരായിരുന്നു. അപ്പോൾ മാദ്ധ്യമങ്ങളുടെ താല്പര്യം സഭയിലെ കുമ്പസാരം എന്ന കൂദാശയെക്കുറിച്ചായി. കുമ്പസാരം ആവശ്യമില്ല എന്നുതുടങ്ങിയ ചർച്ചകൾ. എറണാകുളത്ത് അതിരൂപത വക വസ്തുവില്പനയുമായി ബന്ധപ്പെട്ട് അതിരൂപതാദ്ധ്യക്ഷ



www.malankaralibrary.com

നെതിരെ ആരോപണമുണ്ടായി. അവിടെ മാദ്ധ്യമങ്ങളുടെ കണ്ണ് വസ്തു വില്പനയിൽ ക്രമക്കേടുണ്ടോ എന്നൊന്നുമായിരുന്നില്ല. മറിച്ച് 'സഭാ നിയമം (കാനോൻ നിയമം) രാജ്യനിയമത്തിന് മുകളിലോ' എന്നതായി രുന്നു. കോട്ടയം നട്ടാശ്ശേരിയിൽ കെവിൻ എന്ന യുവാവ് കൊല്ലപ്പെട്ട സംഭവമുണ്ടായപ്പോൾ മാദ്ധ്യമനോട്ടം കൊലപാതകത്തിലേക്കായിരു ന്നില്ല കേരള കത്തോലിക്കാ സഭയിലെ രണ്ട് വ്യക്തിഗത സഭകൾ തമ്മിൽ ഭിന്നത ഉണ്ടാക്കാനായിരുന്നു. വടക്കേ ഇന്ത്യയിലെ ഒരു രൂപതാ ദ്ധ്യക്ഷനെതിരായി ഒരു സന്യാസിനി പീഡനക്കുറ്റം ആരോപിച്ച സന്ദർഭ ത്തിൽ മാദ്ധ്യമ ചർച്ച വത്തിക്കാൻ ഇടപെടലുകളെക്കുറിച്ചായിരുന്നു. ഇവിടെയെല്ലാം ആരോപിതമായ കുറ്റങ്ങളെക്കാളധികം സഭയുടെ അടി സ്ഥാനങ്ങളെ ആക്രമിക്കാനായിരുന്നു മാദ്ധ്യമങ്ങളുടെ ശ്രദ്ധയും ശ്രമവും. ഇവയെല്ലാം വിരൽചൂണ്ടുന്നത് മാദ്ധ്യമങ്ങളുടെ സഭാവിരുദ്ധ തയിലേക്കല്ലാതെ മറ്റെന്തിലേക്കാണ്. നമുക്കും വേണം പണം, അതി നൊരു 'ശത്രു'വിനെയും. ശ്രീ. റ്റി. പി. രാജീവന്റെ ചെങ്ങോട്ടു മല എന്ന കവിതയിലെ ഒരു ഉദ്ധരണി ഇപ്രകാരം:

"നിലനില്ക്കാനും, ജയിക്കാനും
നിങ്ങൾക്ക്
എന്നും വേണമല്ലോ
ഒരു ശത്രു,
ഇപ്പോളത്
ഞാനാണ്
അത്രമാത്രം" കവി വിലപിക്കുന്നതുപോലെ വരിക്കാരുടെയും വായനക്കാരുടെയും ശ്രോതാക്കളുടെയും പ്രേക്ഷകരുടെയും എണ്ണം കൂട്ടി പ്രചാരം വർദ്ധിപ്പിക്കാൻ മാദ്ധ്യമങ്ങൾക്ക് ഒരു സങ്കല്പിത ശത്രുവേണം. ഇന്നവർ സഭയെയാണ് കണ്ടെത്തി കശക്കി കാശുകൊയ്യുന്നത്. മൂല്യാ ധിഷ്ഠിത മാദ്ധ്യമപ്രവർത്തനം അന്യം നിന്നിരിക്കുന്നു. സമൂഹത്തിനു ദിശാബോധം നല്കേണ്ട മാദ്ധ്യമ പ്രവർത്തനം വ്യവസായമായി മാറിയി രിക്കുന്നു. സത്യത്തിനും നീതിക്കും വേണ്ടി നിലനിന്നിരുന്ന മാദ്ധ്യമങ്ങൾ പണത്തിനും പ്രശസ്തിക്കും വേണ്ടി മത്സരിക്കുന്നു. 'സത്യം' പറ യണമെന്ന ധർമ്മം കാറ്റിൽപ്പറത്തി, 'ആദ്യം' പറയണമെന്ന പുതിയ പ്രമാ ണത്തിലെത്തിയിരിക്കുന്നു മാദ്ധ്യമങ്ങൾ.

മലയാളിയുടെ മനസ്സിൽ മായാതെ നില്ക്കുന്ന എം. എൻ. വിജ യൻമാഷിന്റെ ഒരു വാക്യം ഇപ്രകാരം " എന്റെ കൺമുൻപിൽ നിന്ന് ഇന്നത്തെ വർത്തമാനപത്രമൊന്നു മാറ്റൂ, സത്യമെന്തെന്ന് ഞാൻ അറി യട്ടെ. ഈ ലോകത്തെ ഞാൻ കൺകുളിർക്കെ ഒന്നു കാണട്ടെ". അദ്ദേഹം



www.malankaralibrary.com

വീണ്ടും നിരീക്ഷിക്കുന്നു: ''മാദ്ധ്യമങ്ങൾ നുണയ്ക്ക് നേരിന്റെ മേൽവിലാസം നല്കുന്നു'' . സാത്താൻ വ്യാജവാർത്ത കൊണ്ട് ആദിമാതാപിതാക്കളെ വഴി തെറ്റിച്ചു. ഇന്ന് മാദ്ധ്യമങ്ങൾ വ്യാജ വാർത്തകളും ആരോപണങ്ങളുംകൊണ്ട് സത്യത്തെ കൊലചെയ്യുകയും അസത്യത്തെ പരത്തുകയും ചെയ്യുന്നു. മൂല്യബോധമില്ലാത്തവരുടെ മാദ്ധ്യമലോകത്തേക്കുള്ള കടന്നുവരവ് മാദ്ധ്യമലോകത്തെ മലീമസമാക്കി. അവർക്കു ലക്ഷ്യം പണം മാത്രം. പണംപറ്റി വാർത്ത എന്ന നിലയിലേയ്ക്കുവരെ മാദ്ധ്യമപ്രവർത്തകർ തരം താണിരിക്കുന്നു.

**സമാപനം**

''.....മലമുകളിൽ ദാവീദിന്റെ വഴിക്കു സമാന്തരമായി ഷിമെയിയും നടന്നു. അവൻ ശപിക്കുകയും കല്ലും മണ്ണും വാരി എറിയുകയും ചെയ്തുകൊണ്ടിരുന്നു''. അത്യുന്നതനായ ദൈവത്തിൽ ആശ്രയിച്ചിരുന്ന ദാവീദ് അശേഷം ആകുലപ്പെട്ടില്ല, പ്രതികരിച്ചില്ല പ്രതികാരത്തിനു മുതിർന്നുമില്ല. 'പ്രതികാരം ദൈവത്തിന്റേതാണല്ലോ'. മാദ്ധ്യമങ്ങളും പുരയ്ക്കു തീ പിടിക്കുമ്പോൾ വാഴവെട്ടാൻ കാത്തിരുന്നവരും ചേർന്ന് സഭയുടെ നേരേ ശാപം ചൊരിയുകയും കല്ലും മണ്ണും വാരി എറിയുകയും ചെയ്തുകൊണ്ടിരുന്നിട്ടും സഭ പ്രതികരണത്തിനും പ്രതികാരത്തിനുമായി മുതിരുന്നില്ല. ഇത് കേരളത്തിലെ മറ്റ് ഏതെങ്കിലും മതത്തിനോ മതനേതാക്കന്മാർക്കോ സമുദായത്തിനോ എതിരായിരുന്നെങ്കിൽ അനേകരുടെ കൈവെട്ടിയേനെ, തല കൊയ്തേനെ, കർഫ്യൂ ഏർപ്പെടുത്തേണ്ടി വന്നേനെ, പട്ടാളം റോന്തുചുറ്റിയേനെ, പൊതുസ്ഥാപനങ്ങൾ അഗ്നിക്കിരയായേനെ, സർക്കാർ വാഹനങ്ങൾ അടിച്ചു തകർത്തേനെ, പത്രക്കെട്ടുകൾ കത്തിയേനെ, ചാനൽ ഓഫീസുകൾ തകർത്തേനെ, മലീമസമായ പ്രസംഗങ്ങൾ കൊണ്ട് അന്തരീക്ഷം നിറഞ്ഞേനെ. അക്രമവും ആരോപണവും അപവാദപ്രചരണവും ക്രൈസ്തവസഭയ്ക്കെതിരായതിനാൽ ഇതൊന്നുമുണ്ടാകുന്നില്ല. കേരളത്തിൽ കരീലപോലും അനങ്ങുന്നില്ല. ഇതാണ് ക്രൈസ്തവൻ, ഇതാണ് സഭ. സഭയ്ക്ക് ഇതിനോടൊന്നും പ്രതികരിച്ചും പ്രതികാരം ചെയ്തും സമയം കളയാനില്ല, വിഭവം നഷ്ടപ്പെടുത്താനില്ല. ശുശ്രൂഷകൾ തുടരണം, അതിനു ഭംഗംവരാൻ പാടില്ല.' മറ്റുള്ളവർക്കുവേണ്ടി ജീവൻ കൊടുക്കുന്നതിനെക്കാൾ വലിയ സ്നേഹമില്ല ' എന്നതാണ് സഭയുടെ പ്രമാണം. 'അവൻ നന്മ ചെയ്ത് കടന്നു പോയി' ഇതാണ് സഭയുടെ ശൈലി. കുരിശിൽ തൂങ്ങി മരിച്ചവന്റെ മക്കളെ ചാനൽചർച്ചകൊണ്ട് ഭയപ്പെടുത്താമെന്നോ? ''വെടിക്കെട്ടുകാരന്റെ മക്കളെ ഉടുക്കുകൊട്ടി പേടിപ്പിക്കാമെന്നോ? ''.

■



www.malankaralibrary.com

# നിയമം അനുസരിക്കാതിരുന്നാൽ അത് തെറ്റാകുമോ ?

**വ**രേതനായ ജസ്റ്റീസ് ശ്രീ. വി. ആർ. കൃഷ്ണയ്യർ ചെയർമാനായുള്ള കമ്മീഷൻ കേരള സർക്കാരിനു സമർപ്പിച്ച "വിമൻസ് കോഡ് ബില്ലി"നെക്കുറിച്ചുള്ള ചർച്ചാ ക്ലാസാണ് വേദി. ബില്ലിലെ ചില വ്യവസ്ഥകൾ ദൈവവിശ്വാസത്തിനും ധാർമ്മികതയ്ക്കും എതിരാണെന്ന് വിശദീകരിച്ചുകൊണ്ടിരിക്കുമ്പോൾ സദസ്സിൽ നിന്നൊരു ചോദ്യം: "സർക്കാരിന്റെ എല്ലാ ഉത്തരവുകളും അതേപടി പാലിക്കാൻ പൗരന്മാർക്ക് ബാദ്ധ്യതയുണ്ടോ? പാർലമെന്റും നിയമസഭകളും പാസാക്കുന്ന എല്ലാ നിയമങ്ങളും അനുസരിക്കാൻ നാം ബാദ്ധ്യസ്ഥരാണോ ?" ഈ ചോദ്യങ്ങൾ ഉണർത്തിയ ചില ചിന്തകളാണ് തുടർന്നുള്ള പേജുകളിൽ

**ആമുഖം**

ക്രിസ്തുവർഷം 54 മുതൽ 68 വരെ റോമാസാമ്രാജ്യം ഭരിച്ചിരുന്ന നീറോ ചക്രവർത്തിയുടെ കാലത്താണ് വി. പൗലോസ് ശ്ലീഹാ റോമാക്കാർക്കുള്ള ലേഖനം എഴുതിയത്. ക്രിസ്ത്യാനികളെ അതിക്രൂരമായി പീഡിപ്പിക്കുകയും അതിദാരുണമായി വധിക്കുകയും ചെയ്തിരുന്ന ചക്രവർത്തിയെ എതിർക്കാനും അദ്ദേഹത്തിന്റെ ഉത്തരവുകൾ ലംഘിക്കാനും നിർദ്ദേശിക്കണമെന്ന് സാധാരണ ഗതിയിൽ ആൾക്കാർ ചിന്തിക്കാൻ സാദ്ധ്യതയുള്ള സന്ദർഭത്തിൽ പൗലോസ് ശ്ലീഹാ എഴുതുന്നത് ശ്രദ്ധിക്കുക. "ഓരോരുത്തനും മേലധികാരികൾക്കു വിധേയനായിരിക്കട്ടെ. എന്തെന്നാൽ ദൈവത്തിൽ നിന്നല്ലാതെ അധികാരമില്ല, നിലവിലിരിക്കുന്ന അധികാരങ്ങൾ ദൈവത്താൽ സ്ഥാപിതമാണ്. തന്നിമിത്തം, അധികാരത്തെ ധിക്കരിക്കുന്നവൻ ദൈവീക സംവിധാനത്തെയാണ് ധിക്കരിക്കുന്നത്. ധിക്കരിക്കുന്നവൻ തങ്ങൾക്കുതന്നെ ശിക്ഷാവിധി വരുത്തിവയ്ക്കും. സത്പ്രവൃത്തികൾ ചെയ്യുന്നവർക്കല്ല, ദുഷ്പ്രവൃത്തികൾ ചെയ്യുന്നവർക്കാണ് അധികാരികൾ ഭീഷണിയായിരിക്കുന്നത്. നിനക്ക്



www.malankaralibrary.com

അധികാരിയെ ഭയപ്പെടാതെ കഴിയണമെന്നുണ്ടോ ? എങ്കിൽ നന്മചെയ്യുക; നിനക്ക് അവനിൽ നിന്ന് ബഹുമതിയുണ്ടാകും. എന്തെന്നാൽ അവൻ നിന്റെ നന്മയ്ക്കുവേണ്ടി ദൈവത്തിന്റെ ശുശ്രൂഷകനാണ്. എന്നാൽ നീ തിന്മ പ്രവർത്തിക്കുന്നുവെങ്കിൽ പേടിക്കണം. അവൻ വാൾ ധരിച്ചിരിക്കുന്നതു വെറുതെയല്ല. തിന്മചെയ്യുന്നവനെതിരായി ദൈവത്തിന്റെ ക്രോധം നടപ്പാക്കുന്ന ദൈവശുശ്രൂഷകനാണവൻ. ആകയാൽ, ദൈവത്തിന്റെ ക്രോധം ഒഴിവാക്കാൻ വേണ്ടി മാത്രമല്ല, മനഃസാക്ഷിയെ മാനിച്ചും നിങ്ങൾ വിധേയത്വം പാലിക്കുവിൻ. നിങ്ങൾ നികുതി കൊടുക്കുന്നതും ഇതേ കാരണത്താൽ തന്നെ. എന്തെന്നാൽ അധികാരികൾ ഇക്കാര്യങ്ങളിൽ നിരന്തരം ശ്രദ്ധ വയ്ക്കുന്ന ദൈവശുശ്രൂഷകരാണ്. ഓരോരുത്തർക്കും അവകാശപ്പെട്ടിരിക്കുന്നതു കൊടുക്കുവിൻ. നികുതി അവകാശപ്പെട്ടവന് നികുതി; ചുങ്കം അവകാശപ്പെട്ടവന് ചുങ്കം; ആദരം അർഹിക്കുന്നവന്  ആദരം; ബഹുമാനം നല്കേണ്ടവന് ബഹുമാനം'' (റോമ. 13: 1–7). ചരിത്രം കണ്ടതിൽവച്ച് ഏറ്റവും ക്രൂരനും മതപീഡകനുമായ ഒരു ചക്രവർത്തിയുടെ ദുർഭരണത്തിൽ കീഴിൽ ഇരിക്കുമ്പോഴും പരിശുദ്ധാത്മാവിന്റെ നിവേശനത്തിൽ വി. പൗലോസ് പഠിപ്പിക്കുന്നത് നിയമപരമായ അധികാരത്തിന് വിധേയപ്പെട്ട് ജീവിക്കുവാനാണ്. കാരണം, എല്ലാ അധികാരവും ദൈവത്തിൽ നിന്നാണ്, അധികാരികൾ ദൈവശുശ്രൂഷകരുമാണ്.

വി. പത്രോസ് ശ്ലീഹായുടെ ലേഖനങ്ങളിലും  ഇതേ ആശയങ്ങൾ കാണുവാൻ സാധിക്കും. ''ഉന്നതാധികാരിയായ രാജാവോ, ദുഷ്കർമ്മികളെ  ശിക്ഷിക്കാനും സത്കർമ്മികളെ പ്രശംസിക്കാനുമായി രാജാവിനാൽ അയയ്ക്കപ്പെടുന്ന പ്രാദേശികാധികാരികളോ ആരായിരുന്നാലും , നിങ്ങൾ കർത്താവിനെ പ്രതി എല്ലാ മാനുഷികാധികാരങ്ങൾക്കും വിധേയരായിരിക്കുവിൻ. നന്മ പ്രവർത്തിച്ചുകൊണ്ടു നിങ്ങൾ മൂഢമനുഷ്യരുടെ അജ്ഞതയെ നിശബ്ദമാക്കണം എന്നതാണു ദൈവഹിതം. നിങ്ങൾ സ്വതന്ത്രരായി ജീവിക്കുവിൻ. എന്നാൽ, സ്വാതന്ത്ര്യം തിന്മയുടെ ആവരണമാക്കരുത്. മറിച്ച്, ദൈവത്തിന്റെ ദാസരെപ്പോലെ ജീവിക്കുവിൻ. എല്ലാ മനുഷ്യരെയും ബഹുമാനിക്കുവിൻ; നമ്മുടെ സഹോദരരെ സ്നേഹിക്കുവിൻ; ദൈവത്തെ ഭയപ്പെടുവിൻ; രാജാവിനെ ബഹുമാനിക്കുവിൻ''(1 പത്രോസ് 2: 13– 17).

വി. പത്രോസിന്റെയും വി. പൗലോസിന്റെയും വാക്കുകൾ ഈ ലേഖനത്തിന്റെ പശ്ചാത്തലത്തിൽ സൂചിപ്പിച്ച ചോദ്യങ്ങൾ നമ്മുടെ മനസ്സിൽ ഉണർത്തും. ഭരണാധികാരികൾ ആവശ്യപ്പെടുന്നതെല്ലാം ചോദ്യം



www.malankaralibrary.com

ചെയ്യാതെ അനുസരിക്കാൻ ബാദ്ധ്യസ്ഥരാണെന്നാണോ ഇവിടെ അർത്ഥ മാക്കുന്നത്.

**ത്രിവിധ ചിന്താസരണികൾ**

പൊതു നിയമങ്ങൾ അനുസരിക്കുന്നത് അല്ലാതെ ലംഘിക്കു ന്നത് സംബന്ധിച്ച് പ്രധാനമായി മൂന്നു വീക്ഷണങ്ങൾ പ്രചാരത്തിലു ണ്ട്. അധികാരികളുടെ ഏത് ഉത്തരവും തള്ളിക്കളയുവാനുള്ള അവ കാശം വ്യക്തികൾക്കുണ്ട് എന്നാണ് ഒരു ചിന്താധാര. ഈ ആശയം പിൻതുടരുന്നവരെ അരാജകവാദികൾ എന്നു വിളിക്കാം. അവരുടെ വാദ ത്തിന് വി. ബൈബിളിൽ യാതൊരു ന്യായീകരണവും കാണുന്നില്ല.

കടുത്ത രാജഭക്തിക്കാരുടെ വീക്ഷണം അരാജകവാദികളുടെ വീക്ഷണത്തിനു നേർവിപരീതമാണ്. അധികാരികൾ കല്പിക്കുന്ന തെന്തും അതേപടി അനുസരിക്കണമെന്നാണവരുടെ പഠനം. ഈ വീക്ഷ ണത്തിനും വി. ഗ്രന്ഥത്തിന്റെ പിൻബലമില്ല. മാത്രമല്ല, ചരിത്രത്തിലും ഇതിനുവേണ്ടത്ര അംഗീകാരം ലഭിച്ചിട്ടില്ല. ''ന്യൂറെൻബർഗ്ഗ് വിചാരണ'' സമയത്ത് 'നാസി' കളുടെ വക്കീലിന്റെ ഒരു വാദമായിരുന്നു: ''തന്റെ കക്ഷികൾ അധികാരികളുടെ ഉത്തരവുകൾ നടപ്പാക്കുക മാത്രമാണ് ചെയ്തത്. അതിനാൽ അവർ കുറ്റക്കാരല്ല'' എന്ന്. എന്നാൽ ഈ വാദം തിരസ്ക്കരിച്ചുകൊണ്ട് ന്യായാധിപൻ പറഞ്ഞത് ''നമ്മുടെ നിയമങ്ങൾക്കു പരി ചില നിയമങ്ങൾ ഇല്ലേ ? '' എന്നാണ്. രാജ്യനിയമങ്ങൾക്കും അധി കാരികളുടെ ഉത്തരവുകൾക്കും ഉപരിയാണ് ദൈവത്തിന്റെ കല്പനകൾ എന്ന് ചുരുക്കം.

മൂന്നാമത്തെ ചിന്താധാര ദൈവവചനത്തിനും ധാർമ്മിക പ്രമാ ണങ്ങൾക്കും എതിരായുള്ള രാഷ്ട്രനിയമങ്ങളും ഉത്തരവുകളും അനു സരിക്കാൻ ക്രിസ്ത്യാനി ബാദ്ധ്യസ്ഥനല്ല എന്നാണ്. വി. ബൈബിൾ ഈ വീക്ഷണത്തെ പിൻതുണയ്ക്കുന്നതായി കാണാം.

**ബൈബിൾ വീക്ഷണം**

യഹൂദർക്കു ജനിക്കുന്ന ആൺകുട്ടികളെ വധിക്കണമെന്ന് ഹെബ്രായ സൂതികർമണികളോട് ഫറവോ രാജാവ് കല്പിച്ചിരുന്നതായി പുറപ്പാട് 1 – ൽ വായിക്കുന്നു. കടുത്ത രാജഭക്തരായിരുന്നെങ്കിൽ അവർ പ്രസ്തുത രാജകല്പന അക്ഷരം പ്രതി അനുസരിക്കുമായിരുന്നു. എന്നാൽ സൂതികർമിണികൾ ഫറവോന്റെ കല്പന തള്ളിക്കളയുകയാണ് ചെയ്തത്. ''എന്നാൽ ആ സൂതികർമ്മിണികൾ ദൈവഭയമുള്ളവരായി രുന്നതിനാൽ രാജാവു പറഞ്ഞതുപോലെ ചെയ്തില്ല'' (പുറ. 1: 17). ആ



www.malankaralibrary.com

സൂതികർമ്മിണികൾ ഫറവോയോട് കുട്ടികളുടെ ജനനത്തെപ്പറ്റി കള്ളം പറഞ്ഞതായും ബൈബിളിൽ കാണുന്നു. അധികാരികളോട് കള്ളം പറഞ്ഞെങ്കിലും ദൈവം അവരെ അനുഗ്രഹിച്ചതായിട്ടാണ് കാണുന്നത്. "ദൈവം സൂതികർമ്മിണികളോട് കൃപ കാണിച്ചു. ജനം വർദ്ധിച്ചു പ്രബലരായിത്തീർന്നു. സൂതികർമ്മിണികൾ ദൈവഭയമുള്ളവരായിരുന്നതു കൊണ്ട് അവിടുന്ന് അവർക്ക് സന്താനപരമ്പരകളെ പ്രദാനം ചെയ്തു" (പുറ. 1: 20-21).

ജെറീക്കോ പട്ടണത്തിൽ ചാരപ്രവർത്തനത്തിനെത്തിയവരെ രാജസന്നിധിയിൽ എത്തിക്കാൻ രാജാവു നല്കിയ കല്പന റാഹാബ് ലംഘിച്ചതായും ജെറീക്കോ കോട്ടയിൽ നിന്ന് കയർ വഴി രക്ഷപ്പെടാൻ അവരെ റാഹാബ് സഹായിച്ചതായും ജോഷ്വായുടെ ഗ്രന്ഥത്തിൽ നാം വായിക്കുന്നു.രാജാവിന്റെ കല്പന വളരെ വ്യക്തമായിരുന്നിട്ടും റാഹാബ് അത് ലംഘിച്ചു. എന്നിട്ടും പട്ടണം നശിപ്പിക്കപ്പെട്ടപ്പോൾ റാഹാബിനെ രക്ഷപെടുവാൻ ജോഷ്വായും സൈന്യവും സഹായിക്കുന്നതായി കാണുന്നു.

സാമുവേലിന്റെ ഒന്നാമത്തെ പുസ്തകത്തിൽ സാവൂൾ രാജാവിന്റെ കല്പന സ്വന്തം മകൻ ജോനാഥാൻ ലംഘിക്കുന്ന സംഭവം കാണുന്നുണ്ട്. ഫിലിസ്ത്യരുമായുള്ള യുദ്ധത്തിൽ വിജയം വരിക്കുന്നതുവരെ ആരും ഒന്നും ഭക്ഷിക്കരുത് എന്ന് സാവൂൾ കല്പിച്ചിരുന്നു. എന്നാൽ സാവൂളിന്റെ മകൻ ജോനാഥാൻ പിതാവിന്റെ കല്പന ലംഘിച്ച് തേൻ ഭക്ഷിച്ചതായും യുദ്ധത്തിന് ശക്തി സംഭരിച്ചതായും രേഖപ്പെടുത്തിയിരിക്കുന്നു. തന്റെ കല്പന ലംഘിച്ച മകന് സാവൂൾ മരണശിക്ഷ വിധിച്ചു. എന്നാൽ ജനം സാവൂളിന്റെ കല്പനയെ എതിർക്കുകയും ജോനാഥാനെ മരണത്തിൽ നിന്ന് രക്ഷിക്കുകയും ചെയ്തു. "അപ്പോൾ ജനം സാവൂളിനോടു പറഞ്ഞു: ഇസ്രായേലിനു വൻ വിജയം നേടിക്കൊടുത്ത ജോനാഥാൻ മരിക്കണമെന്നോ ? അതു പാടില്ല. കർത്താവാണേ സത്യം! അവന്റെ തലയിലെ ഒരു മുടിപോലും നിലത്തു വീണു കൂടാ. അവൻ ദൈവേഷ്ടമാണ് ഇന്ന് പ്രവർത്തിച്ചത്. ഇങ്ങനെ ജനം ജോനാഥാനെ രക്ഷിച്ചു. അവൻ വധിക്കപ്പെട്ടില്ല. (1 സാമുവേൽ 14: 45).

ജെസബൽ രാജ്ഞി സത്യദൈവത്തിന്റെ പ്രവാചകന്മാരെ വധിച്ചിരുന്ന കാലത്ത് ഒബാദിയാ നൂറ് പ്രവാചകന്മാരെ ഒളിവിൽ പാർപ്പിച്ച് വധത്തിൽ നിന്നും രക്ഷപ്പെടുത്തിയ സംഭവം രാജാക്കന്മാരുടെ ഒന്നാം പുസ്തകം പതിനെട്ടാം അദ്ധ്യായത്തിൽ കാണുന്നുണ്ട്. ഒബാദിയായുടെ പ്രവൃത്തി രാജ്ഞിയുടെ കല്പനയുടെ നഗ്നമായ ലംഘനമാണ്.

രാജാക്കന്മാരുടെ കല്പനകളെ ജനങ്ങൾ ലംഘിക്കുന്ന പല സംഭ



www.malankaralibrary.com

വങ്ങൾ ദാനിയേലിന്റെ പുസ്തകത്തിലും കാണുന്നുണ്ട്. ഷദ്രാക്ക്, മെഷാക്ക്, അബെദ്നെഗോ എന്നീ യുവാക്കൾ നെബുക്കദ്നേസർ രാജാവ് പ്രതിഷ്ഠിച്ച സ്വർണ്ണ വിഗ്രഹത്തെ ആരാധിക്കുന്നതിനു വിസമ്മതിക്കുന്നതായി ദാനിയേൽ 3 - ൽ രേഖപ്പെടുത്തിയിരിക്കുന്നു. ദാരിയൂസ് രാജാവിനോട് മാത്രമെ പ്രാർത്ഥിക്കാവൂ എന്ന രാജകല്പന ദാനിയേൽ ലംഘിക്കുന്നതായി ആറാം അദ്ധ്യായത്തിൽ കാണുന്നു. ഇവിടെയെല്ലാം ദൈവം തന്റെ ഭക്തരെ മരണശിക്ഷയിൽ നിന്നും രക്ഷിക്കുന്നതായും കാണാം.

പുതിയ നിയമത്തിലേക്കു വന്നാൽ അപ്പസ്തോലന്മാരുടെ നടപടി പുസ്തകത്തിൽ പത്രോസും യോഹന്നാനും അധികാരികളുടെ ആജ്ഞകളെ ലംഘിക്കുന്നതായി കാണുന്നുണ്ട്. ജന്മനാ മുടന്തനായ ഒരുവനെ സുഖപ്പെടുത്തുകയും തുടർന്ന് യേശുവിനെ പ്രസംഗിക്കുകയും ചെയ്തതിനു പത്രോസിനെയും യോഹന്നാനെയും കാരാഗൃഹത്തിലടയ്ക്കുകയും ഇനിമേൽ യേശുവിനെക്കുറിച്ച് പ്രസംഗിക്കരുതെന്ന് താക്കീത് ചെയ്തു പറഞ്ഞയയ്ക്കുകയും ചെയ്തു. എന്നാൽ പത്രോസിന്റെ മറുപടി ഇപ്രകാരമായിരുന്നു. "പത്രോസും യോഹന്നാനും അവരോടു മറുപടി പറഞ്ഞു. ദൈവത്തെക്കാളുപരി നിങ്ങളെ അനുസരിക്കുന്നത് ദൈവസന്നിധിയിൽ ന്യായമാണോ ? നിങ്ങൾ തന്നെ വിധിക്കുവിൻ. എന്തെന്നാൽ, ഞങ്ങൾ കാണുകയും കേൾക്കുകയും ചെയ്ത കാര്യങ്ങളെക്കുറിച്ച് സംസാരിക്കാതിരിക്കാൻ ഞങ്ങൾക്കു സാധ്യമല്ല" (നടപടി 4: 19–20). "പത്രോസും അപ്പസ്തോലന്മാരും പ്രതിവചിച്ചു. മനുഷ്യരെക്കാൾ ദൈവത്തെയാണ് അനുസരിക്കേണ്ടത്" (നടപടി 8: 29).

**ദൈവ നിയമങ്ങൾ മനുഷ്യ നിയമങ്ങളെക്കാൾ ഉന്നതം**

മുകളിൽ കണ്ട വചനങ്ങളെല്ലാം വ്യക്തമാക്കുന്നതെന്താണ് ? ദൈവത്തിന്റെ കല്പനകൾക്ക് എതിരായി വരുന്ന മനുഷ്യനിർമ്മിത നിയമങ്ങളെയും സന്ദേശങ്ങളെയും തള്ളിക്കളയുവാൻ ക്രിസ്ത്യാനിക്ക് അവകാശമുണ്ട്. തിന്മ ചെയ്യുവാനുള്ള നിർദ്ദേശങ്ങളെ ഏത് ഭരണാധികാരിയുടെതായാലും എതിർക്കാനും തള്ളിക്കളയാനും വേണ്ടി വന്നാൽ നിയമവിധേയവും അഹിംസാത്മകവുമായ മാർഗ്ഗങ്ങളിലൂടെ അധികാരിയെ മാറ്റാനും ക്രിസ്ത്യാനിക്ക് ചുമതലയുണ്ട് എന്നു മാത്രമല്ല, നിയമം അനുശാസിക്കുന്ന രീതിയിൽ പുതിയ ഭരണാധികാരിയെ കണ്ടെത്താനും ചുമതലയുണ്ട്.

ഭരണാധികാരിയുടെയും സർക്കാരിന്റെയും അനീതിപരവും ദൈവിക നിയമങ്ങൾക്ക് എതിരായിട്ടുള്ളതുമായ നിയമങ്ങളെ എതിർക്കുമ്പോൾ ആ നാട്ടിൽ നിന്ന് രക്ഷപെട്ട് പുറത്തുപോകാൻ സാധിക്കുന്നി


www.malankaralibrary.com

ല്ലെങ്കിൽ ആ നാടിന്റെ നിയമം അനുസരിച്ചുള്ള ശിക്ഷ ഏല്ക്കാനും തയ്യാറായിരിക്കണം.

രാജ്യത്തിനും ഭരണാധികാരികൾക്കും വേണ്ടി പ്രാർത്ഥിക്കുവാൻ ക്രിസ്ത്യാനിക്ക് കടമയുണ്ട്. എല്ലാവർക്കും വേണ്ടി അപേക്ഷകളും യാചനകളും മദ്ധ്യസ്ഥപ്രാർത്ഥനകളും ഉപകാരസ്മരണകളും അർപ്പിക്കണമെന്ന് ഞാൻ ആദ്യമേ ആഹ്വാനം ചെയ്യുന്നു. എല്ലാ ഭക്തിയിലും വിശുദ്ധിയിലും ശാന്തവും സമാധാനപൂർണ്ണവുമായ ജീവിതം നയിക്കാൻ നമുക്കിടയാകത്തക്കവിധം രാജാക്കന്മാർക്കും ഉന്നത സ്ഥാനീയർക്കും വേണ്ടിയും ഇപ്രകാരം തന്നെ ചെയ്യേണ്ടതാണ് (1 തിമോത്തി 2: 1–2).

**ഉപസംഹാരം**

രാജ്യത്തിന്റെയും ഭരണാധികാരികളുടെയും നിയമങ്ങളും ഉത്തരവുകളും ലംഘിക്കുവാൻ ക്രിസ്ത്യാനിക്ക് അവകാശമുണ്ടോ എന്ന ചോദ്യത്തോടെയാണല്ലോ ഈ വിചിന്തനം ആരംഭിച്ചത് ? മനുഷ്യരുടെ നിയമങ്ങളെക്കാൾ ഉപരിയാണ് ദൈവീക നിയമങ്ങൾ, മുകളിലാണ് ദൈവവചനം. തുടക്കത്തിലെ ചോദ്യത്തിനിവിടെ ഉത്തരം വ്യക്തമെന്നു കരുതുന്നു.

■



www.malankaralibrary.com

# ശിക്ഷകരാകാതെ രക്ഷകരാകുക

"**ശൈ**ശവത്തിൽത്തന്നെ നടക്കേണ്ട വഴി പരിശീലിപ്പിക്കുക; വാർധക്യത്തിലും അതിൽ നിന്നു വ്യതിചലിക്കുകയില്ല" (സുഭാ. 22:6). മധ്യവേനൽ അവധിക്കുശേഷം കേരളത്തിലെ സ്കൂളുകളിൽ ഔപചാരികമായി അധ്യയനം ആരംഭിക്കുന്നത് ജൂൺ മാസത്തിന്റെ തുടക്കത്തിലാണല്ലോ. ലക്ഷക്കണക്കിന് കുട്ടികൾ പുത്തൻ പുസ്തകങ്ങളും നോട്ടു ബുക്കുകളും പുത്തൻ വസ്ത്രങ്ങളും പഠനസാമഗ്രികളും പുത്തൻ പ്രതീക്ഷകളുമായി പാഠശാലകളിലെത്തുന്ന സമയം. രണ്ടു മാസക്കാലം നിദ്രയിലായിരുന്ന സ്കൂൾ അന്തരീക്ഷം പ്രസന്നമാകുന്ന സമയം. കുട്ടികളുടെ ആഗമനം അധ്യാപകരെയും സ്കൂൾ അധികൃതരെയും സജീവമാക്കും. സ്കൂൾ പരിസരങ്ങൾ മാത്രമല്ല, വഴികളും യാത്രാവാഹനങ്ങളും കടകമ്പോളങ്ങളും ഗ്രാമങ്ങളും പട്ടണങ്ങളുമെല്ലാം ആലസ്യം വിട്ട് ഉണരും. സർക്കാരും സ്കൂൾ അധികൃതരുമെല്ലാം പുതിയ അധ്യയനവർഷാരംഭത്തിനായി ഒരുങ്ങും. കുട്ടികളും രക്ഷകർത്താക്കളും മാത്രമല്ല, നാടു മുഴുവൻ അധ്യയന വർഷാരംഭത്തെ വരവേൽക്കാൻ ഒരുങ്ങേണ്ടതുണ്ട്. സന്തോഷകരവും നാടിനു മുഴുവൻ അനുഗ്രഹകരവുമായ അധ്യയനവർഷമായിരിക്കണം ഓരോ ജൂണിലും ആരംഭിക്കുന്നത് എന്നു പ്രാർത്ഥിക്കുന്നു. നാടിന്റെ മുഴുവൻ സഹകരണം ഇതിനാവശ്യമാണ്. വിദ്യാർഥികളും അധ്യാപകരും മാതാപിതാക്കളും സ്കൂൾ അധികൃതരും വിദ്യാഭ്യാസ വകുപ്പും രാഷ്ട്രീയ പാർട്ടികളും സർക്കാരും യാത്രാവാഹനത്തൊഴിലാളികളും കച്ചവടക്കാരും എല്ലാവരും സഹകരിച്ചെങ്കിൽ മാത്രമേ വിദ്യാഭ്യാസത്തിലൂടെ ലക്ഷ്യം വയ്ക്കുന്നവ നേടാൻ കുട്ടികൾക്കു സാധിക്കുകയുള്ളൂ.

"ജീവിതത്തിലെ ഉന്നത മൂല്യങ്ങളെക്കുറിച്ച് ബോധമുള്ളവനാരാണോ ഉന്നത മൂല്യങ്ങൾക്കായി അധമമൂല്യങ്ങളെ ത്യജിക്കാൻ കഴിയുന്നതാർക്കാണോ അയാളാണ് യഥാർഥ അറിവുള്ളവൻ" (ശ്രീബുദ്ധൻ). അറിവു മാത്രമല്ല, നെറിവും തിരിച്ചറിവും നൽകലാണ് വിദ്യാഭ്യാസം.



www.malankaralibrary.com

'മാതാപിതാഗുരുദൈവം' എന്നാണല്ലോ ആർഷഭാരത ദർശനം. ദൈവത്തിന്റെ മഹത്തായ രണ്ടു ദാനങ്ങളാണ് ജീവനും അറിവും. ജീവൻ മാതാപിതാക്കൾ വഴിയും അറിവ് ഗുരുവഴിയും ലഭിക്കാനാണ് ദൈവിക ക്രമീകരണം.

അറിവിനോടൊപ്പം സദ്ഗുണങ്ങൾ വളർത്തി ഉദാത്തമായ ജീവിതം നയിക്കാൻ മനുഷ്യനെ സജ്ജമാക്കുക വിദ്യാഭ്യാസത്തിന്റെ ലക്ഷ്യമാണ്. ദാർശനികനായ എസ്.രാധാകൃഷ്ണൻ പറയുന്നു: "സ്വഭാവഗുണം ആർജിക്കാൻ കഴിയാത്ത വിദ്യാഭ്യാസം ആപത്കരവും ഉപയോഗശൂന്യവുമാണ്". നന്മയുടെ പര്യായമായ മനുഷ്യരെ വാർക്കുകയാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. സമഗ്രതയാർന്ന വ്യക്തിത്വം രൂപപ്പെടുത്തുക.

"If wealth is lost nothing is lost
If health is lost something is lost
If character is lost everything is lost"

മോചനമരുളുന്നതായിരിക്കണം വിദ്യാഭ്യാസം. അധ്യാപകൻ ദൈവത്തിന്റെ വരദാനമാണ്. 'ഗുരു' ഇരുളകറ്റുന്നവനാണ്. ജീൻ സൈബിലസ് എന്ന ചിന്തകൻ പറയുന്നത് അധ്യാപകൻ ശില്പിയാണെന്നാണ്. ശില്പം നിർമിക്കുമ്പോൾ അതിനുള്ളിൽ കരടുകൾ കയറിയാൽ ശില്പത്തിൽ സുഷിരങ്ങൾ വീഴും. ശില്പം പാഴാകും.

അധ്യാപനം സ്നേഹത്തിന്റെ പ്രകാശനമാകണം. കുട്ടികളുടെ മാർക്കും ഗ്രേഡും അറിഞ്ഞാൽ പോരാ, അവരുടെ മനസും അറിയണം. രാമനെ കണക്കു പഠിപ്പിക്കുന്ന അധ്യാപകൻ കണക്കു മാത്രമല്ല രാമനെയും അറിയണം. പാൽക്കടലിൽ നിന്ന് അമൃത് കടഞ്ഞെടുക്കുന്നതുപോലെ 'വിദ്യ' കടഞ്ഞെടുക്കണം. അധ്യാപകരാകുന്ന 'മത്ത്' കൊണ്ട് വിദ്യാർഥികളുടെ ക്ഷീരസാഗരം മഥിക്കേണ്ടതുപോലെ മഥിക്കണം. 'Education' എന്ന അംഗലേയ പദം 'Educare' എന്ന ലത്തീൻ പദത്തിൽ നിന്നാണ് ഉത്ഭവിച്ചത്. 'Educare' എന്ന പദത്തിന്റെ അർഥം പുറത്തെടുക്കുക എന്നാണ്. വിദ്യാർഥിയുടെ ഉള്ളിലെ നന്മ കടഞ്ഞു പുറത്തെടുക്കുക. ചിലപ്പോൾ അമൃതിനു പകരം 'കാളകൂടം' കിട്ടിയെന്നു വരാം. കിട്ടിയ അമൃത് മോഷ്ടിക്കപ്പെട്ടെന്നും വരാം. ശ്രദ്ധാലുക്കളായിരിക്കുക. ചുറ്റുപാടുകളെ മാറ്റാൻ നമുക്കാവില്ല. ചുറ്റുപാടുകളിൽ നന്മ തെരഞ്ഞെടുക്കാനും തിന്മവെടിയാനും കുട്ടികളെ പരിശീലിപ്പിക്കുകയുമാണ് അഭികാമ്യം.



www.malankaralibrary.com

ഈശ്വര വിശ്വാസത്തിലും സഹോദര സ്നേഹത്തിലും സാമൂഹ്യബോധത്തിലും അധിഷ്ഠിതമായ വിദ്യാഭ്യാസമാണ് കുട്ടികൾക്ക് പകരേണ്ടത്. "അറിവു ലഭിച്ചിട്ടില്ലാത്തവർ എന്റെ അടുക്കൽ വരട്ടെ; അവർ എന്റെ വിദ്യാലയത്തിൽ വസിക്കട്ടെ" (പ്രഭാഷകൻ: 51:23). ദൈവത്തിന്റെ പ്രതിനിധികൾ ഉൾക്കൊള്ളുന്നിടമാകണം സ്കൂൾ. ജ്ഞാനം തേടുന്ന ആത്മാക്കളെ യഥാർഥ ജ്ഞാനത്തിന്റെ ഉറവിടത്തിലേക്കാനയിക്കുന്നവരാകണം അധ്യാപകർ.

ജ്ഞാനത്തെക്കുറിച്ച് വിശുദ്ധ ബൈബിൾ പറയുന്നത് "ലോകത്തെ വിശുദ്ധിയിലും നീതിയിലും ഭരിക്കാനും ഹൃദയപരമാർഥതയോടെ വിധികൾ പ്രസ്താവിക്കാനുമാണല്ലോ അവിടുന്ന് അവനെ സൃഷ്ടിച്ചത്" (ജ്ഞാനം: 9:3). 'പ്രപഞ്ചഘടനയും പഞ്ചഭൂതങ്ങളുടെ പ്രവർത്തനവും കാലത്തിന്റെ ആദിമധ്യാന്തങ്ങളും സൂര്യന്റെ അയനങ്ങളുടെ മാറ്റങ്ങളും ഋതുപരിവർത്തനങ്ങളും വത്സരങ്ങളുടെ ആവർത്തന ചക്രങ്ങളും നക്ഷത്രരാശിയുടെ മാറ്റങ്ങളും മൃഗങ്ങളുടെ പ്രകൃതവും വന്യമൃഗങ്ങളുടെ ശൗര്യവും ആത്മാക്കളുടെ ശക്തിയും മനുഷ്യരുടെ യുക്തിബോധവും സസ്യങ്ങളുടെ വിവിധത്വവും വേരുകളുടെ ഗുണവും തെറ്റുപറ്റാത്തവിധം മനസിലാക്കാൻ ദൈവമാണ് സഹായിക്കുന്നതെന്ന് ജ്ഞാനം 7:17-20 പഠിപ്പിക്കുന്നു.

ശാസ്ത്രവും കണക്കും ഭാഷയും പഠിപ്പിക്കുന്നതിനപ്പുറം എന്നിലെ എന്നെ കണ്ടെത്താൻ പരിശീലിപ്പിക്കണം. "ഞാനാരാണെന്നു മാത്രം പറഞ്ഞുതരാതെ പോയ രാമൻനായരെന്ന കാര്യസ്ഥനെ തേടി നടക്കുന്ന യുവാവിന്റെ ചിത്രം" ശ്രീ. എം. മുകുന്ദൻ വരച്ചു കാട്ടുന്നുണ്ടല്ലോ. ഈ യുവാവിന്റെ നിലവിളി നമ്മുടെ സ്കൂളുകളിൽ നിന്നും പഠനം പൂർത്തിയാക്കി പുറത്തിറങ്ങുന്ന കുട്ടികളിൽ നിന്നും ഉണ്ടാകാൻ പാടില്ല. പാവങ്ങൾ എന്ന നോവലിൽ വിക്ടർ ഹ്യൂഗോ എഴുതി 'എന്നെ ഏറെ വേദനിപ്പിക്കാറുള്ള ഒരു കാഴ്ചയുണ്ട്. വിശന്നു മരിച്ച ഒരു കുഞ്ഞിന്റെ മുഖം...! ഇതിലും വേദനിപ്പിക്കുന്ന ഒന്നുമില്ലേ എന്നു ചോദിച്ചാൽ ഞാൻ പറയും; ഉവ്വ്, അറിവുകിട്ടാതെ മരിച്ചുപോയ ഒരു കുട്ടിയുടെ മുഖം! സംസ്കാരത്തിന്റെ വെളിച്ചമേൽക്കാതെ ഒരാത്മാവുകൂടി മണ്ണടിയുക!'.

സുവിശേഷ പ്രഘോഷണ ദൗത്യനിർവഹണത്തിൽ ഏറ്റവും ശക്തവും ഫലപ്രദവുമായ മാധ്യമമായിട്ടാണ് സഭ വിദ്യാഭ്യാസ മേഖലയെ കാണുന്നത്. നൂറ്റാണ്ടുകളായി വിദ്യാഭ്യാസ മേഖലയിൽ ആളും അർഥവും വ്യയം ചെയ്യാൻ സഭ തയാറായിരിക്കുന്നതും അതുകൊണ്ടാണ്. സഭയുടെ വിദ്യാ



www.malankaralibrary.com

ഭ്യാസ സ്ഥാപനങ്ങൾ നന്മയുടെയും മേന്മയുടെയും സങ്കേതങ്ങളായിരുന്നു. എന്നാൽ, കമ്പോളവത്കരണത്തിന്റെയും ആഗോളവത്കരണത്തിന്റെയും അതിപ്രസരത്തിൽ വിദ്യാഭ്യാസ മേഖല ലക്ഷ്യത്തിൽ നിന്ന് അകലുന്നതായി വിലയിരുത്തപ്പെടുന്നു. സഭാ സ്ഥാപനങ്ങൾപോലും ലക്ഷ്യത്തിൽ നിന്ന് അകലുന്നതായി വിമർശിക്കപ്പെടുന്നു. ഈ പശ്ചാത്തലത്തിൽ വിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിക്കുന്നവർ ആത്മശോധനയ്ക്കു തയാറാകേണ്ടിയിരിക്കുന്നു. കുട്ടികളെ തിരുത്തേണ്ടവരും നയിക്കേണ്ടവരും മൂല്യങ്ങൾ കൊടുക്കേണ്ടവരും മൂല്യമില്ലാത്തവരായി മാറുന്നുണ്ടോ എന്നു വിശാല സമൂഹം സംശയിക്കുന്നു.

മാതാപിതാക്കളും അധ്യാപകരും ആചാര്യന്മാരും നന്മയുടെ സങ്കേതങ്ങളായിരിക്കണം. സഭയുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്ക് പ്രവേശനം തേടിവരാൻപോലും പാവപ്പെട്ടവൻ അറയ്ക്കുന്നതായി വിമർശനങ്ങളുയരുന്നു. പണക്കാരുടെ മക്കൾക്കു മാത്രമുള്ളതാണ് സഭാവക സ്ഥാപനങ്ങൾ എന്നു പൊതുസംസാരം. ഉയർന്ന മാർക്ക് ഉള്ളവർക്കു മാത്രമേ പ്രവേശനം ലഭിക്കുന്നുള്ളൂ എന്ന് പൊതുപരാതി. സഭാമക്കൾക്കു പോലും സഭാ സ്ഥാപനങ്ങളിൽ പ്രവേശനം ലഭിക്കാത്ത അവസ്ഥ. സന്യാസസമൂഹങ്ങൾ നടത്തുന്ന സ്ഥാപനങ്ങളിൽ സഭാമക്കളോട് ചിറ്റമ്മനയം. സുവിശേഷ പ്രഘോഷണത്തിന്റെ ഏറ്റം നല്ല ഉപാധിയായി കരുതിയിരുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ സുവിശേഷ മൂല്യങ്ങളുടെ തിരസ്കാരവേദികളാകുന്നതായി പരാതി. പണത്തിന്റെയും അധികാരത്തിന്റെയും പ്രലോഭനം സഭാശുശ്രൂഷകരെ അടക്കിവാഴുന്നതായി അകത്തളങ്ങളിൽ സംസാരം. ആത്മശോധനയ്ക്കുള്ള അവസരമാകട്ടെ ഈ കുറിപ്പ്.

■



www.malankaralibrary.com

# "ഒരു വാക്ക്, ഒരു നോക്ക്, ഒരു സ്പർശം വൃദ്ധർക്ക് "

കേരളത്തിലെ ജനസംഖ്യാശാസ്ത്രം വിശകലനം ചെയ്യുമ്പോൾ നാം തിരിച്ചറിയുന്നു, വളരെ അടിയന്തരമായ ശ്രദ്ധ അർഹിക്കുന്ന ഒരു വിഭാഗമാണ് വൃദ്ധർ. ദശകങ്ങൾക്കു മുമ്പ് കുട്ടികളെക്കൊണ്ടും യുവജനങ്ങളെക്കൊണ്ടും സമൃദ്ധവും സജീവവുമായിരുന്ന കേരളം ഇന്ന് വൃദ്ധരെക്കൊണ്ട് വിരസവും നിർജീവവുമായിക്കൊണ്ടിരിക്കുന്നു. ഈ പ്രതിഭാസം പല കുടുംബപ്രശ്നങ്ങൾക്കും സാമൂഹ്യ പ്രശ്നങ്ങൾക്കും ഇടയാക്കുന്നു. കേട്ടറിഞ്ഞ രണ്ടു സംഭവങ്ങൾ രേഖപ്പെടുത്തി ഒരു ചിന്ത പങ്കുവയ്ക്കാൻ ശ്രമിക്കാം.

ഒന്നാമത്തെ സംഭവം ഒരു പ്രത്യേക സമൂഹത്തിലെ ഒരാചാരമാണ്. ഒരമ്മയുടെ എഴുപത്തിയഞ്ചാം പിറന്നാൾ മക്കൾ വലിയ ആഘോഷമായി കൊണ്ടാടുന്നു. മക്കൾ വളരെ സന്തോഷത്തിലാണ്. അമ്മ വളരെ ദു:ഖിതയും. എഴുപത്തഞ്ചാം വയസിൽ പ്രായമായവരെ കാട്ടിൽ കൊണ്ടുവിടണമെന്നാണ് ആ സമൂഹത്തിലെ നിയമം. പിന്നീട് അവർ മടങ്ങി വരാൻ പാടില്ല. പരിത്യാഗത്തോടെ മരണത്തിന് ഒരുങ്ങണം.

മൂത്തമകനായിരുന്നു കാട്ടിലേക്ക് അമ്മയ്ക്കു വഴികാട്ടി. യാത്രയിൽ വഴിയിലേക്കു നീണ്ടു കിടക്കുന്ന മുള്ളുകളും കമ്പുകളും ആ അമ്മ കയ്യിലിരുന്ന അരിവാൾകൊണ്ട് വെട്ടിക്കളഞ്ഞുകൊണ്ടാണ് മുന്നോട്ടു നീങ്ങിയത്. മകൻ അതു ശ്രദ്ധിച്ചിരുന്നു. അമ്മയുടെ പ്രവൃത്തി അയാളെ അത്ഭുതപ്പെടുത്തി. അമ്മയെ വനത്തിലാക്കിയിട്ട് മടങ്ങാൻ നേരം മകൻ ചോദിച്ചു: "അമ്മ എന്തിനാണ് വഴിനീളെ മുള്ളുകളും കമ്പുകളും വെട്ടിമാറ്റിയത്"?. "നീ ഒറ്റയ്ക്കല്ലേ തിരിച്ചു പോകുന്നത്, അപ്പോൾ മുള്ളുകളൊന്നും നിന്റെ കാലിൽ കൊള്ളാതിരിക്കാനാണ്" എന്നായിരുന്നു അമ്മയുടെ മറുപടി. **ബുദ്ധിയുള്ള വായനക്കാരന് വിശദീകരണം അശേഷം ആവശ്യമില്ല.**



www.malankaralibrary.com

മാതാപിതാക്കളെ വൃദ്ധസദനത്തിൽ ആക്കിയിട്ട് 'ജീവിതം ആസ്വദിക്കുന്നവർ' അറിയുക. അവരുടെ ഹൃദയം നിങ്ങൾക്കുവേണ്ടി തുടിക്കുന്നു.

രണ്ടാമത്തെ സംഭവം. മൂന്നര വയസുള്ള മകൻ ബാലവാടിയിൽ പഠിക്കുന്നു. ഒരു ദിവസം ബാലവാടി വിട്ടിട്ട് അവൻ വീട്ടിൽ എത്തിയില്ല. മകനെത്തേടി യുവതിയായ അമ്മ ഓടുകയാണ്. തിരക്കിയിട്ട് കാണുന്നില്ല... ഏകമകനെ നഷ്ടപ്പെട്ടു... ഇനി ജീവിച്ചിട്ടെന്തുകാര്യം. റെയിൽവേ ട്രാക്കിലേക്ക് ഓടി. ജീവിതം അവിടെ അവസാനിപ്പിക്കാം. എതിരെ വന്ന പോലീസ് യുവതിയെ തടഞ്ഞു നിർത്തി വിവരം തിരക്കി. "ഹോ, ഞങ്ങൾ നിങ്ങളെ തിരക്കി വരികയായിരുന്നു. ഫോൺ വിളിച്ചിട്ട് വീട്ടിൽ ആരും എടുക്കുന്നില്ലല്ലോ. കുട്ടി ഞങ്ങളുടെ പക്കലുണ്ട്". സബ് ഇൻസ്പെക്ടർ പറഞ്ഞു. അവൾ ഞെട്ടിപ്പോയി... അറിയാതെ അവൾ പറഞ്ഞു... "എന്റമ്മേ...".

അവരുടെ കുടുംബക്കാര്യം നേരത്തെ അറിയാമായിരുന്ന പോലീസ് ഇൻസ്പെക്ടർ ചോദിച്ചു. "വെറും മൂന്നര വയസുള്ള മകനെ കുറച്ചു സമയത്തേക്ക് നഷ്ടപ്പെട്ടപ്പോൾ നിങ്ങൾ ഇത്രമാത്രം വിഷമിച്ചു. എങ്കിൽ മുപ്പത്തിയഞ്ചു വയസുള്ള മകൻ നഷ്ടപ്പെട്ടപ്പോൾ നിങ്ങളുടെ അമ്മായിയമ്മ എന്തുമാത്രം വിഷമിച്ചിട്ടുണ്ടാകും?"

"ആട്ടെ, അമ്മ ഇപ്പോൾ എവിടെയാണ്?"
"സോറി.. അതു.. പിന്നെ... വൃദ്ധമന്ദിരത്തിലാണ്..."

രണ്ടു ദിവസം കഴിഞ്ഞ് പോലീസ് ഇൻസ്പെക്ടർക്ക് ഒരു ഫോൺ കോൾ... ആ യുവതിയുടേതാണ്. "വളരെ നന്ദി. സർ.. സർ എന്റെ കണ്ണു തുറപ്പിച്ചു... ഇപ്പോൾ മോനെ സ്കൂളിൽ കൊണ്ടാക്കുന്നതും കൊണ്ടുവരുന്നതും അമ്മച്ചിയാണ്... ഈ കുടുംബത്തിനു കളഞ്ഞു കിട്ടിയ നിധി".

'മാതാപിതാഗുരുദൈവം'

ഒരു വാക്ക്, ഒരു നോക്ക്, ഒരു സ്പർശം. ഇതാണ് വൃദ്ധർക്കാവശ്യം. ഇത് നൽകാൻ നിങ്ങൾക്കെന്തു ചെലവ്...

■



www.malankaralibrary.com

# വിധവയുടെ കാണിക്ക

സാധാരണ പള്ളിയുമായി ബന്ധപ്പെട്ട പിരിവുകൾക്ക് പിൻബലമായി ബഹു. വൈദികർ ഉദ്ധരിക്കുന്ന ഒരു വേദഭാഗം ധ്യാന വിഷയമാക്കാം.

മർക്കോസിന്റെ സുവിശേഷത്തിലെ ഭാഗമാണ് തുറന്നെടുത്തത് (12/ 41- 42). 'വിധവയുടെ കാണിക്ക' ഭാഗത്തിന് സുവിശേഷത്തിന്റെ പൊതു ഘടനയിലുള്ള സ്ഥാനം പരിഗണിക്കാതിരിക്കുന്നത് ശരിയല്ലെന്നു തോന്നി. ശ്രദ്ധിച്ചപ്പോൾ എന്റെ ചങ്കിടിച്ചു. കാരണം എന്തെന്നല്ലേ, യേശു നിയമജ്ഞരെ വിമർശിക്കുന്നതിന്റെയും, "അവൻ ഇങ്ങനെ പഠിപ്പിച്ചു: നിങ്ങൾ നിയമജ്ഞരെ സൂക്ഷിച്ചുകൊള്ളുവിൻ. നീണ്ട മേലങ്കികൾ ധരിച്ചു നടക്കാനും പൊതുസ്ഥലങ്ങളിൽ അഭിവാദനം സ്വീകരിക്കാനും അവർ ആഗ്രഹിക്കുന്നു. എന്നാൽ അവർ വിധവകളുടെ ഭവനങ്ങൾ വിഴുങ്ങുകയും ദീർഘമായി പ്രാർത്ഥിക്കുന്നുവെന്നു നടിക്കുകയും ചെയ്യുന്നു" (മർക്കോ. 12:38-40) ദേവാലയത്തെക്കുറിച്ചുള്ള പ്രവചനത്തിന്റെയും (".... എന്നാൽ ഇവയെല്ലാം കല്ലിന്മേൽ കല്ലു ശേഷിക്കാതെ തകർക്കപ്പെടും") (മർക്കോ. 13: 1–2) ഇടയിലാണ് 'വിധവയുടെ കാണിക്ക' സംഭവം അവതരിപ്പിച്ചിരിക്കുന്നത്.

യേശുവിന്റെ കാലമായപ്പോഴേക്കും ദേവാലയ ഭണ്ഡാരത്തിന്റെ സൂക്ഷിപ്പും ദേവാലയ നടത്തിപ്പും നിയമജ്ഞരുടെ കൈകളിലായിരുന്നു. പലസ്തീനായിലെ അന്നത്തെ സാമൂഹിക രാഷ്ട്രീയ പശ്ചാത്തലത്തിൽ വീക്ഷിക്കുമ്പോൾ "വിധവയുടെ കാണിക്ക' പ്രത്യേക ശ്രദ്ധയാകർഷിക്കുന്നുണ്ട്. തനിക്കുള്ളതെല്ലാം ആ സാധു വിധവ ദേവാലയ ഭണ്ഡാരത്തിൽ സമർപ്പിച്ചതിന്റെ പിന്നിലെ ചേതോവികാരം എന്തായിരുന്നു? ദൈവത്തിനു സമർപ്പിക്കുന്നതിന്റെ സന്തോഷമോ അതോ ജീവിതത്തിലെ നിസഹായതയും നിരാശയുമോ? യൂദാസ് മുപ്പത് വെള്ളിക്കാശ് ദേവാലയ ഭണ്ഡാരത്തിൽ സമർപ്പിക്കാൻ എത്തിയതും അവസാനം അതു വലിച്ചെറിഞ്ഞതും ഓർക്കുമല്ലോ. അവിടെ യൂദാസിന്റെ വികാരം സന്തോഷമായി



www.malankaralibrary.com

രുന്നോ അതോ ജീവിത നിരാശയായിരുന്നോ? ജീവിതം അളമുട്ടിയ യൂദാസ്. ഒരു പക്ഷേ ജീവിതത്തിലെ അളമുട്ടലാകാം ഉള്ളതെല്ലാം ദേവാലയ ഭണ്ഡാരത്തിൽ നിക്ഷേപിക്കാൻ വിധവയെ പ്രേരിപ്പിച്ചത്. പള്ളിപ്പിരിവിന്റെ തുക വർധിപ്പിക്കാനാണ് വികാരിയച്ചൻ പലപ്പോഴും 'വിധവയുടെ കാണിക്ക' ഉദ്ധരിക്കുന്നത്. എന്നാൽ ഇപ്പോൾ എനിക്കു തോന്നുന്നത് വികാരിയച്ചൻ പറയുന്നതിനു നേരെ എതിരാണ് ഈ സംഭവത്തിന്റെ പൊരുൾ എന്നാണ്. പലസ്തീനായിലെ സമൂഹത്തിൽ പ്രത്യേകിച്ച് ദേവാലയവുമായി ബന്ധപ്പെട്ടു നിലനിലനിന്നിരുന്ന ജീർണതകളിലേക്ക് വിരൽ ചൂണ്ടുന്ന ഒരു സംഭവമായിട്ടാണ് ഇപ്പോൾ ഇതിനെ ഞാൻ മനസിലാക്കുന്നത്. ഈ സാധുവിധവയെ മുൻപൊരിക്കലും ബൈബിളിൽ കണ്ടിട്ടില്ല. പെട്ടെന്നു പ്രത്യക്ഷപ്പെടുന്നു, രണ്ടു ചെമ്പു നാണയങ്ങൾ ഭണ്ഡാരത്തിൽ നിക്ഷേപിക്കുന്നു, അപ്രത്യക്ഷമാകുന്നു. പഴയനിയമത്തിൽ കണ്ടുമുട്ടുന്ന മൽക്കിസദേക്കിനെപ്പോലെ.

ജറുസലേമിൽ എത്തിയ യേശുനാഥൻ ദേവാലയത്തിൽ ക്രയവിക്രയം നടത്തിയിരുന്നവരെ പുറത്താക്കുന്നത് നാം കാണുന്നുണ്ട്. രാഷ്ട്രീയ-മത അധികാരികളുടെ അവിഹിത കൂട്ടുകെട്ടിനെതിരെയുള്ള ഒരു നടപടിയായിരുന്നു അത്. ദൈവസാന്നിധ്യം ദേവാലയത്തിലാണെന്നായിരുന്നു യഹൂദരുടെ ചിന്ത. അനുഗ്രഹത്തിന്റെയും കൃപയുടെയും സൗഖ്യത്തിന്റെയും സ്ഥലം ദേവാലയമാണ് എന്നാണവർ വിശ്വസിച്ചിരുന്നത്. യഹൂദരുടെ ഈ വിശ്വാസത്തിന്റെ കടയ്ക്കലാണ് യേശു കത്തിവച്ചത്. അവൻ ദേവാലയത്തിനു പുറത്ത് അത്ഭുതങ്ങൾ പ്രവർത്തിച്ചു, പാപമോചനവും സൗഖ്യവും നല്കി. മാത്രമല്ല, വിദേശഭരണാധികാരികൾക്ക് ഒത്താശ ചെയ്തുകൊടുക്കുന്ന മതാധികാരികളെ അവൻ വെല്ലുവിളിക്കുന്നുമുണ്ട്. അല്പം ആഴത്തിൽ പഠിക്കുകയും ചിന്തിക്കുകയും ധ്യാനിക്കുകയും ചെയ്യുമ്പോൾ 'വിധവയുടെ കാണിക്ക' ക്രിസ്തീയ സമർപ്പണത്തിന്റെയും നൽകലിന്റെയും മാതൃകയായിട്ടല്ല, മറിച്ച് മതാധികാരികളുടെ സാധുജനപീഡനങ്ങളോടുള്ള യേശുവിന്റെ പ്രതികരണമായിട്ടാണ് മനസിലാകുന്നത്. ശിഷ്യന്മാർ ദേവാലയ സൗധത്തിന്റെ ഗാംഭീര്യം കണ്ട് വിസ്മയഭരിതരാകുമ്പോൾ യേശുവിന്റെ ദൃഷ്ടിയിൽ തെളിയുന്നത് ദേവാലയത്തോടു ബന്ധപ്പെട്ട അനീതികളും പാവപ്പെട്ടവന്റെ ദാരിദ്ര്യവുമാണ്. അവിടെ നടക്കുന്ന അനീതിയുടെ ആഴം ഹൃദയത്തിൽ ഉളവാക്കിയ വികാരമാണ് യേശുവിനെക്കൊണ്ടു പറയിച്ചത്. "ഇവയെല്ലാം കല്ലിന്മേൽ കല്ലു ശേഷിക്കാതെ തകർക്കപ്പെടും" എന്ന് (മർക്കോസ് 13:2). ഈ പശ്ചാത്തലത്തിൽ വീക്ഷിക്കുമ്പോൾ 'വിധവയുടെ കാണിക്ക'യെക്കുറിച്ചുള്ള യേശുവിന്റെ പ്രഖ്യാപനം ദേവാലയ നടത്തിപ്പിലുള്ള ഒരു പ്രതിഷേധം



www.malankaralibrary.com

തന്നെ. വിധവയുടെ ജീവിതമാർഗം മുഴുവൻ വിഴുങ്ങാൻ വായ പിളർന്നിരിക്കുന്ന പുരോഹിതരെയും നിയമജ്ഞരെയും യേശു ശക്തമായ ഭാഷയിൽ പഴിക്കുകയാണിവിടെ. മതത്തിന്റെയും ദൈവാരാധനയുടെയും പേരിൽ ജറുസലേം ദേവാലയത്തിൽ നടക്കുന്ന അഴിമതിയും അനീതിയും പീഡനവുമാണ് യേശുവിന്റെ ദൃഷ്ടിയിൽ തെളിയുന്നത്. അല്ലാതെ നൽകുന്നതിന്റെ ആത്മീയതയല്ല.

യേശു ദേവാലയത്തിനെതിരായിരുന്നില്ല. എന്നാൽ സ്വാർത്ഥലാഭത്തിനായി ദൈവിക കാര്യങ്ങളെ വളച്ചൊടിക്കുന്ന പുരോഹിതർക്കും നിയമജ്ഞർക്കും ഫരിസേയർക്കും എതിരായിരുന്നു. സാധുക്കളെയും വിധവകളെയും ഞെരുക്കുന്ന കാഴ്ചയർപ്പണങ്ങൾക്കും ബലിസമർപ്പണങ്ങൾക്കും എതിരായിരുന്നു. നിയമത്തിന്റെ മാനുഷിക മുഖത്തിനാണ് യേശു പ്രാമുഖ്യം കല്പിക്കുന്നത്.

മർക്കോസ് 11:13 ൽ വിശപ്പടക്കാൻ അത്തിപ്പഴം തേടിയ യേശു ഫലമൊന്നും ലഭിക്കാഞ്ഞതിനാൽ അത്തിമരത്തെ ശപിക്കുന്നതായി കാണുന്നില്ലേ? ഫലം ഒന്നുമില്ലാതെ ഇലകളാൽ തളിർത്തു തഴച്ചു നിൽക്കുന്ന അത്തിമരം. പ്രാർത്ഥനാലയമായിരിക്കേണ്ട ദേവാലയം സൗധങ്ങളുടെ ഗാംഭീര്യത്തിൽ കച്ചവട സ്ഥലമായി തഴച്ചു നിൽക്കുന്നു. അതിനെയും അവൻ ശപിക്കുന്നു (മർക്കോസ് 13:2). നിയമജ്ഞരുടെ സ്വഭാവമാണ് യേശു ഇവിടെ വരച്ചു കാട്ടുന്നത് (12:28-40). വിധവകളുടെ ഭവനങ്ങളെ വിഴുങ്ങുന്ന നിയമജ്ഞരാണ് ദേവാലയത്തിലെ ഭണ്ഡാരസൂക്ഷിപ്പുകാർ. മർക്കോസ് 11:11 മുതൽ 12:40 വരെയുള്ള ഭാഗം നിരീക്ഷിച്ചാൽ ഒരു കാര്യം വ്യക്തമാണ്. ദേവാലയ നടത്തിപ്പിലെ അനീതിയുടെ പേരിൽ മതനേതാക്കൾ കുറ്റം വിധിക്കപ്പെടും. ദേവാലയം നശിപ്പിക്കപ്പെടും (13:1, 14:58. 15:38). 11 മുതൽ 13 വരെയുള്ള അധ്യായങ്ങൾ ശ്രദ്ധിച്ചു വായിച്ചാൽ കാണുന്ന ഒരേ ഒരു നന്മ 'വിധവയുടെ കാണിക്ക' മാത്രമാണ്. അതൊഴികെ കാണുന്നതെല്ലാം ശിക്ഷയും നാശവും മാത്രമാണ്.

യേശു ദേവാലയത്തെ ശപിക്കുന്നതിന്റെ കാരണം അവിടെ നടക്കുന്ന ചൂഷണവും അനീതി നിറഞ്ഞ പണമിടപാടുകളുമാണ്. അവന്റെ ദേവാലയ ശുദ്ധീകരണ നടപടി (11:15-17) കച്ചവടക്കാർക്കും പണം ഇടപാടുകാർക്കും ജനത്തെ ഞെരുക്കുന്ന നികുതി ഘടനയ്ക്കും ബലിക്കു പണം പിടുങ്ങുന്ന സംവിധാനത്തിനും എതിരായിട്ടുള്ളതാണ്.

ജറുസലേമിലേക്കു വരുമ്പോൾ യേശു യഹൂദരുമായി ഏറ്റുമുട്ടുന്നു (11:11) തുടർന്ന് രാഷ്ട്രീയ നേതാക്കളുമായി ഏറ്റുമുട്ടുന്നു (11:27-12:22). അവസാനം അവൻ ദേവാലയാധികൃതരുമായും ഏറ്റുമുട്ടുന്നു. ഈ ഏറ്റു



www.malankaralibrary.com

മുട്ടലുകളുടെ യഥാർഥ കാരണത്തിലേക്ക് വിരൽ ചൂണ്ടുന്നതാണ് 'വിധവയുടെ കാണിക്ക' സംഭവം.

ഇവിടെ നാം കണ്ടുമുട്ടുന്ന വിധവ ഗതിയും പരഗതിയുമില്ലാത്തവളാണ്. ഇസ്രായേൽ സമൂഹത്തിൽ ഏറ്റവും അധികം അവഗണിക്കപ്പെട്ടിരുന്നവരും ഞെരുക്കപ്പെട്ടിരുന്നവരും വിധവകളായിരുന്നു. ഇപ്രകാരം ഞെരുക്കപ്പെട്ടിരുന്നവരെ യേശു പ്രത്യേകം ശ്രദ്ധിച്ചിരുന്നു. പുരുഷ മേധാവിത്വം നിലനിന്നിരുന്ന യഹൂദ സമൂഹത്തിൽ മതത്തിന്റെ പേരിലും വിധവകൾ പീഡിപ്പിക്കപ്പെട്ടിരുന്നു. വിധവ ഭർതൃഗൃഹത്തിൽ ഒരു പണിക്കാരിയെപോലെ കഴിഞ്ഞുകൊള്ളണം. എന്നാൽ അവളും ദേവാലയ സംരക്ഷണത്തിനുള്ള വിഹിതം നൽകണം. നാമിവിടെ കാണുന്ന വിധവ ഇപ്രകാരമുള്ള ദേവാലയ സംരക്ഷണ വിഹിതം നല്കിക്കഴിയുമ്പോൾ അവൾക്ക് പിന്നീടൊന്നും അവശേഷിക്കുന്നില്ല. വേറൊരു വിരോധാഭാസം നാശം വിധിക്കപ്പെട്ട് നാശത്തിലേക്ക് വീണുകൊണ്ടിരിക്കുന്ന ദേവാലയമാണ് വിധവയുടെ ജീവിതമാർഗം അടിച്ചു മാറ്റുന്നത്. ദേവാലയം നശിക്കാൻ പോകുന്നു അതോടൊപ്പം പാവപ്പെട്ട വിധവയുടെ ജീവിതവും നശിക്കുന്നു. **ഇങ്ങനെ നശിക്കുവാൻ പോകുന്ന ദേവാലയത്തിന്റെ പേരിലും സാധു വിധവയുടെ അവസാനത്തുട്ടും വാങ്ങിക്കൂട്ടുന്ന നിയമജ്ഞരെയാണ് യേശു ശപിക്കുന്നത്.** (12:40).

മതത്തെയും മതാചാരങ്ങളെയും ധനാഗമമാർഗങ്ങളാക്കുന്നതിനെതിരെയുള്ള യേശുവിന്റെ നിലപാട് വ്യക്തമാണ്. മനുഷ്യനന്മയ്ക്കാണ് യേശു എപ്പോഴും മുൻഗണനന നല്കുന്നത്. മനുഷ്യനെ ഞെരുക്കുന്ന ആചാരങ്ങളെ അവൻ ശക്തമായി എതിർത്തിരുന്നു. ദൈവത്തെക്കുറിച്ച് സങ്കീർത്തകൻ പറയുന്നത് അവൻ വിധവകളുടെ സംരക്ഷകനാണെന്നാണ്. "കർത്താവ് പരദേശികളെ പരിപാലിക്കുന്നു; വിധവകളെയും അനാഥരെയും സംരക്ഷിക്കുന്നു..." (സങ്കീ. 146/9). എന്നാൽ ദേവാലയവും നിയമജ്ഞരും വിധവകളെ ഞെരുക്കുന്നു, ചൂഷണം ചെയ്യുന്നു. ദൈവിക നിയമം വിധവകളെയും അനാഥരെയും സംരക്ഷിക്കുന്നതാണ്. എന്നാൽ ഇവിടെ സംഭവിക്കുന്നത് നിയമത്തിന്റെ സംരക്ഷകരായിരിക്കേണ്ട നിയമജ്ഞർ പോലും നിയമം അനുസരിക്കുന്നില്ല. എന്നു മാത്രമല്ല, അതിനെതിരായി പ്രവർത്തിക്കുകയും ചെയ്യുന്നു.

വിധവ ഉള്ളതെല്ലാം ദേവാലയത്തിൽ കൊടുത്തു. ഇനി അവൾ എങ്ങനെ ജീവിക്കും ? ആരും അതു തിരക്കുന്നില്ല. യഹൂദരുടെ ഏറ്റവും പ്രധാന സ്ഥലമായ ദേവാലയത്തിന്റെ നാശത്തെക്കുറിച്ച് യേശു പറഞ്ഞിട്ടും ആരും പ്രതികരിക്കുന്നില്ല. വെറുതെ കേട്ടുകൊണ്ടിരിക്കുന്നു.



www.malankaralibrary.com

ദേവാലയ സംരക്ഷകരും ഭണ്ഡാര സൂക്ഷിപ്പുകാരുമായ നിയമജ്ഞരുടെ അനീതിയും ദരിദ്രപീഡനവും ജനങ്ങൾ നന്നായി മനസിലാക്കിയിരുന്നു. അപ്പോൾ നാശം പടിവാതില്ക്കലെത്തിയിരിക്കുന്നു എന്നതിൽ ഒരുപക്ഷേ അവർക്ക് അല്പം പോലും സംശയമുണ്ടായിരുന്നില്ല. ശക്തരായ നിയമജ്ഞരുടെ കൈയിൽ നിന്നും രക്ഷപെടാനൊരു മാർഗവും അവർ കാണുന്നുമില്ല.

ദേവാലയ സംവിധാനത്തിന്റെയും നിയമത്തിന്റെയും ക്രൂരതയുടെ ഇരയാണ് ആ സാധുവിധവ. ദേവാലയ സംവിധാനങ്ങളെ പരിഷ്കരിക്കാനും തിരുത്താനും സാധിക്കുമെന്ന് യേശുവിനുപോലും പ്രതീക്ഷയില്ലാതായി. അതിനാൽ, അനീതി നിറഞ്ഞ ദേവാലയത്തോടുള്ള ഭക്തി യേശു പ്രോത്സാഹിപ്പിക്കുമെന്നു ചിന്തിക്കാൻ ന്യായമില്ല. ജനത്തിന് ആശ്വാസമാകേണ്ട ദേവാലയം അവർക്ക് ഭാരവും പീഡനവുമായിരിക്കുന്നു. വിധവയ്ക്ക് സംരക്ഷണം നൽകേണ്ട ദേവാലയം അവളുടെ ജീവിതവക മുഴുവൻ തട്ടിയെടുക്കുന്നു. (മർക്കോ. 12:41-44). ഈ പശ്ചാത്തലത്തിൽ വീക്ഷിക്കുമ്പോൾ വിധവയുടെ കാണിക്കയെക്കുറിച്ചുള്ള യേശുവിന്റെ പരാമർശം ഒരു പുകഴ്ത്തലല്ല. മറിച്ച്, പ്രതിഷേധവും വിലാപവുമാണ്. നിയമജ്ഞരെ പഴിച്ചിട്ട് അവരുടെ നിയന്ത്രണത്തിലുള്ള ദേവാലയത്തിൽ നടന്ന ഒരു അനീതിയെ പുകഴ്ത്താൻ യേശുവിന് എങ്ങനെ സാധിക്കും? അനീതിപരമായ ദേവാലയ ക്രമീകരണം കൊണ്ട് ജീവിതം നശിച്ച ഒരു വിധവയുടെ ഉദാഹരണം ചൂടോടെ എടുത്തു കാട്ടുകയാണ് യേശു ചെയ്യുന്നത്.

ദേവാലയ സംവിധാനത്തിലെ അനീതിയുടെ ആഴം വെളിവാക്കുന്ന ഒരു സംഭവം. സാധുവിധവയായിട്ടും എല്ലാം ദേവാലയത്തിനു നല്കാൻ നിയമം മൂലം നിയമജ്ഞർ അവളെ നിർബന്ധിക്കുകയും പ്രേരിപ്പിക്കുകയും ചെയ്യുന്ന സംഭവം. അതുകൊണ്ടാണ് യേശു പറഞ്ഞത് 'നിയമജ്ഞരെ സൂക്ഷിച്ചുകൊള്ളണമെന്ന്' (മർക്കോസ് 12/38-45). ദേവാലയ സംവിധാനങ്ങളും നിയമജ്ഞരും കൂടി സാധുക്കളെ എത്രമാത്രം പീഡിപ്പിക്കുന്നു എന്നതിന്റെ തെളിവാർന്ന ഉദാഹരണം. യഥാർത്ഥത്തിൽ നിയമം ദരിദ്രർക്ക് അനുകൂലമാണ്. എന്നാൽ നിയമജ്ഞരും നിയമവ്യാഖ്യാതാക്കളും കൂടി നിയമത്തെ ദുർവ്യാഖ്യാനം ചെയ്ത് ദരിദ്രരെ ഞെരുക്കുന്നതിന്റെ ഉത്തമ ഉദാഹരണം.

അധികാരികളുടെ തെറ്റായതും അനീതിപരവുമായ നിയമവ്യാഖ്യാനം വിശ്വസിച്ചതുകൊണ്ടാകാം നശിക്കാൻ പോകുന്ന ദേവാലയമാണന്നറിഞ്ഞിട്ടുപോലും ആ വിധവ അവളുടെ ജീവിതമാർഗം മുഴുവൻ ഭണ്ഡാരത്തിൽ നിക്ഷേപിച്ചത്. ഇതു കണ്ടതുമുതലാണ് യേശു ദേവാലയാധി



www.malankaralibrary.com

കാരികളെ കൂടുതൽ രൂക്ഷമായി വിമർശിക്കാൻ തുടങ്ങിയത്. ദേവാലയത്തിന്റെ സമൃദ്ധിയും പ്രതാപവും വിധവയുടെ ദാരിദ്ര്യാവസ്ഥയും തമ്മിലുള്ള ഒരു താരതമ്യമല്ലേ യേശു എടുത്തു കാണിക്കുന്നത്. മാനുഷിക നിലയിൽ യാതൊരു പ്രതീക്ഷയ്ക്കും വകയില്ലാത്ത സ്ഥിതിയാണ് ആ വിധവയുടേത് എന്ന് എടുത്തു കാണിക്കുന്നു.

"വിധവയുടെ കാണിക്ക" ഇസ്രായേലിലെ മതമേധാവികളുടെ അഴിമതിയുടെയും അനീതിയുടെയും അവർ സമൂഹത്തിലെ ഏറ്റവും ബലഹീനയായ ഒരുവളെ ചൂഷണം ചെയ്യുന്നതിന്റെയും വാക്മയ ചിത്രമാണ്. സമൂഹം കാണാത്തതോ കണ്ടിട്ടും പ്രതികരിക്കാത്തതോ ആയ അഴിമതിയെയും ചൂഷണത്തെയും അനീതിയെയും യേശു തുറന്നു കാട്ടുന്നു. മതനിയമങ്ങളുടെ പൊയ്മുഖങ്ങളിൽ അനീതി ഒളിപ്പിച്ചിരിക്കുന്നത് മറനീക്കി കാണിക്കുന്നു.

വിധവയുടെയും യേശുവിന്റെയും ജീവിതം വീക്ഷിച്ചാൽ ചില താരതമ്യങ്ങളും സമാനതകളും ദൃശ്യമാണ്. മതസംവിധാനങ്ങളുടെ ഇരയാണവൾ, ജീവിതം കാഴ്ചയായി സമർപ്പിച്ചവൾ. യേശുവും മതാധികാരികളുമായി മതസംവിധാനങ്ങളുമായി ഏറ്റുമുട്ടുന്നു. എല്ലാവർക്കുമായി ജീവിതം വെടിയുന്നു....

വിചിന്തനം തത്ക്കാലം സമാപിക്കണ്ടേ. യേശുവിന്റെ വാക്കുകൾ കൃത്യതയോടെ മനസിലാക്കിയില്ലെങ്കിൽ ജീവിതം യേശു ആഗ്രഹിക്കുന്നതിനു നേരെ വിപരീതമായി പോകാൻ സാധ്യതയുണ്ട്. അന്നും ഇന്നും ദേവാലയാധികൃതർ ഏതാണ്ട് ഒരുപോലെയൊക്കെത്തന്നേ. മനുഷ്യമുഖവും കരുണയും നഷ്ടപ്പെട്ട നിയമങ്ങൾ.. ഞാനെന്തു ചെയ്യണം? വചനത്തിന്റെ പൊരുൾ തിരിച്ചറിഞ്ഞ് പെരുമാറണം...

... എത്ര വലിയ കല്ലുകൾ! എത്രവിസ്മയകരമായ സൗധങ്ങൾ എന്നു ജറുസലേം ദേവാലയത്തെക്കുറിച്ച് ശിഷ്യൻമാർ പറഞ്ഞതുപോലെ പള്ളിയുടെ മുഖപ്പിന്റെ ഉയരവും മണിമാളികയുടെ വലുപ്പവും ചിത്രപ്പണികളുടെ മനോഹാരിതയും മാർബിളിന്റെ വെണ്മയും കൊടിമരത്തിന്റെ തിളക്കവും ശില്പസൗന്ദര്യവും കോടികളുടെ കണക്കും പറഞ്ഞ് ഊറ്റം കൊള്ളുന്നവർ ഓർക്കുക "കല്ലിന്മേൽ കല്ലു ശേഷിക്കാതെ തകർക്കപ്പെടും..." വിധവകൾ ഈ നാട്ടിലും കാണിക്ക സമർപ്പിക്കുന്നുണ്ടെന്നു കാണുക. പ്രതികരിക്കാൻ യേശു സ്ഥലത്തില്ലെന്നു തോന്നുന്നു. അവൻ സ്ഥലം വിട്ടോ.. അതോ സക്രാരിയിൽ ബന്ധനത്തിലാണോ? എന്തോ, ആധുനിക നിയമജ്ഞർ അരങ്ങുവാഴുന്നു, "വിധവകളുടെ കാണിക്ക" കണ്ടാനന്ദിക്കുന്നു. ന്യായീകരിച്ച് ഗ്രന്ഥങ്ങളുമിറക്കുന്നു. ■



www.malankaralibrary.com

# കാക്ക നല്കുന്ന സൂചന

അർജന്റീനയിലെ ബ്യൂണോസ് ഐറിസിലെ ആർച്ച് ബിഷപ് കർദിനാൾ ജോർജ് മാരിയോ ബെർഗോളിയോ 266-ാമത്തെ മാർപാപ്പയായി തെരഞ്ഞെടുക്കപ്പെട്ട വാർത്ത ശ്രവിച്ചപ്പോൾ എന്റെ മനസിലേക്ക് കടന്നുവന്നത് ദാവീദ് രാജാവിന്റെ അഭിഷേക സന്ദർഭമാണ്. സാമുവേലിന്റെ പുസ്തകം 16-ാം അധ്യായത്തിൽ ഈ സന്ദർഭം വിവരിച്ചിട്ടുണ്ട്. ദൈവം സാമുവേലിനോടു കല്പിച്ചു. *'കുഴലിൽ തൈലം നിറച്ച് പുറപ്പെടുക. ബെത്ലഹേംകാരനായ ജെസ്സെയുടെ ഒരു പുത്രനെ ഞാൻ രാജാവായി തെരഞ്ഞെടുത്തിരിക്കുന്നു. നീ പോയി അവനെ അഭിഷേചിക്കുക'.* സാമുവേൽ ബേത്ലഹേമിൽ ജെസ്സെയുടെ ഭവനത്തിലെത്തി. മക്കളെ വിളിക്കാൻ ജെസ്സെയോടു പറഞ്ഞു. മൂത്ത പുത്രൻ ഏലിയാസർ ആദ്യം ആഗതനായി. നല്ല ഉയരവും ആകാരവടിവുമുള്ള ചെറുപ്പക്കാരൻ. സാമുവേൽ വിചാരിച്ചു ഇവൻതന്നെ തെരഞ്ഞെടുക്കപ്പെട്ടവൻ. എന്നാൽ, ദൈവം സാമുവേലിനോടു പറഞ്ഞു. ഇവനല്ല തെരഞ്ഞെടുക്കപ്പെട്ടവൻ. തന്റെ ദ്വിതീയ പുത്രൻ അബീനാദാമിനെ ജെസ്സെ സാമുവേലിന്റെ പക്കൽ ഹാജരാക്കി. ദൈവം സാമുവേലിനു വെളിപ്പെടുത്തി അവനുമല്ല തെരഞ്ഞെടുക്കപ്പെട്ടവൻ. തുടർന്ന് തൃതീയപുത്രൻ ഷെമ്മയിയുടെ ഊഴമായിരുന്നു. സാമുവേൽ പറഞ്ഞു: ഇവനുമല്ല. ജെസ്സെയുടെ ഏഴുമക്കളെയും ഹാജരാക്കി. സാമുവേൽ പറഞ്ഞു, ഇവരാരുമല്ല. അപ്പോൾ സാമുവേൽ ജെസ്സെയോടു ചോദിച്ചു. നിന്റെ മക്കൾ എല്ലാവരും ആയോ? ജെസ്സെ പറഞ്ഞു. *'ഇളയ ഒരു മകനുണ്ട്. അവൻ ആടുമേയിക്കാൻ പോയിരിക്കുകയാണ്.'* അപ്പൻപോലും അവനെ അത്ര ഗൗനിച്ചില്ല എന്നു സാരം. അവനെ ആളയച്ചു വരുത്താൻ സാമുവേൽ പറഞ്ഞു. അവനെ വരുത്തി. അവനെ കണ്ടപ്പോൾ ദൈവം പറഞ്ഞു: ഇവനെ അഭിഷേചിക്കുക, തെരഞ്ഞെടുക്കപ്പെട്ടവൻ ഇവൻതന്നെ. തുടർന്നു വിശുദ്ധ ഗ്രന്ഥം ഇപ്രകാരം രേഖപ്പെടുത്തുന്നു. *'മനുഷ്യൻ കാണുന്നതല്ല ദൈവം കാണുന്നത്. മനുഷ്യൻ*



www.malankaralibrary.com

*ബാഹ്യരൂപത്തിൽ ശ്രദ്ധിക്കുന്നു. കർത്താവാകട്ടെ ഹൃദയത്തിലും' (16:17).*

പരിശുദ്ധ ബനഡിക്ട് പതിനാറാമൻ മാർപാപ്പ രാജിസന്നദ്ധത പ്രഖ്യാപിച്ചപ്പോൾ മുതൽ മാധ്യമങ്ങളും സഭാനിരീക്ഷകരും, പ്രസിദ്ധരും പണ്ഡിതരും നേതൃമഹിമയുള്ളവരുമായ അനേക കർദിനാൾമാരുടെ പേരുകൾ അടുത്ത മാർപാപ്പാ സ്ഥാനത്തേക്ക് ഉയർത്തിക്കാട്ടി. മാധ്യമങ്ങളിൽ ചർച്ചകൾ തുടർന്നുകൊണ്ടിരുന്നു. മാർപാപ്പയെ തെരഞ്ഞെടുക്കുവാനുള്ള കർദിനാൾമാരുടെ കോൺക്ലേവിൽ സംബന്ധിച്ചിരുന്ന കർദിനാൾമാർ ദൈവത്തിന്റെ പ്രത്യേക തെരഞ്ഞെടുപ്പ് തിരിച്ചറിഞ്ഞു. സഹസ്രാബ്ദങ്ങൾക്കു മുമ്പ് സാമുവേൽ ശ്രവിച്ച ദൈവത്തിന്റെ സ്വരം കർദിനാൾമാർ വ്യക്തമായി കേട്ടു. *'തെരഞ്ഞെടുക്കപ്പെട്ടവൻ അവൻ തന്നെ'.*

ദാവീദിന്റെ തെരഞ്ഞെടുപ്പിൽ എല്ലാവരും അമ്പരന്നതുപോലെ കർദിനാൾ ജോർജ് മാരിയോ ബെർഗോളിയോയുടെ മാർപാപ്പയായുള്ള തെരഞ്ഞെടുപ്പുവാർത്ത പുറത്തുവന്നപ്പോഴും എല്ലാവരും അത്ഭുതപ്പെട്ടു. മാധ്യമലോകത്തോ സഭാവൃത്തങ്ങളിലോ ഒരിക്കൽപോലും ഉയർന്നുവന്നിട്ടില്ലാത്ത ആൾ മാർപാപ്പയായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു. സാമുവേലിനോടു പറയപ്പെട്ട വാക്കുകൾ ഇന്നിതാ വീണ്ടും മുഴങ്ങിക്കേൾക്കുന്നു. *'മനുഷ്യൻ കാണുന്നതല്ല ദൈവം കാണുന്നത്'.* സ്വന്തം പിതാവുപോലും അവഗണിച്ചിരുന്ന ദാവീദിനെ കണ്ടപ്പോൾ ദൈവാത്മാവു നിറഞ്ഞ സാമുവേൽ പറഞ്ഞത് *'പവിഴനിറവും മനോഹര നയനങ്ങളുമുള്ള സുന്ദരൻ' (6:12)* എന്നാണ്. ദൈവം കാണുന്നത് മനുഷ്യൻ കാണുന്ന ഭൗതിക സൗന്ദര്യമല്ല, ആത്മീക സൗന്ദര്യമാണ്. പുതിയ മാർപാപ്പയിലും ദൈവം കാണുന്ന സൗന്ദര്യവും ശക്തിയും ആത്മീകമാണ്.

മാർപാപ്പയെ തെരഞ്ഞെടുക്കുവാനുള്ള കോൺക്ലേവ് നടന്നുകൊണ്ടിരുന്നപ്പോൾ മഴയെയും അവഗണിച്ച് പതിനായിരങ്ങൾ പത്രോസിന്റെ ബസിലിക്കയുടെ അങ്കണത്തിൽ തങ്ങളുടെ രാജ്യങ്ങളുടെ പതാകകളും വഹിച്ച് തങ്ങളുടെ രാജ്യങ്ങളിൽ നിന്ന് മാർപാപ്പയാകാൻ സാധ്യതയുള്ളവരെന്ന് മാധ്യമങ്ങളും ലോകവും വിലയിരുത്തുന്നവരുടെ പേരും പ്രതീക്ഷിച്ച് കാത്തുനിന്നിരുന്ന ദൃശ്യങ്ങൾ ദൃശ്യമാധ്യമങ്ങളിൽ ലോകജനത കണ്ടതാണ്. പലരാജ്യങ്ങളുടെയും പതാകകൾ അവിടെ ദൃശ്യമായിരുന്നു. എന്നാൽ, അർജന്റീനയുടെ പതാക അവിടെങ്ങും ദൃശ്യമായിരുന്നില്ല. കാരണം അർജന്റീനയിൽ നിന്ന് ആരെങ്കിലും ഇപ്രാവശ്യം മാർപാപ്പയാകുമെന്ന് ആരും പ്രതീക്ഷിച്ചിരുന്നില്ല; മാധ്യമങ്ങളോ നിരീക്ഷകരോ അർജന്റീനയിലെ ജനങ്ങളോ. എന്നാൽ, സർവരെയും അത്ഭുതപ്പെടു



www.malankaralibrary.com

ത്തിക്കൊണ്ട് അർജന്റീനയിൽനിന്നുള്ള കർദിനാൾ ജോർജ് മാരിയോ ബെർഗോളിയോ 266-ാമത്തെ മാർപാപ്പയായി തെരഞ്ഞെടുക്കപ്പെട്ടു. **'മനുഷ്യൻ കാണുന്നതല്ല ദൈവം കാണുന്നത്'** എന്ന് ലോകം ഒരിക്കൽകൂടി തിരിച്ചറിഞ്ഞു.

തെരഞ്ഞെടുപ്പുവരെ അധികം ശ്രദ്ധിക്കപ്പെടാതിരുന്ന ഫ്രാൻസിസ് മാർപാപ്പ തെരഞ്ഞെടുപ്പിനുശേഷം ഏതാനും മണിക്കൂറുകൾക്കുള്ളിൽതന്നെ ലോകത്തിന്റെ ഹൃദയം കവർന്നു. അപൂർവതകളുടെ സംഗമമാണ് അദ്ദേഹത്തിന്റെ ജീവിതവും ഇടയശുശ്രൂഷയും തെരഞ്ഞെടുപ്പും. തെക്കേ അമേരിക്കയിൽ നിന്ന് ആദ്യമായി ഒരു മാർപാപ്പാ. 1272 വർഷത്തിനുശേഷം യൂറോപ്പിനു വെളിയിൽ നിന്നാദ്യത്തെ മാർപാപ്പാ, 1538ൽ സ്ഥാപിതമായ ഈശോസഭയുടെ 475 വർഷത്തെ ചരിത്രത്തിൽ ആദ്യമായി മാർപാപ്പയാകുന്ന ഈശോസഭാംഗം. ആറു നൂറ്റാണ്ടിനുള്ളിൽ രണ്ട് മാർപാപ്പമാർ (മുൻഗാമിയും പിൻഗാമിയും) മുഖാഭിമുഖം കാണാനുള്ള അപൂർവഭാഗ്യം. മൂന്നാം ലോകരാഷ്ട്രത്തിൽ നിന്നുള്ള ആദ്യ പാപ്പാ. അപൂർവതകളുടെ ആചാര്യശ്രേഷ്ഠന്റെ തെരഞ്ഞെടുപ്പു തീയതിയും അപൂർവതകൾ നിറഞ്ഞതുതന്നെ. 13313. അപ്പസ്തോല സംഘത്തിന്റെ തലവനായി യേശുനാഥൻ തെരഞ്ഞെടുത്തു നിയമിച്ച വിശുദ്ധ പത്രോസിന്റെ 265-ാമത്തെ പിൻഗാമിയുടെ തെരഞ്ഞെടുപ്പ് 13-ാം തീയതി. 13 എന്നത് യേശുവും പന്ത്രണ്ട് അപ്പസ്തോലന്മാരും ചേരുന്ന സംഖ്യ (1+12=13). 265ന്റെ സംഖ്യകൾ കൂട്ടിയാൽ കിട്ടുന്ന തുകയും 13 (2+6 +5=13). തെരഞ്ഞെടുപ്പ് നടന്നത് ക്രിസ്തുവർഷം മൂന്നാം സഹസ്രാബ്ദത്തിലെ 13ാം വർഷം. വീണ്ടും 13 അവിടെ കടന്നുവരുന്നു. വീണ്ടും മൂന്നാമത്തെ മാസത്തിലാണ് (മാർച്ച്) തെരഞ്ഞെടുപ്പ്. 3 പരിശുദ്ധ ത്രിത്വത്തിന്റെ സൂചന; പൂർണതയുടെയും ദൈവികനിറവിന്റെയും അടയാളം. മൂന്നാം സഹസ്രാബ്ദത്തിലെ 13-ാം വർഷം 3-ാം മാസം 13-ാം തീയതിയാണ് ഫ്രാൻസിസ് മാർപാപ്പയുടെ തെരഞ്ഞെടുപ്പ്. തീയതിയും മാസവും വർഷവും സഹസ്രാബ്ദവും അപൂർവതകളുടെ ആകെത്തുകതന്നെ. പുതിയ മാർപാപ്പയുടെ തെരഞ്ഞെടുപ്പ് ചില അതിപ്രധാനകാര്യങ്ങളിലേക്കുള്ള തുടക്കമായിരിക്കുമെന്നതിന്റെ അടയാളമായി ഇതിനെ കാണുന്നതിൽ തെറ്റില്ല. **എല്ലാത്തിലും ദൈവിക ഇടപെടലും നടത്തിപ്പും കാണുന്നതാണല്ലോ വിശ്വാസിയുടെ പ്രത്യേകത.**

ഫ്രാൻസിസ് മാർപാപ്പയുടെ തെരഞ്ഞെടുപ്പ് പ്രഖ്യാപനത്തിനു മുമ്പ് സിസ്റ്റയിൻ ചാപ്പലിന്റെ പുകക്കുഴലിലേക്കു നോക്കിക്കൊണ്ടിരുന്ന ജനം



www.malankaralibrary.com

അപൂർവമായ ഒരു ദൃശ്യം കണ്ടു. പത്രമാധ്യമങ്ങൾ ആ ദൃശ്യം ലോകത്തെ കാണിക്കുകയും ചെയ്തു. പുകക്കുഴലിലൂടെ വെളുത്തപുക പ്രതീക്ഷിച്ചു നിന്ന ജനം കണ്ട കാഴ്ച, ചിമ്മിനിയുടെ പുകക്കുഴലിന്റെ മുകളിൽ എവിടെനിന്നോ പറന്നുവന്ന ഒരു കടൽകാക്ക സ്വച്ഛമായി ഇരിക്കുന്നതാണ്. ആരായിരിക്കും പുതിയ മാർപാപ്പ എന്നു ലോകം മുഴുവൻ ചിന്തിച്ച് ആകാംക്ഷാഭരിതരായിരിക്കുമ്പോൾ ഇതാ തെരഞ്ഞെടുപ്പിന്റെ സൂചന നല്കുന്ന പുകക്കുഴലിന്റെ മകുടിയിൽത്തന്നെ ഒരു കടൽകാക്ക സ്വച്ഛമായിരിക്കുന്നു. തെരഞ്ഞെടുപ്പിന്റെ വികാരതീവ്രമായ സന്ദർഭത്തിലും സ്വച്ഛഹൃദയനായിരുന്ന പുതിയ മാർപാപ്പയുടെ തന്നെ ഒരു അടയാളമായിരുന്നില്ലേ ആ കടൽകാക്ക. തെരഞ്ഞെടുപ്പിനെ തുടർന്നുള്ള ഫ്രാൻസിസ് മാർപാപ്പയുടെ പ്രവൃത്തികളിലും സംഭാഷണങ്ങളിലും നിന്ന് അദ്ദേഹത്തിന്റെ ഹൃദയത്തിൽ നിലനിന്നിരുന്ന സ്വച്ഛത വ്യക്തമായിരുന്നു.

പ്രളയകാലത്ത് നോഹയുടെ പേടകത്തിൽ നിന്ന് പുറത്തേക്കുപോയ കാക്ക മടങ്ങിയെത്തിയിട്ടില്ലെന്നാണ് വായിച്ചറിഞ്ഞിട്ടുള്ളത്. ഒരു പക്ഷേ വത്തിക്കാനിൽ പുകക്കുഴലിന്റെ മകുടിയിൽ പ്രത്യക്ഷപ്പെട്ട കടൽകാക്ക പെട്ടകം വിട്ടുപോയ കാക്കയുടെ മടങ്ങിവരവിന്റെ സൂചനയല്ലേ എന്നു ചിന്തിക്കുന്നതും അതിരുകടന്ന ചിന്തയല്ല. നോഹയുടെ പേടകം സഭയുടെ മുൻ സൂചനയാണെന്നാണ് സഭാപിതാക്കന്മാർ വ്യാഖ്യാനിക്കുന്നത്. നോഹയുടെ പേടകത്തിൽ കടന്ന ജീവജാലങ്ങൾ മാത്രമാണ് രക്ഷപെട്ടത്. നിത്യരക്ഷ പ്രാപിക്കാൻ തിരുസഭയാകുന്ന പെട്ടകത്തിൽ പ്രവേശിക്കുക അനിവാര്യമാണ്. ക്യംതാക്കാലത്തെ രാത്രിപ്രാർത്ഥനയിലെ ഒരു പ്രാർത്ഥനയിൽ നാം ഇങ്ങനെ ചൊല്ലുന്നു;

*"വിണ്ണുലകിന്നരചൻ താൻ*
*തൻസഭയെ പണിതതിനെ*
*ആക്കിത്തന്നാസ്ഥാനം*
*പൂക്കതിനുള്ളൊ വാണു*
*കർത്താതന്നൊടു സംസാ-*
*രിക്കേണ്ടുന്നവരെല്ലാം*
*സഭയുൾപൂകട്ടെയിതാ*
*താനതിൽ മേവീടുന്നു....."*

ദൈവം സഭയിൽ വസിക്കുന്നു. അവനോടു സംസാരിക്കാൻ സഭയുടെ ഉള്ളിൽ എത്തണം എന്നു സാരം. തിരുസഭയാകുന്ന പെട്ടകത്തിൽ നിന്ന്



www.malankaralibrary.com

അകന്നുപോകുന്നവൻ രക്ഷയുടെ അനുഭവത്തിൽ നിന്നും അകന്നു പോകുന്നു എന്നാണ് സഭാപഠനം.

ആധുനികകാലത്ത് വിവിധ കാരണങ്ങളാൽ തിരുസഭയിൽ നിന്ന് അനേകർ അകന്നുപോയിട്ടുണ്ട്. അവരെ രക്ഷയുടെ പേടകമായ സഭയിലേക്ക് മടക്കിക്കൊണ്ടുവരികയെന്നത് പുതിയ മാർപാപ്പയുടെ ദൗത്യങ്ങളിൽ പ്രധാനമായിരിക്കുമെന്ന് മാധ്യമങ്ങൾ വിലയിരുത്തുന്നുണ്ട്. ഫ്രാൻസിസ് മാർപാപ്പയുടെ പ്രധാന ദൗത്യം ഇതായിരിക്കുമെന്നും അതിൽ അദ്ദേഹം വിജയിക്കുമെന്നതിന്റെയും മുൻസൂചനയല്ലേ കടൽകാക്കയുടെ പുകക്കുഴലിന്റെ മകുടിയിലുള്ള സാന്നിധ്യം. ഒരു വിശ്വാസി അങ്ങനെ ചിന്തിക്കുന്നത് തികച്ചും ന്യായവുമാണ്.

മധ്യകാലയുഗത്തിൽ മാർട്ടിൻ ലൂഥർ ഉയർത്തിയ പ്രൊട്ടസ്റ്റന്റ് വിപ്ലവത്തെ നേരിടുവാൻ ഉടലെടുത്ത സന്യാസസമൂഹമാണ് ഈശോസഭ. ആ സഭയിലെ ഒരു അംഗത്തെയാണ് ആധുനിക യുഗത്തിൽ സഭ നേരിടുന്ന വിശ്വാസ വെല്ലുവിളികളെ നേരിടുവാൻ ദൈവം തെരഞ്ഞെടുത്തിരിക്കുന്നത് എന്നത് ആകസ്മികതയ്ക്കപ്പുറം ദൈവികപദ്ധതിയുടെ ഭാഗമാണ്.

കത്തോലിക്കാ സഭയിലെ ഏറ്റവും ശക്തമായ ഒരു സന്യാസസമൂഹത്തിലെ അംഗം മാർപാപ്പയായി തെരഞ്ഞെടുക്കപ്പെട്ടപ്പോൾ വേറൊരു സന്യാസസമൂഹത്തിന്റെ സ്ഥാപകന്റെ പേരു സ്വീകരിച്ചതിലും ചില ദൈവപദ്ധതികൾ ചുരുളഴിയുന്നുണ്ട്. പതിമൂന്നാം നൂറ്റാണ്ടിൽ അപചയങ്ങളിൽ നിന്ന് സഭയെ സംരക്ഷിക്കാൻ ദൈവം അസ്സീസിയിലെ ഫ്രാൻസിസിനോടു പറയുന്നുണ്ട്. "**എന്റെ പള്ളി നേരെയാക്കുക**" എന്ന യേശുവിന്റെ വാക്കുകൾ ശ്രവിച്ച ഫ്രാൻസിസ് ജീർണാവസ്ഥയിലായിരുന്ന സാൻദമിയാനോ പള്ളി നന്നാക്കി. എന്നാൽ, യേശുനാഥൻ തന്റെ വചനം തുടർന്നു; "എന്റെ പള്ളി നേരെയാക്കുക". അപ്പോൾ ഫ്രാൻസിസ് പുണ്യവാൻ തിരിച്ചറിഞ്ഞു. ആത്മീകനവീകരണത്തിലൂടെ സഭയിലെ ജീർണതകളെ ദൂരീകരിക്കാനാണ് യേശുനാഥൻ ആവശ്യപ്പെടുന്നതെന്ന്. 1204ൽ ഫ്രാൻസിസ് വിശുദ്ധ പത്രോസിന്റെ ബസിലിക്കായുടെ അങ്കണത്തിൽ ഭിക്ഷക്കാരോടൊപ്പം ഭിക്ഷാടനം നടത്തി. അദ്ദേഹത്തിന്റെ ജീവിതത്തിന്റെ ദിശമാറ്റിയ സംഭവമായിരുന്നു അത്. ഒരു യാചകനായി ജീവിക്കാനും തെരുവുകളിൽ സുവിശേഷം പ്രസംഗിക്കാനും പക്ഷികളോടും മൃഗങ്ങളോടും മത്സ്യങ്ങളോടും സംസാരിക്കാനും അദ്ദേഹം തയാറായി. അദ്ദേഹം ആരംഭിച്ച ആധ്യാത്മികശൈലി സഭയിൽ വലിയ നവീകരണം വരുത്തി.



www.malankaralibrary.com

വിശുദ്ധ ഫ്രാൻസിസ് അസ്സീസിയുടെ പേര് സ്വയം സ്വീകരിക്കുകവഴി ഫ്രാൻസിസ് മാർപാപ്പായിലൂടെ ദൈവം വെളിവാക്കുന്ന സന്ദേശം വ്യക്തമാണ്. ലാളിത്യവും ദാരിദ്ര്യവും പ്രകൃതി സ്നേഹവും സഹാനുഭൂതിയും ആധുനിക സഭയുടെ നവീകരണത്തിന് അനുപേക്ഷണീയമാണ്. ഫ്രാൻസിസ് മാർപാപ്പാ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന ശൈലിയും അതു തന്നെയാണെന്ന് തെരഞ്ഞെടുപ്പിന്റെ ആദ്യമണിക്കൂറുകളിൽ തന്നെ അദ്ദേഹം സൂചനാപരമായി വ്യക്തമാക്കി. മാർപാപ്പയ്ക്കുവേണ്ടി ഒരുക്കിയിരുന്ന ആഡംബര ലിമോസിൻ കാർ നിരസിച്ച് മിനി ബസ്സിൽ മറ്റു കർദിനാൾമാരൊടൊപ്പമുള്ള യാത്ര, മാർപാപ്പയ്ക്കുവേണ്ടി ഒരുക്കിയിരുന്ന പ്രത്യേക സിംഹാസനം നിരസിച്ച് കർദിനാൾമാരോടൊപ്പം കസേരയിൽ ഇരുന്ന് അവരെ അഭിസംബോധന ചെയ്ത സംഭവം, ജനത്തെ ആശീർവദിക്കാനായി പത്രോസിന്റെ ബസിലിക്കയുടെ മട്ടുപ്പാവിൽ പ്രത്യക്ഷപ്പെട്ടപ്പോൾ ഉയർന്നപീഠം നിരസിച്ച് മറ്റു കർദിനാൾമാരോടൊപ്പം നിന്ന സംഭവം, ജനത്തെ ആശീർവദിക്കുന്നതിനു മുമ്പ് ജനത്തിന്റെ പ്രാർത്ഥനയാചിച്ചുകൊണ്ട് അവരുടെ മുമ്പിൽ തലവണങ്ങിനിന്ന സംഭവം, മാർപാപ്പയായി തെരഞ്ഞെടുക്കപ്പെട്ടു കഴിഞ്ഞിട്ടും താൻ മുമ്പ് താമസിച്ചിരുന്ന ഹോട്ടലിൽ നേരിട്ടു ചെന്ന് പണം നല്കി 'ബില്ല്' തീർത്ത സംഭവം, തന്റെ സ്ഥാനാരോഹണത്തിനു വരാനാഗ്രഹിക്കുന്നവർ യാത്ര ഒഴിവാക്കി ആ പണം രാഷ്ട്രവികസനത്തിനും പാവപ്പെട്ടവരുടെ ശുശ്രൂഷയ്ക്കുമായി മാറ്റിവയ്ക്കുവാൻ അർജന്റീനക്കാരോടു നടത്തിയ ആഹ്വാനം. ഇവയെല്ലാം അദ്ദേഹം അനുവർത്തിക്കാൻ ആഗ്രഹിക്കുന്ന പ്രവർത്തനശൈലിയിലേക്ക് വിരൽ ചൂണ്ടുന്നു. അസ്സീസിയിലെ വിശുദ്ധ ഫ്രാൻസിസിന്റെ ജീവിതശൈലിതന്നെ. മെത്രാപ്പോലീത്ത ആയിരുന്നപ്പോഴും അദ്ദേഹത്തിന്റെ ശൈലി മറ്റൊന്നായിരുന്നില്ല. അരമനവിട്ട് സാധാരണ ഫ്ളാറ്റിൽ താമസം, സാധാരണക്കാരോടൊപ്പം ബസിലും ട്രയിനിലും യാത്ര, സ്വയം ഭക്ഷണം പാകം ചെയ്യൽ, ചേരിനിവാസികളോടൊപ്പം സമയം ചെലവഴിക്കൽ, എയ്ഡ്സ് രോഗികളുടെയും കാരാഗൃഹവാസികളുടെയും കാൽ കഴുകി ചുംബിച്ച് അവരോടുള്ള കരുതൽ പ്രകടമാക്കൽ ഇങ്ങനെ എത്രയെത്ര പ്രത്യേകതകൾ അദ്ദേഹത്തിന്റെ ജീവിതത്തിൽ മുന്നമേ സ്ഥാനം പിടിച്ചിരുന്നു.

പോളണ്ടിൽ നിന്നു വന്ന മാർപാപ്പ യൂറോപ്പിന്റെ സാമൂഹിക-രാഷ്ട്രീയ മേഖലകളിൽ വലിയ വ്യതിയാനത്തിനു വഴിതെളിച്ചു. തെക്കേ അമേരിക്കയിൽ ദരിദ്രരാജ്യത്തുനിന്നുള്ള മാർപാപ്പ തെക്കേ അമേരിക്കയിൽ മാത്രമല്ല പഞ്ചഭൂഖണ്ഡങ്ങളിലും പരിവർത്തനം വരുത്തുമെന്നു



www.malankaralibrary.com

കരുതുന്നത് അസ്ഥാനത്താവുകയില്ല. ആഗോളവത്കരണവും മൂലധന മുഷ്കരത്വവും ലോകത്തു സൃഷ്ടിക്കുന്ന അനീതിയും അസമത്വവും അവസാനിപ്പിക്കാൻ ദാരിദ്ര്യവും ലാളിത്യവും ജീവിതശൈലിയായി സ്വീക രിച്ചിട്ടുള്ള മൂന്നാം ലോക രാഷ്ട്രത്തിൽ നിന്നുള്ള ഫ്രാൻസിസ് മാർപാ പ്പയ്ക്ക് സാധിക്കട്ടെ എന്നാണു ലോകത്തിന്റെ പ്രാർത്ഥന.

ഒരിക്കലും ഒന്നാമനാകാൻ ആഗ്രഹിക്കാത്ത അദ്ദേഹം സഭയിൽ ഒന്നാ മനായി തെരഞ്ഞെടുക്കപ്പെട്ടു. അന്താരാഷ്ട്ര സമൂഹം ലോകത്തിലെ ഒന്നാമനായി അദ്ദേഹത്തെ അംഗീകരിക്കുന്നു. എന്നാലും പേരിൽ നിന്നു പോലും അദ്ദേഹം **ഒന്നാമൻ** എന്ന പ്രയോഗം നീക്കം ചെയ്യിച്ചു. മാർപാ പ്പയായി തെരഞ്ഞെടുക്കപ്പെട്ടപ്പോൾ അദ്ദേഹം സ്വീകരിച്ച നാമം ഫ്രാൻസിസ്. ഈ പേര് ഇതിനുമുമ്പ് മാർപാപ്പാമാർ ആരും സ്വീകരിച്ചി ട്ടില്ലാത്തതിനാൽ മാധ്യമങ്ങൾ അദ്ദേഹത്തിന്റെ പേര് ഫ്രാൻസിസ് ഒന്നാ മൻ എന്നാണ് പ്രചരിപ്പിച്ചത്. ഒരിടത്തും ഒന്നാമൻ എന്ന വിശേഷണം ആഗ്രഹിക്കാത്ത അദ്ദേഹം പേരിനോടൊപ്പം പ്രചരിപ്പിക്കപ്പെട്ട ഒന്നാമൻ എന്ന പ്രയോഗം മാറ്റാൻ നിർദേശിച്ചു.

വിശ്വാസസത്യങ്ങളിലും ധാർമികതയിലും അണുവിട വ്യതിചലി ക്കാത്ത വിശ്വാസസംരക്ഷകൻ, ലോകത്തിന്റെ അംഗീകാരങ്ങൾക്കപ്പുറം ആത്മാവിന്റെ ആലോചന അംഗീകരിച്ചു മാത്രം പ്രവർത്തിക്കുന്ന ആചാ ര്യശ്രേഷ്ഠൻ. പാവങ്ങളുടെയും പാർശ്വവത്കരിക്കപ്പെട്ടവരുടെയും പക്ഷ ത്തുനിൽക്കുന്ന പുരോഗമനവാദി. നീതിക്കും സമാധാനത്തിനുംവേണ്ടി മഹാമേരുപോലെ ഉറച്ചുനിൽക്കുന്ന സമാധാനപ്രേമി. ഇഗ്നേഷ്യസ് ലയോ ളയുടെ ആത്മീകതീക്ഷ്ണതയും ഫ്രാൻസിസ് അസ്സീസിയുടെ ജീവിത വീക്ഷണവും ഫ്രാൻസിസ് സേവ്യറിന്റെ മിഷൻ ചൈതന്യവും ഫ്രാൻസിസ് ബോർജ്യായുടെ വിരക്തിയും ശുശ്രൂഷാ മനോഭാവവും ഒത്തുചേർന്ന ഫ്രാൻസിസ് മാർപാപ്പ ആധുനിക സഭയ്ക്ക് അനുയോജ്യ നായ മാർപാപ്പ ആയിരിക്കുമെന്നതിൽ സംശയമില്ല.

■



www.malankaralibrary.com

# അന്ധവിശ്വാസങ്ങൾ അരങ്ങു തകർക്കുന്നു

**ഉപക്രമം**

വീടുപണിയാൻ സത്യദൈവത്തെ അറിഞ്ഞിട്ടില്ലാത്തവരെക്കൊണ്ട് സ്ഥാനം കാണുന്ന ക്രിസ്ത്യാനി, വീടുപണിക്ക് സത്യദൈവത്തിന്റെ പുരോഹിതൻ വന്നു പ്രാർത്ഥിക്കാൻ, വിശുദ്ധ വിവാഹ കൂദാശയ്ക്ക് വീട്ടിൽനിന്ന് ഇറങ്ങാൻ, വിവാഹകൂദാശയിലൂടെ പരിശുദ്ധാത്മാവിനെ സ്വീകരിച്ച വധൂവരന്മാർ വീട്ടിൽ വന്നുകയറാൻ അന്ധവിശ്വാസിയെക്കൊണ്ട് സമയവും മൂഹൂർത്തവും കുറിപ്പിക്കുന്ന ക്രിസ്ത്യാനി. പുതുതായി നിർമ്മിച്ച ഭവനം ജീവിക്കുന്ന ദൈവത്തിനു സമർപ്പിക്കുന്ന ഭവനകൂദാശ സത്യദൈവത്തിന്റെ പുരോഹിതൻ നടത്താൻ, പൈശാചിക ശക്തികളെ ആരാധിക്കുന്നവരെക്കൊണ്ട് മുഹൂർത്തം കുറിപ്പിക്കുന്ന ക്രിസ്ത്യാനി. പ്രശ്നം വയ്പുകാരൻ പറയുന്നതനുസരിച്ച് മോതിരവും മാലയും ധരിക്കുന്ന ക്രിസ്ത്യാനി. ഇന്ന് നസ്രാണികളിൽ അപകടമായി വളർന്നുവരുന്ന ചില പ്രവണതകളാണിത്. സത്യവിശ്വാസികളെ വിശ്വാസത്തിൽനിന്ന് വ്യതിചലിപ്പിക്കുവാൻ സാത്താൻ അതീവ ശ്രദ്ധാലുവാണ്. അതിന്റെ പ്രകടമായ ഉദാഹരണമാണ് നമ്മുടെ സമൂഹത്തിൽ വളർന്നുവരുന്ന അന്ധവിശ്വാസങ്ങൾ. അന്ധവിശ്വാസത്തെ വളർത്തി പണം തട്ടാൻ തരംപാർത്തിരിക്കുന്ന കപടസിദ്ധന്മാരും, വ്യാജന്മാരും, പ്രസ്ഥാനങ്ങളും, മാദ്ധ്യമങ്ങളും തഴച്ചുവളരുന്നു. ഈ പശ്ചാത്തലത്തിൽ വി. ഗ്രന്ഥത്തിന്റെ വെളിച്ചത്തിൽ വിശ്വാസത്തെ നോക്കികാണാനൊരു ശ്രമമാണിവിടെ.

**വിശ്വാസം**

വിശ്വാസം ദൈവം സൗജന്യമായി നല്കുന്ന ദാനമാണ് (എഫേ. 2: 8). വിശ്വാസമെന്നത് പ്രത്യാശിക്കുന്നവ ലഭിക്കുമെന്ന ഉറപ്പും കാണപ്പെടാത്തവ ഉണ്ട് എന്ന ബോദ്ധ്യവുമാണ് (ഹെബ്രാ. 11: 1). ദൈവത്തിന്റെ വെളിപ്പെടുത്തലുകൾ പൂർണ്ണമായി മനസ്സിലാക്കാൻ മനുഷ്യന് സാധിക്കണമെന്നില്ല. മനുഷ്യന് അഗ്രാഹ്യമായ കാര്യങ്ങളാണ് നിനക്ക്



www.malankaralibrary.com

വെളിപ്പെടുത്തിയിരിക്കുന്നത് (പ്രഭാ. 3: 23). മനുഷ്യൻ സഹകരിച്ചില്ലെങ്കിൽ വിശ്വാസം നഷ്ടപ്പെടാം(ലൂക്കാ. 22: 32; 2 തിമോ. 4: 7; 1 തിമോ. 4: 11) വിശ്വാസത്തിനെതിരായി പരീക്ഷകൾ ഉണ്ടാകുമെന്നും അവയെ പ്രാർത്ഥനയിലൂടെയും പരിശ്രമത്തിലൂടെയും എതിർത്ത് പരാജയപ്പെടുത്തണമെന്നും വി. പത്രോസ് ശ്ലീഹാ പറയുന്നു (1 പത്രോ. 1: 7). വിശ്വാസത്തെ ദൃഢപ്പെടുത്താൻ പരീക്ഷകൾ ഉപകരിക്കും(ഉല്പ. 22: 12). നാം വിശ്വാസത്തെ വളർത്തിക്കൊണ്ടുവരണം. വിശ്വാസം പരിശുദ്ധാത്മാവ് നിറയുവാനുള്ള ക്ഷണമാണ് (ഹെബ്രാ. 11: 39– 40). തലമുറകളായി വിശ്വാസികൾ എന്നഭിമാനിക്കുന്ന പരമ്പരാഗത ക്രിസ്ത്യാനികളായ പലരുടെയും വിശ്വാസം അന്ധവിശ്വാസത്തിലാണോ എത്തിനില്ക്കുന്നത് എന്ന് ഒരു സംശയം പലപ്പോഴും ഉണ്ടായിട്ടുണ്ട്.

**ദൈവജനത്തിന്റെ ഇരട്ടത്താപ്പ്**

എന്റെ ജനം രണ്ട് തിന്മകൾ പ്രവർത്തിച്ചു. ജീവജലത്തിന്റെ ഉറവയായ എന്നെ അവർ ഉപേക്ഷിച്ചു; ജലം സൂക്ഷിക്കാൻ കഴിവില്ലാത്ത പൊട്ടക്കിണറുകൾ കുഴിക്കുകയും ചെയ്തു (ജെറ. 2: 13). സത്യദൈവമായ യഹോവയെ കൈവിട്ടിട്ട് ഫലഭൂയിഷ്ഠ ദേവനായ പുറജാതിക്കാരുടെ ബാലിനെ ഇസ്രായേൽ സ്വീകരിക്കുന്നു. പത്തുകല്പനകളിൽ ഒന്നാമത്തേതിന്റെ ലംഘനമാണിത്. അടിമത്തത്തിന്റെ ഭവനമായ ഈജിപ്തിൽ നിന്ന് നിന്നെ പുറത്തുകൊണ്ടുവന്ന ഞാനാണ് നിന്റെ ദൈവമായ കർത്താവ്. ഞാനല്ലാതെ വേറെ ദൈവം നിനക്കുണ്ടാവരുത്(പുറ 20: 23). ജീവജലത്തിന്റെ ഉറവയായി യഹോവയെ ഇവിടെ അവതരിക്കപ്പെട്ടിരിക്കുന്നു. പ്രകൃതിദത്തമായ ഒരു ഉറവയിൽനിന്നുള്ള ഒഴുക്കുനീരിനെക്കുറിച്ചാണ് ഇവിടെ വിവക്ഷ. ജെറമിയായുടെ ഈ സങ്കല്പത്തിനു പിന്നിൽ ഏശയ്യാ 8: 6–8 ആണെന്നുവേണം കരുതാൻ. ഷീലോവയെ കുറിച്ചാണ് ഏശയ്യാ ഇവിടെ പറയുന്നത്. ജറുസലേമിനു മുഴുവൻ വെള്ളം നല്ക്കുന്ന ഷീലോവയെ ജനം നിരസിച്ചു. ഗീഹോൻ ഉറവയിൽനിന്നുള്ള കൈവഴി ആയിരുന്നു ഷിലോവ (1 രാജ. 1: 33, 38, 45; 2 ദിന. 32: 30). ഈ ജലസ്രോതസ്സ് ദിവസംതോറും പലപ്രാവശം ഇളകിമറിയുമായിരുന്നു. യഹോവയുടെ വചനത്തോടു ബന്ധപ്പെടുത്തി ഇതിനെ ഏശയ്യ കണ്ടു. ജീവന്റെ സ്രോതസ്സിനുള്ള മറ്റു പദങ്ങളാണ് ജീവന്റെ ഉറവ, ജീവന്റെ അരുവി(സങ്കീ. 36: 10; സുഭാ. 10: 11, 13: 14; 14: 27; 16: 12). ജീവന്റെ ജലം, ജീവന്റെ ഉറവിടം, ജീവിക്കുന്ന ദൈവം, ജീവജലത്തിന്റെ ഉറവ എന്നീ സങ്കല്പങ്ങളൊക്കെ ഏശയ്യായിലെന്നപോലെ ജെറമിയായിലും നിറഞ്ഞുനില്ക്കുന്നു. ജീവജലത്തിന്റെ ഏക ഉറവയെ പരിത്യജിച്ചിട്ട് ജനം പുതിയ



www.malankaralibrary.com

കിണർ കുഴിക്കുന്നതിന്റെ തത്രപ്പാടിലാണ്. വ്യർത്ഥമായവയ്ക്കു വേണ്ടിയും (ജെറ. 2: 8) വ്യർത്ഥത (2:11)യ്ക്കുവേണ്ടിയും യഹോവായെ കൈവിട്ട ജനം ഇപ്പോൾ പൊട്ടകിണറുകൾക്കുവേണ്ടി ജീവന്റെ ഉറവയെ പരിത്യജിച്ചിരിക്കുന്നു.

ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ട ജനത്തിന് സംഭവിച്ച വലിയ അപചയത്തെയാണ് ജെറമിയ ഇവിടെ സൂചനാപരമായ വാക്കുകളിലൂടെ വ്യക്തമാക്കുന്നത്. പഴയ നിയമത്തിലെ തിരഞ്ഞെടുക്കപ്പെട്ടവർ ഭൗതിക നേട്ടങ്ങൾക്കുവേണ്ടി സത്യദൈവത്തെ മറന്ന് വ്യാജദേവന്മാരുടെ പിന്നാലെ പരക്കം പാഞ്ഞതുപോലെ പുതിയ നിയമത്തിലെ തെരെഞ്ഞെടുക്കപ്പെട്ട ജനമായ സഭാമക്കളും ദൈവകല്പനകളും തിരുവചനങ്ങളും മറന്ന് ഭൗതികലാഭങ്ങൾ ലാക്കാക്കി വ്യാജദേവന്മാരുടെ പിന്നാലെ പോകുന്ന പ്രവണത വർദ്ധിച്ചുകൊണ്ടിരിക്കുന്നു.

**ദൈവത്തിന്റെ മുന്നറിപ്പ്**

കാനാൻ നാട്ടിൽ എത്തി താമസമാകുമ്പോൾ സംഭവിക്കാവുന്ന അപചയ സാദ്ധ്യതകളെകുറിച്ച് ദൈവം തന്റെ ജനത്തിന് മുന്നറിപ്പ് നല്കിയിരുന്നു. നിന്റെ ദൈവമായ കർത്താവ് തരുന്ന ദേശത്ത് നീ വരുമ്പോൾ ഈ ദേശത്തെ ദുരാചാരങ്ങൾ അനുകരിക്കരുത്. മകനെയോ, മകളെയോ, ഹോമിക്കുന്നവർ, പ്രാശ്നികൻ, ലക്ഷണം പറയുന്നവൻ, ആഭിചാരക്കാരൻ, മന്ത്രവാദി, വെളിച്ചപ്പാട്, ക്ഷുദ്രക്കാരൻ, മൃതസന്ദേശ വിദ്യക്കാരൻ എന്നിവരാരും നിങ്ങളുടെയിടയിൽ ഉണ്ടായിരിക്കരുത്. ഇത്തരക്കാർ കർത്താവിന് നിന്ദ്യരാണ്. അവരുടെ ഈ മ്ലേഛപ്രവർത്തികൾ നിമിത്തമാണ് അവിടുന്ന് അവരെ നിങ്ങളുടെ മുമ്പിൽ നിന്ന് നിഷ്കാസനം ചെയ്യുന്നത്. നിന്റെ ദൈവമായ കർത്താവിന്റെ മുമ്പിൽ നീ കുറ്റമറ്റവനായിരിക്കണം (നിയമ. 18: 9– 13). നിങ്ങളുടെ ഇടയിൽനിന്ന് ഒരു പ്രവാചകനോ സ്വപ്നവിശകലനക്കാരനോ വന്ന് ഒരു അടയാളമോ അത്ഭുതമോ നിങ്ങൾക്ക് വാഗ്ദാനം ചെയ്യുകയും അവൻ പറഞ്ഞവിധം സംഭവിക്കുകയും ചെയ്താലും നിങ്ങൾ അജ്ഞാതരായ അന്യദേവന്മാരെ നമുക്കു പിഞ്ചെല്ലാം, അവരെ സേവിക്കാം എന്ന് അവൻ പറയുകയാണെങ്കിൽ നിങ്ങൾ ആ പ്രവാചകന്റെയോ വിശകലനക്കാരന്റെയോ വാക്കുകൾ കേൾക്കരുത്. എന്തുകൊണ്ടന്നാൽ, നിങ്ങൾ പൂർണ്ണ ഹൃദയത്തോടും പൂർണ്ണാത്മാവോടുംകൂടെ തന്നെ സ്നേഹിക്കുന്നുണ്ടോ എന്ന് അറിയാൻ നിങ്ങളുടെ ദൈവമായ കർത്താവ് നിങ്ങളെ പരീക്ഷിക്കുകയാണ്. നിങ്ങളുടെ ദൈവമായ കർത്താവിനെ അനുഗമിക്കുകയും ഭയപ്പെടുകയും ചെയ്യുവിൻ. നിങ്ങൾ അവിടുത്തെ കല്പനകൾ പാലിക്കുകയും വാക്കു


www.malankaralibrary.com

കേൾക്കുകയും അവിടുത്തെ സേവിക്കുകയും അവിടുത്തോട് ചേർന്നു നില്ക്കുകയും ചെയ്യണം. അവൻ പ്രവാചകനോ സ്വപ്നവിശകലനക്കാരനോ ആരായാലും വധിക്കപ്പെടണം. എന്തെന്നാൽ, നിങ്ങളെ ഈജിപ്തിൽ നിന്ന് ആനയിച്ചവനും അടിമത്തത്തിന്റെ ഭവനത്തിൽ നിന്നു മോചിപ്പിച്ചവനും നിങ്ങളുടെ ദൈവമായ കർത്താവിനെ എതിർക്കാനും അവിടുന്ന് കല്പിച്ചിട്ടുള്ള മാർഗ്ഗത്തിൽനിന്നു നിങ്ങളെ വ്യതിചലിപ്പിക്കാനും ആണ് അവൻ ശ്രമിച്ചത് (നിയമാ.13: 1-5). ഏക സത്യ ദൈവത്തിലും അവിടുത്തെ പുത്രനായ യേശുവിലും വിശ്വസിക്കുന്നവർ, മന്ത്രവാദിയുടെയോ, ക്ഷുദ്രക്കാരന്റെയോ മഷിനോട്ടക്കാരന്റെയോ സമയനോട്ടക്കാരന്റെയോ അടുത്ത് പോകുകയില്ല. പിശാചിന്റെ ശക്തിയിൽ ആശ്രയിക്കുന്നവൻ പറഞ്ഞതുപോലെ തന്നെ സംഭവിച്ചാലും ക്രിസ്ത്യാനികൾ അവരുടെ പിന്നാലെ പോകരുത്.

ജോത്സ്യരെയും പ്രാശ്നികരെയും ശ്രവിക്കാൻ നിന്റെ ദൈവമായ കർത്താവ് നിന്നെ അനുവദിച്ചിട്ടില്ല (നിയമാ. 18: 14). വ്യാജ പ്രവാചകരുടെ ശകുനങ്ങളെ അവിടുന്ന് വ്യർത്ഥമാക്കുകയും പ്രശ്നം വയ്ക്കുന്നവരെ വിഡ്ഢികളാക്കുകയും ചെയ്യുന്നു(ഏശ. 44: 25; 8: 10-20). ശകുനം നോക്കുകയോ ആഭിചാരം വയ്ക്കുകയോ അരുത്. നിങ്ങൾ മന്ത്രവാദികളെയും ശകുനക്കാരെയും സമീപിച്ച് അശുദ്ധരാകരുത് (ലേവ്യ. 19: 26-31). മന്ത്രവാദികളോ, കുടോത്രക്കാരോ ആയ സ്ത്രീപുരുഷന്മാർ മരണശിക്ഷ അനുഭവിക്കണം (ലേവ്യ. 20: 27). ജോത്സ്യന്മാർ, മന്ത്രവാദികൾ, ആഭിചാരക്കാർ എന്നിവർ ശിക്ഷാർഹമായ തെറ്റാണ് ചെയ്തതെന്നും വിശ്വാസികൾ പ്രശ്നപരിഹാരത്തിനായി അവരെ സമീപിക്കരുതെന്നും വി. ഗ്രന്ഥം പഠിപ്പിക്കുന്നു. ശകുനം, നിമിത്തം, സ്വപ്നം അവയെല്ലാം മിഥ്യയാണ് (പ്രഭാ. 34: 5). അവ അസത്യമാണ്. അവ വെറും ഭാവനകൾ മാത്രമാണ് (പ്രഭാ. 34: 9). ചില വസ്തുക്കളെയോ വ്യക്തികളെയോ ചിലർ നല്ല ശകുനമായും മറ്റു ചില വസ്തുക്കളെയും വ്യക്തികളെയും മോശം ശകുനമായും ചിലർ കണക്കാക്കുന്നു. മൃഗങ്ങളുടെ ശബ്ദം, പക്ഷികളുടെ ശബ്ദം തുടങ്ങിയവ ചിലർ ശകുനമായി, നിമിത്തമായി ബന്ധപ്പെട്ട് കാണാറുണ്ട്. ഇവയെല്ലാം മിഥ്യയാണെന്നു വി. ഗ്രന്ഥം പറയുന്നു(ലേവ്യ. 20: 6).

**സത്യവിശ്വാസിയുടെ മാർഗ്ഗം**

ദൈവമാണ് നമ്മെ നയിക്കുന്നത്; പൈശാചിക ശക്തികളല്ല. ഒരു മുടിയിഴപോലും ദൈവം അറിയാതെ വീണ് പോവുകയില്ല (മത്താ. 10: 30). ഏകസത്യദൈവത്തിൽ വിശ്വസിക്കുന്നവർക്ക്, യേശുക്രിസ്തുവിനെ ഏക രക്ഷകനായി സ്വീകരിച്ചവർക്ക് എതിരെ കൂടോത്രമോ, ക്ഷുദ്രമോ ഫലി



www.malankaralibrary.com

ക്കുകയില്ല. ദൈവവചനം പറയുന്നു. യാക്കോബിന് ആഭിചാരം ഏല്ക്കുകയില്ല; ഇസ്രായേലിനെതിരെ ക്ഷുദ്രവിദ്യ ഫലിക്കുകയില്ല(സംഖ്യ. 23: 23). യേശുവിനെ രക്ഷകനായി സ്വീകരിച്ച് പ്രാർത്ഥിക്കുകയും പ്രശ്നത്തെയോർത്ത് ദൈവത്തെ സ്തുതിക്കുകയുമാണ് വേണ്ടത് (ഫിലി. 4: 4-6). അപ്പോൾ എല്ലാം ദൈവം നന്മക്കായി മാറ്റും(1 യോഹ. 3: 8). അതിനാൽ എങ്ങനെയെങ്കിലും കാര്യങ്ങൾ നടക്കട്ടെ എന്ന ചിന്തയിൽ പിശാചുമായി ബന്ധപ്പെട്ട് ഭാവിപറയുന്നവർ ചികിത്സ നടത്തുന്നവർ എന്നിങ്ങനെയുള്ളവരെ ക്രിസ്ത്യാനികൾ സമീപിക്കരുത്. ഇങ്ങനെയുള്ളവരെ വൈക്കോൽ തുരുമ്പുകളെന്നാണ് ബൈബിൾ വിശേഷിപ്പിക്കുന്നത് (ഏശയ്യ. 47: 12-14). ശകുനം,നിമിത്തം, സ്വപ്നം അവയെല്ലാം ഗർഭിണിയുടെ ഭാവനകൾ പോലെ മിഥ്യയാണ്. അത്യുന്നതനിൽനിന്നുള്ള ദർശനമില്ലെങ്കിൽ അതിനെ അവഗണിക്കുക. സ്വപ്നങ്ങൾ അനേകരെ വഞ്ചിച്ചിട്ടുണ്ട്. അവയിൽ ആശ്രയിക്കുന്നവർ പരാജയപ്പെട്ടിട്ടുണ്ട് (പ്രഭാ. 34: 5-7).

മന്ത്രവാദം, ആഭിചാരം, കുടോത്രം, സമയനോട്ടം, മഷിനോട്ടം, തുടങ്ങിയവ വഴി അന്ധകാര ശക്തികളെ നിയന്ത്രിച്ച് മറ്റുള്ളവരുടെ മേൽ നിയന്ത്രണം സ്ഥാപിക്കാനുള്ള ശ്രമമാണ് ചിലർ ചെയ്യുന്നത്. ചികിത്സ എന്ന പേരിൽ പോലും ഇത് പാടില്ല. പിശാചിന്റെ ശക്തിയിൽ ആശ്രയിച്ച് ശത്രുസംഹാരത്തിന് ഇങ്ങനെയുള്ള കാര്യങ്ങളിൽ ആശ്രയിക്കുന്നത് പാപമാണ്. ആഭിചാരക്കാരന്റെ അടുത്തുപോകുന്നവൻ ദൈവത്തിന്റെ ഒന്നാം കല്പന ലംഘിക്കുന്നു. കൂടോത്രത്തെക്കുറിച്ച് ഭയമുള്ളവർ ദൈവവചനം ഓർക്കുക. നിങ്ങളുടെ ഉള്ളിലുള്ളവൻ ലോകത്തിനുള്ളവനെക്കാൾ വലിയവനാണ് (1 യോഹ. 4: 4). ദൈവത്തോട് ചേർന്നു നില്ക്കുകയാണ് പ്രതിവിധി. തന്നോട് ചേർന്നു നില്ക്കുന്നവർക്ക് ദൈവം കാവൽ നില്ക്കുന്നു (സങ്കീ. 139: 5).

നിങ്ങൾ ദിവസങ്ങളും മാസങ്ങളും ഋതുക്കളും വർഷങ്ങളും ആചരിക്കുന്നുപോലും. നിങ്ങളുടെയിടയിൽ അദ്ധ്വാനിച്ചത് വൃഥാവിലായോ എന്നു ഞാൻ ഭയപ്പെടുന്നു (ഗലാ. 4: 10-11) ബലഹീനങ്ങളും വ്യർത്ഥങ്ങളുമായ ആ പ്രപഞ്ചശക്തികളുടെ അടുക്കലേക്ക് വീണ്ടും തിരിച്ചുപോകാൻ നിങ്ങൾക്ക് എങ്ങനെ സാധിക്കും (ഗലാ. 4: 9). ഗ്രഹങ്ങൾ, നക്ഷത്രങ്ങൾ എന്നിവയുടെ ചലനം ആശ്രയിച്ചു ജീവിതം ദുഃഖപൂർണ്ണമോ വിജയകരമോ ആയിരിക്കുമെന്ന് അശാസ്ത്രീയമായി കരുതുന്നവരുണ്ട്. ബലഹീനങ്ങളും വ്യർത്ഥങ്ങളുമായ പ്രപഞ്ചശക്തികളല്ല നമ്മെ ഭരിക്കുന്നത്; അവയെല്ലാം ദൈവത്തിന്റെ സൃഷ്ടികൾ മാത്രമാണ്. അവയുമായി ബന്ധപ്പെട്ടിട്ടുള്ള അന്ധവിശ്വാസപരമായ എല്ലാ ചിന്തകളും ആചാരങ്ങളും ക്രിസ്ത്യാനികൾ ഉപേക്ഷിക്കേണ്ടതാണ്. സമയങ്ങളുടെയും കാലങ്ങളുടെയും മാറ്റം അവിടുന്ന് നിശ്ചയിച്ചിരിക്കുന്നു(ദാനി. 2: 21).



www.malankaralibrary.com

സമയത്തെയും കാലത്തെയും നാം ഉപയോഗപ്പെടുത്തേണ്ടത് അന്ധവിശ്വാസങ്ങളുടെ അടിസ്ഥാനത്തിലല്ല.

കൈനോട്ടം, മഷിനോട്ടം തുടങ്ങിയവയിലൂടെ ഭാവി അറിയാൻ ക്രിസ്ത്യാനികൾ ശ്രമിക്കരുത്. ദൈവം പറയുന്നു നിങ്ങളെക്കുറിച്ചുള്ള പദ്ധതി എന്റെ മനസ്സിലുണ്ട്. നിങ്ങളുടെ നാശത്തിനല്ല, ക്ഷേമത്തിനുള്ള പദ്ധതിയാണ്. നിങ്ങൾക്കു ശുഭമായ ഭാവിയും പ്രത്യാശയും നല്കുന്ന പദ്ധതി (ജെറ. 29: 11). യേശുനാഥൻ പറയുന്നു. നാളെയെക്കുറിച്ച് നിങ്ങൾ ആകുലപ്പെടരുത് (മത്താ. 6: 34). നമ്മുടെ ജീവിതവുമായി ബന്ധപ്പെട്ട് ഏതെങ്കിലും കാര്യം ദൈവം വെളിപ്പെടുത്താൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ പ്രാർത്ഥനയുടെ അവസരത്തിൽ ദൈവം അത് വെളിപ്പെടുത്തി തരും (നടപടി. 13: 13; 27: 10). അതിനാൽ യേശുക്രിസ്തുവിനെ മാത്രം ഏറ്റു പറയുന്ന പ്രാർത്ഥനയിലൂടെയല്ലാതെ, നമ്മുടെ ജീവിതത്തിലെ ഭാവികാര്യങ്ങളോ ജീവിതത്തിലെ പ്രശ്നങ്ങൾക്ക് കാരണങ്ങളോ കണ്ടെത്താൻ ശ്രമിക്കരുത്. കൈനോട്ടക്കാരും അതുപോലെയുള്ളവരും ദൈവത്തിന്റെ നാമത്തിൽ സംസാരിക്കുന്നവരല്ല. അതിനാൽ, അവരുടെ അടുത്ത് സന്ദേശങ്ങൾ തേടിപോകരുത്. ഭാവിയേകുറിച്ചുള്ള ആകുലതകളെല്ലാം ദൈവത്തിനു വിട്ടുകൊടുക്കുക. ദൈവം എല്ലാം നന്മയ്ക്കായി മാറ്റുമെന്ന് വിശ്വസിക്കുകയാണ് കരണീയം(റോമാ. 8: 28)

വീടും കെട്ടിടങ്ങളും നിർമ്മിക്കാൻ സ്ഥാനം നോക്കുന്നവരെ കണ്ടിട്ടുണ്ട്. കാറ്റും വെളിച്ചവും ഭൂമിയുടെ ചെരിവും ജലത്തിന്റെ ലഭ്യതയും മറ്റും ശ്രദ്ധിക്കുന്നത് നല്ലതുതന്നെ. എന്നാൽ സ്ഥാനം നോക്കുന്നതിന്റെ പിന്നിൽ അന്ധവിശ്വാസപരമായ എന്തെങ്കിലും പരിഗണനകളാണുള്ളതെങ്കിൽ അത് ദൈവവിശ്വാസക്കുറവിന്റെ ലക്ഷണവും കല്പനലംഘനവുമാണ്. ദൈവമാണ് പ്രപഞ്ചം സൃഷ്ടിച്ചത്. കരയ്ക്ക് ഭൂമിയെന്നും ഒരുമിച്ച് കൂടിയ ജലത്തിന് കടലെന്നും ദൈവം പേരിട്ടു. അത് നല്ലതെന്ന് അവിടുന്ന് കണ്ടു (ഉല്പ. 1: 10) കൃതജ്ഞതാപൂർവ്വമാണ് സ്വീകരിക്കുന്നതെങ്കിൽ ഒന്നും നാം നിരാകരിക്കേണ്ടതില്ല. കാരണം, അവ ദൈവവചനത്താലും പ്രാർത്ഥനയാലും വിശുദ്ധീകരിക്കപ്പെടുന്നു(1 തിമോ. 4: 4-5). ജനനസമയത്തുള്ള ഗ്രഹനില മനുഷ്യനെ സ്വാധീനിക്കുന്നു എന്ന അന്ധവിശ്വാസത്തിന്റെ ഫലമാണ് ജാതകം. ഗ്രഹങ്ങൾക്ക് ഭാവിയെ നിയന്ത്രിക്കാൻ കഴിയുമെന്നത് തെറ്റായ ധാരണയാണ്. ഇത് ദൈവവിശ്വാസത്തിന്റെ കുറവാണ്. അത് സർവ്വവും പരിപാലിക്കുന്ന ദൈവത്തിലുള്ള ആശ്രയവും ദൈവസ്നേഹത്തിലുള്ള വിശ്വാസവും നഷ്ടപ്പെടാൻ ഇടയാക്കും (കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം 2116) യേശുക്രി



www.malankaralibrary.com

സ്തുവിന്റെ ശക്തിയിലാശ്രയിക്കാതെ മറ്റ് മാർഗ്ഗങ്ങളിലൂടെ ഭാവിയെക്കുറിച്ചോ അപകടങ്ങളെക്കുറിച്ചോ അറിയാൻ ശ്രമിക്കുന്നത് തെറ്റാണ് (ആമോസ്. 3: 7). കുഞ്ഞുങ്ങളേ, നിങ്ങൾ ദൈവത്തിൽനിന്നുള്ളവരാണ്. നിങ്ങൾ വ്യാജപ്രവാചകന്മാരെ കീഴ്പ്പെടുത്തിയിരിക്കുന്നു. അവർ ലോകത്തിന്റേതാണ്. അതുകൊണ്ട് അവർ പറയുന്നത് ലൗകികവുമാണ്(1 യോഹ4:4) ശാസ്ത്രീയമായ അറിവുകൾക്ക് അനുസൃതമല്ലാതെയും അന്ധവിശ്വാസങ്ങളിൽ ആശ്രയിച്ചും ജീവിതത്തെക്കുറിച്ച് ചിന്തിക്കുന്നത് വിശ്വാസത്തിന് എതിരാണ് (മർക്കോസ് 16: 16-18).

വിശ്വാസം സ്വീകരിച്ച പലരും വന്ന് തങ്ങളുടെ ദുർനടപടികൾ ഏറ്റുപറഞ്ഞ്, കുറ്റം സമ്മതിച്ചു. ക്ഷുദ്രപ്രയോഗം നടത്തിയിരുന്ന അനേകമാളുകൾ തങ്ങളുടെ ഗ്രന്ഥച്ചുരുളുകൾ കൊണ്ടുവന്ന് എല്ലാവരും കാൺകെ അഗ്നിക്കിരയാക്കി....''(നട. 19: 18-19).

ഭയം മാറ്റാനും സമ്പത്ത് നേടാനും മറ്റുമായി ചിലർ മന്ത്രച്ചരടുകൾ ഉപയോഗിക്കാറുണ്ട്. ഏലസും മന്ത്രച്ചരടുകളും ഉപയോഗിക്കുന്നത് തെറ്റാണ്. ദൈവമായ കർത്താവ് അരുളി ചെയ്യുന്നു: പക്ഷികളെയെന്നപോലെ മനുഷ്യരെ കുരുക്കിലാക്കുന്ന നിങ്ങളുടെ മന്ത്രച്ചരടുകൾക്ക് ഞാൻ എതിരാണ്. അവ നിങ്ങളുടെ കരങ്ങളിൽ നിന്ന് പൊട്ടിച്ച് കളയുക. (ഏശയ്യ 13: 18 -20). ക്രിസ്ത്യാനികൾ അന്ധകാരശക്തികൾ നൽകുന്ന സംരക്ഷണത്തെ സൂചിപ്പിക്കുന്ന മന്ത്രച്ചരടുകൾ കെട്ടരുത് (കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം 2117).

**ദൈവസ്തുതി പ്രശ്നപരിഹാരം**

യഥാർത്ഥ വിശ്വാസി അന്ധവിശ്വാസങ്ങളുടെ പിന്നാലെ പോവുകയില്ല. ദൈവം അറിയാതെ ഒരു മുടിയിഴ പോലും വീഴുകയില്ലെന്ന് (മത്താ 10: 30) ദൈവവചനം പഠിപ്പിക്കുന്നു. സ്തുതിച്ച് വിശ്വാസത്തിൽ വളരാൻ ശ്രമിക്കുകയാണ് ചെയ്യേണ്ടത്.

സൃഷ്ടപ്രപഞ്ചം ദൈവമക്കളുടെ വെളിപ്പെടുത്തലിന് കാതോർത്തിരിക്കുന്നു(റോമ 8: 19). ദൈവത്തിൽ വിശ്വസിക്കുകയും ദൈവകല്പനകൾ പാലിക്കുകയും സ്വീകാര്യമായ പ്രവർത്തനങ്ങളിലൂടെ ദൈവത്തെ പ്രീതിപ്പെടുത്തുകയും ചെയ്യുന്ന ഭക്തനും വിശ്വസ്തനുമായ മനുഷ്യനോട് ദൈവം എപ്പോഴും അനുകൂലമായിരിക്കും. ഈ പ്രപഞ്ചമോ പൈശാചിക ശക്തികളോ അവനെതിരെ പ്രബലപ്പെടുകയില്ല. അവൻ തന്റെ തൂവലുകൾകൊണ്ട് നിന്നെ രക്ഷിക്കും അവന്റെ ചിറകുകളുടെ കീഴിൽ നീ മറയ്ക്കപ്പെടും. നീ രാത്രിയിലെ ഭയത്തെയും പകൽ പറക്കുന്ന അസ്ത്രത്തെയും ഇരുട്ടിൽ സഞ്ചരിക്കുന്ന വചനത്തെയും മദ്ധ്യാഹ്നത്തിൽ വീശുന്ന കൊടുംകാറ്റിനെയും ഭയപ്പെടുകയില്ല.... ദോഷം


www.malankaralibrary.com

നിന്നോട് അടുക്കുകയില്ല. ശിക്ഷ നിന്റെ വാസസ്ഥലത്തിന് സമീപിക്കുകയുമില്ല. എന്തെന്നാൽ നിന്റെ സകല വഴികളിലും നിന്നെ കാക്കേണ്ടതിന് അവൻ നിന്നെക്കുറിച്ച് തന്റെ മാലാഖമാരോട് കല്പിക്കും (സങ്കീ. 91). "എന്തെന്നാൽ അവനിൽ വിശ്വസിക്കുന്ന ഒരുവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടി തന്റെ ഏകജാതനെ നൽകാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു" (യോഹ 3: 16).സർവ്വ സൃഷ്ടിയുടെയും മകുടമാണ് ക്രിസ്തു എന്ന് വി. പൗലോസ് നമ്മെ പഠിപ്പിക്കുന്നു(കൊളോ. 1: 13-20). എന്തെന്നാൽ അവനിൽ സർവ്വ സമ്പൂർണ്ണതയും നിവസിക്കണമെന്ന് ദൈവം തിരുമനസ്സായി. സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള എല്ലാ വസ്തുക്കളെയും അവനിലൂടെ അവിടുന്ന് തന്നോട് അനുരഞ്ജിപ്പിക്കുകയും അവൻ കുരിശിൽ ചിന്തിയ രക്തം വഴി സമാധാനം സ്ഥാപിക്കുകയും ചെയ്യുന്നു (കൊളോ 13: 2, 19-20).

**ഉപസംഹാരം**

എല്ലാ ദിവസവും സന്ധ്യാപ്രാർത്ഥനയിൽ നാം ഇപ്രകാരം ചൊല്ലാറുണ്ടല്ലോ. എന്റെ സഹായം ആകാശവും ഭൂമിയും സൃഷ്ടിച്ച കർത്താവിന്റെ സന്നിധിയിൽ നിന്നാകുന്നു. അവൻ നിന്റെ കാൽ ഇളകുവാൻ സമ്മതിക്കുകയില്ല. നിന്റെ കാവൽക്കാരൻ ഉറക്കം തൂങ്ങുകയുമില്ല. എന്തെന്നാൽ ഇസ്രായേലിന്റെ കാവൽക്കാരൻ ഉറക്കം തൂങ്ങുന്നില്ല, ഉറങ്ങുന്നുമില്ല. നിന്റെ കാവൽക്കാരൻ കർത്താവാകുന്നു. കർത്താവ് തന്റെ വലത്തുകൈകൊണ്ട് നിനക്ക് നിഴലിടും. പകൽ സൂര്യനോ രാത്രിയിൽ ചന്ദ്രനോ നിന്നെ ഉപദ്രവിക്കുകയില്ല. കർത്താവ് സകല ദോഷങ്ങളിൽനിന്നും നിന്നെ കാത്തുകൊള്ളും. അവൻ നിന്റെ ആത്മാവിനെ കാത്തുകൊള്ളും. കർത്താവ് നിന്റെ ഗമനത്തെയും ആഗമനത്തെയും ഇതുമുതൽ എന്നേക്കും കാത്തുകൊള്ളും" (സങ്കീ 121: 12-8). അങ്ങനെയെങ്കിൽ എന്തിന് ദൈവത്തെ മറന്ന് അന്ധകാരശക്തികളുടെ പിന്നാലെ പോകുന്നു. ഓർത്തിരിക്കുക, സാത്താന് വേണ്ടത് നിങ്ങളുടെ ആത്മാവിനെയാണ്. ഒരു പക്ഷേ അവൻ പണവും സമ്പത്തും ലൗകിക നേട്ടങ്ങളും മാനുഷിക വിജയങ്ങളും കാട്ടി പ്രലോഭിപ്പിക്കും. എന്നാൽ ആത്മാവിനെ ദൈവത്തിൽ നിന്നകറ്റി നിത്യനാശത്തിൽ എത്തിക്കും. ഒരിക്കൽ അവന് വഴങ്ങികൊടുക്കുന്നവനെ അവൻ വലയിലാക്കും. സത്യദൈവത്തെ, യേശുവിനെ അറിഞ്ഞിട്ടില്ലാത്ത സിദ്ധരുടെയും ആൾ ദൈവങ്ങളുടെയും വലയിൽപെട്ട് ദൈവ കല്പന ലംഘകരാകാതിരിക്കാൻ ജാഗരൂകരായിരിക്കാൻ ദൈവം നമ്മെ ആഹ്വാനം ചെയ്യുന്നു. ചെവിയുള്ളവൻ കേൾക്കട്ടെ............

■



www.malankaralibrary.com

# തെരഞ്ഞെടുക്കപ്പെട്ടവർ വഴിതെറ്റുന്നു

**(മത്തായി 24/ 24)**

**മുൻകുറിപ്പ്**

ഏതാനും അനുഭവങ്ങൾ കുറിച്ചുകൊണ്ടാരംഭിക്കാം.

1. ‘‘നാളെ രാവിലെ 6. 30 ന് വീടു പണിക്ക് തറക്കലിടണം’’ ഒരാൾ വന്നാവശ്യപ്പെട്ടു. വി. കുർബ്ബാനയുടെ സമയമാണല്ലോ, കുർബ്ബാന കഴിഞ്ഞുപോരെ ? ഞാൻ ചോദിച്ചു. ‘‘ആശാരി പറഞ്ഞത് രാവിലെ 6. 30 എന്നാണ്’’ വന്നയാളിന്റെ മറുപടി.

2. ഇടവക പള്ളിയിലൊരു വിവാഹം. രാവിലെ 10. 30 ന് ശുശ്രൂഷ ആരംഭിക്കണമെന്നാണ് പറഞ്ഞിരുന്നത്. വരനും വധുവും പള്ളിയിൽ എത്തിയപ്പോൾ സമയം 11. 45. എന്താണിത്ര താമസിച്ചത് ?’’ ഒരു കുടുംബസുഹൃത്ത് പറഞ്ഞുവത്രെ ‘രാഹുകാലം’ കഴിഞ്ഞേ വീട്ടിൽ നിന്നിറങ്ങാവു എന്ന്.

3. ഒരു ഇടവകക്കാരൻ വന്നുപറഞ്ഞു; ‘‘വരുന്ന വ്യാഴാഴ്ച പുതിയ വീടിന്റെ കൂദാശ നടത്തി കയറി താമസമാക്കണം’’ അന്നു ഞാൻ സ്ഥലത്തിലല്ലോ വേറൊരു ദിവസമായാലോ വീടിന്റെ പണിപൂർത്തിയായിട്ടുമില്ലല്ലോ ? ’’

‘‘ പണിതീർന്നില്ലെങ്കിലും സാരമില്ല. ഗണകൻ പറഞ്ഞു വ്യാഴാഴ്ച പത്താമുദയം നല്ലദിവസമാണെന്ന് ’’

4. കത്തോലിക്കാ സഭയിലെ സന്യാസികൾ നടത്തുന്ന ഹൈസ്കൂൾ, പെൺകുട്ടികളുടെ ബോർഡിംഗ് മിസ്ട്രസ് ബഹു. സിസ്റ്ററാണ്. സിസ്റ്ററിന്റെ പരാതി ‘‘കുട്ടികൾ പാതിരാത്രിയിൽ ഓജോ ബോർഡ് കളിക്കുന്നു. ഇത് തെറ്റല്ലേ........?

5. ഒരു വീട്ടമ്മ ചോദിച്ചു. ഓജോ ബോർഡ് കളിക്കുന്നത് തെറ്റാണോ എന്ന് സ്കൂളിൽ പഠിക്കുന്ന മകൾ ചോദിക്കുന്നു. ഇതെന്താണ് ? ചെന്നെയിൽ പഠിക്കുന്ന അയൽക്കാരി കുട്ടി അവധിക്കുവന്നപ്പോൾ വീട്ടിലെ കുട്ടികളെ ഇത് പഠിപ്പിച്ചതാണ്’’. അനുഭവങ്ങൾ അന



www.malankaralibrary.com

വധി ഇങ്ങനെ നീളുന്നു. ‘‘പള്ളി പ്രസംഗങ്ങളിൽ അച്ചന്മാർ ഇങ്ങനെയുള്ള കാര്യങ്ങൾ ഒന്നും പറയുന്നില്ല. സഭാ പ്രസിദ്ധീകരണങ്ങളിലും കാര്യമായൊന്നും കാണുന്നില്ല. ഞങ്ങൾ എന്തുചെയ്യും’’ ഒരു യുവകുടുംബ നാഥന്റെ വിലാപം.

നമ്മുടെ കുട്ടികളും, യുവജനങ്ങളും, സമൂഹവും എങ്ങോട്ടുപോകുന്നു ? നമ്മുടെ ക്രൈസ്തവികതയും സത്യവിശ്വാസവുമൊക്കെ എവിടെപ്പോയി ? സത്യവിശ്വാസം അന്ധവിശ്വാസങ്ങൾക്ക് വഴിമാറുന്നോ ? അന്ധവിശ്വാസങ്ങൾ അരങ്ങുതകർക്കുന്നു. ഭക്തകൃത്യങ്ങളുടെ മറവിൽപോലും അന്ധവിശ്വാസങ്ങൾ വിപണനം ചെയ്യപ്പെടുന്നു. ആത്മികതയ്ക്കുമേൽ ഭൗതികത ആധിപത്യം സ്ഥാപിക്കുന്നു. വിപണന തന്ത്രങ്ങൾ ആത്മീക മേഖലകളിലേക്കും വ്യപിക്കുന്നു. ഭൗതിക നേട്ടങ്ങൾക്കുവേണ്ടി കർത്താവിന്റെ കല്പനകൾ അവഗണിക്കുകയും പൈശാചിക വഴികൾ അവലംബിക്കുകയും ചെയ്യുന്നവരുടെ എണ്ണം വർദ്ധിക്കുന്നു. ‘‘നിരവധി വ്യാജ പ്രവാചകന്മാർ പ്രത്യക്ഷപ്പെട്ട് അനേകരെ വഴിതെറ്റിക്കും (മത്തായി 24/11) എന്ന വചനഭാഗം ഹൃദയത്തിൽ കുറിച്ചിടുക. തുടർന്നുള്ള ഭാഗം ധ്യാനപൂർവ്വം വായിക്കുക.

**നാം വചനത്തിന്റെ മക്കൾ**

‘‘ശകുനം നോക്കുകയോ ആഭിചാരം നടത്തുകയോ അരുത് ’’ (ലേവ്യാ 19/26)

‘‘നിങ്ങൾ മന്ത്രവാദികളെയും ശകുനക്കാരെയും സമീപിച്ച് അശുദ്ധരാകരുത്, ഞാനാണ് നിങ്ങളുടെ ദൈവമായ കർത്താവ് ’’ (ലേവ്യ. 19/ 31).

‘‘ആരെങ്കിലും മന്ത്രവാദികളുടെയും കൂടോത്രക്കാരുടെയും പുറകേപോയി അന്യദേവന്മാരെ ആരാധിച്ചാൽ അവനെതിരെ ഞാൻ മുഖം തിരിക്കുകയും അവനെ സ്വജനത്തിൽ നിന്നും വിച്ഛേദിച്ചുകളയുകയും ചെയ്യും’’ (ലേവ്യ 20/ 6)

‘‘മന്ത്രവാദികളും കൂടോത്രക്കാരോ ആയ സ്ത്രീപുരുഷന്മാർ മരണശിക്ഷ അനുഭവിക്കണം. അവരെ കല്ലെറിഞ്ഞു കൊല്ലണം. അവരുടെ രക്തം അവരുടെ മേൽപതിക്കട്ടെ’’ (ലേവ്യാ 20: 27)

‘‘മാത്സര്യം മന്ത്രവാദം പോലെ പാപമാണ്; മർക്കടമുഷ്ടി വിഗ്രഹാരാധനപോലെയും. കർത്താവിന്റെ വചനം തിരസ്ക്കരിച്ചതിനാൽ അവിടുന്നു രാജത്വത്തിൽ നിന്ന് നിന്നെയും തിരസ്കരിച്ചിരിക്കുന്നു (1 ശമു. 15/23).

‘‘അവൻ പുത്രീപുത്രന്മാരെ ദഹനബലിയായി അർപ്പിക്കുകയും ശകുനം നോക്കുകയും മന്ത്രവാദം നടത്തുകയും കർത്താവ് കാൺകെ



www.malankaralibrary.com

തിന്മയ്ക്കു തങ്ങളെത്തന്നെ വില്ക്കുകയും ചെയ്ത് അവിടുത്തെ പ്രകോപിപ്പിച്ചു'' (2 രാജാ 21/6).

തന്റെ പുത്രനെ ബലിയർപ്പിക്കുകയും ഭാവിഫലപ്രവചനം , ശകുനം, ആഭിചാരം, മന്ത്രവാദം എന്നിവ സ്വീകരിക്കുകയും ചെയ്തു. വളരെ തിന്മ ചെയ്ത് അവർ കർത്താവിനെ പ്രകോപിപിച്ചു (2 രാജാ. 21/6)

സ്വന്തം പുത്രന്മാരെ അവൻ ബൻഹിന്നോ താഴ്വരയിൽ ഹോമിച്ചു. ജോത്സ്യം, ആഭിചാരം, ശകുനം എന്നിവ സ്വീകരിക്കുകയും പ്രേതാവിഷ്ടരുടെയും, മന്ത്രവാദികളുടെയും ഉപദേശം ആരായുകയും ചെയ്തു. കർത്താവിന്റെ മുൻപിൽ തിന്മ പ്രവർത്തിച്ച് അവിടുത്തെ പ്രകോപിപ്പിച്ചു( 2 ദിനവൃത്താന്തം 33/6)

പ്രശ്നക്കാരുടെയും സ്വപ്നക്കാരുടെയും ശകുനക്കാരുടെയും വാക്കുകൾ നിങ്ങൾ ശ്രവിക്കരുത്. (ജറെമിയ. 27/9).

''നിങ്ങളുടെ ഇടയിലുള്ള പ്രവാചകന്മാരും പ്രശ്നക്കാരും നിങ്ങളെ വഞ്ചിക്കാതിരിക്കട്ടെ. അവരുടെ സ്വപ്നങ്ങളെ വിശ്വസിക്കരുത് '' (ജറമിയ. 29/8)

''മകനെയോ മകളെയോ ഹോമിക്കുന്നവൻ, പ്രാശ്നികൻ, ലക്ഷണം പറയുന്നവൻ, ആഭിചാരകൻ, മന്ത്രവാദി, വെളിച്ചപ്പാട്, ക്ഷുദ്രക്കാരൻ, മൃതസന്ദേശവിദ്യക്കാരൻ എന്നിവരാരും നിങ്ങളുടെ ഇടയിൽ ഉണ്ടായിരിക്കരുത്. ഇത്തരക്കാർ ദൈവത്തിനു നിന്ദ്യരാണ് ....... '' (നിയമാവർത്തനം 18/10-129).

**നാം സാത്താനെ തള്ളിക്കളഞ്ഞവർ**

മാമ്മോദീസാ സ്വീകരണ ശുശ്രൂഷയിലെ ഒരു പ്രധാന കർമ്മമാണ് സാത്താനെ ഉപേക്ഷിച്ചുകൊണ്ടും  വിശ്വാസം ഏറ്റുപറഞ്ഞു കൊണ്ടും ജ്ഞാനസ്നാന പിതാവ് / മാതാവ് നടത്തുന്ന പ്രഖ്യാപനം. അത് ഇപ്രകാരമാണ്. ''മാമോദീസാ സ്വീകരിക്കുന്ന (പേര്) ഞാൻ സാത്താനേ, നിന്നെയും നിന്റെ സകല സൈന്യങ്ങളെയും നിന്റെ സകല ദൂതന്മാരെയും നിന്റെ എല്ലാ വഞ്ചനയെയും നിന്നെക്കുറിച്ചുള്ള എല്ലാ ഭയത്തെയും ഉപേക്ഷിക്കുന്നു'' .

മാമോദീസ സ്വീകരിക്കുന്ന (പേര്) ഞാൻ മിശിഹാതമ്പുരാനെ, നിന്നിലും പരിശുദ്ധന്മാരായ പ്രവാചകന്മാർ, പിതാക്കന്മാർ എന്നവരിൽകൂടെ ദൈവീകമായി നീ ഭരമേല്പിച്ചിട്ടുള്ള സകല ഉപദേശങ്ങളിലും പൂർണ്ണമായി വിശ്വസിക്കുന്നു''. (കൂദാശക്രമം പേജ് 20)

മാമോദീസാ സ്വീകരിക്കുന്ന വ്യക്തിയിൽ നിന്ന് പരിശുദ്ധ ത്രിത്വത്തിന്റെ നാമത്തിൽ സാത്താനെയും അവന്റെ സകല ശക്തികളെയും



www.malankaralibrary.com

ബഹിഷ്കരിക്കുന്നുണ്ട്. മാമോദീസായും മൂറോനഭിഷേകവും സ്വീകരിച്ചവർ സാത്താനെയും അവന്റെ അന്ധകാര ശക്തികളെയും അവന്റെ വാഗ്ദാനങ്ങളെയും തിരസ്കരിച്ചവരാണ്. മൂറോനഭിഷേക ശുശ്രൂഷയിൽ വീണ്ടും ഇപ്രകാരം പ്രാർത്ഥിക്കുന്നു. ഇനിമേൽ അവൻ ദുഷ്പ്രഭുക്കളായ പിശാചുക്കളെയും അന്ധകാര ശക്തികളെയും ഭയപ്പെടാതിരിക്കട്ടെ....." (കൂദാശക്രമം പേജ് 33).

**നമ്മുടെ മേൽ സാത്താനൊരവകാശവുമില്ല**

നാം സാത്താന് അടിമകളല്ല, അവനെ വിജയിച്ചവരാണ്. നമ്മെ പരീക്ഷിക്കാൻ അവനു സാധിക്കും, എന്നാൽ നമ്മെ സ്പർശിക്കാൻ അവനവകാശമില്ല, സാദ്ധ്യവുമല്ല. നാം അവന് നമ്മുടെ ജീവിത വാതിൽ തുറന്നുകൊടുക്കുന്നില്ലെങ്കിൽ നാം അവനെ ഭയപ്പെടേണ്ടതില്ല ജീവിതസംഭവങ്ങളിൽ അവനെ തേടേണ്ടതുമില്ല. സാത്താനിലല്ല, മറിച്ച് യേശുക്രിസ്തുവിലാണ് നാം ദൃഷ്ടിയുറപ്പിക്കേണ്ടത്. കാരണം ക്രിസ്തുവിലാണ് നാം രക്ഷിക്കപ്പെട്ടത്. അതിനാൽ വചനവായനയിലും കൂദാശ സ്വീകരണത്തിലും പ്രത്യേകിച്ച് വിശുദ്ധ കുർബാനാനുഭവത്തിലും യേശുവുമായി ഗാഢബന്ധത്തിലായിരുന്നാൽ നമ്മുടെ മേൽ യാതൊന്നും ചെയ്യാൻ സാത്താനു സാദ്ധ്യമല്ല. സാത്താന്റെ തല ചതച്ച പരിശുദ്ധ മറിയത്തിന്റെ മദ്ധ്യസ്ഥത അനുദിന ജീവിതത്തിൽ നമുക്ക് വലിയ ശക്തിയുമായിരിക്കും (2 ഉത്പത്തി 3/15).

**സാത്താന്റെ രാജ്യം വ്യാജം**

എന്താണ് സാത്താന്റെ രാജ്യം അഥവാ അന്ധകാരത്തിന്റെ രാജ്യം ? ദൈവത്തിന്റെ രാജ്യത്തോട് സാത്താന്റെ രാജ്യത്തെ സാദൃശ്യപ്പെടുത്തുന്നതിന് സാധ്യമല്ല. സാത്താൻ ദൈവത്തെപ്പോലെ ശക്തനാണെന്ന് നടിക്കും എന്നാൽ അത് വ്യാജമാണ്. ഏശയ്യ 14/ 12-15 ൽ ഇപ്രകാരം കാണുന്നു. ഉഷസ്സിന്റെ പുത്രനായ പ്രഭാത നക്ഷത്രമേ, നീ എങ്ങനെ ആകാശത്തുനിന്നും വീണു! ജനതകളെ കീഴടക്കിയിരുന്ന നിന്നെ എങ്ങനെ തറയിൽ വെട്ടിവീഴ്ത്തി! നീ തന്നത്താൻ പറഞ്ഞു. ഞാൻ സ്വർഗ്ഗത്തിലേക്കു കയറും ഉന്നതത്തിൽ ദൈവത്തിന്റെ നക്ഷത്രങ്ങൾക്കുപരി എന്റെ സിംഹാസനം ഞാൻ സ്ഥാപിക്കും. ഉത്തരദിക്കിന്റെ അതിർത്തിയിലെ സമാഗമ പർവ്വതത്തിന്റെ മുകളിൽ ഞാനിരിക്കും; ഉന്നതമായ മേഘങ്ങൾക്കുമീതെ ഞാൻ കയറും. ഞാൻ അത്യുന്നതനെപ്പോലെയാകും. എന്നാൽ, നീ പാതാളത്തിന്റെ അഗാധഗർത്തത്തിലേക്കു തള്ളിയിടപ്പെട്ടിരിക്കുന്നു" . ദൈവരാജ്യത്തിലുള്ളതെല്ലാം തന്റെ രാജ്യത്തിലും വേണമെന്നാണ് സാത്താന്റെ ആഗ്രഹം, ആരാധനയും പ്രാർത്ഥ



www.malankaralibrary.com

നയും സ്തുതിയുമൊക്കെ. എന്നാൽ അവന്റെ രാജ്യത്തിലുള്ളത് വ്യാജ ആരാധനയും തിന്മനിറഞ്ഞ പ്രാർത്ഥനകളുമാണ്. അവൻ വാഗ്ദാനം ചെയ്യുന്ന സന്തോഷവും സമാധാനവും വ്യാജമാണ്. അന്ധകാരത്തിന്റെ അറിവും ജ്ഞാനവുമാണവൻ വാഗ്ദാനം ചെയ്യുന്നത്. ഇങ്ങനെയാണവൻ ആദിമാതാപിതാക്കളെ വഞ്ചിച്ചതും. സർപ്പം സ്ത്രീയോടുപറഞ്ഞു, നിങ്ങൾ മരിക്കുകയില്ല. അതു തിന്നുന്ന ദിവസം നിങ്ങളുടെ കണ്ണുകൾ തുറക്കുമെന്നും, നന്മയും തിന്മയും അറിഞ്ഞ് നിങ്ങൾ ദൈവത്തെ പ്പോലെയാകുമെന്നും ദൈവത്തിന്നറിയാം (ഉല്പത്തി 3/ 4-5). സാത്താൻ നമുക്ക് ആരോഗ്യവും, സമ്പത്തും, സന്തോഷവും, സമൃദ്ധിയും, സമാ ധാനവുമൊക്കെ വാഗ്ദാനം ചെയ്തു വഞ്ചിക്കും. സ്വർഗ്ഗത്തിലെ മാലാ ഖമാരുടെ ആരാധനാഗാനംപോലെ സാത്താന്റെ രാജ്യത്തിൽ തിന്മയുടെ ഗാനവും ഉണ്ടായിരിക്കും. സാത്താന്റെ രാജ്യം വ്യാജമാണ്. അവന് ദൈവ ത്തെപ്പോലെയാകണം, അതാണവന്റെ ആവശ്യം. ഒന്നാമത്തെ കല്പ നയിൽ ദൈവം പറയുന്നു, ഞാനാണ് ഏക ദൈവം ഞാനല്ലാതെ വേറെ ദൈവം നിനക്കുണ്ടാകരുത്. വരും കാലങ്ങളിൽ, ചിലർ കപടാത്മാക്ക ളിലും പിശാചിന്റെ പ്രബോധനങ്ങളിലും ശ്രദ്ധയർപ്പിച്ചുകൊണ്ട് വിശ്വാ സത്തിൽ നിന്ന് വ്യതിചലിക്കുമെന്ന് ആത്മാവ് വ്യക്തമായി പറയുന്നു ണ്ട്.(1 തിമോത്തി 4/1).

**നമ്മുടെ അടിസ്ഥാനവും നങ്കൂരവും യേശു**

നമുക്ക് യേശുക്രിസ്തുവിലും അവനിലൂടെ കൈവന്ന രക്ഷ യിലും നങ്കുരമുറപ്പിക്കാം, അവനിലൂടെയാണ് നാം വീണ്ടെടുക്കപ്പെട്ടത്. സത്യദൈവത്തെ ആരാധിക്കണമെന്നും വ്യാജദൈവങ്ങളെ വർജ്ജിക്ക ണമെന്നും വാഗ്ദത്തനാട്ടിലെത്തിയ തിരഞ്ഞെടുക്കപ്പെട്ട ജനത്തിനു യഹോവ നല്കിയ കല്പന അന്നത്തെപ്പോലെതന്നെ ഇന്നും പാലിക്ക പ്പെടേണ്ടതാണ്. ‘‘നിന്റെ ദൈവമായ കർത്താവു തരുന്ന ദേശത്ത് നീ വരുമ്പോൾ ആ ദേശത്തുള്ള ദുരാചാരങ്ങൾ അനുകരിക്കരുത്. മകനെയോ മകളെയോ ഹോമിക്കുന്നവൻ, പ്രാശ്നികൻ, ലക്ഷണം പറയുന്നവൻ, ആഭിചാരക്കാരൻ, മന്ത്രവാദി, വെളിച്ചപ്പാട്, ക്ഷുദ്രക്കാരൻ മൃതസന്ദേശ വിദ്യക്കാരൻ എന്നിവരാരും നിങ്ങളുടെയിടയിൽ ഉണ്ടായിരിക്കരുത്. ഇത്ത രക്കാർ കർത്താവിനു നിന്ദ്യരാണ്. അവരുടെ ഈ മ്ലേച്ഛ പ്രവർത്തികൾ നിമിത്തമാണ് അവിടുന്നവരെ നിങ്ങളുടെ മുൻപിൽ നിന്ന് നിഷ്കാസാനം ചെയ്യുന്നത്. നിന്റെ ദൈവമായ കർത്താവിന്റെ മുൻപിൽ നീ കുറ്റമറ്റവ



www.malankaralibrary.com

നായിരിക്കണം (നിയമ 18/ 9 – 13).

നാം ദൈവത്തോട് വിശ്വസ്തരായിരിക്കണം. രണ്ടുവള്ളത്തിൽ കാലൂന്നി യാത്ര ചെയ്യാനാവില്ല. 'എന്നോടുകൂടിയല്ലാത്തവൻ എനിക്ക് വിരോധിയാണ്! എന്നോടുകൂടി ശേഖരിക്കാത്തവൻ ചിതറിക്കുകയാണ്'.

**ഗൂഢവിദ്യകൾ പാപവഴികൾ**

അറിവുനേടാൻ മനുഷ്യന് അനുവദനീയമായ സാധാരണ മാർഗ്ഗങ്ങളുണ്ട്. ഇവയ്ക്കുപുറമെ ദൈവത്തിന്റെ ശക്തിയിൽ ആശ്രയിച്ചും അറിവുനേടാൻ സാധിക്കും. ഈ മാർഗ്ഗങ്ങളിലൂടെയല്ലാതെ ഭാവി സംബന്ധമായതും അല്ലാത്തതുമായ അറിവുകൾ നേടാൻ ശ്രമിക്കുന്നതിനെക്കുറിച്ചാണ് ഗൂഢവിദ്യ എന്നതുകൊണ്ട് വിവക്ഷിക്കുന്നത്. ഇത്തരം ശ്രമങ്ങൾ ദൈവകല്പനയ്ക്ക് എതിരാണ്, പാപമാണ്. "നിങ്ങൾ മന്ത്രവാദികളെയും ശകുനക്കാരെയും സമീപിച്ച് അശുദ്ധരാകരുത്. ഞാനാണ് നിങ്ങളുടെ ദൈവമായ കർത്താവ് " ലേവ്യ 19/ 31).

മന്ത്രവാദം, മാജിക്ക് തുടങ്ങിയ ദൈവശക്തിക്കെതിരായ പൈശാചിക മാർഗ്ഗങ്ങളിലൂടെ അതീന്ദ്രിയ ജ്ഞാനം തേടുന്നത് ദൈവകല്പനയുടെ ലംഘനമാണ്, ഏതുവിധത്തിലുള്ള ഭാവി പ്രവചനവും, ചീട്ട് ഉപയോഗിച്ചുള്ളതും, തത്തയെയോ മറ്റ് മൃഗങ്ങളെയോ ഉപയോഗിച്ചുള്ളതും, കൈനോട്ടം, മുഖംനോട്ടം, മഷിനോട്ടം, ഓജോബോർഡ് തുടങ്ങി ഏതെങ്കിലും മാധ്യമം ഉപയോഗിച്ചുള്ളതെല്ലാം ദൈവം നിരോധിച്ചിരിക്കുന്നതാണ്. സാവൂൾ രാജാവിന് ഇപ്രകാരമുണ്ടായ അപചയവും ശിക്ഷയും 2 സാമുവേൽ 3 ൽ നാം വായിക്കുന്നു. സത്യദൈവത്തിൽ നിന്നകന്ന് ആഭിചാരകരിൽ അഭയം തേടിയത് സാവൂളിന്റെ മരണത്തിനിടയാക്കി. അവൻ കർത്താവിന്റെ കല്പന ലംഘിക്കുകയും ആഭിചാരക്കാരുടെ ഉപദേശം തേടുകയും ചെയ്തു. സാവൂൾ കർത്താവിന്റെ ഹിതം അന്വേഷിച്ചില്ല. അവിടുന്ന് അവനെ വധിച്ചു. രാജ്യം ജെസ്സെയുടെ മകൻ ദാവീദിനെ ഏല്പിച്ചു" (1 ദിനവൃ. 10/13-14). മനാസ്സെ രാജാവിനു സംഭവിച്ചതും മറ്റൊന്നല്ല. തന്റെ പുത്രനെ ബലിയർപ്പിക്കുകയും ഭാവി പ്രവചനം, ശകുനം, ആഭിചാരം മന്ത്രവാദം എന്നിവ സ്വീകരിക്കുകയും ചെയ്തു. വളരെയധികം തിന്മചെയ്ത അവൻ കർത്താവിനെ പ്രകോപിപ്പിച്ചു "(2 രാജാ 21/6). കർത്താവ് അരുളിചെയ്യുന്നു: ജനതകളുടെ രീതി നിങ്ങൾ അനുകരിക്കരുത്; ആകാശത്തിലെ നിമിത്തങ്ങൾ കണ്ട് സംഭ്രമിക്കരുത്. ജനതകളാണ് അവയിൽ സംഭ്രമിക്കുന്നത് (ജെറ. 10/ 2). ദൈവമക്കൾ ജാതകവും, നക്ഷത്രഫലനോട്ടവും, കൈനോട്ടവും പ്രശ്നം വയ്പും, കൂട്രോത്രവും, മുഖംനോട്ടവും, രാശിചക്രവും, മുഹൂർത്തം കുറിയ്ക്കലും,



www.malankaralibrary.com

രാഹുനോട്ടവും ഓജോബോർഡും , ഭാവിപറച്ചിലും എല്ലാം ഉപേക്ഷിച്ച വരാണ്. കാരണം ദൈവം നമ്മെ യേശുക്രിസ്തുവിൽ ലോകാരംഭത്തിനുമുമ്പേ തെരഞ്ഞെടുത്തതാണ്, പാപത്തിൽ നിന്നും വീണ്ടെടുത്ത് വിശുദ്ധീകരിച്ചതാണ്, അവന്റെ തിരുരക്തത്താൽ വീണ്ടെടുത്ത് ദൈവമക്കളുടെ പദവിയിലേക്ക് ഉയർത്തിയിരിക്കുന്നതാണ്. സ്നേഹനിധിയായ പിതാവായ ദൈവം ഈ രക്ഷാകര രഹസ്യം യേശുക്രിസ്തുവിലൂടെ നമുക്ക് വെളിപ്പെടുത്തി തന്നിട്ടുള്ളതാണ്.

ഇനിമേൽ പൈശാചിക ശക്തികൾക്ക് നമ്മുടെ മേൽ യാതൊരധികാരവുമില്ല, അവന് നമ്മെ സ്പർശിക്കാനുമാവില്ല, നാം നമ്മെ തന്നെ അവന് തുറന്നുകൊടുക്കാതെ. ദൈവമക്കൾ ഉപേക്ഷിച്ചുകളഞ്ഞതിനെ നാം വീണ്ടും പിൻചെല്ലരുത്. കൂട്ടുകാരും, ബന്ധുക്കളും, അയല്ക്കാരും, അധികാരികളും, ആയ പലരും സാത്താന്റെ കയ്യിൽ ഉപകരണങ്ങളായി, നമ്മെ അതിനു പ്രേരിപ്പിച്ചേക്കാം. ദൈവമക്കളായ സത്യസഭയുടെ മക്കളായ നാം ഒരിക്കലും അതിനു വഴങ്ങരുത്.

■



www.malankaralibrary.com

# വിശുദ്ധ നാമകരണ നടപടി

**പുരോവചനം**

എല്ലാ പുരാതന അപ്പസ്തോലിക സഭകളും വിശുദ്ധരെ അംഗീകരിക്കുകയും അവരെ ആദരിക്കുകയും വണങ്ങുകയും അവരുടെ മധ്യസ്ഥം തേടുകയും ചെയ്തിരുന്നതായി പാരമ്പര്യവും ചരിത്രവും സാക്ഷ്യപ്പെടുത്തുന്നുണ്ട്. പുരാതന കാലത്ത് വിശ്വാസസമൂഹം തന്നെയാണ് വിശുദ്ധരെ തിരിച്ചറിഞ്ഞിരുന്നതും അവരോടുള്ള വണക്കം ആരംഭിച്ചതും. യേശുവിന്റെ പഠനങ്ങൾ ജീവിതത്തിൽ അച്ചട്ടായി പാലിക്കുകയും യേശുവിന്റെ ജീവിതത്തെ വീരോചിതമായി പിന്തുടരുകയും ചെയ്തവരെയാണ് വിശ്വാസസമൂഹം വിശുദ്ധരായി തിരിച്ചറിഞ്ഞ് അംഗീകരിച്ചാദരിച്ചിരുന്നതും മധ്യസ്ഥം തേടിയിരുന്നതും. കാലാന്തരത്തിൽ എല്ലാ സഭകളിലും വിശുദ്ധരുടെ നാമകരണ പ്രഖ്യാപനത്തിന് ചില നിയത നടപടിക്രമങ്ങൾ രൂപപ്പെട്ടു. എന്നാൽ, പരിശുദ്ധ കത്തോലിക്കാ സഭയിൽ നിലവിലുള്ളതുപോലെ നിയതവും ശക്തവും വിശദവും തെറ്റുകൾക്കതീതവുമായ നടപടിക്രമങ്ങൾ മറ്റൊരു സഭയിലും ദൃശ്യമല്ല. നൂറ്റാണ്ടുകളിലൂടെ രൂപപ്പെട്ടുവന്ന ശക്തമായ ഒരു നടപടിക്രമമാണ് പരിശുദ്ധ കത്തോലിക്കാ സഭയിൽ ഇന്നുള്ളത്. നാലു നൂറ്റാണ്ടിലധികം പഴക്കമുള്ള ഈ നടപടിക്രമങ്ങളിൽ കാലാകാലങ്ങളിൽ പരിശുദ്ധ മാർപാപ്പാമാർ കാലോചിതമായ വ്യതിയാനങ്ങൾ നടപ്പിൽ വരുത്താറുണ്ട്.

ദൈവവചനത്തിന് പ്രാമാണിത്തം നൽകുന്നു എന്നവകാശപ്പെടുന്ന 'പ്രോട്ടസ്റ്റന്റ് സഭകളും' 'നവീകരണക്കാ'രെന്നവകാശപ്പെടുന്ന ചില ആധുനിക കൂട്ടായ്മകളും ദൈവവചനം അച്ചട്ടായി ജീവിതത്തിൽ അനുവർത്തിച്ച യേശുവിന്റെ ജീവിതത്തെ യഥാർത്ഥത്തിൽ പിൻചെന്നവരായ വിശുദ്ധരെന്ന് വിശ്വാസ സമൂഹവും സഭയിലെ ശ്ലൈഹികാധികാരവും തിരിച്ചറിഞ്ഞ് അംഗീകരിച്ചവരെ അംഗീകരിക്കുന്നതിലും ആദരിക്കുന്നതിലും വിമുഖത കാട്ടുകയും അവരെ അനാദരിക്കുകയും അധിക്ഷേപിക്കുകയും ചെയ്യുന്നത് വിരോധാഭാസമായിരിക്കുന്നു.



www.malankaralibrary.com

ആരാണ് സഭയിൽ വിശുദ്ധരെന്നറിയപ്പെടുന്നതെന്നും എപ്രകാരമാണ് ഒരാളെ സഭയിൽ വിശുദ്ധനെന്ന് കണ്ടെത്തി പ്രഖ്യാപിക്കുന്നതെന്നും വിശുദ്ധ നാമകരണ പ്രഖ്യാപനം വഴി സഭ എന്താണ് വിവക്ഷിക്കുന്നതെന്നുമുള്ള ഒരു വിശദീകരണമാണ് ഈ ലേഖനത്തിന്റെ ഉള്ളടക്കം.

**അല്പം പഴയകാര്യം**

യഹൂദമതഗ്രന്ഥങ്ങളിലോ ക്രിസ്തുമതഗ്രന്ഥങ്ങളിലോ '**വിശുദ്ധപദവി**'യെക്കുറിച്ചുള്ള പരാമർശങ്ങൾ കാണുന്നില്ല. എന്നാൽ, ക്രിസ്തുമതത്തിന്റെ പ്രാരംഭകാലത്തുതന്നെ യേശുവിനെയും അപ്പസ്തോലൻമാരെയും വണങ്ങിയിരുന്നതായി കാണുന്നുണ്ട്. പിൽക്കാലങ്ങളിൽ വിശ്വാസസംരക്ഷണത്തിനായി പീഡകൾ സഹിച്ചവരെയും രക്തസാക്ഷികളായവരെയും വണങ്ങിയിരുന്നതായി സഭാചരിത്രം സാക്ഷിക്കുന്നു. ആദ്യനൂറ്റാണ്ടുകളിലെ മതപീഡനങ്ങൾ അവസാനിച്ചപ്പോൾ താപസരെയും സന്യാസികളെയും പൊതുവിൽ വീരോചിത വിശ്വാസജീവിതം നയിച്ചവരെന്നു കരുതിയവരെയും വണങ്ങിയിരുന്നതായി ചരിത്രത്തിൽ കാണുന്നു. ചരിത്രപരമായ ഈ രൂപാന്തരമാണ് വിശുദ്ധ പദവിയെക്കുറിച്ചുള്ള ക്രൈസ്തവ ചിന്താധാരയ്ക്ക് രൂപം നൽകുന്നതിനിടയാക്കിയത്.

**ആരാണ് വിശുദ്ധൻ ?**

വിശുദ്ധ(ൻ) എന്ന് സഭ പറയുന്നത് മരണത്തിലൂടെ ദൈവസന്നിധിയിലേക്ക്, അഥവാ സ്വർഗ്ഗത്തിലേക്ക് പ്രവേശിച്ചവരെയാണ്. **അവർ ദൈവസന്നിധിയിൽ ദൈവത്തോടൊപ്പം അവനെ മുഖാഭിമുഖം കണ്ടുകൊണ്ടിരിക്കുന്നു. അവരുടെ മധ്യസ്ഥം തേടുന്നവർക്ക് ദൈവത്തിൽ നിന്നും അനുഗ്രഹങ്ങൾ നേടിക്കൊടുക്കുവാൻ കരുത്തുള്ളവരുമാണവർ. അവർ ദൈവത്തോടൊപ്പം നിത്യസൗഭാഗ്യത്തിൽ ആയിരിക്കുന്നു എന്നർത്ഥം.**

ഒരാളെ മാർപാപ്പാ വിശുദ്ധനായി പ്രഖ്യാപിച്ചു, എന്നതുകൊണ്ട് നാം എന്താണു മനസിലാക്കുന്നത്. **മാർപാപ്പായുടെ പ്രഖ്യാപനം മൂലം അദ്ദേഹം വിശുദ്ധരായി എന്നാണോ ? അല്ല, മാർപാപ്പായുടെ പ്രഖ്യാപനം കൊണ്ടല്ല ഒരാൾ വിശുദ്ധനോ വിശുദ്ധയോ ആകുന്നത്. മറിച്ച് വിശുദ്ധൻ അഥവാ വിശുദ്ധ ആയതുകൊണ്ട് മാർപാപ്പാ അത് ഔദ്യോഗികമായി പരസ്യമായി പ്രഖ്യാപിക്കുന്നു എന്നു മാത്രം. അദ്ദേഹം നിശ്ചയമായും സ്വർഗ്ഗത്തിൽ ദൈവത്തോടൊപ്പം ആണെന്ന് തന്റെ ശ്ലൈഹികാധികാരമുപയോഗിച്ച് മാർപാപ്പാ ഖണ്ഡിതമായി പ്രഖ്യാപിക്കുന്നു. അദ്ദേഹം ദൈവത്തോടൊപ്പം നിത്യസൗഭാഗ്യത്തിലായതുകൊണ്ട്**



www.malankaralibrary.com

**ഭൂമിയിലായിരിക്കുന്ന നമുക്കുവേണ്ടി ദൈവതിരുമുമ്പാകെ മധ്യസ്ഥം തേടാൻ സാധിക്കുമെന്നും ഈ പ്രഖ്യാപനം വ്യക്തമാക്കുന്നു.**
വിശുദ്ധയെന്നോ വിശുദ്ധനെന്നോ മാർപാപ്പാ(സഭ) ഔദ്യോഗികമായി പ്രഖ്യാപിച്ചവർ മാത്രമേ സ്വർഗ്ഗത്തിലെത്തിയിട്ടുള്ളൂ എന്നു സഭ പറയുന്നില്ല. എന്നാൽ വിശുദ്ധ അല്ലെങ്കിൽ വിശുദ്ധൻ എന്ന് മാർപാപ്പ (സഭ)ഔദ്യോഗികമായി പ്രഖ്യാപിച്ചവർ നിശ്ചയമായും സ്വർഗ്ഗത്തിൽ ദൈവത്തോടൊപ്പം നിത്യസൗഭാഗ്യത്തിൽ ആയിരിക്കുന്നു എന്ന് സഭ ഖണ്ഡിതമായി പഠിപ്പിക്കുന്നു.

സർവ്വമനുഷ്യരെയും വിശുദ്ധിയിലേക്ക്, ദൈവത്തോടൊപ്പമുള്ള നിത്യസൗഭാഗ്യത്തിലേക്ക് നയിക്കുക എന്നതാണ് സഭയുടെ ലക്ഷ്യം. സഭയുടെ എല്ലാ ശുശ്രൂഷകളും ഈ ലക്ഷ്യത്തിലേക്ക് മനുഷ്യരെ നയിക്കുന്നതിനുതകുന്നതായിരിക്കണം. എല്ലാ മനുഷ്യരും വിശുദ്ധിയിലേക്ക് വിളിക്കപ്പെട്ടിരിക്കുന്നു എന്നാണ് സഭ പഠിപ്പിക്കുന്നത്. സഭാമക്കളെ എല്ലാവരെയും പൂർണതയിലേക്ക് നയിക്കുക, വിശുദ്ധിയിൽ വളർത്തുക എന്നതാണ് സഭയുടെ ദൗത്യം.

സഭ ഒരു വ്യക്തിയെ വിശുദ്ധയോ വിശുദ്ധനോ ആക്കി എന്ന് സാധാരണ ഭാഷയിൽ പറയുമെങ്കിലും സാങ്കേതികാർത്ഥത്തിൽ ഇത് ശരിയല്ല. ആരെയെങ്കിലും വിശുദ്ധനോ വിശുദ്ധയോ ആക്കാൻ സഭയ്ക്ക് സാധ്യമല്ല. എന്നാൽ, ഒരാൾ ദൈവത്തോടുകൂടി സ്വർഗത്തിൽ ആണോ, അതായത് വിശുദ്ധനോ വിശുദ്ധയോ ആണോ എന്നു തിരിച്ചറിഞ്ഞ് പരസ്യമായും ഔദ്യോഗികമായും പ്രഖ്യാപിക്കാൻ സാധിക്കും. **പൂർണ്ണതയിലേക്കുള്ള സഭാമക്കളുടെ ജീവിത പ്രയാണത്തിൽ മാതൃകകളായും അനുകരണയോഗ്യരായും വിശുദ്ധരെന്നു പ്രഖ്യാപിക്കുന്നവരെ സഭ ഉയർത്തിക്കാണിക്കുക കൂടിയാണ് ചെയ്യുന്നത്.** സഭ വിശുദ്ധനെയോ വിശുദ്ധയെയോ സൃഷ്ടിക്കുന്നില്ല. ദൈവമാണ് ഒരാളെ വിശുദ്ധനോ വിശുദ്ധയോ ആക്കുന്നത്. സഭ അവളുടെ അന്വേഷണത്തിലൂടെ അതു കണ്ടെത്തുകയും ഔദ്യോഗികമായി പരസ്യമായി പ്രഖ്യാപിക്കുകയും ചെയ്യുന്നു എന്നു മാത്രം.

**നാമകരണ നടപടികൾ**

വിശുദ്ധരുടെ നാമകരണത്തിന് പരിശുദ്ധ കത്തോലിക്കാ സഭ ചില നടപടിക്രമങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. സാധാരണയായി വിശുദ്ധ നാമകരണത്തിനുള്ള നടപടികൾ ആരംഭിക്കുന്നത് ഒരു വ്യക്തിയുടെ മരണത്തിന് അഞ്ചു വർഷങ്ങൾക്കു ശേഷമായിരിക്കും. അദ്ദേഹത്തെക്കുറിച്ച് വിശ്വാസികളുടെ ഇടയിൽ 'വിശുദ്ധൻ' എന്ന ഖ്യാതി കുറവു വരാതെ



www.malankaralibrary.com

നിലനിൽക്കുന്നു എന്ന ഉറപ്പുവരുത്താൻ വേണ്ടിയാണീ നിബന്ധന വച്ചിരിക്കുന്നത്. (മദർ തെരേസായുടെ കാര്യത്തിൽ ജോൺ പോൾ രണ്ടാമൻ മാർപാപ്പായും, ജോൺ പോൾ രണ്ടാമൻ മാർപാപ്പായുടെ കാര്യത്തിൽ ബനഡിക്ട് പതിനാറാമൻ മാർപാപ്പായും ഈ നിബന്ധനയിൽ ഇളവ് അനുവദിച്ചിരുന്നു).

നാമകരണ നടപടികൾ ആരംഭിക്കുവാൻ രൂപതാധ്യക്ഷന് അപേക്ഷ നൽകുന്നത് ആ വ്യക്തിയുടെ വികാരിയോ സമൂഹാധ്യക്ഷയോ സമൂഹാധ്യക്ഷനോ ആയിരിക്കും. രൂപതാധ്യക്ഷൻ അപേക്ഷ ഔദ്യോഗികമായി സ്വീകരിച്ച് നടപടികൾ ആരംഭിക്കുവാനുള്ള അനുവാദത്തിനായി റോമിലേക്ക് അപേക്ഷിക്കുന്നു. വിശുദ്ധരുടെ നാമകരണത്തിനുള്ള വത്തിക്കാൻ കാര്യാലയത്തിന്റെ അനുവാദം ലഭിച്ചുകഴിയുമ്പോൾ നാമകരണത്തിനുള്ള നടപടിക്രമങ്ങൾ ആരംഭിക്കുന്നു. അന്നു മുതൽ പ്രസ്തുത വ്യക്തി ദൈവദാസി അല്ലെങ്കിൽ ദൈവദാസൻ എന്നായിരിക്കും അഭിസംബോധന ചെയ്യപ്പെടുന്നത്. (മലങ്കര പുനരൈക്യ പ്രണേതാവ് പണിക്കരുവീട്ടിൽ ഗീവർഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ നാമകരണ നടപടികൾ ഇപ്പോൾ ഈ ഘട്ടത്തിലാണ്. അതുകൊണ്ടാണ് അദ്ദേഹത്തെ ദൈവദാസൻ എന്നു വിളിക്കുന്നത്).

രൂപതാധ്യക്ഷൻ പ്രസ്തുത വ്യക്തിയുടെ ജീവിതത്തെ സംബന്ധിച്ച് ലഭ്യമായ അറിവുകളും തെളിവുകളും, സാക്ഷികളിൽ നിന്നും ഗ്രന്ഥങ്ങളിൽ നിന്നും പ്രസംഗങ്ങളിൽ നിന്നും പ്രബോധനങ്ങളിൽ നിന്നും ശേഖരിക്കുന്നു. അദ്ദേഹത്തിന്റെ ജീവിതം ഒരു വിശുദ്ധന്റേതായിരുന്നു എന്ന് രൂപതാധ്യക്ഷന് ബോധ്യമാകുന്നെങ്കിൽ ശേഖരിച്ച അറിവുകളും രേഖകളുമെല്ലാം വിശുദ്ധരുടെ നാമകരണത്തിനു വേണ്ടിയുള്ള വത്തിക്കാൻ കാര്യാലയത്തിൽ സമർപ്പിക്കും. വത്തിക്കാൻ കാര്യാലയത്തിന് പ്രസ്തുത അപേക്ഷ സ്വീകരിക്കുകയോ തിരസ്കരിക്കുകയോ ചെയ്യാം. അപേക്ഷയുടെയും ലഭ്യമായ രേഖകളുടെയും അറിവിന്റെയും വെളിച്ചത്തിൽ **പ്രസ്തുത വ്യക്തിയുടെ വ്യക്തി ജീവിതത്തെക്കുറിച്ച് വത്തിക്കാൻ കാര്യാലയം വിശദമായ അന്വേഷണവും പഠനവും നടത്തും. പ്രസ്തുത വ്യക്തി വീരോചിതമായ ക്രിസ്തീയ ജീവിതമാണ് നയിച്ചിരുന്നത് എന്ന് വത്തിക്കാൻ കാര്യാലയം അംഗീകരിക്കുന്നതോടുകൂടി ആ വ്യക്തി ധന്യ അല്ലെങ്കിൽ ധന്യൻ എന്നായിരിക്കും അഭിസംബോധന ചെയ്യപ്പെടുക.** ഇത് ആ വ്യക്തി സ്വർഗത്തിലാണെന്നുള്ള അംഗീകാരമോ ആ വ്യക്തി പരിപൂർണനാണെന്നോ പാപം ചെയ്യാത്ത ആളാണെന്നോ ഉള്ള പ്രഖ്യാപനമോ അല്ല. **പ്രസ്തുത വ്യക്തി ഈ**



www.malankaralibrary.com

**ലോകത്തിൽ ജീവിച്ചിരുന്നപ്പോൾ നന്മയിൽ വളരുവാനും സ്വർഗോന്മുഖമായി ജീവിക്കുവാനും പരിശ്രമിച്ചിരുന്നു എന്ന സഭ അംഗീകരിക്കുന്നു എന്നു മാത്രമേ ഇതുകൊണ്ട് അർത്ഥമാക്കുന്നുള്ളു.**

ഒരു വ്യക്തി സ്വർഗത്തിൽ ദൈവത്തോടൊപ്പം നിത്യസൗഭാഗ്യത്തിലാണെന്ന് അംഗീകരിക്കുന്നതിന് പ്രസ്തുത വ്യക്തിയുടെ മധ്യസ്ഥതയിൽ ഒരു അത്ഭുതമെങ്കിലും നടന്നതായി ഖണ്ഡിതമായി തെളിയിക്കപ്പെടണം. സാധാരണയായി ഈ അത്ഭുതം ഒരു രോഗസൗഖ്യമായിരിക്കും. രോഗസൗഖ്യം തൽക്ഷണമുള്ളതും പൂർണവും സ്ഥിരവുമായിരിക്കണം. കൂടാതെ സ്വാഭാവികമായോ ശാസ്ത്രീയമായോ വിശദീകരിക്കാൻ സാധിക്കാത്തതുമായിരിക്കണം. പ്രസ്തുത അത്ഭുതങ്ങളെ സ്വതന്ത്രമായി ഒരു ഗണം ഭിഷഗ്വരന്മാർ സ്വാഭാവികവും ശാസ്ത്രീയവുമായ വിശദീകരണത്തിന് അതീതമാണെന്ന് വിധിയെഴുതണം. തുടർന്ന് ഈ അത്ഭുതം ദൈവശാസ്ത്രജ്ഞരുടെ ഒരു സംഘം അംഗീകരിക്കണം. ഇത് ദൈവിക ഇടപെടൽ കൊണ്ടുള്ള അത്ഭുതകരമായ സൗഖ്യമാണെന്നും ഇത് ഈ വ്യക്തിയുടെ മാത്രം മധ്യസ്ഥതയാൽ സംഭവിച്ചിട്ടുള്ളതാണെന്നും ദൈവശാസ്ത്രജ്ഞരുടെ സംഘം വിധിയെഴുതണം. അവസാനമായി ഈ അത്ഭുതം പരിശുദ്ധ മാർപാപ്പാ അംഗീകരിക്കണം. **ഇത്രയുമാകുമ്പോൾ പ്രസ്തുത വ്യക്തി വാഴ്ത്തപ്പെട്ടവൾ അല്ലെങ്കിൽ വാഴ്ത്തപ്പെട്ടവൻ എന്നു പ്രഖ്യാപിക്കപ്പെടും.** വിശുദ്ധ അല്ലെങ്കിൽ വിശുദ്ധൻ എന്നു നാമകരണം ചെയ്ത് പ്രഖ്യാപിക്കപ്പെടുന്നതിന് രണ്ടാമത് ഒരു അത്ഭുതം കൂടി സ്ഥിരീകരിക്കണം. ഇതിന്റെ സ്ഥിരീകരണത്തിനു മുമ്പ് സൂചിപ്പിച്ച എല്ലാ നടപടിക്രമങ്ങളും വീണ്ടും പൂർത്തിയാക്കേണ്ടതുണ്ട്.

ജീവിച്ചിരുന്നതായി തെളിവുള്ളവരെ മാത്രമേ വിശുദ്ധ നാമകരണ നടപടികളിലേക്ക് പരിഗണിക്കുകയുള്ളു. പ്രസ്തുത വ്യക്തിയുടെ ജീവിതം വളരെ വിശദമായി പരിശോധനയ്ക്ക് വിധേയമാക്കും. അയാളുടെ വ്യക്തി ജീവിതം, പൊതുസമ്മതി, പ്രവർത്തനങ്ങൾ തുടങ്ങിയവ തലനാരിഴകീറിയുള്ള പരിശോധനകൾക്ക് വിധേയമാക്കപ്പെടും. പ്രസ്തുത വ്യക്തി അതുവരെ വിശുദ്ധ അല്ലെങ്കിൽ വിശുദ്ധൻ എന്നു പ്രഖ്യാപിക്കപ്പെട്ടിട്ടില്ല എന്ന് ഉറപ്പാക്കുകയും ചെയ്യേണ്ടതുണ്ട്. അയാളുടെ പ്രസംഗങ്ങൾ, കത്തുകൾ, ലേഖനങ്ങൾ, ഗ്രന്ഥങ്ങൾ തുടങ്ങിയവയെല്ലാം വിശദമായി പരിശോധനയ്ക്ക് വിധേയമാക്കും. അത്ഭുതസ്ഥിരീകരണത്തിന് ശാസ്ത്രജ്ഞരുടെയും മനഃശാസ്ത്രജ്ഞരുടെയും ഭിഷഗ്വരന്മാരുടെയും സംഘം ഉണ്ടായിരിക്കണം. പ്രസ്തുത



www.malankaralibrary.com

സംഘത്തിൽ അകത്തോലിക്കരും അക്രൈസ്തവരും നിരീശ്വരർ പോലും അംഗങ്ങളായിരിക്കാം. നിരീക്ഷണ വിധേയമായ സൗഖ്യം അത്ഭുതമാണെന്ന് അവർ പ്രഖ്യാപിക്കേണ്ടതില്ല. എന്നാൽ സാധാരണ രീതിയിലും ശാസ്ത്ര ദൃഷ്ടിയിലും അസാധ്യമായ കാര്യമാണ് ഈ സൗഖ്യത്തിൽ സംഭവിച്ചിരിക്കുന്നത് എന്നു സ്ഥിരീകരിച്ചാൽ മതി.

അത്ഭുതകരമായ സൗഖ്യത്തിനു പുറമേ മറ്റു ചിലകാര്യങ്ങൾകൂടി പ്രസ്തുത സംഘങ്ങൾ പരിശോധനാവിധേയമാക്കുന്നുണ്ട്. മൃതശരീരം ചീഞ്ഞു നശിച്ചുപോകാതെയിരിക്കുന്നുണ്ടോ ? മൃതശരീരമോ അദ്ദേഹം ഉപയോഗിച്ചിരുന്ന ഏതെങ്കിലും വസ്തുക്കളോ സ്ഥലമോ സുഗന്ധം പുറപ്പെടുവിക്കുന്നുണ്ടോ ? അദ്ദേഹത്തിന്റെ ഉണങ്ങിയ രക്തം മരണദിവസമോ അദ്ദേഹവുമായി ബന്ധപ്പെട്ട ഏതെങ്കിലും ദിവസമോ ദ്രവരൂപമാകുന്നുണ്ടോ തുടങ്ങിയ കാര്യങ്ങൾ.

വിശുദ്ധ നാമകരണ പ്രഖ്യാപനം നടത്തുന്നത് പരിശുദ്ധ മാർപാപ്പാ ആയിരിക്കും. വത്തിക്കാനിൽ വച്ചായിരിക്കും ഈ പ്രഖ്യാപനം സാധാരണ നടത്തുന്നത്. ചില പ്രത്യേക സന്ദർഭങ്ങളിൽ വിശുദ്ധന്റെ സ്വദേശത്തുവച്ചും മരണസ്ഥലത്തുവച്ചും പ്രഖ്യാപനം നടത്താറുണ്ട്.

**വാഴ്ത്തപ്പെട്ടവനും വിശുദ്ധനും തമ്മിലുള്ള വ്യത്യാസം**

വാഴ്ത്തപ്പെട്ടവൻ അഥവാ വാഴ്ത്തപ്പെട്ടവൾ എന്നു പ്രഖ്യാപിച്ചുകഴിഞ്ഞാൽ പ്രസ്തുത വ്യക്തി പൊതുവണക്കത്തിന് അർഹൻ/അർഹ ആകുന്നു. എന്നാൽ അത് ഏതെങ്കിലും ചില പ്രത്യേക സ്ഥലങ്ങളിലേക്കും സമൂഹങ്ങളിലേക്കും പരിമിതപ്പെടുത്തിയിരിക്കും. സാർവ്വത്രികമായ വണക്കത്തിന് അർഹരാകുന്നില്ല. കാരണം, **വാഴ്ത്തപ്പെട്ടവൻ എന്ന പ്രഖ്യാപനം മാർപാപ്പായുടെ തെറ്റാവരം അഥവാ അപ്രമാദിത്വം ഉപയോഗിച്ചുള്ള പ്രഖ്യാപനമായിട്ടല്ല പരിഗണിക്കപ്പെടുന്നത്**. ഈ ദർശനം വ്യക്തമാക്കാനാണ് പരിശുദ്ധ ബനഡിക്ട് പതിനാറാമൻ മാർപാപ്പാ പരിശുദ്ധ പോൾ ആറാമൻ മാർപാപ്പായുടെ കാലത്തിനു മുമ്പുവരെ നിലവിലുണ്ടായിരുന്നതും പിന്നീട് വ്യതിയാനപ്പെടുത്തിയതുമായ ഒരു പാരമ്പര്യം വാഴ്ത്തപ്പെട്ടവൻ എന്ന പ്രഖ്യാപനത്തെ സംബന്ധിച്ച് പുനസ്ഥാപിച്ചത്. ഇതനുസരിച്ച് പരിശുദ്ധ മാർപാപ്പായല്ല, പ്രത്യുത, വിശുദ്ധരുടെ നാമകരണത്തിനു വേണ്ടിയുള്ള തിരുസംഘത്തിന്റെ അധ്യക്ഷനായ കർദ്ദിനാൾ ആയിരിക്കും വാഴ്ത്തപ്പെട്ടവൻ എന്ന് പ്രഖ്യാപനം നടത്തുന്നത്. (വിശുദ്ധ അൽഫോൻസാമ്മയെയും വാഴ്ത്തപ്പെട്ട ചാവറകുറിയാക്കോസ് ഏലിയാസച്ചനെയും വാഴ്ത്തപ്പെട്ടവരായി പ്രഖ്യാപിച്ചത് പരിശുദ്ധ ജോൺ



www.malankaralibrary.com

പോൾ രണ്ടാമൻ മാർപാപ്പാ കോട്ടയത്തു വച്ചായിരുന്നു. തന്റെ മുൻഗാമിയായ ജോൺ പോൾ രണ്ടാമൻ മാർപാപ്പായെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ചത് പരിശുദ്ധ ബനഡിക്ട് പതിനാറാമൻ മാർപാപ്പായായിരുന്നു. ഇവയൊക്കെ സാധാരണ പതിവിനു വിപരീതമായ ചില നടപടികളായിരുന്നു).

വിശുദ്ധനാമ പ്രഖ്യാപനം പരിശുദ്ധ മാർപാപ്പാ നേരിട്ടാണ് നടത്തുന്നതെന്ന് മുമ്പ് സൂചിപ്പിച്ചിരുന്നു. ഈ പ്രക്രിയയിൽ പരിശുദ്ധാത്മാവ് പരിശുദ്ധ മാർപാപ്പായെ തെറ്റാവരം നൽകി സംരക്ഷിക്കുന്നു. വിശുദ്ധ നാമകരണ  പ്രഖ്യാപനത്തോടുകൂടി അദ്ദേഹം സാർവത്രിക സഭയിൽ പൊതുവണക്കത്തിന് അർഹത നേടുന്നു. വിശുദ്ധനായി പ്രഖ്യാപിക്കപ്പെട്ടയാളെ മാർപാപ്പാ വിശുദ്ധനാക്കുകയാണെന്നുള്ളത് തെറ്റായ ധാരണയാണ്. *നാമകരണം നടത്തപ്പെട്ട വ്യക്തി വിശുദ്ധനാണെന്നും ദൈവത്തോടൊപ്പമാണെന്നും യേശുവിനെ യഥാർത്ഥമായി പിൻചെല്ലുന്നതിൽ വിശ്വാസ സമൂഹത്തിന് ഉത്തമ മാതൃകയാണെന്നും തിരിച്ചറിഞ്ഞ് പ്രഖ്യാപിക്കുക മാത്രമാണ് പരിശുദ്ധ മാർപാപ്പാ ചെയ്യുന്നത്.*

**അല്പം ചരിത്രം**

പത്താം  നൂറ്റാണ്ടിലാണ് പരിശുദ്ധ മാർപാപ്പ നേടിട്ട് ഒരാളെ വിശുദ്ധനായി പ്രഖ്യാപിക്കുന്നതായി ചരിത്രരേഖകളിൽ കാണുന്നത്. അതുവരെ വിശുദ്ധരെ പ്രാദേശികമായി വിശ്വാസികൾ സ്വാഭാവികമായി തിരിച്ചറിഞ്ഞ് വണങ്ങിയിരുന്നതായാണ് പാരമ്പര്യങ്ങളിൽ കാണുന്നത്.

ജർമ്മനിയിലെ ഭരണാധികാരിയുടെ അപേക്ഷപ്രകാരം 993 ജനുവരി 31-ാം തീയതി ജോൺ പതിനഞ്ചാമൻ മാർപാപ്പാ ഓക്സ്ബർഗിലെ മെത്രാനായിരുന്ന ഉൾറിക്കിനെ വിശുദ്ധനായി പ്രഖ്യാപിച്ചതാണ് സഭയിൽ മാർപാപ്പാ നടത്തുന്ന ആദ്യത്തെ വിശുദ്ധനാമ പ്രഖ്യാപനമായി കാണുന്നത്. പിന്നീട് ജോൺ പതിനെട്ടാമൻ  മാർപാപ്പാ (1003 -1009) പോളണ്ടിലെ അഞ്ച് രക്തസാക്ഷികളെ വിശുദ്ധരായി പ്രഖ്യാപിച്ചതായി കാണുന്നു. ബനഡിക്ട് എട്ടാമൻ  മാർപാപ്പ (1012 -1024 ) അർമ്മേനിയൻ സന്യാസിയായിരുന്ന സിമയോണേ വിശുദ്ധനായി പ്രഖ്യാപിച്ചതായി രേഖകളിൽ കാണുന്നുണ്ട്. എന്നാൽ ഇന്നസെന്റ് മൂന്നാമൻ മാർപാപ്പയാണ് (1198- 1216) വിശുദ്ധരുടെ നാമകരണ പ്രഖ്യാപനത്തിനുള്ള അധികാരം മാർപാപ്പായ്ക്കായിരിക്കുമെന്ന് ആദ്യമായി പ്രഖ്യാപിച്ചത്. 1170 - ൽ അലക്സാണ്ടർ  മൂന്നാമൻ മാർപാപ്പാ (1159- 1181) നിയമം മൂലം വിശുദ്ധ നാമകരണ പ്രഖ്യാപനത്തിനുള്ള  അധികാരം മാർപാപ്പായ്ക്കു മാത്രമായിരിക്കുമെന്ന് കല്പന പുറപ്പെടുവിച്ചു. വത്തിക്കാൻ തിരുസംഘത്തിന്റെ ഇട



www.malankaralibrary.com

പെടലും അന്വേഷണവും ഇല്ലാതെ വിശുദ്ധ നാമകരണ നടപടികൾ പൂർത്തിയാക്കാനാവില്ലെന്ന ഉർബെൻ എട്ടാമൻ മാർപാപ്പാ 1634 ൽ നിശ്ച യിച്ചു. 1588 ൽ സിക്സ്റ്റസ് അഞ്ചാമൻ മാർപാപ്പായാണ് (1585– 1590) വിശു ദ്ധരുടെ നാമകരണത്തിനുവേണ്ടിയുള്ള തിരുസംഘം സ്ഥാപിച്ചത്. പിന്നീട് കാലാകാലങ്ങളിൽ മാർപാപ്പാമാർ വിശുദ്ധ നാമകരണ നടപടികളിൽ കാലോചിതമായ പരിഷ്കാരങ്ങൾ വരുത്തിയിട്ടുണ്ട്. ഇന്ന് സഭയിൽ കാലോചിതവും ആക്ഷേപരഹിതവും ആധികാരികവും ശക്തവുമായ നാമകരണ നടപടിക്രമങ്ങൾ നിലവിലിരിക്കുന്നു.

**സമാപനവചനം**

ആദരവും ബഹുമാനവും വണക്കവും ആരാധനയുമായി കൂട്ടി ക്കുഴയ്ക്കരുത് എന്നൊരു മുന്നറിയിപ്പോടുകൂടി സമാപിപ്പിക്കാം എന്നു കരുതുന്നു. ആദരവും ബഹുമാനവും വണക്കവുമൊക്കെ വിശുദ്ധരോടു കാണിക്കുമ്പോൾ ആരാധന ദൈവത്തിനു മാത്രം അർഹതപ്പെട്ടതാണെ ന്നുള്ള സഭയുടെ പഠനം ശ്രദ്ധിക്കപ്പെടാതെ പോകരുത്. നാം വിശുദ്ധ രോടല്ല പ്രാർത്ഥിക്കുന്നത് അവരോടൊത്ത് ദൈവത്തോടാണ് പ്രാർത്ഥി ക്കുന്നത്. മരണത്തോടുകൂടി മനുഷ്യജീവിതം അവസാനിക്കുന്നില്ല, ജീവി തത്തിന് ഒരു അവസ്ഥാഭേദം സംഭവിക്കുക മാത്രമാണുണ്ടാകുന്നത്. **നന്മയിൽ ജീവിച്ചവരെയും യേശുവിലുള്ള വിശ്വാസത്തിലും പ്രത്യാ ശയിലും മരിച്ചവരെയും കുറിച്ച് വിശുദ്ധ ഗ്രന്ഥം പറയുന്നത് അവർ യേശുവിന്റെ പുനരുത്ഥാനത്തിൽ പങ്കാളികളാകുന്നു എന്നാണ്.**

ഈ ലോകത്ത് ക്രിസ്ത്യാനികൾ ഒന്നിച്ച് ജീവിക്കുമ്പോൾ നാം അന്യോന്യം കൂട്ടായ്മയിലും ബന്ധത്തിലുമാണ്. ഒരാളുടെ മരണത്തോ ടുകൂടി ഈ കൂട്ടായ്മയും ബന്ധവും അവസാനിക്കുന്നില്ല. മരണത്തിനു ശേഷം സ്വർഗ്ഗത്തിലായിരിക്കുന്ന വിശുദ്ധരും ഈ ലോകത്തിലായിരി ക്കുന്ന സഭാമക്കളായ നാമുമായി കൂട്ടായ്മയിലായിരിക്കുന്നു എന്നാണ് നാം വിശ്വസിക്കുന്നത്. അതുകൊണ്ട് **ഭൂമിയിലായിരിക്കുന്ന ഒരു സ്നേഹിതനോടോ ബന്ധുവിനോടോ നമുക്കുവേണ്ടി പ്രാർത്ഥിക്കണ മെന്ന് ആവശ്യപ്പെടുന്നതുപോലെ വിശുദ്ധരോടും പ്രാർത്ഥന ആവ ശ്യപ്പടാൻ നമുക്ക് സാധിക്കും.** ഇതാണ് പരിശുദ്ധ കത്തോലിക്കാ സഭ യുടെ പഠിപ്പിക്കൽ. ഇത് സാമാന്യ ബുദ്ധിക്കു നിരക്കുന്നതും ദൈവവച നാധിഷ്ഠിതവും സഭയുടെ പാരമ്പര്യങ്ങൾക്കനുസൃതവുമാണ്.

നമുക്ക് വിശുദ്ധരുടെ മധ്യസ്ഥം യാചിക്കാം. നമുക്കും വിശുദ്ധ രാകാൻ ശ്രമിക്കാം. അതിനാണല്ലോ നാം വിളിക്കപ്പെട്ടിരിക്കുന്നത്.

■



www.malankaralibrary.com

# ഭാരത സഭാരാമത്തിലെ പനിനീർ പുഷ്പ്പങ്ങൾ

**2010** ഓഗസ്റ്റ് മാസത്തിൽ ഭൂവനമാകെ പരിശുദ്ധിയുടെ പരിമളം പരത്തുന്ന രണ്ട് അരുമസന്താനങ്ങളുടെ ജന്മശതാബ്ദി ഭാരത സഭ കൊണ്ടാടി. രണ്ടുപേരും സമർപ്പിത സന്യാസികളായ വിശുദ്ധർ - വിശുദ്ധ അൽഫോൻസാമ്മയും വിശുദ്ധ മദർ തെരേസായും. ഭാരത കത്തോലിക്കാ സഭയെക്കുറിച്ചും സഭയിലെ സമർപ്പിത ജീവിതത്തെക്കുറിച്ചും ഭാരതമാസകലവും ലോകം മുഴുവനിലും ഖ്യാതി പരത്തിയ രണ്ട് സൂനങ്ങൾ. ഇവരുടെ പരിശുദ്ധ ജീവിതങ്ങൾ ധ്യാനവിചിന്തനമാക്കാം ഒരു നിമിഷം. രണ്ടുപേരുടെയും ജീവിത ലക്ഷ്യം ഒന്നായിരുന്നു. ദൈവത്തെ ശുശ്രൂഷിക്കുക, വിശുദ്ധരാകുക. അതിനവർ സ്വീകരിച്ച മാർഗ്ഗം യേശുവിന്റെ മണവാട്ടിയായി സമർപ്പിത ജീവിതം നയിക്കുക. ഒരാൾ തപസിന്റെ സമർപ്പണവഴിയിലൂടെ പൂർണ്ണത നേടിയപ്പോൾ മറ്റേ ആൾ ശുശ്രൂഷയുടെ സമർപ്പണ വഴിയിലൂടെ പിതാവിന്റെ പൂർണ്ണത തേടി. രണ്ടുപേരും പൂർണ്ണത പുല്കി എന്ന് സഭ പ്രഖ്യാപിക്കുന്നു. യേശുപാദത്തിലിരുന്ന് ദിവ്യവചസുകൾ ശ്രവിക്കുന്ന ബഥനിയിലെ മറിയത്തെയും ഓടി നടന്ന് ഗുരുവിനെ ശുശ്രൂഷിക്കുന്ന മാർത്തയെയും പോലെ ഭാരതസഭയിലെ മറിയവും മാർത്തയുമാണ് അൽഫോൻസായും മദർ തെരേസായും. ഇരുവരും ജനിച്ചത് 1910-ൽ. അൽഫോൻസാ ഓഗസ്റ്റ് 19 നും മദർ തെരേസാ ഓഗസ്റ്റ് 26 നും. രണ്ടുപേരും കുടുംബത്തിലെ ഇളയ സന്താനങ്ങൾ. ജനനത്തിന്റെ മൂന്നാം മാസം അൽഫോൻസാമ്മയ്ക്ക് അമ്മയെയും അഞ്ചാം വയസ്സിൽ മദർ തെരേസായ്ക്ക് പിതാവിനേയും നഷ്ടമായി. ആദ്യകുർബാന സ്വീകരണമാണ് രണ്ടുപേരും ജീവിതത്തിലെ ഏറ്റവും പ്രധാന സംഭവമായി കരുതിയിരുന്നത്. അൽഫോൻസാമ്മ ഏഴാം വയസ്സിലും (11. 11. 1917) മദർ തെരേസാ ആറാം വയസ്സിലും ആദ്യ കുർബാന സ്വീകരിച്ചു. അൽഫോൻസാമ്മ ക്ലാരമഠത്തിലും മദർ തെരേസാ ലോറേറ്റോ മഠത്തിലും



www.malankaralibrary.com

ചേർന്നു. അൽഫോൻസാമ്മയുടെ നിത്യവ്രതവാഗ്ദാനം 1936 ഓഗസ്റ്റ് 12 ന് മദർ തെരേസായുടേത് 1937 മെയ് 24 നും. അൽഫോൻസാമ്മയുടെ ഇഹലോകജീവിതം 36 വർഷം, മദർ തെരേസായുടേത് 87 വർഷവും. അൽഫോൻസാമ്മയുടെ മരണം 1946 ജൂലൈ 28 ന്, മദർ തെരേസായുടെ മരണം 1997 സെപ്റ്റംബർ 5 ന്. അൽഫോൻസാമ്മയുടെ കബറടക്കം അൻപതിൽ താഴെ ആൾക്കാർ മാത്രം. മദർ തെരേസായുടെ കബറടക്കം നൂറുകണക്കിന് ലോകനേതാക്കന്മാരുടെ സാന്നിധ്യത്തിൽ ജനലക്ഷങ്ങൾ സാക്ഷിയായി. അൽഫോൻസാമ്മ വാഴ്ത്തപ്പെട്ടവളായി പ്രഖ്യാപിക്കപ്പെട്ടത് 1986 ഫെബ്രുവരി 8 ന് മരണത്തിന്റെ 40-ാം വർഷം. അൽഫോൻസാമ്മ വിശുദ്ധയായി പ്രഖ്യാപിക്കപ്പെട്ടത് 2008 ഓക്ടോബർ 12-ാം തീയതി. മദർ തെരേസായുടെ വിശുദ്ധയായി നാമകരണം ചെയ്യപ്പെട്ടത് 2016 സെപ്റ്റംബർ നാലിന്. കോട്ടയം, ആലപ്പുഴ ജില്ലകളിലെ ഏതാനും ഗ്രാമങ്ങളിൽ മാത്രം യാത്ര ചെയ്തിട്ടുള്ള അൽഫോൻസാമ്മ ലോകത്തിലെ എല്ലാ ഭൂഖണ്ഡങ്ങളിലും അനേക തവണ യാത്രചെയ്തിട്ടുള്ള മദർ തെരേസാ. നിത്യവ്രതസ്വീകരണത്തിനുശേഷം വെറും 10 വർഷം മാത്രം സന്യാസ ജീവിതം നയിച്ച അൽഫോൻസാമ്മ, നീണ്ട 60 വർഷം സന്യാസ ജീവിതം നയിച്ച മദർതെരേസാ. ഈ കാലയളവിൽ കാര്യമായിട്ടൊരിടത്തും യാത്ര ചെയ്തിട്ടില്ലാത്ത അൽഫോൻസാമ്മ. പഞ്ചഭൂഖണ്ഡങ്ങളിലൂടെയും അനേക പ്രാവശ്യം യാത്ര ചെയ്തു മദർ തെരേസ. ഭാരത സർക്കാരും വിമാനകമ്പനിക്കാരും ട്രെയിനിലും വിമാനത്തിലും ഭാരതത്തിനകത്തും വിദേശത്തും ഉയർന്ന ക്ലാസ്സിൽ സൗജന്യ യാത്ര അനുവദിച്ചു.

അൽഫോൻസാ മറ്റുള്ളവരുടെ ദൃഷ്ടിയിൽ പ്രസക്തമായിട്ടൊന്നും പ്രവർത്തിച്ചിട്ടില്ല. എന്നാൽ മദർ തെരേസാ ലോകമാസകലം യാത്ര ചെയ്ത് അനവധി ശുശ്രൂഷകൾ ചെയ്തു. രണ്ടുപേരും വിശുദ്ധരാണെന്ന് പിതാവിന്റെ പൂർണ്ണത പുല്കി എന്ന് സഭ പ്രഖ്യാപിക്കുന്നു. എന്താണ് വിശുദ്ധി ? ആരാണ് വിശുദ്ധർ ? അൽഫോൻസാമ്മയും മദർ തെരേസായും എങ്ങനെ വിശുദ്ധരായി ? നമുക്കെങ്ങനെ വിശുദ്ധരാകാം?

സുവിശേഷ മൂല്യങ്ങളനുസരിച്ച് ജീവിക്കുന്നതാണ് വിശുദ്ധി എന്ന് സഭ പഠിപ്പിക്കുന്നു. പരിശുദ്ധ പിതാവ് ബനഡിക്റ്റ് പതിനാറാമൻ മാർപാപ്പാ വിശുദ്ധരെ ദൈവവചനത്തിന്റെ ജീവിക്കുന്ന വ്യാഖ്യാനങ്ങൾ എന്നാണ് വിശേഷിപ്പിക്കുന്നത്. സുവിശേഷ മൂല്യങ്ങളെ രണ്ട് വ്യത്യസ്ത തരത്തിൽ ജീവിതത്തിൽ അനുവർത്തിക്കുകയാണ് അൽഫോൻസാമ്മയും മദർ തെരേസായും ചെയ്തത്.



www.malankaralibrary.com

അലൗകികമായ സ്നേഹവും രക്ഷാകരമായ സഹനവും അനുഭവിക്കുവാൻ ദൈവം അൽഫോൻസാമ്മയ്ക്കു അവസരം നല്കി. ദൈവകൃപയോട് അൽഫോൻസാമ്മ നൂറ് ശതമാനവും വിശ്വസ്തത പുലർത്തി. തന്റെ ജീവിതത്തിലെ രോഗപീഡകളെ രക്ഷയുടെ സുവിശേഷവും കൂദാശയുമായി സ്വീകരിച്ചു. തത്ഫലമായി അൽഫോൻസാമ്മയുടെ ജീവിതത്തിൽ വിശുദ്ധിയുടെ നറുതേൻ കിനിഞ്ഞു. സഹനമായിരുന്നു അൽഫോൻസാമ്മയെ വിശുദ്ധിയുടെ തണൽ വീഥികളിലൂടെ നയിച്ചത്. ശരീരത്തിന്റെ വേദനകളെല്ലാം ഹൃദയത്തിന്റെ സഹനമാക്കി മാറ്റി. ലോകത്തിനുവേണ്ടി അവർ തന്നെത്തന്നെ സമർപ്പിച്ചു പ്രാർത്ഥിച്ചു. സഹനത്തിലൂടെ അവർ മിശിഹായുടെ പീഡാനുഭവങ്ങളിൽ പങ്കാളിയായതു വഴി യേശുവിന്റെ ശിഷ്യയായി. സഹനത്തിൽ അൽഫോൻസാമ്മ അതിയായി ആനന്ദിച്ചിരുന്നു. അധികം ആരാലും അറിയപ്പെടാതെ ക്ലാരമഠത്തിന്റെ ആവൃതിക്കുള്ളിൽ സഹനദാസിയായി ജീവിച്ചു മരിച്ച അൽഫോൻസാമ്മ വിശ്വവനിതയായി വളർന്നിരിക്കുന്നു. ഭാരതത്തിന്റെ പ്രഥമ വനിത തന്നെ വിശുദ്ധയുടെ ജന്മശതാബ്ദിയിൽ വന്നുപങ്കെടുക്കുവാൻ തക്കവിധത്തിൽ ദൈവം അൽഫോൻസാമ്മയെ ഉയർത്തി "വാക്കോ പ്രസംഗമോ ഇല്ല എന്നാൽ അവരുടെ കീർത്തി ലോകത്തിന്റെ അതിർത്തികൾ വരെ" എന്ന സങ്കീർത്തകന്റെ വാക്കുകൾ അൽഫോൻസാമ്മയിൽ സഫലമാകുന്നു. ഭാരതത്തിന്റെ പ്രഥമ വനിത ശ്രീമതി. പ്രതിഭാ പാട്ടീൽ അൽഫോൻസാമ്മയെക്കുറിച്ച് പറയുകയാണ് : "പൂക്കളുണ്ടാകുമ്പോൾ അതിനെപ്പറ്റി മാത്രമേ നാം ചിന്തിക്കുന്നുള്ളു. അതു വളരാൻ കാരണമായ, അതിന്റെ ചുവട്ടിൽ ചീഞ്ഞു വളമായ ഇലകളെ ആരും ശ്രദ്ധിക്കുന്നില്ല. സഹനത്തിലൂടെയും പ്രാർത്ഥനയിലൂടെയും സ്വയം ഇലയും വളവുമായി ജീവിച്ച അൽഫോൻസാമ്മ ദൈവവചനം ജീവിതത്തിൽ പകർത്തി.

ലോറേറ്റോ മഠത്തിന്റെ സുരക്ഷിതത്വത്തിന്റെ മതിലുകൾക്കുള്ളിൽ നിന്ന് 1948 ഡിസംബർ 21 ന് മദർ തെരേസാ കൽക്കട്ടയിലെ ചേരിനിവാസികളുടെ ഇടയിലേക്ക് ഇറങ്ങിത്തിരിച്ചു. അനാഥരെയും അവഗണിക്കപ്പെട്ടവരെയും തേടിയിറങ്ങി. തീരാരോഗികളെയും മരണാസന്നരെയും തെരുവുകളിൽ നിന്നും, ഓടകളിൽ നിന്നും കുപ്പത്തൊട്ടികളിൽ നിന്നും കോരിയെടുത്ത് മുത്തം വച്ച് ശുശ്രൂഷിച്ചു. പഞ്ചഭൂഖണ്ഡങ്ങളിലും ഓടി നടന്ന് ശുശ്രൂഷ നിർവ്വഹിച്ചു. ആയിരക്കണക്കിന് യുവതീയുവാക്കന്മാർ മദറിനൊപ്പം ശുശ്രൂഷിക്കാൻ തയ്യാറായി, സമർപ്പിത ജീവിതം തെരഞ്ഞെടുത്തു. ലോകത്തിന്റെ നാനാഭാഗങ്ങളിൽപെട്ടവർ മദറിന്റെ



www.malankaralibrary.com

ശുശ്രൂഷാ കേന്ദ്രങ്ങളിൽ സേവനം ചെയ്യാൻ അവസരത്തിനായി കാത്തു നിന്നു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും വ്യക്തികളും സംഘടനകളും രാഷ്ട്രങ്ങളും മദറിന്റെ ശുശ്രൂഷകൾക്ക് പണം നല്കി പിൻബലം പകർന്നു. ദേശീയവും അന്തർദേശീയവുമായ അനേകം അവാർഡുകൾ മദറിനെ തേടിയെത്തി.

പത്മശ്രീ 1962, സമാധാനത്തിനും അന്താരാഷ്ട്ര ധാരണയ്ക്കും വേണ്ടിയുള്ള റമൺ മാഗ്സസ്സേ അവാർഡ് 1962, സമാധാനത്തിനും സാഹോദര്യത്തിനുംവേണ്ടിയുള്ള ബൽസാൻ സമ്മാനം 1968, പോപ്പ് ജോൺ XXIII സമാധാന അവാർഡ് 1971, കെന്നഡി അവാർഡ് 1971, സമാധാനത്തിനായുള്ള നെഹ്റു അവാർഡ് 1972, ടെമ്പിൾടൺ അവാർഡ് 1973, ആൽബർട്ട് ഷ്വെയ്റ്റ്സർ അന്താരാഷ്ട്ര പുരസ്ക്കാരം 1975, പാച്ചം ഇൻ തേറിസ് പുരസ്കാരം 1976, നോബൽ സമ്മാനം 1979, ഭാരതരത്നം 1980, സ്വാതന്ത്ര്യത്തിന്റെ പ്രസിഡൻഷ്യൽ പുരസ്കാരം 1985, കോൺഗ്രഷ്യനൽ സ്വർണ്ണ മെഡൽ 1994, അമേരിക്കയുടെ പൗരത്വം 1996.

ലോകരാഷ്ട്രത്തലവന്മാരും രാജാക്കന്മാരും രാജ്ഞിമാരും, പ്രസിഡണ്ടുമാരും, പ്രധാനമന്ത്രിമാരും വരെ മദറിന്റെ ശുശ്രൂഷകൾ നേരിൽ കാണാൻ കൽക്കട്ടയിലേക്കു പറന്നു. ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും നിന്ന് സഹായവും പിൻതുണയും അംഗീകാരവും മദറിനെ തേടിയെത്തി.

ഇതൊന്നും എനിക്കുള്ളതല്ല, എല്ലാം ഞാൻ ശുശ്രൂഷിക്കുന്ന പാവപ്പെട്ടവനുള്ളതാണെന്നതായിരുന്നു മദറിന്റെ വീക്ഷണം. പ്രശസ്തിയുടെ പാരമ്യത്തിലും ശുശ്രൂഷയുടെ ബാഹുല്യത്തിലും പ്രതിദിനം നാല് മണിക്കൂർ സമയം പ്രാർത്ഥനയ്ക്കായി ഉഴിഞ്ഞു വച്ചിരുന്നു മദർ. മഠത്തിലും സ്വന്തം മുറിയിലും ഒരു ഫാൻപോലും ഉപയോഗിക്കാത്ത ജീവിത കാർക്കശ്യം, പരുക്കൻ വസ്ത്രങ്ങൾ മാത്രം ധരിക്കുന്ന വിരക്തി, ലോക നേതാക്കന്മാരുടെ മുൻപിലും സുവിശേഷ ധാർമ്മിക മൂല്യങ്ങൾ ഉറക്കെ പ്രഖ്യാപിക്കുന്ന വിശ്വാസതീഷ്ണത. പരിഹസിക്കുന്നവരോടും എതിർക്കുന്നവരോടും ക്ഷമിക്കുന്ന സ്നേഹം. ജീവനെതിരേയുള്ള സാത്താന്റെ (ലോകത്തിന്റെ) കുടിലതന്ത്രങ്ങൾക്കെതിരെ സുവിശേഷ മൂല്യങ്ങൾ ഉയർത്തി പ്രതിരോധം സൃഷ്ടിച്ച ധീരസാക്ഷി. എന്റെ ഏറ്റവും എളിയ ഈ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ഇതു ചെയ്തു കൊടുത്തപ്പോൾ എനിക്കു തന്നെയാണ് ചെയ്തു തന്നത് ” (മത്താ. 25: 40) എന്ന ഗുരുവചനം ഹൃദയത്തിൽ പേറി ജീവിതത്തിൽ അനുവർത്തിച്ച വിശ്വാസസാക്ഷി.



www.malankaralibrary.com

ശുശ്രൂഷാ ജീവിതത്തിലൂടെ മദർ തെരേസാ ദൈവവചനം ജീവിതത്തിൽ പകർത്തി. മദർ പറയുന്നു: "By blood I am Albanian, By citizenship an Indian, By faith I am catholic nun. As to my calling I belong to the world. As to my heart I belong to entirely to the heart of Jesus".

സ്വന്ത ശാരീരിക രോഗങ്ങളും, പീഡകളും, വേദനകളും വീരോചിതമായി യേശുവിന്റെ പീഡകളോടൊപ്പം ഏറ്റെടുത്ത് രക്ഷാകരമാക്കി ദൈവവചനം ജീവിതത്തിൽ അന്വർത്ഥമാക്കി വിശുദ്ധി നേടി അൽഫോൻസാമ്മ. അപരന്റെ വേദനകളും രോഗങ്ങളും, പീഡകളും സഹനങ്ങളും സ്വയം ഏറ്റെടുത്ത് ശുശ്രൂഷാ മാർഗ്ഗത്തിലൂടെ ദൈവവചനം ജീവിതത്തിൽ അന്വർത്ഥമാക്കി വിശുദ്ധിനേടി മദർ തെരേസാ.

നാമും വിളിക്കപ്പെട്ടിരിക്കുന്നത് വിശുദ്ധരാകാനാണ്. എനിക്കും നിങ്ങൾക്കും ഇത് സാധിക്കും. നമ്മുടെ ജീവിത ലക്ഷ്യം വിശുദ്ധി പ്രാപിക്കലാകട്ടെ, പൂർണ്ണത പ്രാപിക്കലാകട്ടെ- വഴി സഹനത്തിന്റേതാകാം, ശുശ്രൂഷയുടെതാകാം.

■



www.malankaralibrary.com

www.malankaralibrary.com



## ഫാ. ചെറിയാൻ താഴമൺ

| | |
|---|---|
| ജനനം | : 1953 മാർച്ച് 12. |
| മാതാപിതാക്കൾ | : തോമസ് ചെറിയാൻ & ശോശാമ്മ ചെറിയാൻ. |
| കുടുംബം | : അയിരൂർ പകലോമറ്റം താഴമൺ. |
| വൈദികപഠനം | : തിരുവല്ല, കർമ്മലഗിരി, മംഗലപ്പുഴ ആലുവ. |
| പ്രാരംഭ പട്ടങ്ങൾ | : സമറോനോ, കോറൂയോ (19 - 12 - 1975)<br>ഹെവ്പദ്യാകിനോ (19 - 03 - 1977) മേരിഗിരി അരമന ചാപ്പലിൽ വച്ച് സക്കറിയാസ് മാർ അത്തനാസ്യോസ് പിതാവിൽ നിന്നും. |
| ശെമ്മാശ്പട്ടം | : അഭിവന്ദ്യ പൗലോസ് മാർ ഫീലക്സിനോസ് മെത്രാപ്പോലീത്തായിൽ നിന്ന് 1978 ഒക്ടോബർ 19 ന് മേരിഗിരി അരമനചാപ്പലിൽ. |
| വൈദികപട്ടം | : അഭിവന്ദ്യ ഐസക് മാർ യൂഹാനോൻ മെത്രാപ്പോലീത്തായിൽ നിന്ന് 1979 ജനുവരി ഒന്നാം തീയതി സെന്റ് ജോൺസ് കത്തീഡ്രലിൽ. |
| പ്രഥമ ദിവ്യബലി | : അയിരൂർ സെന്റ് പാട്രിക്സ് മലങ്കര സുറിയാനി കത്തോലിക്കാ പള്ളിയിൽ, 1979 ജനുവരി രണ്ടാം തീയതി. |
| ഇടവക വികാരി | : പുന്നവേലി, നൂറോമ്മാവ്, വാകത്താനം, പുതുപ്പള്ളി, നിരണം ഈസ്റ്റ് (രണ്ട് പ്രാവശ്യം), പുളിക്കീഴ് (രണ്ട് പ്രാവശ്യം), നിരണം വെസ്റ്റ് (രണ്ട് പ്രാവശ്യം), പാണ്ടനാട്, തിരുവൻവണ്ടൂർ, വാളക്കുഴി, മുണ്ടക്കയം (രണ്ട് പ്രാവശ്യം), ചിറ്റടി, കോരുത്തോട്, എറണാകുളം (രണ്ട് പ്രാവശ്യം), കളമശ്ശേരി, ആനിക്കാട്, മഞ്ഞത്താനം, പനയമ്പാല, മുണ്ടുകുഴി, കുമ്പനാട് (രണ്ട് പ്രാവശ്യം), പൂവത്തൂർ (രണ്ട് പ്രാവശ്യം) ഡൽഹി മിഷൻ (രണ്ട് പ്രാവശ്യം), ചെങ്ങരൂർ, പൂഴിക്കുന്ന്, തൃക്കോമല, സെന്റ് ജോൺസ് കത്തീഡ്രൽ തിരുവല്ല, കുമരകം. |
| സംഘടനകൾ | : ഫാമിലി അപ്പസ്തോലേറ്റ് അതിരൂപതാ ഡയറക്ടർ<br>എം.സി.വൈ.എം. അതിരൂപതാ ഡയറക്ടർ<br>എം.സി.എ. അതിരൂപതാ ഡയറക്ടർ<br>ഐക്യദീപം ചീഫ് എഡിറ്റർ<br>കോർപ്പറേറ്റ് മാനേജർ ഓഫ് സ്കൂൾസ് തിരുവല്ല അതിരൂപത. |
| സെക്രട്ടറി | : അതിരൂപതാ പാസ്റ്ററൽ കൗൺസിൽ. |
| സി.ഇ.ഒ | : ദീപിക, കോട്ടയം. |
| മുഖ്യവികാരി ജനറാൾ | : തിരുവല്ലാ അതിരൂപത. |

www.malankaralibrary.com